# കൃഷിവികസനത്തിന്റെ
# സോഷ്യലിസ്റ്റ് മാർഗ്ഗം

NATIONAL BOOK STALL
SPCS
LTD.
BR: KOTTAYAM.

വി. സ്റ്റോറോഷേവ്
വൈ. റുദാകോവ്

2150

40756

# കൃഷിവികസനത്തിന്റെ സോഷ്യലിസ്റ്റ് മാർഗ്ഗം

KOTTAYAM PUBLIC LIBRARY
KOTTAYAM

വിവ: കെ. സി. ജോർജ്ജ്

പ്രഭാത് ബുക്ക് ഹൗസ്,
H. O. തിരുവനന്തപുരം
ആലപ്പുഴ, എറണാകുളം, ഉദ്യോഗമണ്ഡൽ, തൃശ്ശൂർ,
കോഴിക്കോട്, കണ്ണൂർ.

Malayalam
KRISHIVIKASANATHINTE
SOCIALIST MARGAM
(The Socialist Way of development in Agriculture)

Published: August 1968

Copies 1000

Translated by:
K. C. GEORGE

Publishers:
Prabhatham Printing & Publishing Co. (P) Ltd.
Trivandrum-14.

Price: Rs 2-00

Printed at:
Prabhath Press, Calicut-1.

# ഉള്ളടക്കം

മുഖവുര

I കൃഷിയുടെ സോഷ്യലിസ്റ്റ് പുനർനിർമ്മാണം എന്തുകൊണ്ട് അത്യാവശ്യമായിരുന്നു?

1. വിപ്ലവത്തിനു മുൻപുള്ള റഷ്യയിലെ കൃഷിയും കൃഷിക്കാരുടെ കഷ്ടപ്പാടും. 9
2. സോഷ്യലിസ്റ്റ് വിപ്ലവം റഷ്യൻ കൃഷിക്കാരെ ദാരിദ്ര്യത്തിൽനിന്നും വിശപ്പിൽനിന്നും മോചിപ്പിച്ചു. 16
3. കൃഷിയിൽ രണ്ടു വിധമുള്ള സോഷ്യലിസ്റ്റ് പുനർനിർമ്മാണം. 20
4. സോഷ്യലിസം കെട്ടിപ്പടുക്കുന്ന രാജ്യങ്ങളിൽ കൃഷിയുടെ പുനർനിർമ്മാണത്തിന്റെ ആവശ്യം. 24

II വൻതോതിലുള്ള സ്റ്റേറ്റ് കാർഷിക സംരംഭങ്ങൾ സംഘടിപ്പിക്കുന്നതിന്റെ അനുഭവങ്ങൾ.

1. സ്റ്റേറ്റ്ഫാമുകൾ — സോഷ്യലിസ്റ്റ് കാർഷിക സംരംഭങ്ങൾ 30
2. സ്റ്റേറ്റ്ഫാമുകളുടെ വിശേഷവൽക്കരണം (സ്പെഷ്യലൈസേഷൻ) 50
3. കൃഷിയുടെ സോഷ്യലിസ്റ്റ് രൂപപരിവർത്തനത്തിൽ സ്റ്റേറ്റ്ഫാമുകളുടെ പ്രാധാന്യം. 54

III സഹകരണകൃഷിസമ്പ്രദായം വികസിപ്പിക്കുന്നതിന്റെ അനുഭവം.

1. എന്തുകൊണ്ട് സഹകരണകൃഷി സമ്പ്രദായം ആവശ്യം. 62
2. ലെനിന്റെ സഹകരണ പദ്ധതി 70
3. കാർഷികസഹകരണ സ്ഥാപനങ്ങളുടെ രൂപങ്ങൾ. 73
4. മുതലാളിത്വത്തിന്റെ കീഴിൽ കോഓപ്പറേറ്റീവുകളും ജനകീയാധികാരത്തിൻ കീഴിൽ സോഷ്യലിസവും നിർമ്മിക്കുന്നതിന്റെ പ്രാധാന്യം 75
5. യു. എസ്. എസ്സ്. ആറിലെ കോഓപ്പറേറ്റീവുകളുടെ അഭ്യസനം. 79
6. ഉൽപ്പാദകരുടെ സഹകരണസംഘങ്ങൾ സ്ഥാപിക്കുന്നതിൽ സ്റ്റേറ്റിനുള്ള പങ്ക്. 121

2150

# മുഖവുര

സോഷ്യലിസം കെട്ടിപ്പടുക്കുന്നതിനാഗ്രഹിക്കുന്ന എല്ലാ രാജ്യങ്ങളും കൃഷിയുടെ പിന്നോക്കനില, പരിഹരിക്കുകയും തുണ്ടുതുണ്ടായി ചിന്നിച്ചിതറിക്കിടക്കുന്ന സ്ഥലങ്ങളിൽ കൃഷിചെയ്യുന്ന സമ്പ്രദായത്തിനുപകരം വൻതോതിലുള്ള സാമൂഹ്യോൽപാദനത്തിലേക്കുള്ള ഒരു മാററം നടപ്പിൽ വരുത്തുകയും ചെയ്യേണ്ടതാവശ്യമാണു്.

ലോകസോഷ്യലിസ്റ്റു് ചേരിയിലുള്ള സോവിയററു യൂണിയനും മററുരാജ്യങ്ങളും സാമൂഹ്യവ്യവസ്ഥിതിയെ സോഷ്യലിസ്റ്റു് മാതൃകയിൽ പുനൎനിമ്മാണം ചെയ്യുന്നതിൽ വളരെയേറെ അനുഭവജ്ഞാനം സമ്പാദിച്ചിട്ടുണ്ടു്. കൃഷിയുടെ സോഷ്യലിസ്റ്റു് പുനർനിമ്മാണത്തിൽ അവക്കുള്ള കൂട്ടായ അനുഭവം പ്രത്യേക പ്രാധാന്യം അർഹിക്കുന്നവയാണു്. സോഷ്യലിസം കെട്ടിപ്പടുക്കുന്നതിൻെറ ഒരു ഉപാധിയെന്ന നിലയിൽ കൃഷിയുടെ രൂപപരിവൎത്തനമാണു്, സോഷ്യലിസ്റ്റു് നിമ്മാണത്തിലെ ഏററവും പ്രയാസമേറിയതും സങ്കീൎണ്ണവുമായ കടമ.

നാട്ടിൻപുറങ്ങളിൽ സോഷ്യലിസ്റ്റു് ബന്ധങ്ങൾ വിജയിക്കുകയെന്നുവെച്ചാൽ, ചെറുകിട ചരക്കുല്പാദനത്തിന്മേൽ സ്ഥാപിതമായിട്ടുള്ള മുതലാളിത്വത്തിൻെറ വേരുകൾ നശിപ്പിക്കുകയെന്നാണു്. അതുകൊണ്ടാണു് സോഷ്യലിസ്റ്റു് പുനർനിമ്മാണത്തിൻെറ കൂട്ടായ അനുഭവങ്ങൾ സാൎവ്വദേശീയ പ്രാധാന്യം അർഹിക്കുന്നതു്. ഈ അനുഭവങ്ങളുടെ ക്രിയാത്മകമായ പഠനവും പ്രയോഗവും, ഈ വിപ്ലവം പൂൎത്തിയാക്കിക്കഴിഞ്ഞ രാജ്യങ്ങൾക്കും ഇനിയും സോഷ്യലിസ്റ്റു് നിമ്മാണത്തിൽ ഏൎപ്പെട്ടിരിക്കുന്ന രാജ്യങ്ങൾക്കും ഒരുപോലെ പ്രാധാന്യമുള്ളതാണു്.

ഈ ലഘുലേഖ, യു. എസ്. എസ്. ആറിലെയും മററു സോഷ്യലിസ്റ്റു് രാജ്യങ്ങളിലെയും കൃഷിയുടെ സോഷ്യലിസ്റ്റും രൂപപരിവർത്തനത്തിലുള്ള അനുഭവങ്ങൾ സംക്ഷേപിക്കുകയാണു ചെയ്യുന്നതു്. വളരെയേറെ സങ്കീർണ്ണമായ ഈ പ്രക്രിയയുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളുടെയും സവിസ്തരമായ ഒരു വിശകലനം നൽകീട്ടുണ്ടെന്നു് ഗ്രന്ഥകാരന്മാർ അവകാശപ്പെടുന്നില്ല.

ചിന്നിച്ചിതറിക്കിടക്കുന്ന ഭൂമിയിൽ കൃഷിചെയ്യുന്ന സമ്പ്രദായത്തെ വൻതോതിലുള്ള സോഷ്യലിസ്റ്റു് കൃഷിസമ്പ്രദായത്തിലേക്കു വിജയകരമായി മാററുന്നതിനു സഹായിക്കുന്ന തത്വങ്ങളും ഘടകങ്ങളും, കൃഷിയുടെ വൻതോതിലുള്ള സോഷ്യലിസ്റ്റു് ഉല്പാദനത്തിന്റെ അടിസ്ഥാനപരമായ തത്വങ്ങൾ, കൃഷിയുടെ സോഷ്യലിസ്റ്റു് പുനർനിർമ്മാണം നടത്തുന്ന അതിപ്രധാനമായ കടമ നിർവ്വഹിക്കുമ്പോൾ ഉത്ഭവിക്കുന്ന പ്രയാസങ്ങളും പ്രതിബന്ധങ്ങളും, ഇവയിന്മേലെല്ലാം ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ടു്.

# I കൃഷിയുടെ സോഷ്യലിസ്റ്റ് പുനർനിർമ്മാണം എന്തുകൊണ്ട് അത്യാവശ്യമായിരുന്നു?

## 1. വിപ്ലവത്തിനു മുൻപുള്ള റഷ്യയിലെ കൃഷിയും കൃഷിക്കാരുടെ കഷ്ടപ്പാടും

ഒക്ടോബർ വിപ്ലവത്തിനു മുൻപ് റഷ്യ ഒരു കർഷകരാജ്യമായിരുന്നു. രാജ്യത്തിന്റെ മൊത്തം വരുമാനത്തിന്റെ ഭൂരിഭാഗവും കൃഷിയിൽനിന്നുമായിരുന്നു.

അങ്ങിനെ 1913-ൽ മൊത്തം വരുമാനത്തിന്റെ 52 ശതമാനം കൃഷിയിൽനിന്നും, 48 ശതമാനം വ്യവസായത്തിൽനിന്നും ആയിരുന്നു ലഭിച്ചത്.

ജനസംഖ്യയിൽ ഏതാണ്ടു 80 ശതമാനം നാട്ടിൻപുറങ്ങളിലാണു ജീവിച്ചിരുന്നതു്. മനുഷ്യശക്തിയുടെ 80 ശതമാനം കൃഷിയിലാണു് ഉപയോഗപ്പെടുത്തിയിരുന്നതു്.

റഷ്യയുടെ കയററുമതിയുടെ മുഖ്യഭാഗം കാർഷികോല്പന്നങ്ങളായിരുന്നു. വളരെയേറെ ധാന്യങ്ങൾ, ചണനാരു്, ചണകയറു്, പഞ്ചസാര, ഇറച്ചി, കന്നുകാലികൾ, വെണ്ണ, സസ്യഎണ്ണ മുതലായവ റഷ്യ കയററുമതിചെയ്തിരുന്നു. പ്രാദേശികാവശ്യങ്ങൾനിറവേററുന്നതിനാവശ്യമായതിൽ കൂടുതൽ കാർഷികോല്പാദനമുണ്ടായിരുന്നെന്നും അധികമുള്ളതു മാത്രമാണു് കയററുമതി ചെയ്തിരുന്ന

രതന്നും ഇതൊരിക്കലും സൂചിപ്പിച്ചിരുന്നില്ല. "നാം പട്ടിണി കിടക്കും, പക്ഷെ, നാം കയററുമതി ചെയ്യും", എന്നു് സാറിൻെറ മന്ത്രിമാർ പറയുമായിരുന്നു.

നിശ്ചയമായും മന്ത്രിമാരും, ഭരണവർഗ്ഗത്തിൽപെട്ട ഭൂപ്രഭുക്കളും മുതലാളികളുമല്ല പട്ടിണികിടന്നതു്, തൊഴിലാളികളും കൃഷിക്കാരുമായിരുന്നു.

വൻപിച്ച കൊട്ടാരങ്ങൾക്കും, സമൃദ്ധിയുടേയും പുരോഗതിയുടേയും മായാബോധം സൃഷ്ടിച്ചുകൊണ്ടു് സാറിനെ ചുററിപ്പററി നിന്നിരുന്ന നിരവധി ആശ്രിതന്മാരെ നിലനിർത്തുന്നതിനുവേണ്ടിയും സാറിസ്റ്റു് ഗവമ്മെൻറിനു പണം ആവശ്യമായിരുന്നു; ജനങ്ങളെ ഭരിക്കുന്നതിനും അവരെ മർദ്ദിച്ചൊതുക്കുന്നതിനും ഭണ്ഡാരത്തിനുവേണ്ടി നികുതിപിരിക്കുന്നതിനും സാറിനെ സഹായിക്കുന്ന വളരെയധികം ഉദ്യോഗസ്ഥ പടയെ സംരക്ഷിക്കുന്നതിനും പണം ആവശ്യമായിരുന്നു.

സാറിൻെറ സ്വേച്ഛാധിപത്യഭരണത്തിനെതിരായി വിപ്ലവസമരങ്ങൾ നടത്തിക്കൊണ്ടിരുന്ന തൊഴിലാളികളുടെയും കൃഷിക്കാരുടേയും അവരുടെ ഉത്തമസന്താനങ്ങളുടേയും നേരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി, പട്ടാളത്തിനും പോലീസിനും പോലീസിൻെറ ജോലിയിൽ ഏർപ്പെട്ടിട്ടുള്ള പട്ടാളത്തിനും രക്ഷകന്മാക്കും വേണ്ടി സാറിസ്റ്റു്ഗവമ്മെൻറു് വൻപിച്ച തുകകൾ ചിലവഴിച്ചിരുന്നു.

ആവശ്യമുള്ള പണം മുഴവൻ അദ്ധ്വാനിക്കുന്ന ജനങ്ങളിൽനിന്നും പിഴിഞ്ഞെടുക്കുകയും ധാന്യങ്ങളും മററു് ഉല്പന്നങ്ങളും കയററുമതി ചെയ്യുന്നതിനുവേണ്ടി അവരെ പട്ടിണിക്കിടുകയും ചെയ്തിരുന്നു.

ലോകത്തിൽവെച്ചു് ഏററവും നല്ല ഗോതമ്പു് ഉല്പാദിപ്പിച്ചിരുന്ന റഷ്യൻ കൃഷിക്കാർ ഉമിയും തൊലിയും നിറഞ്ഞ റൊട്ടിയാണു് തിന്നിരുന്നതു്. റഷ്യൻ പഞ്ചസാരയ്ക്കു വില വളരെ കു

വായിരുന്നതുകൊണ്ടു ഇംഗ്ലണ്ടിലേയും ജർമ്മനിയിലേയും കൃഷിക്കാർ അതു് അവരുടെ പന്നിത്തീററയായി ഉപയോഗിച്ചിരുന്നപ്പോൾ റഷ്യൻ കൃഷിക്കാർ പഞ്ചസാരയുപയോഗിച്ചിരുന്നതു് വലിയ സദ്യകൾ മാത്രമായിരുന്നു എന്നു മാത്രമല്ല മധുരമില്ലാത്ത ചായയാണു് അവർ കുടിച്ചിരുന്നതും. വളരെയധികം ഇറച്ചിയും, കൊഴുപ്പും, സസ്യ എണ്ണയും, വെണ്ണയും ഉല്പാദിപ്പിച്ചിരുന്ന കർഷകർ വെണ്ണയില്ലാതെ ഉരുളക്കിഴങ്ങു തിന്നും വില്ക്കാൻ സമയം ലഭിക്കാതെ പുളിച്ചുപോയ പാലു കുടിച്ചും തൃപ്തിപ്പെടേണ്ടിയിരുന്നു.

റഷ്യ ഒരു വൻപിച്ച രാജ്യമാണു്: ധാരാളം ഭൂമിയുണ്ടു്, അതിലധികവും വളരെ നല്ലതുമാണു്. മറൊരു രാജ്യത്തും ഇത്രയേറെ ചെർനോസെമുകൾ ഉള്ളതും ചെസ്റ്റ്നട്ടിനു പാറിയതും ഫലഭൂയിഷ്ഠമായതുമായ ഭൂമി ഇല്ലതന്നെ.

എങ്കിൽതന്നെയും സാറിസ്റ്റു റഷ്യയിലെ വിളവു് യൂറോപ്പിലെ ഏററവും കുറഞ്ഞതായിരുന്നു!

അതു് എന്തുകൊണ്ടായിരുന്നു?

അതിന്റെ കാരണം ഫലഭൂയിഷ്ഠമായ ഭൂമി മുഴുവൻ സാറിനും വൻകിട ഭൂഉടമകൾക്കും മുതലാളികൾക്കുമുള്ളതായിരുന്നു. അതിനും പുറമെ, 1861_ലെ ഭൂപരിഷ്കാരണത്തിൽ കൃഷിക്കാർക്കു് അടിമത്തത്തിൽനിന്നും ലഭിച്ച "മോചനം"മൂലം അവർ ഏററവും മോശമായ ഭൂമിയിലേക്കു മാററപ്പെട്ടു മാത്രമല്ല. അതിൽതന്നെ താരതമ്യേന മെച്ചപ്പെട്ട ഭാഗം, നാട്ടിൻപുറത്തെ ജനസംഖ്യയിൽ 15 ശതമാനമുണ്ടായിരുന്ന ധനിക കൃഷിക്കാർ (കുലാക്കുകൾ) കൈവശപ്പെടുത്തിയപ്പോൾ പാവപ്പെട്ടവരും ഇടത്തരം കർഷകരുമായവരുടെ ഭൂരിഭാഗത്തിനും ഏററവും ചെറുതും ഏററവും മോശവുമായ ഭൂമി മാത്രമെ ശേഷിച്ചിരുന്നുള്ളു.

1861_ലെ പരിഷ്കാരത്തിന്റെ ഫലമായി, മുൻപു്, അടിമത്വത്തിന്റെ കീഴിൽപോലും കൃഷിക്കാരുടെ കൈവശമായി

രുന്ന ഭൂമിയുടെ ഗണ്യമായ ഒരു ഭാഗം ഭൂവുടമകളുടെ കയ്യിലേക്ക മടങ്ങിപ്പോയി. മാത്രമല്ല, പരിഷ്കാരത്തെ തുടർന്നുണ്ടായ പുനർവിഭജനം നടത്തപ്പെട്ടതു് കൃഷിക്കാരുടെ ഭൂമി ഭൂവുടമകളുടേയും പള്ളികളുടേയും ഭൂമികളാൽ ചുററപ്പെടുന്ന രീതിയിലായിരുന്നു. അങ്ങിനെ, ഗ്രാമവാസികൾ, മേച്ചിൽസ്ഥലങ്ങളിൽനിന്നും കന്നുകാലികൾക്കുള്ള ജലവിതരണകേന്ദ്രങ്ങളിൽനിന്നും പ്രധാന ഗതാഗതമാർഗ്ഗങ്ങളിൽനിന്നും മററും വിച്ഛേദിക്കപ്പെട്ടു.

സുപ്രസിദ്ധ റഷ്യൻ എഴുത്തുകാരൻ ലെവു് ടോൾസ്റ്റോയ് വളരെ ഉചിതമായി പറഞ്ഞതുപോലെ "ഭൂവുടമയുടേയും പുരോഹിതൻേറയും ഭൂമിയിൽ അതിത്തി ലംഘിക്കാതെ കൃഷിക്കാരനു് അവൻെറ ഒരു കോഴിക്കുഞ്ഞിനെപ്പോലും തുറന്നുവിടാൻ സാദ്ധ്യമല്ലായിരുന്നു," ഒരു ഭൂവുടമയുടെ തോട്ടം 320 ചെറു കൃഷിക്കാരുടെ കൈവശഭൂമിയോടൊപ്പമായിരുന്നു.

ഈ വിധത്തിലുള്ള പുനർവിഭജനം ഭൂവുടമകൾക്ക കൃഷിക്കാരെ അടിമപ്പെടുത്തുന്നതിനു സഹായിച്ചു. നിയമപരമായി കൃഷിക്കാർ സ്വതന്ത്രരായിരുന്നു; എന്നാൽ ഭൂമി കുറവായിരുന്നതുകൊണ്ടു്, തങ്ങളുടെ കുടുംബത്തെ തീററിപ്പോററുന്നതിനും സാറിനു നികുതി കൊടുക്കുന്നതിനുംവേണ്ടി, അവർക്കു് ഭൂവുടമകളിൽനിന്നും കൃഷിയോഗ്യമായതും പുൽമേടുകളുള്ളതുമായ ഭൂമി പാട്ടത്തിന്നെടുക്കേണ്ടിവന്നു. കൃഷിക്കാർക്കു് അവരുടെ കന്നുകാലികളെ മേച്ചിൽസ്ഥലങ്ങളിലേക്കും വെള്ളംകുടിക്കുന്ന സ്ഥലങ്ങളിലേക്കും കൊണ്ടുപോകുന്നതിനും അവരുടെ സ്വന്തം ഭൂമിയിൽ പ്രവേശിക്കുന്നതിനും കച്ചവടത്തിനുവേണ്ടി പട്ടണത്തിൽ പോകുന്നതിനും മററും അനുവാദം ചോദിക്കേണ്ടിയിരുന്നു. അനുവാദം കൊടുക്കുകയും ചെയ്തിരുന്നു, എന്നാൽ പണമായും ജോലിയായും പ്രതിഫലം കൊടുത്താൽമാത്രം. അതുകൊണ്ടു് കൃഷിക്കാരൻ, ഭൂവുടമയ്ക്കു ജോലി ചെയ്തുകൊടുക്കാനും മുൻപിലത്തെപ്പോലെ വിരുത്തിവേല ചെയ്യുന്നതിന്നും നിർബ്ബന്ധിതമായിരുന്നു. തുലാ

പ്രവിശ്യയിൽ ക്രാപ്പിവാനാജില്ലയിൽ, ഗോള്ലോവെങ്കിഗ്രാമ ത്തിലെ കർഷകരും അവരുടെ ഭൂവുടമ ഖിറിപ്കോവായും തമ്മിൽ എഴുതിപ്പിടിച്ച ഉടമ്പടി ഭൂവുടമകളുടെമേൽ കർഷക ർക്കുള്ള ആശ്രയത്വത്തിന്റെ ഒരു ഉദാഹരണമാണ്. ഈ ഉടമ്പടി അനുസരിച്ച് ഭൂവുടമയായ മഹിളാരത്നം, അവരുടെ കൃഷിയിറ ക്കാത്ത ഭൂമിയിൽ വിതക്കുന്നതുവരെയും മററുള്ളതിൽ കൊയ്ത്തിനുശേഷവും കന്നുകാലികളെ തീററുന്നതിനു "സാനുകമ്പം" അനുവദിച്ചിരിക്കുന്നു.

ഈ "ആനുകൂല്യത്തിനു" പകരം; 1) വാർഷികപാട്ടമായി 50 റൂബിളും, 2) ഭൂവുടമയുടെ നാലു ഡെസിയാററയിൽx ഭൂമി യിൽ ഓട്ട്സും മൂന്നിൽ കാബിപ്പുല്ലും ഉഴുതുനടുകയും കൊയ്തു സംഭരിച്ചു കൊടുക്കുകയും ചെയ്യുക; 3) ഓരോ കർഷകനും ഖിറി പ്കോവായുടെ ഒന്നാമത്തെ അഭ്യർത്ഥനയ്ക്കുതന്നെ നാലുദിവ സത്തെ ജോലി ചെയ്തുകൊടുക്കുക; 4) ഭൂവുടമയുടെ പഴത്തോട്ട ത്തിൽ ഓരോ കർഷകനും രണ്ടുവണ്ടി മണൽവീതം ഇറക്കി കൊടുക്കുക; 5) പഴത്തോട്ടം ശുദ്ധിയാക്കുക; 6) ഭൂവുടമയുടെ താമസസ്ഥലത്തുനിന്നുമുള്ള വളങ്ങളെല്ലാം വണ്ടിയിൽ കയററി ഇറക്കിക്കൊടുക്കുക; 7) തോട്ടത്തിൽനിന്നും വൈക്കോൽ കൊണ്ടുവരുക; 8) ഭൂവുടമയുടെ തോട്ടം ഉഴുതു് അവിടെ ഉരുള ക്കിഴങ്ങു നടുക; 9) ഖിറിപ്കോവായുടെ തോട്ടവും പുരയിടവും അതിനാവശ്യമായ സാധനങ്ങൾ പത്തു വേഴ്സ്റ്റ്x അകലെ യുള്ള വനത്തിൽനിന്നും കൊണ്ടുവന്നു വേലികെട്ടി അടയ്ക്കുക.

"ഒടാബോട്ട്കി (കോർവീസ്)" എന്നു പറയുന്നു. ഇങ്ങ നെയുള്ള ഭൂവുടമകളും കർഷകരും തമ്മിലുള്ള ഏർപ്പാടുകൾ റഷ്യ

---

x ഡെസിയാററയിൽ— 2.7 ഏക്കറിനു സമമായ റഷ്യൻ അളവ്—എഡിററർ.

x വേഴ്സ്റ്റ്- 0.66 മൈൽ അല്ലങ്കിൽ 1.067 കിലോമീററ റിനു തുല്യമായ റഷ്യൻ അളവ്- എഡിററർ.

യിൽ സൎവ്വവ്യാപകമായിരുന്നു. വളരെയേറെ ഭൂവുടമകളും (ഏതാണ്ടു 40 ശതമാനം) ഈ നടപടി സ്വീകരിച്ചിരുന്നു. ചില ഭൂവുടമകൾക്കു് അവരുടെ സ്വന്തം പണിയായുധങ്ങൾ ഉണ്ടായിരുന്നില്ല. കർഷകരുടെ പണിയായുധങ്ങളും അദ്ധ്വാനവുംകൊണ്ടാണ അവരുടെ ഭൂമി കൃഷിചെയ്തിരുന്നതു്. കർഷകർ അവരുടെ സ്വന്തം പുരയിടങ്ങളിലെ വളങ്ങൾ ഭൂവുടമയുടെ നിലങ്ങളിൽ ഇറക്കിയിരുന്നു.

ഈ സാഹചര്യത്തിൽ കൃഷിക്ക സാധാരണഗതിയിൽ വികസിക്കാൻ കഴിഞ്ഞിരുന്നില്ല. കർഷകരുടെ അദ്ധ്വാനം വളരെ ലാഭകരമായിരുന്നതുകൊണ്ടു് ഭൂവുടമകൾ .സാങ്കേതിക സാമഗ്രികളിൽ തല്പരരായിരുന്നില്ല. കർഷകരിൽ ഭൂരിഭാഗത്തിനും യന്ത്രങ്ങൾകൊണ്ടു യാതൊരു പ്രയോജനവും ഇല്ലായിരുന്നു എന്നുമാത്രമല്ല അവക്കു് അവ വാങ്ങുന്നതിനുള്ള കഴിവുമില്ലായിരുന്നു.

മൊത്തത്തിൽ കൃഷിയുടെ സാങ്കേതികനിലവാരം വളരെ പ്രാകൃതമായിരുന്നു. ഔദ്യോഗിക കണക്കനുസരിച്ചു് വിപ്ലവത്തിനുമുൻപുള്ള റഷ്യയിൽ ഉഴുന്നതിനുള്ള ആയുധങ്ങളിൽ 48 ശതമാനം തടികൊണ്ടുള്ളതായിരുന്നു. കൃഷിക്കുപയോഗിച്ചിരുന്ന ചപ്പിത്തടികളിൽ 28 ശതമാനം മരപ്പല്ലുകളുള്ളതും 69 ശതമാനം ഇരുമ്പുപല്ലുകളുള്ളതും ആയിരുന്നെങ്കിൽ ആധുനിക കൃഷിയായുധങ്ങൾ മൂന്നുശതമാനം മാത്രമെ ഉണ്ടായിരുന്നുള്ളു. അരിവാളുകൾ ഉപയോഗിച്ചു് കൈകൊണ്ടാണു് ധാന്യം കൊയ്തിരുന്നതു്. തടികൊണ്ടുള്ള കതിരടികമ്പുകൊണ്ടും നിലത്തിരകൊണ്ടുമാണു് മെതിക്കൽ നടത്തിയിരുന്നതു്.

കർഷകക്കു വളരെ കുറച്ചു വീട്ടുമൃഗങ്ങളേ ഉണ്ടായിരുന്നുള്ളു. കർഷകരുടെ മൂന്നിലൊരുഭാഗത്തിനു് കതിരകളേയില്ലായിരുന്നു. മൂന്നിലൊന്നിനു് ഒരു കതിരവീതവും; 22 ശതമാനത്തിനു് രണ്ടു കതിരകൾ വീതവും ഉണ്ടായിരുന്നു. ഏതാണ്ടു 40 ശതമാനത്തിനു് പശുക്കൾ ഉണ്ടായിരുന്നില്ല. 20 ശതമാനത്തിനു് കന്നു

കാലികളേയില്ലായിരുന്നു. എഴുപതുപക്ഷം കർഷകക്ക് അവരുടെ കുടുംബങ്ങൾ വിട്ട് ഭൂവുടമകൾക്കും ധനികകൃഷിക്കാർക്കും കൂലിവേലചെയ്യുന്നതിനുവേണ്ടി പോകേണ്ടിവന്നു.

സാറിൻേറയും പ്രഭുക്കന്മാരുടേയും കച്ചവടക്കാരുടേയും കൊട്ടാരങ്ങളും മാളികകളും നിമ്മിക്കുന്നതിനും, പട്ടണങ്ങൾ കെട്ടിയുയത്തുന്നതിനും, റോഡുകളും തോട്ടകളും ഉണ്ടാക്കുന്നതിനും കൃഷിക്കാരുടെ അദ്ധ്വാനശക്തിയാണ് ഉപയോഗപ്പെട്ടത്തിയതു്. മില്ലുകൾക്കും ഫാക്ടറികൾക്കും ഖനികൾക്കും കല്ക്കരിഖനികൾക്കും ലാഭകരമായി മനുഷ്യശക്തി സംഭാവനചെയ്യതു് കൃഷിക്കാരായിരുന്നു.

സാറിസ്റ്റ് സാമ്രാജ്യം കോളനി അടിമത്വത്തിൽ വെച്ചിരുന്ന റഷ്യക്കാരല്ലാത്ത ജനങ്ങളുടെ ജീവിതം കൂടുതൽ ക്ലേശകരമായിരുന്നു. സെൻട്രൽ ഏഷ്യയിലേയും കസാക്ക്സ്ഥാനിലെയും വിശാലമായ ഭൂവിഭാഗങ്ങൾ സാറിൻെറ സടാപ്പന്മാരുടേയും പ്രാദേശിക ഫ്യൂഡൽ പ്രഭുക്കന്മാരുടേതുമായിരുന്നു. ഇവക്ക് വളരെയേറെ കതിരകളുടേയും കന്നുകാലികളുടെയും ആടിന്റെയും പററങ്ങളു് ഉണ്ടായിരുന്നു.

ജനങ്ങളുടെ ഭൂരിഭാഗത്തെ സംബന്ധിച്ചാണെങ്കിൽ ഭൂമിയോ, കന്നുകാലികളോ, മററു സ്വത്തുക്കളോ ഇല്ലാത്ത കർഷകർ അവർ അർദ്ധ അടിമകളും അർദ്ധ തോട്ടവേലക്കാരുമായി ദുരിത സമ്പൂണ്ണമായ ഒരു ജീവിതമാണു നയിച്ചിരുന്നതു്. അവർ പരിപൂണ്ണമായും ഫ്യൂഡൽ പ്രഭുക്കളെ ആശ്രയിക്കേണ്ടിയിരുന്നു.

കൃഷിയുടെ പിന്നോക്കാവസ്ഥമൂലം വ്യവസായത്തിൻെറ വികസത്തിനു കാലതാമസം നേരിട്ടു. കൂടുതൽ വികസിച്ച മുതലാളിത്തരാജ്യങ്ങളുടെ പിന്നിലായിരുന്നു റഷ്യ ഈ കാര്യത്തിലും. വളരെയേറെ വിഭവങ്ങളുള്ള വിശാലമായ ആ രാജ്യം അതുകൊണ്ടു് മററു സാമ്രാജ്യത്വരാജ്യങ്ങളുടെ വളന്നുകൊണ്ടിരുന്ന സ്വാധീനത്തിനു കീഴിലും കോളനി നുകത്തിനടിയിൽപ്പെടമെന്നുള്ള ഭീഷണിക്കു വിധേയവുമായിരുന്നു.

ഒക്ടോബർ വിപ്ലവംമൂലം ഇതു തടയപ്പെട്ടു.

## 2. സോഷ്യലിസ്റ്റ് വിപ്ലവം റഷ്യൻ കൃഷിക്കാരെ ദാരിദ്ര്യത്തിൽനിന്നും വിശപ്പിൽനിന്നും മോചിപ്പിച്ചു

സാറിസ്റ്റ് റഷ്യയുടെ ചരിത്രം, തൊഴിലാളികളും കൃഷിക്കാരും അവരുടെ മർദ്ദകന്മാൎക്കെതിരായി—സാറുമാരും, ഭൂപ്രഭുക്കളും മുതലാളിമാരും—തുടർച്ചയായി നടത്തീട്ടുള്ള സമരങ്ങൾ നിറഞ്ഞതാണു്. ചിലപ്പോൾ കർഷകലഹളകൾ വളരെ കൊല്ലങ്ങൾ നീണ്ടുനില്ക്കുന്നതും വളരെയേറെ സ്ഥലങ്ങളെ ബാധിക്കുന്നതുമായ യുദ്ധങ്ങളായി മാറീട്ടുണ്ടു്.

കൃഷിക്കാർ ഏററവും വെറുക്കപ്പെട്ട ഭൂഉടമകളുടെ മാളികകൾ തീവെച്ചു നശിപ്പിക്കുകയും അവരുടെ സ്വത്തുക്കളും ഭൂമിയും പിടിച്ചെടുക്കുകയും ചെയ്യും. സാറിസ്റ്റ് ഗവമ്മെൻറ്, ആ സന്ദർഭങ്ങളിൽ പട്ടാളത്തെ അയച്ചു് അവരെ വെടിവെക്കുകയും, തൂക്കിലിടുകയും മർദ്ദിക്കുകയും ജയിലിൽ അടയ്ക്കുകയും നാടുകടത്തുകയും മററും ചെയ്യുമായിരുന്നു. എങ്കിൽതന്നെയും സമരം തുടൎന്നുകൊണ്ടിരുന്നു. അവരുടെ നികൃഷ്ടമായ ജീവിതവും, ഇല്ലായ്മയും, വിശപ്പുമാണു് കൃഷിക്കാരെ അവരുടെ കോടാലികളും കവരത്തടികളും അരിവാളുകളും എടുത്തു് "ഒരു മനുഷ്യനു് ഒരിക്കൽ മാത്രമേ മരിക്കാൻ കഴിയുകയുള്ളു", അല്ലെങ്കിൽ "പട്ടിണികിടന്നു മരിക്കുന്നതിൽ നല്ലതു് സമരംചെയ്തു മരിക്കുകയാണു്" എന്നു പറഞ്ഞുകൊണ്ടു് അവരുടെ സ്ഥിരം ശത്രുവിനെ എതിൎക്കാൻ നിർബ്ബന്ധിതരാക്കിയതു്.

വ്യവസായത്തിന്റെ വളർച്ചയോടൊപ്പം ഒരു തൊഴിലാളിവൎഗ്ഗം റഷ്യയിൽ ഉയൎന്നുവന്നതോടുകൂടി, ജനങ്ങളുടെ പൊതുശത്രുക്കളായ സാറിനും, പ്രഭുക്കൾക്കും ബൂർഷ്വാസികൾക്കും എതിരായി കർഷകരും തൊഴിലാളികളും ഒന്നിച്ചണിനിരന്നു.

തൊഴിലാളിവൎഗ്ഗം സമരങ്ങൾക്കു നേതൃത്വം നൽകുകയും അവയെ സംഘടിതാടിസ്ഥാനത്തിൽ ഉറപ്പിക്കുകയും ചെയ്തു

അങ്ങിനെ തൊഴിലാളികളുടെയും കൃഷിക്കാരുടെയും ഐക്യം, തൊഴിലാളിവർഗ്ഗത്തിൻെറയും അതിൻെറ മുന്നണിപ്പടയായ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടിയുടെയും നേതൃത്വത്തിലുള്ള ഐക്യം ഉയൎന്നുവന്നു.

തൊഴിലാളികളെയും കൃഷിക്കാരെയും സംഘടിപ്പിച്ചുകൊണ്ടും ശക്തിപ്പെടുത്തിക്കൊണ്ടും ആ സമരം വളരെക്കാലം തുടൎന്നു നടക്കുകയുണ്ടായി. 1905-ലെ വിപ്ലവം പരാജയപ്പെടുവാനുള്ള പ്രധാനകാരണം കൃഷിക്കാർ സംഘടിതരല്ലാതിരുന്നതുകൊണ്ടു ഒററപ്പെട്ട വിധത്തിൽ പ്രവൎത്തിക്കുകയും നിശ്ചയദാർഢ്യമില്ലാതിരിക്കുകയും ചെയ്തതുകൊണ്ടാണ്. അവരിൽ പലക്കും സാറിലുള്ള വിശ്വാസം നിലനില്ക്കുകയും അവരെ അദ്ദേഹം സഹായിക്കുമെന്നു് അവർ വിശ്വസിക്കുകയും ചെയ്തിരുന്നു. എന്നാൽ സാർ അവരെ വെടിവെച്ചു കൊല്ലുകയും ജയിലിൽ ഇടുകയും നാടുകടത്തുകയുമാണ് ചെയ്തതു്.

1917 ഫെബ്രുവരിയിൽ വെറുക്കപ്പെട്ട സാർഭരണം മറിച്ചിടപ്പെട്ടു. വിശ്വാസികളായ കൃഷിക്കാർ അധികാരം ബൂർഷ്വാസികളുടെ കയ്യിൽ പതിക്കുന്നതിന്നു അനുവദിച്ചു. ബൂർഷ്വാസി അതു് ഭൂവുടമകളുമായി് പങ്കിട്ടെടുത്തു.

ഭൂമിയിലുള്ള സ്വകാര്യസ്വത്തു അവസാനിപ്പിക്കുന്നതിന്നും ഭൂവുടമകളിൽനിന്നും ഭൂമി പിടിച്ചെടുത്തു സ്വന്തം കൈകൊണ്ടു കൃഷിചെയ്യുന്ന കൃഷിക്കാൎക്ക കൊടുക്കണമെന്നും കർഷകർ ആവശ്യപ്പെട്ടു.

സാറിൻെറ സ്ഥാനത്തു സ്ഥാപിക്കപ്പെട്ട ബൂർഷ്വാഗവമ്മെണ്ടു് കർഷകൎക്ക ഭൂമി കൊടുക്കാൻ ഇഷ്ടപ്പെട്ടില്ല. അതുകൊണ്ടു് കാർഷികപ്രശ്നത്തിൻെറ പരിഹാരത്തിനു കാലതാമസമുണ്ടായി. ഭൂവുടമകളുടെ ഭൂമി സ്വയം പിടിച്ചെടുക്കുന്നതിന്നും അവയെ കൂട്ടായി കൃഷി ചെയ്യുന്നതിനും കൃഷിക്കാർ ആഗ്രഹിച്ചു.

സാറിസ്റ്റു ഗവമ്മെണ്ടു് മുൻപു ചെയ്യതുപോലെ, ബൂർഷ്വാഗവ മ്മെണ്ടു് കർഷകരെ ശിക്ഷിക്കുന്നതിനും ഭൂവുടമകളെ രക്ഷിക്കുന്നതിനും വേണ്ടി പട്ടാളത്തെ നിയോഗിച്ചു.

തൊഴിലാളിവർഗ്ഗവും അതിന്റെ കമ്മ്യൂണിസ്റ്റു് പാർട്ടിയും കർഷകരുടെ സഹായത്തിനെത്തി. ഭൂവുടമകൾക്കെതിരായ സമരത്തെ അവർ ഒരു സംഘടിതമായ അടിസ്ഥാനത്തിൽ ഉറപ്പിച്ചു. കൂടുതൽ ധീരമായും ചിട്ടയായുമുള്ള രീതിയിൽ ഭൂവുടമകളിൽ നിന്നും ഭൂമി പിടിച്ചെടുക്കുന്നതിനും—നിവൃത്തിയുണ്ടെങ്കിൽ കൂട്ടുകൃഷികൾ സംഘടിപ്പിച്ചു്—ലെനിൻ കർഷകരെ ആഹ്വാനം ചെയ്തു.

സമരം 1917–ലെ ഗ്രീഷ്മകാലം മുഴുവൻ നീണ്ടുനിന്നു. ശരൽക്കാലമായപ്പോഴേക്കും അതു് രാജ്യത്തിന്റെ പല പ്രവിശ്യകളിലും ആയുധമേന്തിയ ബഹുജനകർഷകലഹളകളായി രൂപാന്തരപ്പെട്ടു.

1917 ഒക്ടോബറിൽ, ഏററവും ദരിദ്രരായ കർഷകരുമായി സഖ്യത്തിൽ ഏർപ്പെട്ടുകൊണ്ടു് റഷ്യയിലെ തൊഴിലാളിവർഗ്ഗം ബൂർഷ്വാഗവമ്മെൻറിനെ മറിച്ചിട്ടു്, അധികാരം, ലെനിന്റെ നേതൃത്വത്തിലുള്ള തൊഴിലാളികളുടെയും കൃഷിക്കാരുടെയും ഗവമ്മെൻറിനു നൽകി.

മനുഷ്യരാശിയുടെ ചരിത്രത്തിൽ ഒരു പുതിയ യുഗം ആവിഷ്കരിച്ച ഒക്ടോബർ വിപ്ലവം അങ്ങിനെ നടപ്പായി.

സോവിയററുഗവമ്മെൻറിന്റെ ഒന്നാമത്തെ ഡിക്രി, കൊള്ളരുതാത്ത സാറിസ്റ്റു് ഗവമ്മെൻറ് ബ്രിട്ടനിലെയും ഫ്രാൻസിലെയും സാമ്രാജ്യത്വ ഗവമ്മെൻറുകളുമായി യോജിച്ചുകൊണ്ടു് ലോകത്തെ കശാപ്പുചെയ്തിരുന്നതു് അവസാനിച്ചപ്പോൾ ഉണ്ടാക്കിയ സമാധാന ഡിക്രിയായിരുന്നു.

ഈ ഡിക്രിയിൽക്കൂടി, തൊഴിലാളികളുടെയും കൃഷിക്കാരുടെയും സോവിയററുഗവമ്മെണ്ടു്, സാമ്രാജ്യത്വ ആക്രമണകാരി

കറാക്കും കൊളോണിയൽ യുദ്ധങ്ങൾക്കും എതിരായ ലോകവ്യാപകമായ ഒരു സമരം ഉത്ഘാടനം ചെയ്യുകയും കോളനിവാഴ്ചയിൽനിന്നുള്ള മോചനത്തിന്റെ പാത വെട്ടിത്തെളിക്കുകയും ചെയ്തു.

സോവിയററു ഗവമെന്റിന്റെ രണ്ടാമത്തെ ഡിക്രി, ഭൂമിയിലുള്ള സ്വകാര്യാവകാശം എന്നെന്നേക്കുമായി അവസാനിപ്പിച്ചുകൊണ്ടുള്ള ഭൂമിയെപ്പററിയുള്ള ഡിക്രിയായിരുന്നു. ഭൂമി ദേശീയസ്വത്തായി പ്രഖ്യാപിക്കപ്പെട്ടു. വലിയ ഭൂവുടമകളുടെയും സാറിന്റെയും പള്ളികളുടെയും ഭൂമികൾ പ്രതിഫലം കൂടാതെ പിടിച്ചെടുക്കുകയും സ്വന്തം കൈകൊണ്ടു കൃഷിചെയ്യുന്നവക്കു് അതു് സൗജന്യമായി കൊടുക്കുകയും ചെയ്തു.

അങ്ങിനെ, വലിയ ഭൂവുടമകളുടെ കർഷകമദ്ദനവും ഭൂവിതരണത്തിലുണ്ടായിരുന്ന പുരാതനമായ അന്യായവും—സമ്പത്തിന്റെ ഒരു പ്രധാന ഉറവിടം—അവസാനിപ്പിച്ചു.

ദരിദ്രകൃഷിക്കാക്കും, ഇടത്തരം കൃഷിക്കാക്കും, മുൻപു് സ്വകാര്യഉടമകളുടേതായിരുന്ന 15 കോടി ഹെക്ടർ ഭൂമി ലഭിച്ചു. അതോടൊപ്പംതന്നെ, വാർഷികപാട്ടമായും ഈടുകടിശ്ശികയുടെ ശതമാനങ്ങളുമായി ആണ്ടുതോറും കൊടുക്കേണ്ടിയിരുന്ന എഴുപതു കോടി റൂബിളുകൾ കൊടുക്കുന്നതിൽനിന്നും ഒഴിവാക്കപ്പെടുകയും ചെയ്തു.

ഭൂമി ലഭിച്ചപ്പോൾ, റഷ്യയിലെ കൃഷിക്കാർ മുഴുവനും അവരുടെ അടിമത്വത്തിൽനിന്നും ഖാർഷ്ചിനാ (കോർവി)യിൽനിന്നും മോചിക്കപ്പെട്ടു. ലെനിൻ പറഞ്ഞതുപോലെ, ചരിത്രത്തിൽ ആദ്യമായി റഷ്യയിലെ കൃഷിക്കാക്കു് അവരുടെ സ്വന്തം റൊട്ടി വയറുനിറയെ തിന്നാനുള്ള സന്ദർഭം ലഭിച്ചു.

## 3. കൃഷിയിൽ രണ്ടു വിധത്തിലുള്ള സോഷ്യലിസ്റ്റ് പുനർന്നിർമ്മാണം

ഒക്ടോബർവിപ്ലവത്തിന്നശേഷം റഷ്യയിലെ തൊഴിലാളികൾക്കും, കൃഷിയെ എങ്ങിനെയാണ വികസിപ്പിക്കുകയെന്നുള്ള പ്രശ്നത്തെ നേരിടേണ്ടിവന്നു.

സോഷ്യലിസ്റ്റ്‌വിപ്ലവത്തിൻെറ പ്രധാന ഉദ്ദേശം, മുതലാളിത്ത സമ്പത്ഘടനയുടെ സ്ഥാനത്തു് സോഷ്യലിസ്റ്റ് സമ്പത്ഘടന സ്ഥാപിക്കുകയും, ഉല്പാദനോപകരണത്തിലുള്ള സ്വകാര്യ ഉടമ അവസാനിപ്പിക്കുകയും—മനുഷ്യനെ മനുഷ്യൻ ചൂഷണം ചെയ്യുന്നതിൻെറ അടിസ്ഥാനം—ഒരു വർഗ്ഗരഹിതസമുദായത്തിലേക്കുള്ള മാററത്തിന്നുള്ള ഉപാധികൾ സൃഷ്ടിക്കുക—കമ്മ്യൂണിസത്തിലേക്ക്—യും ചെയ്യുകയാകുന്നു.

ഈ ലക്ഷ്യം തൊഴിലാളികൾക്കും കൃഷിക്കാർക്കും പൊതുവായുള്ളതാണെങ്കിലും അതിൽ എത്തിച്ചേരുന്നതിന്നുള്ള മാർഗ്ഗങ്ങളും പാതകളും വ്യത്യസ്തമാണു്.

വ്യവസായത്തിൽ മുതലാളിത്തത്തിൻകീഴിൽ, ഒരു കൂട്ടമായി വളരെയേറെ തൊഴിലാളികളെ യോജിപ്പിച്ചുകൊണ്ടു് വൻതോതിലുള്ള സാങ്കേതികോല്പാദനം നേരത്തെതന്നെ നടപ്പിൽ വന്നിരുന്നു. അതുകൊണ്ടു, തൊഴിലാളികളുടെയും കർഷകരുടെയും ഗവമ്മെണ്ടു് വ്യവസായസ്ഥാപനങ്ങൾ പിടിച്ചടക്കുകയെന്നുവെച്ചാൽ അവയെ സോഷ്യലിസ്റ്റ് സ്ഥാപനങ്ങളായി മാററുകയും അവയുടെ മുൻപോട്ടുള്ള വികാസം സോഷ്യലിസ്റ്റ് പാതയിൽക്കൂടി കൊണ്ടുപോകുകയും എന്നാണു്.

കൃഷിയിലും വമ്പിച്ച സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. അവ, പ്രാകൃതമായ സമ്പ്രദായത്തിലും കർഷകരുടെ കായികാദ്ധ്വാനത്തെ ചൂഷണം ചെയ്യുന്നതിലും ആശ്രയിച്ചാണ് മുഖ്യമായി

നിലനിന്നിരുന്നതു്. ഭൂരിപക്ഷം കൃഷിസ്ഥലങ്ങളും, കായികാദ്ധ്വാനം മാത്രം ഉപയോഗപ്പെടുത്തിയിരുന്ന ചെറിയ തുണ്ടുകളും വളരെ പ്രാകൃതരീതിയിൽ പ്രവൃത്തി നടത്തിയിരുന്നവയുമായിരുന്നു.

തങ്ങളുടെ സ്വന്തം സ്വകാര്യകൃഷിയിൽക്കൂടി അവരുടെ സ്ഥിതി മെച്ചപ്പെടുത്താൻ കഴിയുമെന്നു് നൂററാണ്ടുകളായി വിശ്വസിച്ചിരുന്ന ചെറിയ കൃഷിക്കാരായിരുന്നു ഈ കൃഷിഭൂമികളുടെ ഉടമകൾ. അവക്കു് ഏതിലും നല്ല കൃഷിസമ്പ്രദായത്തെപ്പററി അറിയാമായിരുന്നില്ല. സ്വകാര്യസ്വത്തിൻെറ അവകാശികളായിരുന്നതുകൊണ്ടു് അതു നഷ്ടപ്പെടുമെന്നുള്ള ഭയവും അവക്കുണ്ടായിരുന്നു. ഈ കാരണംകൊണ്ടു്, പെട്ടെന്നു് വൻതോതിലുള്ളതും സോഷ്യലിസ്റ്റ്സമ്പ്രദായത്തിലുള്ളതുമായ കൃഷി സ്വീകരിക്കാൻ പ്രയാസമായിരുന്നു, വൻഭൂവുടമകളിൽനിന്നും പിടിച്ചെടുത്ത കൃഷിസ്ഥലങ്ങൾ കൃഷിക്കാർ വീതിച്ചെടുത്തു. സ്വന്തം ചെറിയ കൃഷിസ്ഥലങ്ങൾ അവരുടെ കുടുംബാംഗങ്ങളുടെ അദ്ധ്വാനംകൊണ്ടു് കൃഷിചെയ്യാനുള്ള ആഗ്രഹം അവരിൽ ഭൂരിപക്ഷവും പ്രകടിപ്പിച്ചു.

കമ്യൂണിസ്റ്റ്പാർട്ടിയും ലെനിൻെറ നേതൃത്വത്തിലുള്ള സോവിയററ്ഗവമ്മെൻറും, തൊഴിലാളികളും കൃഷിക്കാരും തമ്മിലുള്ള ഐക്യത്തിൻെറ ആവശ്യത്തിൻെറയും കർഷകർ ഉടൻ സോഷ്യലിസത്തിലേക്കു വരുകയില്ലെന്നും ക്രമേണ മാത്രമെയുള്ളു എന്നുമുള്ള വാസ്തവത്തിൻേറയും അടിസ്ഥാനത്തിലാണു് പ്രവത്തിച്ചതു്, സ്വകാര്യ സ്വത്തുടമകളെപ്പററിയും ചെറിയതോതിലുള്ള കൃഷിസമ്പ്രദായത്തിൽക്കൂടി സമൃദ്ധിയിലേക്കു നീങ്ങാനുള്ള സാദ്ധ്യതയേപ്പററിയുമുള്ള അവരുടെ വ്യാമോഹം നീങ്ങുന്നതിനു് കുറെ സമയം ആവശ്യമായിരുന്നു. സോഷ്യലിസ്റ്റ് സമ്പ്രദായത്തിലുള്ള കൃഷിക്കു് ചെറിയതോതിലുള്ള കൃഷിയെക്കാളുള്ള മെച്ചം എന്താണെന്നു് കൃഷിക്കാരെ അനുഭവത്തിൽക്കൂടി പ്രേരിപ്പിക്കേണ്ടിയി

ന്നു. അധികാരം സ്വയം ഏറെറടുത്തതുകൊണ്ടു് തൊഴിലാളി വർഗ്ഗത്തിനു് വിപ്ലവസമരത്തിലെ അതിന്റെ മിത്രത്തെ വിട്ടു വീഴ്ചയോടുകൂടി സമീപിക്കുകയും സ്വകാര്യസ്വത്തുടമകളുടെ താല്പര്യം ഉണ്ടായിരുന്ന അദ്ധ്വാനിക്കുന്ന കർഷകർക്കു് ചില താല്ക്കാലിക സൗജന്യങ്ങൾ അനുവദിച്ചുകൊടുക്കുകയും ചെയ്യേണ്ടി യിരുന്നു.

ഫ്രെഡറിക്കു് എംഗൽസു് ഇങ്ങിനെ എഴുതി: "നാം നിശ്ചയമായും ഖണ്ഡിതമായി ചെറുകൃഷിക്കാരുടെ ഭാഗത്താണു്. അവന്റെ ജീവിതം കൂടുതൽ വഹിക്കത്തക്കതാക്കുന്നതിനു്, അവൻ അങ്ങിനെ തീരുമാനിക്കുന്നപക്ഷം സഹകരണസമ്പ്രദായത്തിലേക്കുള്ള അവന്റെ മാററത്തെ സഹായിക്കുന്നതിനു്, അനുവദനീയമായതെല്ലാം നാം ചെയ്യും. മാത്രമല്ല, ഈ തീരുമാനത്തിലെത്താൻ അവനു കഴിയുന്നില്ലെങ്കിൽ അതെപ്പററി കൂടുതൽ ചിന്തിക്കുന്നതിന്നുവേണ്ടി ഒരു നീണ്ടകാലത്തേക്കു അവന്റെ ചെറിയ തുണ്ടുഭൂമിയിൽ തുടരുന്നതിന്നു അവന്നു സൌകര്യമുണ്ടാക്കികൊടുക്കുകയും ചെയ്യും." x

മാർക്സിസം_ലെനിനിസത്തിന്റെ അടിസ്ഥാനത്തിൽ സോവിയററു് ഗവമെൺടു്, ഭൂവുടമകളിൽനിന്നും പിടിച്ചെടുത്ത ഭൂമിയും സ്വത്തുക്കളും ഭാഗിച്ചെടുക്കുന്നതിന്നു കർഷകരെ അധികാരപ്പെടുത്തുകയും കൂടുതൽ വികസിപ്പിക്കുന്നതിനും വളരെയേറെ കാർഷികോല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും സാദ്ധ്യമായ ഭൗതികവും സാമ്പത്തികവുമായ എല്ലാ സഹായങ്ങളും കൃഷിക്കാർക്കു് ചെയ്തുകൊടുക്കുകയും ചെയ്തു.

---

x മാർക്സും എംഗൽസും; സെലക്ടഡ് വർക്സ്, വാല്യം II. പുറം 435

അതേ സമയംതന്നെ "ചെറിയ കൃഷിക്കാർക്ക് പട്ടിണിയിൽനിന്നും മോചനം നേടാൻ സാദ്ധ്യമല്ല" (ലെനിൻ) എന്നും കൂട്ടുകൃഷിയിലേക്കുള്ള സാവധാനമായ മാററം ആവശ്യമാണെന്നും കമ്യൂണിസ്റ്റ്പാർട്ടി അവരെ ഉദ്ബോധിപ്പിച്ചുകൊണ്ടുമിരുന്നു.

വലിയ ഭൂവുടമകളുടെ എസ്റ്റേററുകൾ പിടിച്ചെടുക്കപ്പെട്ടപ്പോൾ, അതിന്റെ ഒരു ഭാഗം—ഏററവും നല്ലതും നന്നായി നടത്തിയിരുന്നതും—അതുപോലെതന്നെ നിലനിർത്തി സ്റ്റേററ് ഫാമുകളായി (സൊവ്ക്കോസസ്സ്) മാററി. മുൻപിലത്തെ ചില എസ്റ്റേററുകളിൽ ചുററുപാടുമുള്ള ഗ്രാമങ്ങളിലെ തൊഴിലാളികളും കൃഷിക്കാരും ചേർന്ന് സഹകരണാടിസ്ഥാനത്തിലുള്ള കൃഷി കമ്മ്യൂൺസ്—അല്ലെങ്കിൽ കർഷക ആർട്ടൽസ്—സംഘടിപ്പിച്ചു

അങ്ങിനെയുള്ള സഹകരണസംഘങ്ങളിൽ ചേർന്ന വളരെയേറെ കർഷകർ അവരുടെ പണിയായുധങ്ങളും കന്നുകാലികളേയും ഭൂമിയേയും പൊതുകൃഷിക്കുവേണ്ടി സംഭാവന ചെയ്തു. പലപ്പോഴും പിടിച്ചെടുത്ത ഭൂമിയും യന്ത്രങ്ങളും പങ്കിടുന്നതിനും പകരം വിവിധ മാതൃകയിലുള്ള സഹകരണ കൃഷിത്തോട്ടങ്ങൾ നിർമ്മിച്ചുകൊണ്ട് അവയുടെ കൂട്ടായ ഉപയോഗം സംഘടിപ്പിക്കുകയാണ് കൃഷിക്കാർ ചെയ്തത്.

അങ്ങിനെ ഒക്ടോബർ വിപ്ലവം കഴിഞ്ഞയുടൻതന്നെ വ്യക്തികളുടെ കൃഷിത്തോട്ടങ്ങളോടൊപ്പംതന്നെ അവയ്ക്കു സമാന്തരമായി സോഷ്യലിസ്റ്റ് കാർഷികസ്ഥാപനങ്ങളും പ്രത്യക്ഷപ്പെട്ടു.

ഇവ രണ്ടു മാതൃകയിലുള്ളതായിരുന്നു.

എ) സ്റ്റേററ് കാർഷികസ്ഥാപനങ്ങൾ—സോവ്ക്കോസ്സസ്;

ബി. കൃഷിക്കാരുടെ സഹകരണ (കൂട്ട്) സോഷ്യലിസ്റ്റ് കാർഷിക സംഘങ്ങൾ—കോൾഖോസ്സസ്. ഇന്നു സോവിയററ് യൂണിയനിൽ സോഷ്യലിസ്റ്റ് കാർഷിക സ്ഥാപനങ്ങളുടെ

ഈ രണ്ടു രൂപങ്ങളും കാണാൻ കഴിയും. 1963–ൽ 9176 സ്റ്റേറ്റു ഫാമുകളും 39,500 കൂട്ടകൃഷി ഫാമുകളും ഉണ്ടായിരുന്നു.

എല്ലാ സോഷ്യലിസ്റ്റു രാജ്യങ്ങളിലും കൃഷിയുടെ സോഷ്യലിസ്റ്റ് പുനർ നിർമ്മാണവും വികാസത്തിന്റെ രണ്ടു മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു.—സ്റ്റേറ്റു കാർഷികസ്ഥാപനങ്ങൾ സ്ഥാപിക്കുകയും കാർഷികോല്പാദന സഹകരണസംഘങ്ങളിൽ കർഷകർ സഹകരിക്കുകയുമാണ് അവ.

## 4. സോഷ്യലിസം കെട്ടിപ്പടുക്കുന്ന രാജ്യങ്ങളിൽ കൃഷിയുടെ പുനർനിർമ്മാണത്തിന്റെ ആവശ്യം

ചിതറിക്കിടക്കുന്ന ഭൂമിയിലെ കൃഷിയുടെ താഴ്ന്ന നിലവാരവും അദ്ധ്വാനിക്കുന്ന കർഷകരുടെ ദുരിതങ്ങളും റഷ്യയിൽ മാത്രമുള്ള ഒരു പ്രത്യേകതയായിരുന്നില്ല. സോഷ്യലിസത്തിന്റെ മാർഗ്ഗം സ്വീകരിച്ച യൂറോപ്പിലേയും ഏഷ്യയിലേയും മററു രാജ്യങ്ങളിലെയും സ്ഥിതി ഇതുതന്നെ ആയിരുന്നു,

വലിയ എസ്റ്റേററുകളുടെ തൊട്ടുതന്നെ എല്ലാ രാജ്യങ്ങളിലും, ദുരിതസമ്പൂർണ്ണമായ ജീവിതം നയിച്ചിരുന്നവരുടേതായ വളരെയേറെ ചെറിയ ചെറിയ തുണ്ടു കൃഷിസ്ഥലങ്ങൾ ഉണ്ടായിരുന്നു.

അങ്ങിനെ, റുമേനിയായിൽ, ശരാശരി 2.7 ഹെക്ടേസ്സ് ഉള്ള കൃഷിഭൂമി മൊത്തം കൃഷിഭൂമിയുടെ 77.1 ശതമാനമായിരുന്നു. കൂലിക്കാരെവെച്ചു പണിചെയ്യിക്കുന്ന കൃഷിക്കാരാണെങ്കിൽ മൊത്തം കൃഷിഭൂമിയുടെ 4.6 ശതമാനവും, മൊത്തം ഭൂമിയുടെ 35 ശതമാനവുമാണ് അവർ പ്രതിനിധീകരിച്ചിരുന്നതു്. രണ്ടാം ലോകമഹായുദ്ധത്തിനു് അല്പം മുൻപുവരെ റുമേ

നിയയിലെ കർഷകർ 12-ാം നൂററാണ്ടിലെ കൊയ്ത്തരിവാളാണ് ഉപയോഗിച്ചിരുന്നതു്. 5000 വർഷങ്ങൾക്കുമുൻപ് അസീറിയക്കാർ വിതച്ചിരുന്നതുപോലെ വിതക്കുകയും 6,000 കൊല്ലങ്ങൾക്കു മുൻപ് ഈജിപ്തുകാർ മെതിച്ചതുപോലെ മെതിക്കുകയുമാണ് ചെയ്തിരുന്നതു്. ഈ പ്രാകൃത പണിയായുധം കൊണ്ടു് കർഷകർ അവരുടെ സ്വന്തം ഭൂമി മാത്രമല്ല കൃഷിചെയ്തിരുന്നതു്; മൂന്നിനൊന്നോ അല്ലെങ്കിൽ അഞ്ചിനൊന്നോ കററയും അല്ലെങ്കിൽ പത്തിനൊന്നു കച്ചിയോ അവരുടെ പ്രയത്നത്തിനു പ്രതിഫലമായി സ്വീകരിച്ചുകൊണ്ടു് ഭൂഉടമകളുടെ നിലങ്ങളും അവർ കൃഷിചെയ്തിരുന്നു.

ഹംഗറിയിൽ, ജനകീയഗവമ്മെൻറു സ്ഥാപിക്കുന്നതിനു മുൻപ് ഇരുപതുലക്ഷം ഭൂമിയില്ലാത്ത കർഷകരും ആയിരക്കണക്കിനു് ഹെക്ടർ വിസ്തീർണ്ണമുള്ള വമ്പിച്ച എസ്റ്റേററുകളുടെ സമീപമായി ഒരു ഹെക്ടറിൽ കറവുള്ള അൻപതുലക്ഷം കർഷക ഫാമുകളും ഉണ്ടായിരുന്നു. വലിയ ഭൂവുടമകൾ മൊത്തം ഭൂമിയുടെ നാലിൽ ഒരു ഭാഗത്തിൻെറ ഉടമകളായിരുന്നു. ഇതു കൃഷി ചെയ്തിരുന്നതു് ഭൂമി നഷ്ടപ്പെട്ട കർഷകതൊഴിലാളികളും കൃഷിക്കാരുമായിരുന്നു. ആ കാലത്തെ ബൂർഷ്വാ പത്രങ്ങളുടെ റിപ്പോർട്ടനുസരിച്ചു് രാജ്യത്തു് 800,000 കർഷകതൊഴിലാളികളും "മുപ്പതു ലക്ഷം അലഞ്ഞുതിരിയുന്ന നിർദ്ധനരും" ഉണ്ടായിരുന്നു.

ബൾഗേറിയയിൽ, രണ്ടാം ലോകമഹായുദ്ധത്തിനു മുൻപ് ആറു കർഷക ഫാമുകൾക്കു് ഒരു ഇരുമ്പുകലപ്പയും 57 ഫാമുകൾക്കു് ലോഹംകൊണ്ടുള്ള പല്ലുള്ള ഒരു അടിമരവും മാത്രമാണ് ഉണ്ടായിരുന്നതു്. കർഷകർ ഭയങ്കരമായ ദാരിദ്ര്യത്തിലാണു് ജീവിച്ചതു്, അവർ കലാക്കുകളാലും ഉണ്ടികക്കാരാലും നിർദ്ദയമായി ചൂഷണം ചെയ്യപ്പെടുകയും ചെയ്തിരുന്നു. ഔദ്യോഗിക കണക്കനുസരിച്ചു് ബൾഗേറിയായിൽ പത്തു ലക്ഷത്തിൽ കൂടുതൽ "മിച്ച"ജനങ്ങൾ നാട്ടിൻപുറങ്ങളിൽ ഉണ്ടായിരുന്നു.

40755

"മിച്ചജനങ്ങൾ" എൺപതു ലക്ഷത്തിൽ കൂടുതലായിരുന്നു പോളണ്ടിലെ കൃഷി അങ്ങേഅററം മുണ്ടായിരുന്നു.

ജർമ്മനിയും ചെക്കോസ്ലോവാക്കിയയുംപോലുള്ള വ്യവസായികമായി വികസിച്ച രാജ്യങ്ങളിൽപോലും ചിതറിയ ചെറിയതുണ്ടു കൃഷിഭൂമികൾ സർവ്വസാധാരണമായിരുന്നു. ഈ രാജ്യങ്ങളിലെ കൃഷിക്കാരുടെ സ്ഥിതി മററുള്ളതിനേക്കാൾ ഒട്ടും മെച്ചമായിരുന്നില്ല.

ഏഷ്യൻ രാജ്യങ്ങളിലെ കൃഷിയുടേയും കർഷകരുടേയും സ്ഥിതി പ്രത്യേകിച്ചും ശോചനീയമായിരുന്നു. അവിടെ അർദ്ധകൃഷിക്കാരും അർദ്ധഅടിമകളുമായവരെ അവരുടെ ഭൂവുടമകളും മുതലാളിമാരും മാത്രമല്ല സാമ്രാജ്യത്വവും കോളനിഭരണക്കാരും ചൂഷണം ചെയ്തിരുന്നു.

ജനകീയ ജനാധിപത്യ വിപ്ലവങ്ങൾ കുറെയേറെ യൂറോപ്യൻ രാജ്യങ്ങളേയും ഏഷ്യൻ രാജ്യങ്ങളേയും, കൃഷിയുൾപ്പെടെയുള്ള അവരുടെ മുഴുവൻ സമ്പത്ഘടനയെ സോഷ്യലിസ്റ്റ് പുനർനിർമ്മാണത്തിന്റെ പാതയിൽ സ്ഥാപിച്ചു.

ജനകീയഗവമ്മെന്റ് നടപ്പാക്കിയ കാർഷികപരിഷ്കാരങ്ങൾ വൻകിട ഭൂവുടമകളെ ഒഴിവാക്കി. യൂറോപ്പിലെ ജനകീയ ജനാധിപത്യ ഗവമ്മെൻറുകളുടെ കീഴിൽതന്നെ രണ്ടു കോടി ഹെക്ടർ ഭൂമി വലിയ ഭൂവുടമകളിൽനിന്നും എടുത്തു് സ്വന്തം അദ്ധ്വാനം കൊണ്ടു് കൃഷിചെയ്യുന്നവക്ക് വിതരണംചെയ്തു. ജനകീയവിപ്ലവത്തിന്നെതിരായി ശത്രുപരമായ പ്രവത്തനത്തിൽ ഏർപ്പെടാതിരുന്നവരും അല്ലെങ്കിൽ വിയററ്നാമിലെപ്പോലെ വിദേശീയ മർദ്ദകന്മാക്കെതിരായ സാധാരണ ജനങ്ങളുടെ സമരത്തിൽ പങ്കു കൊണ്ടവരുമായ പഴയ ഭൂവുടമകൾക്കു്, ഭൂമി പാട്ടത്തിനു കൊടുക്കാതെ തനിയെതന്നെ കൃഷിചെയ്യുമെന്നുള്ള വ്യവസ്ഥയിൽ കുറെ ഭൂമി കൈവശം വെക്കുന്നതിനു് അനുവദിച്ചു.

പിടിച്ചെടുക്കപ്പെട്ട കൃഷിത്തോട്ടങ്ങളുടെ ഒരു ഭാഗം വൻതോതിലുള്ള സ്റ്റേററ്റ് സോഷ്യലിസ്റ്റ് കാർഷികസ്ഥാപനങ്ങളായി മാററി—സ്റ്റേററ്റ ഫാമുകളോ ദേശീയ എസ്റ്റേററുകളോ. പിടിച്ചെടുക്കപ്പെട്ട കരാ ഭൂമികൾ അവയുടെ മുൻതൊഴിലാളികളും അടുത്തുള്ള ഗ്രാമങ്ങളിലെ കർഷകരും ചേൻനുള്ള കൂട്ടകൃഷികളങ്ങൾ സ്ഥാപിക്കുന്നതിന്ന് ഉപയോഗപ്പെടുത്തി.

ക്യൂബയിൽ, വിപ്ലവത്തിന്ന മുൻപ്, ഏതാണ്ട് എഴുപതു് ശതമാനം കൃഷിഭൂമി വലിയ തോട്ടക്കാരുടേയും പ്രാദേശിക കമ്പനികളുടേയും അമേരിക്കൻ കമ്പനികളുടേയും വകയായിരുന്നു. ക്യൂബയിലെ ഭൂരിപക്ഷം ജനങ്ങളും, കൃഷിപ്പണിക്കാരുടെ ജോലി ചെയ്തുകൊണ്ടോ അല്ലെങ്കിൽ ചില കാലങ്ങളിൽ മാത്രം ജോലി ലഭിക്കുന്ന ജോലിക്കാൿ് ലഭിക്കുന്ന കരിമ്പു വെട്ടുന്ന ചുരുങ്ങിയ കാലത്തോ മാത്രം ജോലിചെയ്തുകൊണ്ടു്, ദുരിതസമ്പൂർണ്ണമായ ഒരു ജീവിതമാണു നയിച്ചിരുന്നതു്.

ക്യൂബയിൽ ജനകീയാധികാരം സ്ഥാപിച്ചതോടെ, തോട്ടക്കാരെ ഒഴിവാക്കി. ആരംഭത്തിൽ, തോട്ടങ്ങളെ മുൻപിലത്തെ കർഷകതൊഴിലാളികൾ നടത്തുന്ന സഹകരണഫാമുകളായി രൂപാന്തരപ്പെടുത്തിയെങ്കിലും അവയെ ദേശീയ എസ്റ്റേററുകളായി മാററുന്നതാണ് കൂടുതൽ നല്ലതെന്ന് ക്യൂബക്കാർ തീരുമാനിച്ചു.

അങ്ങിനെ, സോഷ്യലിസ്റ്റ്നിർമ്മാണം കാണിക്കുന്നതു്, സോഷ്യലിസ്റ്റ്പാത സ്വീകരിക്കുന്ന എല്ലാ രാജ്യങ്ങളും രണ്ടു തരത്തിലുള്ള സ്ഥാപനങ്ങൾ സ്ഥാപിച്ചുകൊണ്ടു് അവയുടെ കൃഷിയെ പുനഃസംഘടിപ്പിക്കേണ്ടിയിരിക്കുന്നു എന്നാണ്: സ്റ്റേററ ഫാമുകളോ ദേശീയ എസ്റ്റേററുകളോ, കൂടാതെ, ചെറിയ കൃഷിക്കാരുടെ സംഘങ്ങൾ മനസ്സോടെ സംഘടിപ്പിക്കപ്പെടുന്ന ഉല്പാദകരുടെ സഹകരണസംഘങ്ങളും.

താഴെ കൊടുക്കുന്ന 1962-ലെ പട്ടികയിൽ കാണിച്ചിരിക്കുന്നതുപോലെ, വിവിധ സോഷ്യലിസ്റ്റ്രാജ്യങ്ങളിലെ സ്റ്റേററ ഫാമുകളുടേയും കൂട്ടകൃഷിക്കളങ്ങളുടേയും താരതമ്യപ്രാധാന്യം വ്യത്യസ്തമാണ്.

| | സഹകരണഫാമുകൾ | | സ്റ്റേററുഫാമുകൾ | |
|---|---|---|---|---|
| | ഫാമുകളുടെ എണ്ണം | മൊത്തം കൃഷിസ്ഥലത്തിന്റെ അനുപാതം (ശതമാനം) | ഫാമുകളുടെ എണ്ണം | മൊത്തം കൃഷിസ്ഥലത്തിന്റെ അനുപാതം |
| 1 | 2 | 3 | 4 | 5 |
| അൽബേനിയാ | 1,358 | 86.0 | 28 | 3.0 |
| ബൾഗേറിയാ | 955 | 98.5 | 68 | 5.2 |
| ഹംഗറി | 4,528 | 78.0 | 271 | 19.3 |
| വിയററ്നാം ഡിമോക്രാററിക്ക് റിപ്പബ്ലിക്ക് | 41,401a) | 76.0a) | 49 | 0.7 |
| ജനകീയ റിപ്പബ്ലിക്ക്, ചൈനാ | 26,578a) | 99.1a) | 1,422b) | 2.8b) |
| ജമ്മൻ ജനാധിപത്യ റിപ്പബ്ലിക്ക് | 17,860 | 84.0 | 618 | 8.0 |
| കൊറിയൻ ജനാധിപത്യ റിപ്പബ്ലിക്ക് | 3,843a) | 98.0a) | 169a) | 6.5 |
| മൊംഗോളിയൻ ജനാധിപത്യറിപ്പബ്ലിക്ക് | 354a) | 76.0a) | 29 | 2.1 |
| പോളണ്ട് | 1,788 | 1.2 | 6,047 | 11.3 |
| റുമേനിയാ | 18,101 | 55.0 | 587 | 29.4 |
| യു. എസ്സ്. എസ്സ്, ആർ. | 40,500 | 50.1 | 8,281 | 49.5 |
| ചെക്കോസ്ലോവോക്കിയ | 8,784 | 66.0 | 364 | 20.2 |
| യുഗോസ്ലാവിയാ | 127 | 1 | 489 | 11.8 |
| ക്യൂബാ | 850 | .... | 900 | 70.8c) |

a) 1960   b) 1958   c) 1968

സ്റ്റേററു ഫാമുകളുടേയും കൂട്ടകൃഷികളുങ്ങളുടേയും സാപേക്ഷ അനുപാതത്തിന്റെ വ്യത്യാസങ്ങൾ കാണിക്കുന്നതു്, വ്യത്യസ്ത രാജ്യങ്ങളിൽ സോഷ്യലിസ്റ്റ് പുനർനിർമ്മാണത്തിനുള്ള ഉപാധികൾ ഒരുപോലെയല്ല എന്നാണു്. ഒരു സാർവ്വലൌകിക മാതൃക ഉണ്ടായിരിക്കാൻ സാദ്ധ്യമല്ല. ഓരോ രാഷ്ട്രവും അതിന്റെ പ്രത്യേക സ്വഭാവമനുസരിച്ചും ഓരോ സോഷ്യലിസ്റ്റ് കൃഷിസ്ഥാപനങ്ങളുടെ രൂപത്തെ അനുകൂലിക്കുന്ന ഉപാധികളെ അടിസ്ഥാനപ്പെടുത്തിയും ഈ പ്രശ്നം പരിഹരിക്കുന്നു.

സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിൽ കൃഷിയുടെ സോഷ്യലിസ്റ്റു രൂപപരിവർത്തനം ഒരു പ്രധാന ഉപാധിയാണെന്നു് പതിന്നാലു സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ അനുഭവം കാണിച്ചുതരുന്നു. സോഷ്യലിസ്റ്റ് കൃഷിയില്ലാതെ സോഷലിസ്റ്റു വ്യവസായം വിജയകരമായി വികസിപ്പിക്കാൻ സാധിക്കുകയില്ല. ദേശീയ സമ്പത്ഘടനയുടെ എല്ലാ ശാഖകളിലുമുള്ള വികാസത്തിന്റെ ആസൂത്രിതസംയോഗംകൊണ്ടു മാത്രമെ സോഷ്യലിസം സാദ്ധ്യമാകുകയുള്ളൂ. മിക്കവാറും വൻതോതിലുള്ള യന്ത്രവൽകൃതമായ വ്യവസായം വൻതോതിലുള്ള യന്ത്രവൽകൃതകൃഷിയോടു തുല്യമായിരിക്കണം.

അതുകൊണ്ടാണു് സോഷ്യലിസ്റ്റ് നിർമ്മാണത്തിൽ, രാജ്യത്തിന്റെ വ്യവസായവൽക്കരണത്തോടൊപ്പംതന്നെ കൃഷിയുടെ സോഷ്യലിസ്റ്റു പുനഃസംഘടനയും സാങ്കേതിക പുനഃസജ്ജീകരണവും നടത്തുന്നതു്.

കോളനിനുകം വലിച്ചെറിഞ്ഞു് സോഷ്യലിസ്റ്റു പാത സ്വീകരിച്ചിട്ടുള്ള മുൻ കൊളോണിയൽ ആഫ്രിക്കൻ രാജ്യങ്ങളുടെ അനുഭവം ഇതിനു് ഒരു മതിയായ തെളിവാണു്. അവരുടെ കൃഷിയെ സോഷ്യലിസ്റ്റു രീതിയിൽ സംഘടിപ്പിക്കാൻ അവർ നിർബ്ബന്ധിതരായിത്തീർന്നു.

നാട്ടിൻപുറങ്ങളുടെ സോഷ്യലിസ്റ്റ് പുനഃസംഘടന സോഷ്യലിസ്റ്റ് നിർമ്മാണത്തിലെ ഏററവും പ്രയാസമുള്ള ഒരു കടമയാണെന്നു് അനുഭവവും തെളിയിക്കുന്നു. ഓരോ രാജ്യവും ഈ പ്രശ്നം പരിഹരിക്കുന്നതു് അതാതിൻെറ പ്രത്യേകമായ പരിതസ്ഥിതിയുടെ അടിസ്ഥാനത്തിലാണു്. എന്നാൽ യു. എസ്. എസ്സ്. ആറിൻേറയും മററു് സോഷ്യലിസ്റ്റ് രാജ്യങ്ങളുടെയും കൂട്ടായ അനുഭവം. അടുത്ത കാലത്തു് സോഷ്യലിസ്റ്റ് പാത സ്വീകരിച്ച രാജ്യങ്ങൾക്കു് ഈ സങ്കീർണ്ണമായ പ്രശ്നത്തിനുള്ള പരിഹാരമാർഗ്ഗം കണ്ടുപിടിക്കുന്നതിനു സഹായിക്കുന്നു.

കൃഷിയുടെ സോഷ്യലിസ്റ്റ് സംഘടനയുടെ രണ്ടു രൂപങ്ങളുടെയും പ്രക്രിയ നന്നായി മനസ്സിലാക്കുന്നതിനും അനുഭവങ്ങൾ വിശദമായി പഠിക്കുന്നതിനും, യു. എസ്. എസ്സ്. ആറിലെയും മററു സോഷ്യലിസ്റ്റ് രാജ്യങ്ങളിലെയും വികാസത്തിൻെറ അനുഭവാടിസ്ഥാനത്തിൽ, ഓരോ സോഷ്യലിസ്റ്റ് കൃഷിസമ്പ്രദായത്തെയും നമുക്കു പ്രത്യേകം പ്രത്യേകമായി പരിശോധിക്കാം.

# II. വൻതോതിലുള്ള സ്റ്റേററ് കാർഷിക സംരംഭങ്ങൾ സംഘടിപ്പിക്കുന്നതിൻെറ അനുഭവങ്ങൾ

## 1. സ്റ്റേററു് ഫാമുകൾ —സോഷ്യലിസ്റ്റ് കാർഷിക സംരംഭങ്ങൾ

സ്റ്റേററു് സോഷ്യലിസ്റ്റ് സ്ഥാപനങ്ങൾ നിർമ്മിക്കുന്നതു് ഗവമ്മെൻറാണു്. അവ സ്റ്റേററു വ്യവസായസ്ഥാപനങ്ങളുടെ മാതൃകയിൽ ഉള്ളതുതന്നെയാണു് (മില്ലുകൾ, ഫാക്ടറികൾ, മുതലായവ,)

ഈ സ്ഥാപനങ്ങൾക്കു് വിവിധ രാജ്യങ്ങളിൽ വ്യത്യസ്തമായ പേരുകൾ ഉണ്ടായിരിക്കാം. എന്നാൽ അവയെല്ലാം അടിസ്ഥാനപരമായി ഒന്നുതന്നെയും സോഷ്യലിസ്റ്റു് സ്റ്റേററിന്റെ ദേശീയസമ്പത്തുകൊണ്ടു് ഉണ്ടാക്കപ്പെട്ടിട്ടുള്ളതുമാകുന്നു.

ഈ ഓരോ ഫാമും സ്റ്റേററു നിയമിക്കുന്ന ഒരു ഡയറക്ടറുടേയോ മാനേജരുടേയോ കീഴിലായിരിക്കും. വ്യവസായസ്ഥാപനങ്ങളിലേതുപോലെ അവയുടെ പ്രവർത്തകർക്കും ശമ്പളം നൽകുന്നു. യൂഗോസ്ലാവിയായിൽ, ഒരു ദേശീയ എസ്റ്റേററിലെ ഡയറക്ടരെ അഞ്ചു കൊല്ലത്തേക്കു തെരഞ്ഞെടുക്കുകയാണു് ചെയ്യുന്നതു്. അവർതന്നെ സ്ഥാപിക്കുന്ന ഒരു വർക്കേഴ്സു് കൌൺസിലിൽ കൂടി തൊഴിലാളികൾ ഫാമിന്റെ മാനേജുമെന്റിൽ പങ്കെടുക്കുന്നു.

സ്റ്റേററുസോഷ്യലിസ്റ്റു് കാർഷികസ്ഥാപനങ്ങൾ രണ്ടുവിധത്തിലാണു് ഉണ്ടാക്കുന്നതു്:

1) ഭൂവുടമകളുടെയും തോട്ടമുടമകളുടെയും വലിയ എസ്റ്റേററുകൾ ദേശീയമാക്കിക്കൊണ്ടു്.

2) ദേശീയ റിസർവ്വുകളിലുള്ള സ്വതന്ത്രമായ ഭൂമിയിൽ പുതിയ ഫാമുകൾ നിർമ്മിച്ചുകൊണ്ടു്.

അങ്ങിനെ, സോവിയററു യൂനിയനിൽ, സോവിയററുഭരണം പ്രഖ്യാപിച്ചതിന്റെ അടുത്ത ദിവസം പാസ്സാക്കിയ ഭൂമിയെപ്പററിയുള്ള ഡിക്രിയുടെ അടിസ്ഥാനത്തിൽ, ഒക്ടോബർ വിപ്ലവത്തിന്റെ ഫലമായിട്ടാണു്, ഒന്നാമത്തെ സ്റ്റേററുഫാം പ്രത്യക്ഷപ്പെട്ടതു്. റഷ്യയിലെ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ആവശ്യങ്ങൾ പരിപൂർണ്ണമായി അംഗീകരിച്ചുകൊണ്ടു, ഈ ഡിക്രിപ്രകാരം ഭൂവുടമകളുടെയും മുതലാളിമാരുടെയും എല്ലാ വലിയ എസ്റ്റേററുകളും പിടിച്ചെടുക്കപ്പെട്ടു. ഈ എസ്റ്റേററുകളിൽ അധികവും ഭാഗിക്കപ്പെടുകയും അവയുടെ ഭൂമിയും സ്വത്തുക്കളും ദരിദ്ര കൃഷിക്കാരുടെയിടയിൽ വിതരണം ചെയ്യപ്പെടുകയും ചെയ്തു.

എന്നാൽ ഭൂവുടമകളിൽനിന്നും പിടിച്ചെടുക്കപ്പെട്ട ഭൂമി മുഴുവനും കൃഷിക്കാർക്കു വിതരണം ചെയ്തില്ല.

ഏകദേശം 12.7 ശതമാനം പിടിച്ചെടുക്കപ്പെട്ട ഭൂമി, സ്റ്റേറ്റ് കാർഷികസംരംഭങ്ങൾക്കായി സ്റ്റേറ്റിന്റെ അധീനതയിൽ വെച്ചിരുന്നു—സ്റ്റേറ്റ് ഫാമുകൾക്കായി.

ഭൂമിയെപ്പററിയുള്ള ഡിക്രി പാസാക്കിയതിനുശേഷം ആദ്യത്തെ സ്റ്റേറ്റുഫാമുകൾ സ്ഥാപിച്ചതു്, സ്വകാര്യ ഉടമകളിൽനിന്നും മുൻപുണ്ടായിരുന്ന വിത്തുകാളക്കളങ്ങൾ പിടിച്ചെടുത്തതിന്റെ അടിസ്ഥാനത്തിലായിരുന്നു. മധുരക്കിഴങ്ങുകൾ വളർത്തുന്നതിനുള്ള സ്റ്റേറ്റുഫാമുകളുടെ രണ്ടാമത്തെ ഒരു വലിയ ഗ്രൂപ്പ് സംഘടിപ്പിച്ചതു് 1918 ജൂലായ് 13-ാംതീയതിയിലെ ഗവർമ്മെണ്ടു് ഡിക്രിയുടെ അടിസ്ഥാനത്തിലായിരുന്നു. കുറച്ചുദിവസങ്ങൾക്കുശേഷം, കൃഷിത്തൊഴിലാളികളെ ചൂഷണം ചെയ്യുന്ന ഫാമുകളിലുള്ള പാരമ്പര്യമുള്ള കന്നുകാലികൾ സ്റ്റേറ്റുസ്വത്തായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഒരു ഡിക്രി പാസാക്കി. അവയുടെ സോഷ്യലൈസേഷന അടിസ്ഥാനപ്പെടുത്തി. കന്നുകാലി വളർത്തലിനുള്ള മൂന്നാമത്തെ ഒരു ഗ്രൂപ്പ് സ്റ്റേറ്റുഫാമുകൾ സ്ഥാപിക്കപ്പെട്ടു

ഭൂമിയെസംബന്ധിച്ചുള്ള ഒന്നാമത്തെ ഡിക്രിയും ഭൂമി സോഷ്യലീകരിക്കുന്നതിന്റെ അടിസ്ഥാനനിയമവും വിശദീകരിച്ചുകൊണ്ടു്, 1918 ഒക്ടോബറിൽ ഒരു പ്രത്യേക ഡിക്രി പാസ്സാക്കുകയുണ്ടായി. മുൻപുണ്ടായിരുന്ന എസ്റ്റേറ്റുകളും, കാർഷിക സ്ഥാപനങ്ങളും, സാങ്കേതിക സജ്ജീകരണങ്ങളിലും മാനേജ്മെന്റിലും ഉയർന്ന നിലവാരം പ്രവർത്തിയിരുന്ന കൃഷിസ്ഥലങ്ങളും വിതരണത്തിനു വിധേയമല്ലെന്നും അവയെ സ്റ്റേറ്റു കാർഷികസ്ഥാപനങ്ങൾക്കു വിട്ടുകൊടുക്കുമെന്നും അതിൽ വ്യക്തമാക്കിയിരുന്നു.

ഇതു താഴെപ്പറയുന്നവയെപ്പററി സൂചിപ്പിച്ചു. എ) വിദ്യാഭ്യാസത്തിനുള്ള മോഡൽഫാമുകളും സ്കൂളുകളുടെ വകയായ ഭൂമി

കളും പരീക്ഷണശാലകൾക്കുള്ള പരീക്ഷണഭൂമികളും നേഴ്സറികളും; ബി) ഉപയോഗപ്രദമായ നീർചാലുകളുള്ള എസ്റ്റേറ്റുകൾ, മുന്തിരിത്തോട്ടങ്ങൾ, ഹോപ്പ്തോട്ടങ്ങൾ, ചായ, പുകയില. പരുത്തി ഇവയുടെ തോട്ടങ്ങൾ. സി.) സങ്കീർണ്ണങ്ങളായ സാങ്കേതിക സജ്ജീകരണങ്ങളോടുകൂടിയതും കാലിവളർത്തലിൻെറയും കതിര സംരക്ഷണത്തിൻെറയും വലിയതും കാര്യക്ഷമമായി നടത്തുന്നതുമായ എസ്റ്റേററുകൾ.

ഈ നടപടികൾ സ്വീകരിച്ചതിൻെറ ഫലമായി, വാഹനമൃഗങ്ങളെ വളർത്തുന്നതിന്നുള്ളതും മധുരക്കിഴങ്ങുകൾ ഉല്പാദിപ്പിക്കുന്നതിന്നും നല്ല വർഗ്ഗം കന്നുകാലികളെ വളർത്തുന്നതിന്നുമുള്ള വൻതോതിലുള്ള വളരെയേറെ സ്റ്റേററുഫാമുകൾ സോവിയററുഭരണത്തിൻെറ ഒന്നാംകൊല്ലത്തിൽ സ്ഥാപിക്കപ്പെട്ടു.

1919 ഫെബ്രുവരിയിൽ, സോഷ്യലിസ്റ്റ്ഭൂമിയുടെ മാനേജുമെൻറ് സംബന്ധിച്ചും സോഷ്യലിസ്റ്റ് കൃഷിയിലേക്കുള്ള പരിവർത്തനത്തിൻെറ നടപടികളെക്കുറിച്ചുമുള്ള നിയമങ്ങൾ സോവിയററു ഗവമ്മേണ്ട് പാസ്സാക്കി. ഇതു, സ്റ്റേററുഫാമുകളുടെ നിയമപരമായ ഒരു നിർവ്വചനം നൽകുകയും അവയുടെ സംഘടനോദ്ദേശ്യം വ്യക്തമാക്കുകയും അവയുടെ മുമ്പിലുള്ള കടമകൾ സൂചിപ്പിക്കുകയും ചെയ്തു. നിയമങ്ങൾ അനുസരിച്ച്, സ്റ്റേററുഫാമുകൾ സ്ഥാപിക്കുന്നതിൻെറ ഉദ്ദേശം, അദ്ധ്വാനത്തിൻെറ ഉല്പാദനക്ഷമത വർദ്ധിപ്പിച്ചുകൊണ്ടും കൃഷിസ്ഥലം വ്യാപിപ്പിച്ചുകൊണ്ടും ഏററവും കൂടുതൽ കാർഷികോല്പന്നങ്ങൾ ഉണ്ടാക്കുകയെന്നുള്ളതാകുന്നു. പുരോഗമനപരമായ കൃഷിയുടെ കേന്ദ്രങ്ങളെന്നനിലയിൽ സ്റ്റേററുഫാമുകളുടെ സംഘടന, കമ്യൂണിസ്റ്റ് കൃഷിയിലേയ്ക്കുള്ള മാററത്തിന്നുള്ള ഉപാധികൾ സൃഷ്ടിക്കുന്നതിനാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്.

ഗവമ്മൻറു അംഗീകരിച്ച നിയമങ്ങൾ സ്ഥലവാസികളിൽനിന്നും അകന്നു നില്ക്കാതെയിരിക്കാൻ സ്റ്റേററുഫാമുകൾക്കു

മുന്നറിയിപ്പ് നൽകുകയും കൃഷിക്കാരുടെ ഫാമുകൾ നന്നാക്കുന്നതിന്നും കൃഷിയിൽ പുരോഗമനപരമായ സാങ്കേതികവും സംഘടനാപരവുമായ മാർഗ്ഗങ്ങൾ പഠിക്കുന്നതിന്നും അവരെ സഹായിക്കുന്നതിന്നു നിർബ്ബന്ധിക്കുകയും ചെയ്യുന്നുണ്ട്.

സ്റ്റേറ്റുഫാമുകളുടെ ഉദ്ദേശങ്ങളും കടമകളും നിയമപരമായി നിശ്ചയിച്ചതിന്റെ ഫലമായി അവയുടെ വികാസത്തിന്നുള്ള സാദ്ധ്യതകൾ വർദ്ധിച്ചു.

അവ നിലവിൽവന്ന ആദ്യത്തെ മാസം മുതൽതന്നെ, സ്റ്റേറ്റു ഫാമുകൾ, കൃഷിക്കാരുടെ തനതു ഭൂമികളിൽ പുരോഗമനപരമായ കൃഷിസമ്പ്രദായങ്ങളും കൂടുതൽ ഉല്പാദനക്ഷമതയുള്ള കന്നുകാലികളെയും പ്രചരിപ്പിക്കുന്നതിന്നുള്ള കേന്ദ്രങ്ങളായിത്തീർന്നു. അതേ സമയംതന്നെ സ്റ്റേറ്റുഫാമുകൾ, വൻതോതിലുള്ള പൊതു സ്ഥാപനങ്ങളുടെ ഗുണങ്ങളും, ചെറിയ തനതു കൃഷിയേക്കാൾ സോഷ്യലിസ്റ്റു കാർഷികോല്പാദനത്തിന്നുള്ള മെച്ചവും കൃഷിക്കാർക്കു കാണിച്ചുകൊടുത്തു.

വൻതോതിലുള്ള സ്റ്റേറ്റുവകയായ കൃഷിസ്ഥാപനങ്ങൾ സംഘടിപ്പിക്കുന്നതു് അവയെ സോഷ്യലിസ്റ്റു രീതിയിലേക്കു മാററുന്നതിന്നുള്ള ഒരു സുപ്രധാനഘടകമാണെന്നു് ആദ്യത്തെ സ്റ്റേറ്റുഫാമുകളുടെ അനുഭവം കാണിച്ചുതന്നു.

സ്റ്റേറ്റുഫാമുകളുടെ കൂടുതൽ വികാസത്തിന്നു് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന്നു്, 1927 മുതൽ അവയെ സ്റ്റേററിന്റെ ധനസഹായ (ക്രെഡിററു്) പ്ലാനിൽ ഉൾക്കൊള്ളിച്ചു. ഈ നടപടി, സ്റ്റേറ്റുഫാമുകളുടെ ഉല്പാദനവർദ്ധനവിന്നുള്ള ഉപാധികളുടെ ഗണ്യമായ പുരോഗതിക്കു സഹായിക്കുകയും അവയുടെ ഉല്പാദനപ്രവർത്തനങ്ങളെ കൂടുതൽ സംഘടിതമാക്കുകയും ചെയ്തു, തരിശുഭൂമിയിൽ പുതിയ (ധാന്യ) സ്റ്റേറ്റു ഫാമുകൾ സ്ഥാപിക്കുന്നതിന്നുള്ള സോവിയററുഗവമ്മെണ്ടിന്റെ

1928-ലെ തീരുമാനം സ്റ്റേറ്റുഫാമുകളുടെ പുരോഗതിയെ കൂടുതൽ ഊർജ്ജിതപ്പെടുത്തി.

ഈ ഫാമുകൾ, വിപുലമായ രീതിയിൽ ആധുനിക യന്ത്രങ്ങൾ ഉപയോഗിച്ചും പുതിയ ഭൂമികൾ കൃഷിചെയ്തും കൃഷിയുടെ സോഷ്യലിസ്റ്റു ശാഖയെ ശക്തിപ്പെടുത്തുന്നതിനുള്ള ഉദ്ദേശത്തോടുകൂടി, യാതൊന്നുമില്ലാത്ത സ്വതന്ത്രഭൂമിയിൽനിന്നാണു് ആരംഭിച്ചതു്. പുതുതായി സംഘടിപ്പിച്ച സ്റ്റേറ്റുധാന്യഫാമുകൾ, ധാന്യങ്ങളും ഇറച്ചിയും മററു് കാർഷിക വിഭവങ്ങളും കമ്പോളത്തിലേക്കയക്കുന്ന വമ്പിച്ച കേന്ദ്രങ്ങളായിത്തീൎന്നു.

സ്റ്റേറ്റുഫാമുകളുടെ ഉല്പാദകപ്രവൎത്തനങ്ങൾ ദേശീയ സാമ്പത്തിക വികസനപ്ലാനുകളിൽ ഉൾപ്പെടുത്തപ്പെടുകയും സ്റ്റേറ്റുഫാമുകളുടെ കൂടുതൽ വിപുലീകരണം കൃഷിയുടെ ആകെയുള്ള സോഷ്യലിസ്റ്റു് പുനർനിൎമ്മാണത്തിൻെറ സങ്കീർണ്ണമായ നടപടികളുടെ ഒരു പ്രധാനഭാഗമായി പരിഗണിക്കപ്പെടുകയും ചെയ്തു.

സ്റ്റേറ്റുഫാമുകളുടെ ഉല്പാദകപ്രവൎത്തനങ്ങളെ ദേശീയസാമ്പത്തിക വികസനപ്ലാനിൽ ഉൾപ്പെടുത്തിയതും അവയുടെ സംഘടനയെ കൃഷിയുടെ സോഷ്യലിസ്റ്റു് രൂപപരിവൎത്തനത്തിൻെറ ഒരു പ്രധാന ഘടകമായി നിശ്ചയിച്ചതും. കൃഷിയുടെ എല്ലാ ശാഖകളിലും സ്റ്റേറ്റുസ്ഥാപനങ്ങളുടെ വിപുലമായ ഒരു ശൃംഖലതന്നെ നിൎമ്മിക്കുന്നതിനുള്ള സാദ്ധ്യതകൾ സംജാതമാക്കി.

പ്രത്യേക വൈശിഷ്ട്യം സമ്പാദിച്ച സ്റ്റേറ്റുഫാമുകളുടെ ഒരു ശൃംഖല രാജ്യമാകെ നിരന്നു. 1928ൽ സൈബീരിയായിലും വോൾഗായിലും വടക്കൻ കോക്കസസിലും ആദ്യത്തെ സ്റ്റേറ്റു് ധാന്യഫാമുകൾ സ്ഥാപിക്കപ്പെട്ടു. 1930 ആയപ്പോഴേക്കും അവയുടെ എണ്ണം 140-ൽ കവിഞ്ഞു. 1932-ൽ ഈ സ്റ്റേറ്റുഫാമുകളുടെ വിസ്തീർണ്ണം 45 ലക്ഷം ഹെക്ടർസായി ഉയൎന്നു.

1930-ൽ 12 ലക്ഷം കന്നുകാലികളും രണ്ടു കോടി നാല്പതു ലക്ഷം ഹെക്ടർ ഭൂമിയുമുള്ള കന്നുകാലികളെ

വളത്തുന്ന 140 സ്റ്റേറ്റുഫാമുകളും, 2,18,000 പന്നികളും 12 ലക്ഷം ഹെക്ടർ ഭൂമിയുമുള്ള പന്നി വളത്തുന്ന സ്റ്റേറ്റുഫാമുകളും, 27 ലക്ഷം ആടുകളും ഒരു കോടി മുപ്പതു ലക്ഷം ഹെക്ടർ ഭൂമിയുമുള്ള ആടുവളത്തൽ സ്റ്റേറ്റുഫാമുകളും ഉണ്ടായിരുന്നു. ഒരു പോലെയുള്ള സ്റ്റേറ്റുഫാമുകളെ പ്രത്യേക വൈദഗ്ദ്ധ്യമുള്ള സ്ഥാപനങ്ങളിൽ ലയിപ്പിച്ചു. അങ്ങിനെ ധാന്യസ്റ്റേറ്റുഫാമുകളെ സെർനോടെസ്റ്റ് (ഗ്രയിൻ ട്രസ്റ്റ്) എന്നു പറയുന്ന ഒരു ഗ്രൂപ്പായി സംഘടിപ്പിച്ചു. അതുപോലെ, കന്നുകാലി വളത്തുന്നതിനും പന്നിവളത്തുന്നതിനുമുള്ള സ്റ്റേറ്റുഫാമുകൾ സ്കോട്ടോപോഡ് (കാലി വളത്തൽ) എന്നും സ്പിനേടൊവാഡ് (പന്നി വളത്തൽ) എന്നും അറിയപ്പെടുന്നു. പ്രത്യേക വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ള ഈ സംഘങ്ങൾ, ദേശീയാടിസ്ഥാനത്തിൽ സ്റ്റേറ്റുഫാമുകളുടെ പ്രവത്തനത്തെ സംയോജിപ്പിക്കുകയും നയിക്കുകയും ചെയ്യുന്ന സോവ്ക്കോഡ് സെൻററിൻെറ കീഴിൽ സ്ഥാപിച്ചു.

സ്റ്റേറ്റുഫാമുകൾ വികസിച്ചതോടെ അവയുടെ മൊത്തം കാർഷികോല്പാദനം ഉയന്നു.

അങ്ങിനെ, 1928ൽ സ്റ്റേറ്റുഫാമുകൾ മൊത്തം കാർഷികോല്പാദനത്തിൻെറ 1.5 ശതമാനമാണ് സംഭാവന ചെയ്തതെങ്കിൽ അതു് 1937ൽ 12.8 ശതമാനമായി ഉയന്നു.

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം സ്റ്റേറ്റുഫാമുകളുടെ വികാസത്തിൻെറ പുതിയ ഘട്ടം ആരംഭിച്ചു. നാസി ആക്രമണകാരികളാൽ നശിപ്പിക്കപ്പെട്ട ഭൂമിയിൽ പുതിയ സ്റ്റേറ്റുകൃഷി സ്ഥാപനങ്ങൾ സംഘടിപ്പിക്കപ്പെട്ടു. ദേശീയ സമ്പദ്ഘടനയുടെ പുനരുദ്ധാരണത്തോടുകൂടന്, പുതിയ സ്റ്റേറ്റുഫാമുകളുടെ ഒരു വിപുലമായ ശൃംഖലയിൽക്കൂടിയും ചെറിയ കൂട്ടുകൃഷിനിലങ്ങളെ വലിയ സ്റ്റേറ്റുഫാമുകളായി മാററിക്കൊണ്ടും കസാക്കിസ്ഥാനിലും സൈബീരിയയിലും പുതിയ തരിശുഭൂമികൾ വിപുലമായ രീതിയിൽ പുനഗ്രഹണം ചെയ്യപ്പെട്ടു. ഓരോ പുതിയ ഘട്ട

ത്തിലും സ്റ്റേററുഫാമുകളുടെ എണ്ണം വർദ്ധിച്ചു. 1927ൽ യു. എസ്സ്. എസ്സ്. ആറിലെ എല്ലാ മാതൃകയിലുമുള്ള സ്റ്റേററുഫാമുകളുടെ മൊത്തം എണ്ണം 1400 ആയിരുന്നതു് 1950ൽ അതു് 4,988 ആയി 1958ൽ 6000 ആയും 1968-ൽ 9176 ആയും ഉയർന്നു. മൊത്തം കാർഷികോല്പാദനത്തിൽ സ്റ്റേററുഫാമുകൾക്കുള്ള പങ്കും ഗണ്യമായി വർദ്ധിച്ചു.

അങ്ങിനെ, 1950-ൽ സ്റ്റേററു ഫാമുകൾ വില്പനയ്ക്കുള്ള മൊത്തം കാർഷികോല്പന്നങ്ങളുടെ 14 ശതമാനം മാത്രമാണു് സംഭാവന ചെയ്തതെങ്കിൽ 1968-ൽ അനുപാതം 34 ശതമാനമായി ഉയർന്നു. അതിൽ സ്റ്റേററു ഫാമുകൾ, 87 ശതമാനം മൃഗങ്ങളിൽനിന്നുള്ള ഉല്പന്നങ്ങളും, 41 ശതമാനം ധാന്യവും, 58 ശതമാനം സസ്യങ്ങളും കമ്പോളത്തിലേക്കയച്ചു.

സ്റ്റേററു സോഷ്യലിസ്റ്റു കാർഷികഫാമുകൾ വലിയ സ്ഥാപനങ്ങളാണു്. 1968-ൽ, 9,800 ഹെക്ടേഴ്സിൽ കൃഷിയും 2356 കന്നുകാലികളും, 827 പന്നികളും, 4,873 ആടുകളും 124 ട്രാക്ടറുകളും, ആധുനിക കൃഷിക്കുള്ള ഉഴുന്നതിനും വിതയ്ക്കുന്നതിനും കൊയ്യുന്നതിനും മററുമുള്ള എല്ലാ യന്ത്രോപകരണങ്ങളും ഉൾപ്പെടുന്ന ഒരു സോവിയററു ഫാം ശരാശരി 28,200 ഹെക്ടർ ഭൂമിയായിരുന്നു. സ്റ്റേററു് കോഴിവളർത്തൽ ഫാമിൽ ശരാശരി എണ്ണം 57.000 ആയിരുന്നു.

മററു സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ സാധാരണയുള്ള സ്റ്റേററു ഫാമുകൾ യു. എസ്. എസ്. ആറിലേതിനേക്കാൾ ചെറുതാണെങ്കിലും അവയും വലുതുതന്നെയാണു്. ഹംഗറിയിൽ സ്റ്റേററു ഫാമുകളുടെ ശരാശരി വിസ്തീർണ്ണം 850 മുതൽ 1000 ഹെക്ടേഴ്സ് ആണു്. എന്നാൽ സ്റ്റേററു് കാർഷിക സ്ഥാപനങ്ങളുടെ പകുതിയിൽ കൂടുതൽ 2,800 ഹെക്ടർ ഭൂമിയുള്ളവയാണു്.

യു എസ്. എസ്. ആറിലും മററു സോഷ്യലിസ്റ്റ് രാജ്യങ്ങളിലും, സ്റ്റേററുഫാമുകളുടെ രൂപീകരണത്തിന്റെയും മാനേജു

മെൻറിൻേറയും അടിസ്ഥാനതത്വങ്ങൾ, അവയുടെ പ്രായോഗിക പ്രവർത്തനഘട്ടത്തിൽ രൂപീകരിക്കുകയാണു ചെയ്യുന്നു്. വിജയകരമായി പ്രവർത്തിക്കുന്നതിനു് ഓരോ ഫാമിനും അതിന്നാവശ്യമായ ഉല്പാദനധനം നിശ്ചയിച്ചിരിക്കണം എന്നാണു്.

വലിയ എസ്റ്റേററുകളെ ദേശീയമാക്കുന്നതിൻെറ അടിസ്ഥാനത്തിൽ നിർമ്മിച്ച സ്റ്റേററുഫാമുകളുടെ ഉല്പാദനധനം (ഭൂമി, കാർഷികയന്ത്രങ്ങൾ, കെട്ടിടങ്ങൾ, വാഹനമൃഗങ്ങൾ, കന്നുകാലികൾ) പഴയ ഭൂവുടമകളുടേയും മുതലാളിമാരുടേയും പിടിച്ചെടുക്കപ്പെട്ട സ്വത്തുകൊണ്ടും സ്റ്റേററിൽനിന്നും നൽകുന്ന സാമ്പത്തിക സഹായംകൊണ്ടും നിർമ്മിച്ചിട്ടുള്ളതാകുന്നു.

പുതിയ ഭൂമിയിൽ സ്ഥാപിച്ചിട്ടുള്ള സ്റ്റേററു ഫാമുകൾക്കു്, സ്റ്റേററു ബഡ്ജററിൽനിന്നു്, അവയുടെ ഉല്പാദനധനം ഉണ്ടാക്കുന്നതിനും വികസിപ്പിക്കുന്നതിനും ആവശ്യമായ സ്ഥിരവും പരിക്രമണപരവുമായ ധനം ലഭിക്കുന്നു.

ലാഭം, ഋണമോചനനിധി, ബഡ്ജററ്വഴി കൂടുതൽ അനുവദിക്കുന്ന സംഖ്യ, സ്റ്റേററു കടം ഇവയിൽകൂടിയാണു് ഉല്പാദനധനം വർദ്ധിപ്പിക്കുന്നതു്.

സ്റ്റേററു ഫാമുകളുടെ സ്ഥിരം മൂലധനത്തിൻെറ ഒരു ഭാഗം ഉല്പാദന പ്രക്രിയതിൽ തേഞ്ഞു പോകുന്നു. ഉല്പാദനപ്രക്രിയയുടെ തുടർച്ചയ്ക്കു് ഉറപ്പു നൽകുന്നതിനുവേണ്ടി സ്ഥിരം മൂലധനത്തിന്റെ തേയ്മാനം കണക്കിലെടുത്തുകൊണ്ടു് അവ നന്നാക്കുന്നതിനും, ഭാഗങ്ങൾ മാററിവെയ്ക്കുന്നതിനും ആവശ്യമായ സംഖ്യ മാററിവെയ്ക്കപ്പെടുന്നു,

അതുകൊണ്ടാണു് സ്ഥിരം മൂലധനത്തിൻെറ മൂല്യത്തിൻെറ ഒരു ഭാഗം കൃഷിക്കാരൻെറ ഉല്പാദനച്ചിലവിൽ കൊള്ളിക്കുകയും ഒരു ഋണമോചനനിധി നിർമ്മിക്കുകയും ചെയ്തിട്ടുള്ളതു്.

ഋണനിവാരണനിധിയുടെ ഒരു ഭാഗം മൂലധനത്തിൻെറ കേടു പോക്കലിനു മാത്രമായി മാററിവെയ്ക്കപ്പെട്ടിരിക്കുന്നു.

മററഭാഗം സ്ഥിരം മൂലധനം പുതുക്കുന്നതിനു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെങ്കിലും പ്ലാനനുസരിച്ചു് മററു സ്റ്റേററു ഫാമുകളുടെ മൂലധനനിക്ഷേപമായി ഉപയോഗപ്പെടുത്താവുന്നതാണു്.

കൃഷിക്കാരന്റെ സ്വന്തം പണം സ്റ്റേററുപ്ലാനനുസരിച്ചുള്ള മൂലധന നിക്ഷേപത്തിനു തികയാത്തപക്ഷം സ്റ്റേററു ബഡ്ജററിൽനിന്നും പണം അനുവദിക്കും.

ഓരോ സ്റ്റേററുഫാമിനും രണ്ടു ഭാഗങ്ങളുള്ള അതിന്റേതായ ടേൺ ഓവർധനം ഉണ്ടു്: കൃഷിക്കാരന്റെ സ്വന്താ പരിക്രമണ ധനവും ബാങ്കുകളിൽനിന്നും ലഭിക്കുന്ന കടവും.

കൃഷിക്കാരന്റെ സ്വന്തം പരിക്രമണധനംകൊണ്ടു് അതിന്റെ ഏററവും കുറഞ്ഞ ആവശ്യങ്ങൾ നടത്തുന്നതിനു മതിയായതായിരിക്കണം, പ്രത്യേക കാലങ്ങളിലെ ആവശ്യംമൂലം കർഷകന്റെ സ്വന്തം പരിക്രമണധനം തികയാതെ വരുമ്പോൾ അതു് സ്റ്റേററുബാങ്കിൽനിന്നും ലഭിക്കുന്ന ഹ്രസ്വകാല കടം ഉപയോഗപ്പെടുത്തുന്നു. സ്റ്റേററു ഫാമുകളുടെ പരിക്രമണ മൂലധനം ഉണ്ടാക്കുന്നതിനു് കടം ഒരു പ്രധാനമാർഗ്ഗമാണു്. അതു് മൊത്തം മൂലധനത്തിന്റെ 50 ശതമാനത്തിൽ കൂടുതൽ വരുന്നു.

സ്റ്റേററു് ഉല്പാദനപ്ലാനിന്റെ നിർവ്വഹണം, സ്ഥിരം മൂലധനത്തിന്റെ ഉപയോഗവും ടേൺ ഓവറിന്റെ ആസ്തിയും, സ്റ്റേററു വിലകളും പ്ലാനനുസരിച്ചുള്ള ഉല്പാദന ചിലവുകളും, ഇവയെല്ലാം ഓരോ സ്റ്റേററുഫാമിലും എങ്ങിനെ പുരോഗമിക്കുന്നു എന്നുള്ളതു് സ്റ്റേററു് ശ്രദ്ധിച്ചുകൊണ്ടിരിക്കും, സ്റ്റേററു ഫാമുകളുടെ സാമ്പത്തികപ്രവർത്തനങ്ങളുടെ തുടർച്ചയായ നിയന്ത്രണം സ്റ്റേററു ബാങ്കാണു് നടത്തുന്നതു്.

സ്റ്റേററുഫാമുകൾക്കു് ബഡ്ജററനുസരിച്ചുള്ള സാമ്പത്തിക സഹായവും വിപുലമായ വായ്പാസഹായവും, സ്റ്റേററുബാങ്കു് ഉറപ്പു നൽകുന്നു.

സ്റ്റേററു ഫാമുകളുടെ മുഴുവൻ പ്രവൎത്തനവും, സോഷ്യലിസ്റ്റ് സ്റ്റേററിൻെറ താല്പൎയ്യത്തിനു വിധേയവും ദേശീയ സാമ്പത്തിക പ്ലാനനുസരിച്ച് കൎശനമായി നടപ്പാക്കുകയും ചെയ്യുന്നു.

സ്റ്റേററു ഫാമുകളിൽ സ്വീകരിച്ചിട്ടുള്ള പ്ലാനിങ്ങ് സമ്പ്രദായം, വളരെ വർഷങ്ങൾ നീണ്ടുനില്ക്കുന്ന ദീർഘകാല പദ്ധതി, മുഴുവൻ സ്ഥാപനത്തിനും സാമ്പത്തികവും ധനകാൎയ്യപരവുമായ വാർഷികപദ്ധതികൾ, പ്രത്യേക കാർഷികകാലങ്ങൾക്കു വേണ്ടിയുള്ള പ്രവൎത്തനപദ്ധതികളും വിവിധ ശാഖകൾക്കും വകുപ്പുകൾക്കുമായുള്ള മൂന്നു മാസ ഉല്പാദന പദ്ധതികളും, ഉൾക്കൊള്ളുന്നതാണ്.

മുൻകൊല്ലത്തെ പ്രവൎത്തനത്തെ വിശകലനം ചെയ്തു കൊണ്ടാണ് സ്റ്റേററുഫാമുകളിലെ വിദഗ്ദ്ധന്മാർ വിവിധ പദ്ധതികൾ രൂപീകരിക്കുന്നതു്. കരടു പദ്ധതി ഉല്പാദനയോഗത്തിലോ സ്റ്റേററുഫാമിലെ തൊഴിലാളികളുടെ പൊതുയോഗത്തിലോ ചൎച്ചചെയ്യപ്പെടും. ചൎച്ചയും തുടൎന്നുള്ള പോഷിപ്പിക്കലും കഴിഞ്ഞു് പദ്ധതി ഉയൎന്ന ഘടകത്തിനു് സമർപ്പിക്കപ്പെടുന്നു. അതു് അതിൻെറ ശരിയും തെററുമെന്നപോലെ അതിൻെറ പ്രായോഗികതയും സ്റ്റേററു് ഉൽപാദന വിഹിതമനുസരിച്ചുള്ളതാണോ എന്നും പരിശോധിക്കും, ഓരോ ഘടകഭൂവിഭാഗത്തുനിന്നും ഏററവും കൂടുതൽ ഉൽപാദനം ഉണ്ടാക്കുന്നതിനും ഉൽപാദനച്ചിലവു കുറയ്ക്കുന്നതിനുമുള്ള എല്ലാ സാദ്ധ്യതകളും കണക്കിലെടുത്തിട്ടുണ്ടോ എന്നും സംഘടന പരിശോധിച്ചു നോക്കും.

ഒരിക്കൽ അംഗീകരിക്കപ്പെട്ടുകഴിഞ്ഞാൽ ഫാമിൻെറ പദ്ധതിക്കു് നിയമപ്രാബല്യം ലഭിക്കുകയും അതിൻെറ നിൎവ്വഹണം നിർബന്ധിതമാകുകയും ചെയ്യുന്നു.

സ്റ്റേററുഫാമുകളിലെ സാധാരണ ഉല്പാദനപ്രവൎത്തനങ്ങൾക്കു് ഉറപ്പുനൽകുന്നതിനുവേണ്ടി, പ്ലാനിൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളിട

KOTTAYAM PUBLIC LIBRARY KOTTAYAM

തോളം ഉല്പാദിപ്പിക്കുന്നതിനാവശ്യമായ ധനവും അദ്ധ്വാന ശക്തിയും പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കും.

സ്റ്റേററു് വ്യവസായസ്ഥാപനങ്ങളെപ്പോലെതന്നെ, സ്റ്റേററു ഫാമുകളും അവയുടെ പ്രവർത്തനങ്ങൾ ഉല്പാദനപദ്ധതിയുടെ ചട്ടക്കൂട്ടിനുള്ളിൽനിന്നുകൊണ്ടാണു് നടത്തുന്നതു്, അവ സ്വന്തം വിഹിതം വഹിക്കുകയും ചെയ്യണം.

ഇതിന്റെ അർത്ഥം, അവ താഴെപറയുന്ന തത്വങ്ങളനുസരിച്ചു്, ഉല്പാദനത്തിനനുസരിച്ചു് ചിലവു നിയന്ത്രിക്കണം; ചിലവു്, വരവിനുള്ളിൽ നിറുത്തണം, സ്വത്തിന്മേൽ സമ്പാദിക്കണം, കരുതൽ ധനം മാററിവെയ്ക്കണം:

— ഉല്പന്നങ്ങളുടെ വില്പനയിൽനിന്നും കിട്ടുന്നതുകൊണ്ടു് ഉല്പാദനച്ചിലവു നടത്തുകയും ആവശ്യമായ സംഭരണത്തിനു ഉറപ്പു ചെയ്യുകയും വേണം. മററുവിധത്തിൽ പറഞ്ഞാൽ, ഫാം ലാഭമുള്ള ഒരു സ്ഥാപനമായിരിക്കണം;

— സ്റ്റേററിന്റെ കേന്ദ്രീകൃത നിയന്ത്രണത്തോടൊപ്പം, പ്ലാനിങ്ങിലും, ഉല്പാദനം സംഘടിപ്പിക്കുന്നതിലും മാനേജുചെയ്യുന്നതിലും, സ്വത്തും അദ്ധ്വാനവും ഉപയോഗപ്പെടുത്തുന്നതിലും, മററു സ്ഥാപനങ്ങളും സംഘടനകളുമായി ബന്ധംപുലർത്തുന്നതിലും, സ്ഥാപനത്തിനു് സ്വയംഭരണാധികാരം ഉണ്ടായിരിക്കും;

— സ്ഥാപനത്തിലെ എല്ലാ തൊഴിലാളികൾക്കും ഉല്പാദനം വർദ്ധിപ്പിക്കുന്നതിലും അതിന്റെ ഗുണം ഉയർത്തുന്നതിലും ഭൗതികമായ താല്പര്യം ഉണ്ടാക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിച്ചിരിക്കണം. സംരംഭം കൂടുതൽ ലാഭകരവും ഉല്പാദനം കൂടുതലും ആകുമ്പോൾ അതനുസരിച്ചു് ഫാമിലെ തൊഴിലാളികളുടെ പ്രതിഫലവും വർദ്ധിക്കും;

— തൊഴിലാളികൾക്കു് ഉല്പാദനം വികസിപ്പിക്കുന്നതിനുള്ള ഭൗതികതാല്പര്യം ഉണ്ടായാൽ മാത്രം പോരാ, പദ്ധതി

നടപ്പാക്കുന്നതിനും മററു സംഘടനകളോടുള്ള അതിൻെറ ഉത്തരവാദിത്വം നിറവേററുന്നതിനും സ്ഥാപനത്തിനുകൂടി യഥാൎത്ഥ ഉത്തരവാദിത്വം ഉണ്ടായിരിക്കണം;

— ഉല്പാദനവും സാമ്പത്തികപ്രവൎത്തനങ്ങളും ധനകാൎയ്യഘടകങ്ങളുടെ നിഷ്കൎഷമായ നിയന്ത്രണത്തിനു വിധേയമായിരിക്കണം.

സ്റ്റേററുഫാമുകൾക്കു് അവയുടെ പ്രവൎത്തനം നടത്തുന്നതിനു സഹായകമായി, സ്റ്റേററു് അവയ്ക്കു കൈകാൎയ്യം ചെയ്യുന്നതിനു വേണ്ടി മുഴുവൻ ജനങ്ങളുടേയും വകയായ വളരെയധികം ഭൗതിക സമ്പത്തു നൽകുന്നു. അതുകൊണ്ടു്, അതു് എങ്ങിനെ ഉപയോഗപ്പെടുത്തുന്നു എന്നുള്ളതിൽ സ്റ്റേററിനു് ഉദപക്ഷ വിചാരിക്കാൻ നിൎവ്വാഹമില്ല. കാൎയ്യക്ഷമമായ മാനേജുമെൻറിൽകൂടി സമ്പത്തു് വൎദ്ധിപ്പിക്കുകയാണെങ്കിൽ സ്ഥാപനത്തിനു് ധാൎമ്മികവും ഭൗതികവുമായ പിൻതുണ ലഭിക്കുന്നു. എന്നാൽ, കഴിവുകേടുകൊണ്ടു് നാശനഷ്ടങ്ങൾ ഉണ്ടാകുകയാണെങ്കിൽ സ്റ്റേററു് ഭരണപരമായ ശിക്ഷകൾ നല്കുകയോ അല്ലെങ്കിൽ, അങ്ങിനെയുണ്ടായ നഷ്ടങ്ങൾക്കു് നഷ്ടപരിഹാരം ആവശ്യപ്പെടുകയോ ചെയ്യുന്നു.

അനുഭവം കാണിക്കുന്നതു്, മുകളിൽ കൊടുത്തിട്ടുള്ള തത്വങ്ങൾ എത്രയും നന്നായി പ്രയോഗിക്കുന്നുവോ അത്രയും കൂടുതൽ സ്റ്റേററുഫാമുകൾ വിജയിക്കുന്നു എന്നാണു്.

സ്റ്റേററുഫാമുകളുടെ നടത്തിപ്പിൻെറ തത്വങ്ങൾ അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളവയാണു്.

സ്റ്റേററുഫാമിൻെറ മുകളിൽ, ഗവമ്മെൻറു് നിയമിക്കുന്നതും സോവിയററുസ്റ്റേററിൻെറ പ്രതിനിധിയായി പ്രവൎത്തിക്കുന്നതുമായ, ഒരു മാനേജരുണ്ടു്. സ്റ്റേററുഫാമിൻെറ പ്രവൎത്തനങ്ങൾക്കു് അദ്ദേഹം പരിപൂൎണ്ണ ഉത്തരവാദിയാണു്, അതിൻെറ ഭൗതിക സമ്പത്തു്, പണം, കാഡറുകളെ തെരഞ്ഞെടുക്കുക, ഉല്പാദന

 40756

പദ്ധതി നടപ്പാക്കുക, ഉല്പന്നം സ്റ്റോറിനു് എത്തിച്ചുകൊടുക്കുക, ഇതിലെല്ലാം.

ഏക-വ്യക്തി മാനേജുമെൻറുതത്വം, വിപുലമായ തോതിൽ തൊഴിലാളികളും ജീവനക്കാരും പങ്കെടുത്തുകൊണ്ടും ഫാമിൻെറ പ്രവർത്തനങ്ങൾ നടത്തുന്നതുമായി സംയോജിപ്പിച്ചുകൊണ്ടുള്ളതാണു്. ട്രെയിഡ്യൂണിയൻ സംഘടനകളും ഉൽപാദനയോഗങ്ങളും പ്രാദേശിക കമ്യൂണിസ്റ്റു്പാർട്ടി ഘടകങ്ങളും ചേർന്നു്, സ്റ്റേററുഫാമിൻെറ സാമ്പത്തികപ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനുള്ള അവകാശത്തോടുകൂടി സാമൂഹ്യനിയന്ത്രണം നടത്തുന്ന രൂപത്തിലാണു് ഇതു പ്രവർത്തിക്കുന്നതു്.

ഫാമുകളുടെ മുഖ്യശാഖകൾ, ഉൽപാദനത്തിൻെറ പ്രത്യേകതയുടെ അടിസ്ഥാനത്തിൽ വിദഗ്ദ്ധന്മാരുടെ കീഴിലാണു്— മുഖ്യകൃഷിവിദഗ്ദ്ധൻ, ചീഫു് എൻജിനിയർ, ചീഫു് മൃഗവിദഗ്ദ്ധൻ, ചീഫു് കന്നുകാലി വിദഗ്ദ്ധൻ—പ്രവർത്തിക്കുന്നതു്. ഉയന്ന പ്രത്യേക വിദ്യാഭ്യാസമുള്ള വിദഗ്ദ്ധസംഘടകന്മാരിൽനിന്നും എടുക്കപ്പെടുന്ന മാനേജരുടെ പ്രതിനിധികളാണു് ചീഫു് സ്പെഷ്യലിസ്ററുകൾ.

ഫാമിൻെറ ഓരോ ശാഖയുടേയും ചീഫു് സ്പെഷ്യലിസ്റ്റു്, പ്രത്യേക മാതൃകയിലുള്ള ഉല്പന്നങ്ങളുടെ ഉൽപാദനത്തിനുള്ള ഏർപ്പാടുകൾ നടപ്പാക്കുന്നതിനേയും, കൃഷിവിളവു വർദ്ധിപ്പിക്കുന്നതിനേയും യന്ത്രങ്ങളുടെ യുക്തിപൂർവ്വമായ ഉപയോഗത്തേയും മററും പരിശോധിക്കുന്നു.

ഉൽപാദനവിഭാഗങ്ങളുടെയെല്ലാം മേധാവികൾ നേരിട്ടു് മാനേജരുടെ കീഴിലാണു്. ഓരോ ഡിപ്പാർട്ടുമെൻറിനും, യൂണിററിനോ മററു ഉൽപാദനവിഭാഗത്തിനോയുള്ള പ്ലാൻ പൂർത്തിയാക്കുന്നതിനുള്ള ചുമതല അവർക്കുള്ളതാണു്.

ചീഫു് അക്കൗണ്ടൻറിൻെറ കീഴിലുള്ള അക്കൗണ്ടൻസി ഡിപ്പാർട്ടുമെൻറും മാനേജരുടെ കീഴിലാണു്. പണവും മററു

40755

ഭൗതികസമ്പത്തും നിയന്ത്രിക്കുന്നതു് ചീഫ് അക്കൗണ്ടൻറാണ്. മാനേജരും ഫാമിൻെറ ചീഫ്സ്പെഷ്യലിസ്ററുകളുമായി ചേൎന്ന് ചീഫ് അക്കൗണ്ടൻറ്, ഫാമിൻെറ ഉൽപാദനച്ചിലവു കുറയ്ക്കുന്നതിനുള്ള നടപടികൾ തയ്യാറാക്കുന്നു.

അങ്ങിനെ, സ്റ്റേററുഫാമിൻെറ വിജയകരമായ മാനേജുമെൻറ്, മാനേജർ മുകളിലും വിപുലമായ രീതിയിലുള്ള തൊഴിലാളികളുടെ സഹകരണവും കൂടിച്ചേൎന്നുള്ള കേന്ദ്രീകൃത നിയന്ത്രണത്തിൽക്കൂടി നടത്തുന്നു.

സ്റ്റേററുഫാമുകൾ വളരെ ഉയൎന്നതരത്തിൽ യന്ത്രീകൃതമായ സ്ഥാപനങ്ങളായതുകൊണ്ടു്, യന്ത്രങ്ങളെ—ട്രാക്ടറുകളും സങ്കീൎണ്ണസ്വഭാവമുള്ള മററു് കാർഷികയന്ത്രങ്ങളും—പരിപൂൎണ്ണമായി ഉപയോഗപ്പെടുത്തത്തക്ക വിധത്തിലും ഓരോ യൂണിററു ഭൂമിയിൽ നിന്നും ഏററവും കൂടുതലും ഏററവും ലാഭകരമായും ഉൽപാദനം നടത്തത്തക്ക വിധത്തിലുമാണു് അവയിൽ അദ്ധ്വാനശക്തി സംഘടിപ്പിച്ചിരിക്കുന്നതു്. സ്റ്റേററുഫാമിലെ അടിസ്ഥാനതൊഴിലാളിഘടകം സ്ഥിരമായ ഉല്പാദന ടീം ആണു്. ഒരോ ടീമിനും ഒരു പ്രത്യേക ഭൂവിഭാഗവും അതു കൃഷിചെയ്യുന്നതിനുള്ള യന്ത്രസാമഗ്രികളും നല്കുന്നു, ടീമുകൾക്കു് ദീർഘകാലത്തെക്കു ഭൂമി നല്കുന്നതുകൊണ്ടു് അതിലെ അംഗങ്ങൾക്കു് മണ്ണിൻെറ ജലാർദ്രത മുതലായ പ്രത്യേകതകൾ പഠിക്കുന്നതിനു സാധിക്കുന്നു; ഇതു് അനുയോജ്യമായ കാർഷിക സാങ്കേതികനടപടികൾ സ്വീകരിക്കുന്നതിനു സഹായിക്കുന്നതുകൊണ്ടു് വളരെ പ്രാധാന്യമർഹിക്കുന്നതാണു്. ഒരേസ്ഥലംതന്നെ തുടൎച്ചയായി കൃഷിചെയ്യുന്നതു്, പ്രാദേശികമായ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടു് അനുഭവജ്ഞാനം സമ്പാദിക്കുന്നതിനും, അദ്ധ്വാനശക്തിയെ യുക്തിപൂൎവ്വമായി സംഘടിപ്പിക്കുന്നതിനും യന്ത്രങ്ങളെ പരിപൂൎണ്ണമായി ഉപയോഗപ്പെടുത്തുന്നതിനും, സഹായിക്കുന്നു.

സ്റ്റേററുഫാമുകളിലെ സ്ഥിരം ഉൽപാദനപ്രവത്തന യൂണിററുകളുടെ ഏററവും വിപുലമായ രൂപം യന്ത്രീകൃതടീമുകളാണ്. സ്റ്റേററുഫാമുകൾക്ക് കൂടുതൽ കൂടുതൽ ആധുനികയന്ത്രങ്ങൾ നല്കുമ്പോൾ, യന്ത്രീകൃതടീമുകളുടെ വലുപ്പം വർദ്ധിക്കുകയും, അവ ചായികാദ്ധ്വാനം ഉപയോഗപ്പെടുത്താത്ത യന്ത്രം നടത്തുന്നവരുടെ മാത്രമായ ചെറിയ യന്ത്രീകൃത ടീമുകളായി പുനർവിഭജിക്കപ്പെടുകയും ചെയ്യുന്നു.

ധാന്യോല്പാദനത്തിൽ വൈശിഷ്ട്യം സമ്പാദിക്കുന്ന സ്റ്റേററുഫാമുകളിൽ യന്ത്രീകൃതടീമുകൾ ഏതാണ്ടു വലിയ ഭൂവിഭാഗത്തിൽ കൃഷിചെയ്യുന്നു. 1959-ൽ കസ്റ്റാനേയ് റിജനിലെ കമൻസ്കീ-യൂറൽസ്കി സ്റ്റേററുഫാമിൽ എട്ടു മുതൽ പത്തു വരെ തൊഴിലാളികളുള്ള ഒരു യൂണിററിനു 1,100 മുതൽ 1,300വരെ കൃഷിയോഗ്യമായ ഭൂമിയും നാലോ അഞ്ചോ ടാക്ടറുകളും രണ്ടോ മൂന്നോ കംബയിനുകളും മററു യന്ത്രങ്ങളും നൽകുകയുണ്ടായി.

യന്ത്രീകൃത ടീമുകളുടെ ഗുണം, അവയുടെ സംഘടന, ഉൽപാദനത്തിന്റെ ബഹുമുഖ യന്ത്രീകരണം സുസാദ്ധ്യമാക്കുന്നു എന്നുള്ളതാണ്.

കന്നുകാലിവളത്തൽ സ്റ്റേററുഫാമുകളുടെ അടിസ്ഥാന തൊഴിലാളിയൂണിററു സ്ഥിരം വിദഗ്ദ്ധടീമാണ്. ഓരോ ടീമിനും മൃഗങ്ങളുടെയും, കെട്ടിടങ്ങളുടെയും, സാമഗ്രികളുടേയും, യന്ത്രങ്ങളുടെയും മേച്ചിൽസ്ഥലങ്ങളുടേയും ഒരു നിശ്ചിത ഗ്രൂപ്പ നല്കുന്നു.

മൃഗങ്ങളെ മുഖ്യമായി പുല്ലുകൊടുത്തു വളത്തുന്ന ഫാമുകളിൽ, പ്രത്യേകിച്ചു വളരെയേറെ ആട്ടിൻപററങ്ങൾ ഉള്ള ഫാമുകളിൽ ആട്ടിടയന്മാരുടെ യന്ത്രീകൃതടീമുകൾ രൂപീകരിക്കുന്നു. കസാക്കിസ്ഥാനിലെയും, സ്റ്റവ്റോപ്പോൾ ഭാഗത്തും. ബുറിയാററ് റിപ്പബ്ലിക്കിലും, മൃഗങ്ങൾ നീണ്ടകാലം മേച്ചിൽസ്ഥലങ്ങളിൽ കഴിച്ചുകൂട്ടുന്ന ഭാഗങ്ങളിലുമുള്ള സ്റ്റേററുഫാമുകളിലും അത്തരം

വളരെയേറെ ടീമുകൾ ഉണ്ട്. ഇങ്ങിനെയുള്ള ടീമുകളിലെ തൊഴിലാളികളുടെ എണ്ണം, അവർ ഒരുപററത്തെ (650 മുതൽ 900 ആടുവരെ) തീററുകയാണെങ്കിൽ അഞ്ചുമുതൽ. (2,800മുതൽ 3400വരെ) പതിന്നാലോ പതിനഞ്ചോവരെയും ആയിരിക്കാം.

ആട്ടിൻകുട്ടികൾ ഉണ്ടാകുന്ന കാലങ്ങളിൽ, ട്രാക്ടർടീമിൽ നിന്നും കൊയ്ത്തുടീമിൽനിന്നുമുള്ള തൊഴിലാളികളെക്കൊണ്ട് ആ ടീമുകളെ ബലപ്പെടുത്തും. അങ്ങിനെയുള്ള ടീമുകൾ അദ്ധ്വാനവും യന്ത്രങ്ങളും ശരിയായി ഉപയോഗപ്പെടുത്തുന്നതിനു സഹായിക്കുകയും പ്രവൃത്തി സംഘടിപ്പിക്കുന്നതിനുള്ള അനുകൂലസാഹചര്യങ്ങൾ സൃഷ്ടിക്കുകയും തൊഴിലാളികൾക്ക് വൈദഗ്ദ്ധ്യം സമ്പാദിച്ചുകൊടുക്കുകയും ചെയ്യുന്നു.

വളരെ വിസ്തൃതമായ മേച്ചിൽ സ്ഥലങ്ങളും പുൽമേടുകളുമുള്ളതും വളരെയേറെ ആടുകൾ ഉള്ളതുമായ ഫാമുകളിൽ ആട്ടിടയന്മാരുടെ വലിയ യന്ത്രീകൃതടീമുകൾ സംഘടിപ്പിക്കുന്നതാണ് കൂടുതൽ ഉചിതമായിട്ടുള്ളത്.

സ്റ്റേററുഫാമിൻെറ ഉൽപാദന വികസനത്തോടൊപ്പം തൊഴിലാളിസംഘടനയും പുരോഗമിക്കുന്നു.

ആധുനിക പരിതസ്ഥിതിയിൽ സോഷ്യലിസ്റ്റു രാജ്യങ്ങളിൽ കൃഷി എല്ലാ വിധത്തിലും ഉൽപാദനവർദ്ധനവിനുവേണ്ടി ശ്രമിക്കുമ്പോൾ, സ്റ്റേററു ഫാമുകളിൽ തൊഴിലാളികളെ സംഘടിപ്പിക്കുന്നതിൻെറ അനുഭവം പ്രായോഗികമായ ഒരു ഉദാഹരണമാണ്. ഇതു് കൂടുതൽ വർദ്ധിക്കുന്നതോതിൽ ഉൽപാദകരുടെ സഹകരണ സ്ഥാപനങ്ങളിലേക്കു വ്യാപിക്കുന്നുമുണ്ട്.

വ്യവസായസ്ഥാപനങ്ങളിലേതുപോലെ, സ്റ്റേററു ഫാമിലെ തൊഴിലാളികൾക്കും വിവിധതോതിലുള്ള പ്രത്യേക പരിശീലനവും വൈദഗ്ദ്ധ്യവും ഉണ്ട്. അതുകൊണ്ട് അവരുടെ

ശമ്പളം വ്യത്യസ്തവും അവരുടെ യോഗ്യതകളെ ആശ്രയിച്ചും അവരുടെ ജോലി എത്രമാത്രം ആയാസകരവും പ്രയാസമുള്ളതുമാണോ എന്നുള്ളതിനെ ആശ്രയിച്ചുമാണിരിക്കുന്നതു്.

ഓരോ സോഷ്യലിസ്റ്റു രാജ്യത്തിലും ശമ്പളം നിശ്ചയിക്കുന്ന സമ്പ്രദായം, ഏററവും കൂടുതൽ നീതിക്കു് ഉറപ്പുകൊടുക്കുന്നതിനും തൊഴിലാളികളെ അവരുടെ യോഗ്യതകൾ വർദ്ധിപ്പിക്കുന്നതിനു പ്രോത്സാഹിപ്പിക്കുന്നതിനും, ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനു് ആവശ്യമായ ഉത്തേജനം നൽകുന്നതിനും സഹായിക്കത്തക്കവണ്ണം, തുടർച്ചയായി പരിഷ്കരിക്കുന്നുണ്ടു്.

കർഷകോൽപാദനത്തിനു് അതിൻേറതായ പ്രത്യേകതയുണ്ടു്. ഇനിയും മനുഷ്യനു നിയന്ത്രിക്കാൻ കഴിയാത്ത കാലാവസ്ഥയും മററും അതിനെ ബാധിക്കുന്നു.

അതുകൊണ്ടു്, പ്രതിഫലത്തിൻേറ തോതു നിശ്ചയിക്കുമ്പോൾ അദ്ധ്വാനത്തിൻേറ വലുപ്പവും കാർഷികോൽപാദനത്തിൻേറ ഗുണവും ഗണവും കണക്കിലെടുക്കേണ്ടതുണ്ടു്.

സോവിയററു സ്റ്റേററു ഫാമുകളിൽ വിവിധ പീസ്ററേററു് സമ്പ്രദായം വളരെ വിപുലമായി ഉപയോഗപ്പെടുത്തുന്നുണ്ടു്. അതനുസരിച്ചു്, ചെയ്യ ജോലിയുടെ വലുപ്പത്തെ മാത്രമല്ല, ഉൽപാദനത്തിൻേറ അളവിനേയും അടിസ്ഥാനപ്പെടുത്തിയാണു് പ്രതിഫലം നിശ്ചയിക്കപ്പെടുന്നതു്. പീസ്ററേററു് സമ്പ്രദായത്തോടു്, ആനുക്രമിക അല്ലെങ്കിൽ ബോണസ്സു് സമ്പ്രദായവും, കൂട്ടിച്ചേർത്തു്, ഉൽപാദനലക്ഷ്യം അതിക്രമിക്കുകയും പദ്ധതിയിൽ കവിഞ്ഞു നടപ്പാക്കുകയും ചെയ്യുന്നതിനു്, ആനുക്രമിക കൂലി കൊടുക്കുന്നു.

മററു സോഷ്യലിസ്റ്റു് രാജ്യങ്ങളിലും പീസ്ററേററു സമ്പ്രദായം വിപുലമായ തോതിൽ സ്വീകരിച്ചുവരുന്നു. ജർമ്മൻ

ഡിമോക്രാററിക്ക് റിപ്പബ്ലിക്കിൽ, നാഷനൽ എസ്റ്റേററുകളിൽ കൊയ്ത്തു ജോലി ചെയ്യുന്ന തൊഴിലാളികളിൽ 80 ശതമാനത്തിനും ഈ വിധത്തിലുള്ള പ്രതിഫലമാണ് നൽകുന്നത്. പോളണ്ടിലെ സ്റ്റേററുഫാമുകളിൽ ആനുക്രമികപീസ്റേററ് സമ്പ്രദായം എല്ലാവിധമുള്ള ജോലിയുടെയും 80 ശതമാനത്തിനു ബാധകമാണ്: ഹാംഗറിയിലെ സ്റ്റേററുഫാമുകളിലെ അധികം കൃഷിജോലിക്കും പീസ്റേററനുസരിച്ചാണ് കൂലി കൊടുക്കുന്നത്. അതേ സമ്പ്രദായം തന്നെയാണ് കാലിവളത്തലിലെ ജോലിക്കും സ്വീകരിച്ചിട്ടുള്ളത്. അങ്ങിനെ, 1960–ൽ ചെക്കോസ്ലാവാക്കിയായിൽ കാലിവളർത്തൽ കേന്ദ്രങ്ങളിലെ മിക്കവാറും എല്ലാ ജോലിക്കും പീസ്റേററ് ആയിരുന്നു. എന്നാൽ മററു ചില രാജ്യങ്ങളിൽ (ജി. ഡി. ആർ. റുമേനിയാ) സമയ–ജോലിയും ബോണസും കൂടിയുള്ള സമ്പ്രദായമാണ് സ്വീകാര്യമായിട്ടുള്ളത്.

1962–നുശേഷം സോവിയററു ഫാമുകളിൽ പീസ്റേററും ബോണസ് സമ്പ്രദായവും ചേർന്നുള്ള ഒരു ഏർപ്പാട് വിപുലമായ തോതിൽ നടപ്പാക്കി. അതനുസരിച്ച്, പ്രതിഫലത്തിന്റെ നടപടിയും സംഖ്യയും. ഒരു ടീമിലെ തൊഴിലാളികളും ഫാം മാനേജുമെൻറും തമ്മിലുള്ള ഒരു തൊഴിൽ ഉടമ്പടിയിൽ കൂടി നിയന്ത്രിക്കുന്നു. ടീമിനു് നിശ്ചയിച്ചിട്ടുള്ള ഭൂമിയുടെ മൊത്തം വിസ്തീർണ്ണം, ഓരോ കൃഷിക്കുമുള്ള വിസ്തീർണ്ണം, വിളവിന്റെ തോതു്, മൊത്തം വിളവു്, ഒരു സെൻററിനുള്ള അംഗീകരിച്ച വില ഇതെല്ലാം ഉടമ്പടിയിൽ കാണിച്ചിരിക്കും.

അടിസ്ഥാനകൂലിക്കു പുറമെ മിക്ക സോഷ്യലിസ്റ്റുരാജ്യങ്ങളിലെയും സ്റ്റേററുഫാമുകൾ, വിളവിന്റെ വർദ്ധനവിനെയോ കന്നുകാലികളുടെ ഉല്പാദകക്ഷമതയെയോ ആശ്രയിച്ചോ, ഉൽപാദനച്ചിലവു കുറച്ചതിന്റെയോ മററടിസ്ഥാനത്തിലോ, കൂടുതൽ കൂലി ലഭിക്കുന്ന വിവിധ സമ്പ്രദായങ്ങൾ സ്വീകരിച്ചിട്ടുണ്ടു്.

അങ്ങിനെ, ജി. ഡി. ആർ-ലെ ദേശീയ എസ്റ്റേററുകളിൽ ഉൽപാദനലക്ഷ്യം അതിക്രമിക്കുന്ന കൊയ്ത്തുടീമുകൾക്കു്, പ്ലാനിൽ കവിഞ്ഞുള്ള ലാഭത്തിൽനിന്നും അവരുടെ അടിസ്ഥാനക്കൂലിക്കുപുറമെ അതിന്റെ അഞ്ചുമുതൽ പന്ത്രണ്ടു ശതമാനംവരെ വാർഷിക ബോണസ്സ് ലഭിക്കുന്നു. കന്നുകാലിവളർത്തൽ ഫാമുകളിൽ ടീമുകൾക്കു് ഉൽപാദനച്ചിലവു കുറച്ചതിൽനിന്നുമുള്ള ലാഭത്തിൽനിന്നും 15 മുതൽ 80 ശതമാനംവരെ ലഭിക്കുന്നു.

റുമേനിയായിൽ, പ്രവൃത്തിലക്ഷ്യം അധികരിക്കുന്നതിനും മുഖ്യകൃഷിയുടെ ഫലം പത്തുശതമാനത്തിൽ കൂടുതൽ വൎദ്ധിപ്പിക്കുന്നതിനും സ്റ്റേററ്ഫാം ടാക്ടർ ഡ്രൈവറന്മാരുടെ ടീമിലെ അംഗങ്ങൾക്കു് സ്ഥിരം ബോണസ് നൽകുന്നു. ഹംഗേറിയൻ സ്റ്റേററുഫാമുകളിൽ, പ്ലാനിൽ കൂടുതലായുള്ള എല്ലാ ഉൽപാദനത്തിനും തൊഴിലാളികൾക്കു് അതിന്റെ 40 ശതമാനം ബോണസ്സ് ലഭിക്കുന്നു. മെഷീൻ ഓപ്പറേറററർമാക്കു്, അവരുടെ ഓപ്പറേഷൻ വാർഷികപ്പാനിൽ കൂടുതൽ ചെയ്യുന്നതിനു് അവരുടെ അടിസ്ഥാനശമ്പളത്തിന്റെ 20 ശതമാനത്തിനു തുല്യമായ ബോണസ്സും. സോവിയററു സ്റ്റേററുഫാമുകളിൽ വിവിധ മാതൃകയിലുള്ള കൂടുതൽ ശമ്പളവും നിലവിലുണ്ടു്. അങ്ങിനെ, പ്രധാന കാർഷിക പ്രവൎത്തനങ്ങൾ നിശ്ചിതസമയത്തിനുള്ളിലും ഗുണാത്മകമായി ഉയൎന്ന രീതിയിലും ചെയ്യുന്നതിനു് താരിപ്പുതോതു് 30 മുതൽ 50 വരെ ശതമാനം ഉയൎത്തുന്നു; വിദഗ്ദ്ധ മെഷീൻ ഓപ്പറേറർമാക്കു് അവരുടെ ശരാശരി ശമ്പളത്തിനുപുറമെ 10 മുതൽ 20 ശതമാനം വരെ കൂടുതൽ ശമ്പളവും, പ്ലാനിൽ കൂടുതലുള്ള ഉൽപാദനം വിററു കിട്ടുന്ന ലാഭത്തിന്റെ 20 മുതൽ 30വരെ ശതമാനം ബോണസ്സും ആയി വിതരണം ചെയ്യുന്നു. പ്ലാൻ ചെയ്തിട്ടുള്ളതിൽ കുറച്ചു ചിലവഴിക്കുന്നതിൽനിന്നുള്ള ലാഭത്തിന്റെ നാലിലൊരുഭാഗവും ബോണസ്സിനായി മാററിവെക്കപ്പെടുന്നു.

സോവിയററ്റ് യൂണിയൻെറ ചില മേഖലകളിൽ, ഫാമുകളിലെ കൊയ്ത്തുജോലികൾ സമയത്തിനും ഉയൎന്ന രീതിയിലും ചെയ്യുന്നതിനു് കൂടുതൽ ഉയൎന്നതോതിലുള്ള ശമ്പളം നൽകുന്നു. പ്രധാനകൃഷിയെടുപ്പിൽ മെഷീൻ ഓപ്പറേററർമാൎക്കുള്ള ഈ വൎദ്ധനവു് 15മുതൽ 50 ശതമാനംവരെ എത്തുന്നു.

കൂടുതൽ ശമ്പളത്തിൻെറ ശരിയായ സംഖ്യ നിശ്ചയിക്കുന്ന ജോലി ഓരോ സ്റ്റേററുഫാമുകളുടെതുമാണു്; അതു്, ഓരോന്നിലുമുള്ള ഉൽപാദനത്തിൻെറ പ്രത്യേകതയുടെ അടിസ്ഥാനത്തിൽ വ്യത്യാസപ്പെടുന്നു. തൊഴിലാളികൾക്കുള്ള ബോണസ്സു് വിതരണം ചെയ്യുന്നതു്, എല്ലാ വൎദ്ധനവുകളും കണക്കിലെടുത്തുകൊണ്ടു് അവരുടെ സമ്പാദ്യത്തിൻെറ അനുപാതത്തിലാണു്.

ഇതിനും പുറമെ, ഒരു സ്റ്റേററുഫാമിൻെറ മാനേജൎക്കു്, ഫാമിലെ തൊഴിലാളികൾക്കും വിദഗ്ദ്ധന്മാൎക്കും കൂടുതൽ ബോണസ്സു് കൊടുക്കുന്നതിന്നുള്ള അവകാശമുണ്ടു്.

ഓരോ സെക്ടറിലെയും ഉല്പാദനത്തിൻെറ അടിസ്ഥാനത്തിൽ, തൊഴിലാളിസംഘങ്ങളുടെ മേധാവികൾക്കും, ഡിപ്പാർട്ടുമെൻറുകളിലെ ടീംലീഡറന്മാൎക്കും മാനേജറന്മാൎക്കും സ്ഥിരം മാസശമ്പളമുണ്ടു്. എൻജിനീയറന്മാൎക്കും, സാങ്കേതിക വിദഗ്ദ്ധന്മാൎക്കും, ഭാരവാഹികൾക്കും ഇതേ തത്വംതന്നെയാണു് അംഗീകരിക്കപ്പെട്ടിട്ടുള്ളതു്. അൎദ്ധവാർഷികവും വാർഷികവുമായ ലക്ഷ്യത്തെ അധികരിക്കുന്നതിനു് പ്ലാനിലുള്ളതിൽ കൂടുതലായ എല്ലാ ആദായത്തിനും സ്റ്റേററുഫാമിൻെറ ഭാരവാഹികൾക്കും വിദഗ്ദ്ധന്മാൎക്കും ബോണസ്സു് ലഭിക്കുന്നുണ്ടു്.

## 2. സ്റ്റേററുഫാമുകളുടെ വിശേഷവൽകരണം (സ്പെഷ്യലൈസേഷൻ)

സ്റ്റേററു് കാർഷികസ്ഥാപനങ്ങൾ നിൎമ്മിക്കുന്നതും വിക

സിക്കുന്നതും കാർഷികോല്പാദനത്തിലെ പ്രത്യേകാഭ്യാസത്തിന്റെ തത്വത്തിന്റെ അടിസ്ഥാനത്തിലാണ്.

യു എസ്. എസ്. ആറിൽ കന്നുകാലിവളർത്തൽ, മുന്തിരി കൃഷി, ധാന്യം, സസ്യങ്ങൾ, പഴങ്ങൾ, ബെറികൾ മുതലായവയിൽ വിശേഷനൈപുണ്യാർത്ഥം പ്രവർത്തിക്കുന്ന സ്റ്റേററുഫാമുകളുണ്ട്. ശീമമുയലുകളെ അല്ലെങ്കിൽ രോമമുള്ള മൃഗങ്ങളെ (കുറുക്കൻ, നീരണ്ണാൻ മുതലായവ) വളർത്തുന്നതിലും പ്രത്യേക നൈപുണ്യമുള്ള ഫാമുകളും ഉണ്ട്.

ചെക്കോസ്ലോവാക്കിയായിലും ജി. ഡി. ആറിലും കന്നുകാലിവളർത്തൽ സ്റ്റേററുഫാമുകളാണ് കൂടുതലുള്ളതു്.

1960-ൽ റുമേനിയായിൽ 500 ഫാമുകൾ ഉണ്ടായിരുന്നതിൽ 225 ധാന്യം ഉൽപാദിപ്പിക്കുന്നവയും, 110 കന്നുകാലി വളർത്തുന്നവയും 82 പഴങ്ങളും മുന്തിരിയും വളർത്തുന്നവയും ആയിരുന്നു.

സോവിയററു യൂണിയനിലേയും മററു സോഷ്യലിസ്റ്റു രാജ്യങ്ങളിലേയും സ്റ്റേററുഫാമുകളുടെ അനുഭവം കാണിക്കുന്നതു്, ഒരു ഫാമിൽ ഒരേസമയം വളരെയധികം ശാഖകൾ വികസിക്കുന്നതു്, ഈ ശാഖകളുടെയും മൂലധന നിക്ഷേപങ്ങളുടെയും പരിക്രമണ നിധികളുടേയും ചിന്നിച്ചിതറലിലേക്കു നയിക്കുമെന്നാണ്. അവസാനം ഇതു് ഫാമിന്റെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.

സ്പെഷ്യലൈസ് ചെയ്യുന്നതുകൊണ്ടു് ഫാമിന്റെ സ്വത്തു് കേന്ദ്രീകരിക്കുന്നതിനും പ്രത്യേക ഉൽപന്നങ്ങളിൽ അതിന്റെ ഭാരവാഹികൾക്കു് ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും, അങ്ങിനെ, ഒരു യൂനിററിനു് സ്ഥലത്തുനിന്നും ഏററവും കൂടുതൽ ഉൽപാദനവും ഉൽപാദിപ്പിക്കുന്ന ഓരോ യൂണിററിനും ഏററവും കുറവു ചിലവു ചെയ്യുന്നതിനും സഹായിക്കുന്നു. സ്പെഷ്യലൈസ് ചെയ്യുന്ന ഫാമുകളിലെ തൊഴിലാളികളുടെ ഉൽപാദനക്ഷമത

താരതമ്യേന കൂടുതൽ ഉയൎന്നതാണു്, കാരണം അവക്കു് യന്ത്രങ്ങളെ ഉയൎന്ന തോതിൽ ഉപയോഗിക്കാൻ കഴിയും.

എങ്കിൽതന്നെയും, വളരെ സങ്കുചിതമായ സ്പെഷ്യലൈസേഷൻ, പ്രത്യേകിച്ചു് ഒരു കൃഷിസമ്പ്രദായം, എപ്പോഴും നീതികരിക്കപ്പെട്ടതല്ല. ചില കാൎയ്യങ്ങളിൽ അങ്ങിനെയുള്ള സങ്കുചിത സ്പെഷലൈസേഷൻ സാദ്ധ്യവും ആവശ്യവും ഫലപ്രദവും ആയിരിക്കും. ഉദാഹരണത്തിനു്, കോഴിവളൎത്തൽ. പ്രത്യേക പന്നിപോഷകവും കന്നുകാലി പോഷകവുമായ ഫാമുകൾ സസ്യോല്പ്പശാലകളിൽ പ്രത്യേകതരം സസ്യങ്ങൾ വളൎത്തുന്നതിനുള്ള സ്ഥാപനങ്ങൾ, മുന്തിരിതോട്ടങ്ങൾ, ഇവകളും മററു പലതും ഈ ഇനത്തിൽ പെട്ടതാകുന്നു. ഉദാഹരണത്തിനു് ക്യൂബയിലെ ചില തോട്ടങ്ങളിൽ കരിമ്പല്ലാതെ മറെറാന്നും വളൎത്തുന്നില്ല. ക്യൂബയിലെ സ്ഥിതിയിൽ ഇതു് പരിപൂൎണ്ണമായും നീതീകരിക്കപ്പെടാം.

എന്നാൽ കൂടുതൽ ഫാമുകളിലും ഒരു സങ്കുചിതമായ ഏകകൃഷി സമ്പ്രദായം പ്രായോഗികമല്ല. കൃഷി പൊതുവെ, ഉൽപാദനത്തിൽ പരസ്പരബന്ധമുള്ള ശാഖകളുടേയും മാതൃകകളുടേയും ഒരു സംയോജനമാകുന്നു.

ചില പ്രത്യേക രീതിയിലുള്ള കാൎഷികോൽപാദനത്തിൻെറ സ്പെഷ്യലൈസേഷൻ, പരസ്പരസഹായത്തിൽ ബന്ധപ്പെട്ടുകിടക്കുന്ന വളരെയേറെ ശാഖകളുടെ യുക്തിപൂൎവ്വമായ സംയോജനത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരിക്കണം. അങ്ങിനെ, ഡയറി ആൻഡു് ടക്കു് ഫാമുകളിൽ സസ്യങ്ങൾ പാകതപ്പെടുത്തുമ്പോൾ, കന്നുകാലികേന്ദ്രങ്ങളിലെ കന്നുകാലികൾക്ക തീററയായി കൊടുക്കാവുന്ന, വളരെയേറെ കഴിവു സാധനങ്ങൾ ഉണ്ടായിരിക്കും. അതിന്നു പ്രതിഫലമായി കന്നുകാലികൾ സസ്യങ്ങൾക്കുള്ള വളത്തിനായി ചാണകം നൽകുന്നു.

പാലുൽപാദനം, കാലിവളൎത്തൽ, പന്നിവളൎത്തൽ ഇവയെ, മധുരക്കിഴങ്ങു, ഉരുളക്കിഴങ്ങു് ഇവയെ പാകപ്പെടുത്തുകയും ഉൽപാദിപ്പിക്കുകയും ചെയ്യുന്നതുമായി സംയോജിപ്പിക്കാവുന്നതാണു്. ധാന്യഫാമുകളുടെ ഒരു നല്ല സഹപ്രവൎത്തനമായിരിക്കും കന്നുകാലികൾ, പന്നികൾ, കോഴികൾ ഇവയെ പോഷിപ്പിക്കുന്നതിനുള്ള ഫാമുകൾ.

സ്റ്റേററു സ്ഥാപനങ്ങൾ പലപ്പോഴും കൃഷിയുമായി വ്യവസായോൽപാദനത്തെ സംയോജിപ്പിക്കാറുണ്ടു്.

ഉദാഹരണത്തിനു് മധുരക്കിഴങ്ങുകൃഷിയെ അതിൻെറ പഞ്ചസാരയിലേക്കുള്ള വ്യാവസായിക പ്രവൎത്തനങ്ങളുമായും ഉരുളക്കിഴങ്ങുകൃഷിയെ സ്റ്റാർച്ചുൽപാദനമായും അല്ലെങ്കിൽ മദ്യം വാററുന്നതുമായും ബന്ധിപ്പിക്കാറുണ്ടു്.

സോവിയററു യൂണിയനിലും മററു സോഷ്യലിസ്റ്റു രാജ്യങ്ങളിലും കാണുന്ന ഏതാണ്ടു സങ്കീൎണ്ണമായ കാർഷികവ്യവസായസ്ഥാപനങ്ങൾ അങ്ങിനെയാണു് ഉണ്ടാകുന്നതു്. അതു് യൂഗോസ്ലാവിയായിൽ പ്രത്യേകിച്ചും വളരെയേറെയുണ്ടു്.

കാർഷികവ്യവസായസംരംഭങ്ങളുടെ അനുഭവം അവയ്ക്കു് ഗുണങ്ങളും ദോഷങ്ങളുമുണ്ടെന്നു് അവക്കു കാണിച്ചുകൊടുത്തു.

സ്ഥാപനങ്ങൾ വളരെ ചെറുതാണെങ്കിൽ മൂലധന നിക്ഷേപവും പരിക്രമണധനവും ചിന്നിച്ചിതറുന്നു. അപ്പോൾ കാർഷികോൽപന്നങ്ങൾ ഒരുക്കുന്നതിനുള്ള യന്ത്രസാമഗ്രികൾ മതിയാകാതാകുകയും ആധുനിക സാങ്കേതിക നിലവാരത്തിൽ എത്താൻ കഴിയാതാകുകയും ചെയ്യുന്നു.

ഉൽപന്നങ്ങൾ തയ്യാറാക്കുന്നതിൽ വലിയ നഷ്ടത്തിലേക്കും, അവസാനം ഉൽപന്നങ്ങളിൽ കുറവുണ്ടാകുന്നതിലും, അദ്ധ്വാനശക്തിയുടെ ഉൽപാദനക്ഷമതയുടെ താഴ്ചയിലും ഉയൎന്ന ഉൽപാ

ദനച്ചിലവിലും അതിന്റെ ഫലമായി താഴ്ന്ന വരുമാനത്തിലും അല്ലെങ്കിൽ നഷ്ടത്തിൽതന്നെയും ഇതു് ചെന്നെത്തുന്നു.

അതുകൊണ്ടു് കാർഷിക വ്യവസായസ്ഥാപനങ്ങൾ തുടങ്ങുമ്പോൾ ഉൽപാദന വിശേഷവൽക്കരണത്തിന്റെ ഈ രൂപത്തിന്റെ ഗുണങ്ങൾ ഏററവും കൂടുതൽ ഉപയോഗപ്പെടുത്തുന്നതിനും അതിന്റെ ദോഷഫലങ്ങൾ ഏററവും കുറക്കുന്നതിനും വേണ്ടി ഉൽപാദനത്തിന്റെ പ്രത്യേക ഉപാധികളും സാഹചര്യങ്ങളും കണക്കിലെടുത്തിരിക്കണം.

ഈ മാതിരിയുള്ള സങ്കരസ്ഥാപനങ്ങളുടെ ഗുണങ്ങൾ ഇതാണു്: പ്രധാന ഉൽപന്നത്തിൽനിന്നും ലഭിക്കുന്ന ഉപോൽപന്നത്തിനെ ഏററവും നന്നായി ഉപയോഗപ്പെടുത്തുക, കുറഞ്ഞ ട്രാൻസ്പോർട്ടു് ചിലവു്, കാർഷികോൽപന്നങ്ങളെ ശുദ്ധീകരണ ഫാക്ടറികളിൽ എത്തിക്കുന്നതിനുണ്ടാകുന്ന കുറഞ്ഞ നഷ്ടം, കൊല്ലം മുഴവൻ തൊഴിലാളികളെ കൂടുതൽ കാര്യക്ഷമമായും ക്രമമായും ഉപയോഗിക്കാൻ കഴിയുക.

## 3. കൃഷിയുടെ സോഷ്യലിസ്റ്റു് രൂപപരിവർത്തനത്തിൽ സ്റ്റേററുഫാമുകളുടെ പ്രാധാന്യം

ആരംഭംമുതല്ലേ സ്റ്റേററുഫാമുകൾ വൻതോതിലുള്ളതും ഉയൻ രീതിയിൽ യന്ത്രവല്ക്കരിക്കപ്പെട്ടതുമായിട്ടാണ് സ്ഥാപിതമായിട്ടുള്ളതു്.

പുതിയ യന്ത്രങ്ങൾകൊണ്ടു നന്നായി സജ്ജീകരിച്ചിട്ടുള്ളതുകൊണ്ടും ഭൂമി കൃഷിചെയ്യുന്നതിനും കന്നുകാലി വളർത്തലിനും ആധുനികസമ്പ്രദായങ്ങൾ സ്വീകരിച്ചിട്ടുള്ളതുകൊണ്ടും സ്റ്റേററുഫാമുകൾ, വൻതോതിലുള്ള യന്ത്രീകൃത കാർഷികോൽപാദനത്തിന്റെ ഒരു ഒന്നാംതരം ഉദാഹരണമാണു്.

KOTTAYAM PUBLIC LIBRARY KOTTAYAM

ചുററുമുള്ള കൃഷിക്കാർക്ക്, സ്റ്റേററുഫാമുകൾ പുരോഗമനപരമായ കൃഷിയുടെയും കന്നുകാലിവളർത്തലിൻേറയും ഒരു വിദ്യാലയവും വൻതോതിലുള്ള സോഷ്യലിസ്റ്റ് കൃഷിസംരംഭങ്ങളുടെ ഒരു മാതൃകയുമാകുന്നു.

1928-ൽ അവ സ്ഥാപിതമായ ആദ്യദിവസംമുതൽ പ്രത്യേക വൈദഗ്ദ്ധ്യം നേടിയ സോവിയററ് ധാന്യ സ്റ്റേററുഫാമുകൾ, ചുററുപാടുമുള്ള കർഷകകളങ്ങളെ സജീവമായി സഹായിച്ചു. 1928-ൽ 365 യന്ത്ര-വാടക സ്റ്റേഷ്യനുകളും, 493 ധാന്യം തരം തിരിക്കുന്നതും ശുദ്ധിചെയ്യുന്നതുമായ കേന്ദ്രങ്ങളും, 106 റിപ്പയർ വർക്ക്ഷോപ്പുകളും, 799 വളർത്തുകാലികേന്ദ്രങ്ങളും, സ്റ്റേററുഫാമുകളുമായി ബന്ധപ്പെട്ടിരുന്നതു്, കൃഷിക്കാരുടെ കൃഷിക്കളങ്ങളെ സഹായിച്ചിരുന്നു.

വ്യക്തികളായ കൃഷിക്കാരുടെ 20,000 ഹെക്റ്റർ ഭൂമിയിൽ കൂടുതൽ സ്റ്റേററുഫാമിൻെറ യന്ത്രങ്ങൾകൊണ്ടു് ഉഴുതുകൊടുക്കുകയുണ്ടായി.

അതേകൊല്ലംതന്നെ സ്റ്റേററുഫാമുകൾ ഏതാണ്ടു് 43,000 നല്ല വർഗ്ഗം മൃഗങ്ങളെയും 67,100 ടൺ വകഭേദമായ കരുക്കളും പത്തു ലക്ഷത്തിലധികം ഫലവൃക്ഷങ്ങളുടെ തൈകളും സംഭാവന ചെയ്യുകയുണ്ടായി. ഉയന്നതരത്തിലുള്ള കൃഷിസമ്പ്രദായങ്ങൾ കൃഷിക്കാരെ പഠിപ്പിക്കുന്നതിന്നുവേണ്ടി സ്റ്റേററുഫാമുകൾ 118 പരീക്ഷണസ്ഥലങ്ങളും പ്രദർശനസ്ഥലങ്ങളും സംഘടിപ്പിച്ചു.

നിലവിൽവന്ന ആദ്യത്തെ കൊല്ലങ്ങളിൽ സ്റ്റേററുഫാമുകൾ ഉൽപ്പാദന സഹകരണ സംഘങ്ങൾക്കു വളരെ സഹായകരമായി അനുഭവപ്പെട്ടു. യന്ത്രങ്ങളുടെയും ട്രാക്ടറുകളുടെയും ഒരു ശൃംഖല സംഘടിപ്പിക്കുന്നതിന്നുമുമ്പു് സ്റ്റേററുഫാമുകൾ, സഹകരണസംഘങ്ങളെ (കൂട്ടുകൃഷിക്കളങ്ങൾ) ആധുനികയന്ത്രസാമഗ്രികൾ കൊടുത്തു സഹായിച്ചു. അങ്ങിനെ 1930-ൽ തന്നെ, അവരുടെ 10

ലക്ഷത്തിൽ കൂടുതൽ ഹെക്ടർ ഭൂമി ഉഴുതുകൊടുത്തും 15 ലക്ഷം ഹെക്ടറിൽ മെതിയും 3 ലക്ഷം ഹെക്ടറിൽ ഉഴുതു കഴിക്കലും നടത്തി സ്റ്റേററുഫാമുകൾ, 420 കളക്ടീവ്ഫാമുകളെ അവയുടെ യന്ത്രങ്ങൾകൊണ്ടു സഹായിച്ചു.

കൂട്ടുകൃഷി വൻതോതിൽ നടന്ന കാലത്തു് പുതുതായി സംഘടിപ്പിക്കപ്പെട്ട ഉല്പാദകരുടെ സഹകരണസംഘങ്ങൾക്കുള്ള പ്രവർത്തകരെ പരിശീലിപ്പിക്കുന്നതിൽ സ്റ്റേററുഫാമുകൾ ഗണ്യമായ പ്രവർത്തനങ്ങൾ നടത്തി. 1930-ലും 1931-ലും ധാന്യ സ്റ്റേററുഫാമിലെ കൂട്ടുകൃഷികളങ്ങൾക്കുവേണ്ടി മാത്രം 30.000 ടീം ലീഡർമാരെയും, മൃഗസംരക്ഷകരെയും നിലം-വിള വളർത്തുകാരെയും ട്രാക്ടർ ഓപ്പറേറ്റർമാരെയും, ഡ്രൈവർമാരെയും കണക്കപ്പിള്ളമാരെയും പരിശീലിപ്പിച്ചു. പതിനായിരക്കണക്കിനു കൂട്ടുകൃഷിക്കാർക്കു് സ്റ്റേററുഫാമിൽ പരിശീലനം നല്കപ്പെട്ടു. അവിടെ അവർ നേരിട്ടുള്ള ഉൽപ്പാദനപ്രക്രിയയിൽകൂടി വൻതോതിലുള്ള സാമൂഹ്യസംരംഭങ്ങളുടെ സംഘടനയുംമാനേജുമെന്റും പഠിക്കുകയും ആധുനികയന്ത്രങ്ങളുടെ പ്രായോഗിക ഉപയോഗത്തിനുള്ള അഭ്യസനവും അവർക്കു ലഭിക്കുകയുമുണ്ടായി. കൂട്ടുകൃഷിക്കളങ്ങളുടെ സാമൂഹ്യ സമ്പത്ഘടന സംഘടിപ്പിക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നതിൽ സ്റ്റേററുഫാമുകളുടെ സഹായത്തെപ്പററിയുള്ള അനുഭവം സാമാന്യമാക്കിക്കൊണ്ടു് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ കേന്ദ്രകമ്മിററി 1930 അവസാനത്തിൽ, വൻതോതിലുള്ള യന്ത്രീകൃത സ്റ്റേററുഫാമുകൾ കൂട്ടുകൃഷിക്കളങ്ങളെ സഹായിക്കുന്നതിൽനിന്നുണ്ടാകുന്ന ഗുണങ്ങളെപ്പററി ഒരു പ്രമേയം പാസ്സാക്കി. ഈ പ്രമേയം നടപ്പിൽ വരുത്തുന്നതിനു്, സ്റ്റേററുഫാമുകൾ കൂട്ടുകൃഷിക്കളങ്ങളെ സഹായിയ്ക്കാൻ വേണ്ടി, അവരുടെ ഏററവും നല്ല പ്രത്യേക വൈദഗ്ദ്ധ്യം നേടിയവരേയും തൊഴിലാളികളേയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ടീമുകൾ രൂപീകരിക്കുവാൻ തുടങ്ങി.

ഓരോ വലിയ സ്റ്റേററ്റ്ഫാമും, ചുററുമുള്ള കൂട്ടകൃഷിക്കളങ്ങളുടെ സാമൂഹ്യസമ്പതംഘടന ഊട്ടിയുറപ്പിക്കുന്നതിനുള്ള കേന്ദ്രമായിമാറി. അങ്ങിനെ വടക്കൻ കോക്കസ്സസിലുള്ള ജയൻറം സ്റ്റേററ്റ്ഫാമിലെജോലിക്കാർ ചുററുപാടുമുള്ള കൂട്ടകൃഷിക്കളങ്ങൾക്കു വൻപിച്ച സഹായം നൽകി. 1930_ൽ ആ സ്റ്റേററ്റ്ഫാം, 80 കൂട്ടകൃഷിക്കളങ്ങളെ അവയുടെ യന്ത്രങ്ങൾകൊണ്ടു സഹായിച്ചു. 1929_ലും, 1930ലും, വൻതോതിലുള്ള സാമൂഹ്യസംരംഭങ്ങളുടെ മാനേജുമെൻറിനെപ്പററി പഠിക്കുന്നതിനുവേണ്ടി കൂട്ടകൃഷിയിലുള്ള 120,000 കൃഷിക്കാർ അതു സന്ദർശ്ശിച്ചു.

1929മുതൽ 1935വരെ കസാകൂസ്ഥാനിൽ ഉള്ള വമ്പിച്ച പായ്ത്താ-അറാൾ സ്റ്റേററ്റ്ഫാം, ചുററുമുള്ള കൂട്ടകളങ്ങൾക്കുവേണ്ടി 36 ചെയർമാന്മാരേയും, 26 ടീംലീഡറന്മാരേയും, ഏകദേശം 3,000 ടാക്ടർ ഡ്രൈവർമാരേയും പലവിധത്തിലുള്ള യന്ത്രങ്ങളുടെ ഓപ്പറേററന്മാരേയും മററ് സ്പെഷ്യലിസ്റ്റുമാരേയും പരിശീലിപ്പിക്കുകയുണ്ടായി.

കളക്ടിവൈസേഷ്യൻ പൂർത്തിയായതിനുശേഷം, സ്റ്റേററ്റ്ഫാമുകൾ കൂട്ടകൃഷിക്കളങ്ങൾക്ക് വർദ്ധമാനമായ സഹായങ്ങൾ നൽകി. പഞ്ചവത്സരകാലത്ത് (1933മുതൽ 1937വരെ) സ്റ്റേററ്റ്ഫാമുകൾ കൂട്ടകൃഷിക്കളങ്ങൾക്ക്, 1,886,300 നല്ലയിനം കന്നുകാലികളേയും, 2,021,900 നല്ലയിനം പന്നികളേയും നൽകുകയുണ്ടായി. അങ്ങിനെ, കൂട്ടകൃഷിക്കളങ്ങളിലെ ഉല്പാദക കന്നുകാലികളെ ഫലപ്രദമായി തരം തിരിക്കുന്നതിന് സഹായിച്ചുകൊണ്ട്.

ആരംഭത്തിൽതന്നെ, നാട്ടിൻപുറങ്ങളുടെ സോഷ്യലിസ്റ്റു പരിവർത്തനത്തെ സഹായിച്ചുകൊണ്ടും സഹകരണ മേഖലയുടെ സാമൂഹ്യസമ്പതംഘടനയെ ഉറപ്പിച്ചുകൊണ്ടും സ്റ്റേററ്റ്ഫാമുകൾ കൃഷിയിലെ വൻകിട സാമൂഹ്യോല്പാദനത്തിൻെറ മാതൃകകളായിതീൎന്നു.

സോഷ്യലിസ്റ്റ് കൃഷി വളർന്നതോടൊപ്പം. അടിസ്ഥാന കാർഷികോല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിൽ സ്റ്റേററുഫാമുകൾ വർദ്ധമാനമായ ഒരു പങ്കുവഹിച്ചു. അങ്ങിനെ, 1940_ൽ സോവിയററു സ്റ്റേററുഫാമുകൾ ധാന്യത്തിൻെറ എട്ടുശതമാനവും. പരുത്തിയുടെ ആറുശതമാനവും ഉരുളക്കിഴങ്ങിൻെറ രണ്ടുശതമാനവും സസ്യങ്ങളുടെ ഒൻപതുശതമാനവും ഇറച്ചിയുടെ ഒൻപതു ശതമാനവുമാണ് ഉല്പാദിപ്പിച്ചതെങ്കിൽ 1962_ൽ അവ ധാന്യത്തിൻെറ നാല്പതുശതമാനവും പരുത്തിയുടെ പതിനെട്ടുശതമാനവും, ഉരുളക്കിഴങ്ങിൻെറ പത്തുശതമാനവും സസ്യങ്ങളുടെ മുപ്പതുശതമാനവും ഇറച്ചിയുടെ ഇരുപത്തിയാറു ശതമാനവും ഉല്പാദിപ്പിച്ചു കഴിഞ്ഞിരുന്നു.

കമ്പോളത്തിലേക്കുള്ള ഉല്പന്നങ്ങൾ നൽകുന്നതിൽ സ്റ്റേററുഫാമുകൾ വഹിച്ച പങ്ക് അതിലും പ്രാധാന്യമുള്ളതാണ്—45ശതമാനം ധാന്യം. 27ശതമാനം ഉരുളക്കിഴങ്ങ്, 49 ശതമാനം സസ്യങ്ങൾ. 36മുതൽ 39വരെ ശതമാനം കന്നുകാലി ഉത്പന്നങ്ങൾ,

സ്റ്റേററുഫാമുകൾക്ക്, മൊത്തം ഉൽപന്നങ്ങളുടേയും പ്രത്യേകിച്ചു കച്ചവടത്തിനുള്ളതിന്റേയും ഇത്ര വലിയ പങ്ക് ഉണ്ടാകുന്നതിനുള്ള കാരണം അവ വൻതോതിലും ഉയന്ന നിലയിൽ യന്ത്രവല്ക്കരിക്കപ്പെട്ടിട്ടുമുള്ള സ്ഥാപനങ്ങളായതാണ്.

മൊസ്കോറിജനു തെക്കുള്ള ഡാറിയാ കൊമ്മൂണിസ്മാ (കമ്മ്യൂണിസത്തിൻെറ ഉദയം) സ്റ്റേററുഫാം,] വൻകിട കാർഷിക സ്ഥാപനം സംഘടിപ്പിക്കുന്നതിൻെറ ഒരു നല്ല ഉദാഹരണമാണ്.

അതു് പാലും ഇറച്ചിയും ഉൽപാദിക്കുന്നതും 7,165ഹെക്ടർ കൃഷിഭൂമിയുള്ളതുമായ ഒരു വലിയ ഫാം ആകുന്നു. അതിൽ 5,677ഹെക്ടർ കൃഷിയോഗ്യമായ ഭൂമിയുണ്ട്. ശരിയായി യന്ത്രവൽക്കരിച്ച ഫാം ആണ് അതു്: 105ട്രാക്ടറുകൾ, 110ലോറികൾ, 12ധാന്യശേഖരണയന്ത്രങ്ങൾ, 18ചോളം കൊയ്യുന്നതിനുള്ള യന്ത്രങ്ങൾ, 7മധുരക്കിഴങ്ങു ശേഖരണത്തിനുള്ള യന്ത്രങ്ങൾ, 20ഉരുളക്കി

ഴങ്ങു ശേഖരണയന്ത്രങ്ങൾ, അതിനും പുറമെ വളരെയേറെ മററു കാർഷികയന്ത്രങ്ങളും. ഫാമിനു് 1,335 പശുക്കൾ ഉൾപ്പെടെ 2,378 കന്നുകാലികളുണ്ടു്. പാലുകറക്കുന്നതു് യന്ത്രസഹായത്തോടു കൂടിയാണു്. ഓരോ പാൽക്കാരിയും 90മുതൽ 105പശുക്കളുടെ ഉത്തരവാദിത്വം വഹിക്കുന്നു. ഫാമിൽ പോഷിപ്പിക്കപ്പെടുന്ന പന്നികളുടെ എണ്ണം 12,000 ത്തിൽ കവിയും. തീററസാധനങ്ങളുടെ പാകപ്പെടുത്തലും കടത്തി അയയ്ക്കലും യന്ത്രീകരിച്ചിട്ടുണ്ടു്.

ഭവനനിർമ്മാണം വൻതോതിൽ പുരോഗമിക്കുന്നു: 64ഫ്ളാററുകൾ വീതമുള്ള എട്ടു് നാലുനിലകെട്ടിടങ്ങൾ—എല്ലാ ആധുനിക സൗകര്യങ്ങളോടു കൂടിയതു്—500 തൊഴിലാളികുടുംബങ്ങൾക്കു് കൊടുത്തു കഴിഞ്ഞു. ചെറുപ്പക്കാർക്കുവേണ്ടിയുള്ള 180 ഫ്ളാററിന്റെ പണി പൂർത്തിയായിക്കൊണ്ടുമിരിക്കുന്നു. സ്റ്റേററുഫാം അതിന്റെ ഉദ്യോഗസ്ഥന്മാരെ നന്നായി കരുതുന്നു. കുട്ടികൾക്കായുള്ള രണ്ടു സ്ഥാപനങ്ങളുണ്ടു് (കിൻറർഗാർട്ടനുകളും ആഴ്ചയിൽ ആറുദിവസം 24മണിക്കൂർ പ്രവർത്തിക്കുന്ന ക്രെച്ചസും) ഓരോന്നിലും 140 കുട്ടികളെ താമസിപ്പിക്കുന്നതിനുള്ള സ്ഥലമുണ്ടു്. 640 കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള ഒരു സെക്കണ്ടറി സ്കൂളും ഉണ്ടു്. 500പേർക്കുള്ള ഒരു യുവജനക്ലബ്ബും അതോടുചേർന്നു ഒരു കായിക വിനോദസ്ഥലവും ഉണ്ടു്. 120 കിടക്കകളുള്ള ഒരു ആശുപത്രിയും ഒരു പോളിക്ലിനിക്കും പൂർത്തിയായി വരുന്നുണ്ടു്.

ഈ നിർമ്മാണപരിപാടി സാദ്ധ്യമായതു്, 1968-ൽ 1,808മെട്രിക്കു്ടൺ ഇറച്ചിയും 3,818 മെട്രിക്കു് ടൺ പാലും സ്റ്റേററിനു വില്ക്കാൻസാധിച്ച ഫാമിന്റെ വിജയകരമായ പ്രവർത്തനം മൂലമാണു്. ഭക്ഷ്യധാന്യങ്ങൾ കൃഷിചെയ്ത 1 800 ഹെക്ടർ ഭൂമിയിൽനിന്നുള്ള ശരാശരിഫലം ഒരു ഹെക്ടറിനു് 1.7 മുതൽ 1.8 വരെ മെട്രിക്കു് ടൺ വരെയെത്തിയിരുന്നു.

നിലംകൃഷികൾ ചെയ്യുന്നതു് പൂർണ്ണമായും യന്ത്രീകൃതമായ ട്രാക്ടറുകൾകൊണ്ടും നിലംകൃഷി ടീമുകൾവഴിയുമാണു്. സ്റ്റേററു

ഫാമിലെ മുഖ്യ തൊഴിലാളിവിഭാഗം മെഷീൻ ഓപ്പറേററൻമാരാകുന്നു. അവരുടെ ശരാശരിമാസവരുമാനം നൂറുമുതൽ ഇരുനൂറു റൂബിളാണ്.

ഡാറിയാ കമ്മ്യൂണിസ്റ്റാസ്റ്റേററുഫാം, അങ്ങിനെ, വളരെയേറെ കാർഷികോല്പന്നങ്ങൾ സംഭാവനചെയ്യുന്ന, ഉയർന്നരീതിയിൽ യന്ത്രീകൃതമായ ഒരു സംരംഭമാകുന്നു. ഉയന്ന നിലവാരത്തിലുള്ള യന്ത്രീകരണം തൊഴിലാളികളുടെ ഉല്പാദനക്ഷമത ഉയത്തുകയും തൊഴിലാളികളുടെ ഭൗതികവും സാംസ്കാരികവുമായ ജീവിതസൗകര്യങ്ങളുടെ ഉയന്ന നിലവാരത്തിനു് ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ടു്.

മററു വിഭാഗത്തിൽപ്പെട്ട ഫാമുകളെക്കാൾ കൂടുതൽ ഉയന്നതരത്തിലുള്ള കൃഷിവിളവും കന്നുകാലി ഉല്പാദനശേഷിയും ഉള്ളതാണ് മററു സോഷ്യലിസ്റ്റു രാജ്യങ്ങളിലുള്ള വലിയ ഫാമുകളും. അങ്ങിനെ, 1959-ൽ ഹംഗേറിയൻ സ്റ്റേററുഫാമുകളിലെ ഗോതമ്പുവിളവ്, ഒരുപിടിയിലു് കോഓപ്പറേററിവു ഫാമുകളുടെ സഹകായ്യവസ്തുക്കളിൽ 0,86 മെട്രിക്ക്ടൺ ആയിരുന്നപ്പോൾ, 1,35 ടൺ ആയിരുന്നു. ബൾഗേറിയയിൽ 1958-ൽ അതു ഹെക്ടറിനു് 2,216-ഉം 1,1 ഉം ടൺ ആയിരുന്നു.

ഇതിൻെറ കാരണം, സ്റ്റേററുഫാമുകൾ കൂടുതൽ വിദഗ്ദ്ധ തൊഴിലാളികളെ നിയോഗിക്കുകയും, ആധുധിക കാർഷികയന്ത്രങ്ങളും വളങ്ങളും കൂടുതൽനന്നായി ഉപയോഗപ്പെടുത്തുകയും കൃഷിശാസ്ത്രത്തിൻെറയും മൃഗശാസ്ത്രത്തിൻെറയും ഏററവും പുതിയ നേട്ടങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

സ്റ്റേററു ഫാമുകളുടെ ഗുണങ്ങൾ മൃഗസംരക്ഷണത്തിലും വ്യക്തമായി കാണാൻ കഴിയും. കൂടാതെ, എല്ലാസോഷ്യലിസ്റ്റു രാജ്യങ്ങളിലും, മാനേജുമെൻറിൻെറ നിലവാരവും അതുകൊണ്ടു് ഉല്പാദനക്ഷമതയും സഹകരണഫാമുകളെക്കാളും വ്യക്തികളുടെ ഫാമുക

ളേക്കാളും ഉയന്നതായുള്ള സ്റ്റേററുഫാമുകളിലാണു് ഏററവും നല്ല കന്നുകാലികൾ കേന്ദ്രീകരിക്കപ്പെടുന്നതു്.

സ്റ്റേററുഫാമുകളിലുള്ള കൃഷിവിളവുകളുടെ ഉയന്ന ഉല്പാദനക്ഷമതമൂലം അവയുടെ ഉല്പാദനം കാർഷികോല്പാദനം മൊത്തമായി എടുത്താലുള്ളതിൽ കൂടുതൽ വേഗത്തിൽ ഉയരുന്നു.

1950നോടു താരതമ്യപ്പെടുത്തുമ്പോൾ, പോളണ്ടിൽ 1960-ൽ മൊത്തം കാർഷികോൽപാദനം 26 ശതമാനം വർദ്ധിച്ചപ്പോൾ പോളണ്ടിൻെറ സ്റ്റേററുഫാമുകളുടെ ഉൽപാദനം 58ശതമാനമായിരുന്നു, ഹംഗറിയിൽ 126ശതമാനവും 175 ശതമാനവും, ജി. ഡി. ആറിൽ 201-ഉം 460-ഉം ശതമാനവും, ചെക്കോസ്ലോവാക്കിയായിൽ 119ഉം 210-ഉം ശതമാനവും ആയിരുന്നു.

കാർഷികോൽപന്നങ്ങളുടെ ഉൽപാദനത്തിൽ സ്റ്റേററുഫാമുകൾക്കു് താരതമ്യേന കൂടുതൽ പങ്കുണ്ടായിരുന്നു.

സോവിയററു യൂണിയൻെറയും മററുസോഷ്യലിസ്റ്റു രാജ്യങ്ങളുടെയും അനുഭവങ്ങൾ കാണിക്കുന്നതു്, സ്റ്റേററുഫാമുകളുടെ സ്ഥാപനം കൃഷിയിൽ വൻതോതിലുള്ള സാമൂഹ്യോല്പാദനം സംഘടിപ്പിക്കുന്ന പ്രധാനമാർഗ്ഗങ്ങളിൽ ഒന്നാകുന്നു എന്നാണു്. ഓരോ രാജ്യത്തിലുമുള്ള സ്റ്റേററുഫാമുകളുടെ പങ്കും സ്ഥലവും അതിൻെറ കാർഷികവികാസത്തിൻെറ ചരിത്രപരമായ സ്വഭാവത്തെയും, കൃഷിയുടെ സോഷ്യലിസ്റ്റുരൂപപരിവർത്തനത്തിൻെറ സ്ഥിതിയെയും മററുപല കാര്യങ്ങളേയും ആശ്രയിച്ചിരിക്കുന്നതും അവയെയെല്ലാം കണക്കിലെടുക്കേണ്ടതുമാകുന്നു. ചെറിയ തോതിലുള്ള ഫാമുകളെ വൻതോതിലുള്ള സാമൂഹ്യകൃഷിയായിമാററാൻ ആഗ്രഹിക്കുന്ന എല്ലാരാജ്യങ്ങളും അതിൻെറ കൃഷിയുടെ പ്രത്യേകസ്വഭാവങ്ങൾ നിർബ്ബന്ധമായി കണക്കിലെടുക്കുകയും അതേസമയംതന്നെ മററു രാജ്യങ്ങളുടെ എല്ലാ നല്ല അനുഭവങ്ങളും ഉൾക്കൊള്ളുകയും ചെയ്യുന്നു.

സോവിയററു യൂണിയന്റേയും മററു സോഷ്യലിസ്റ്റു രാജ്യങ്ങളുടെയും അനുഭവം കാണിക്കുന്നതുപോലെ, കൃഷിയുടെ സോഷ്യലിസ്റ്റു പുനർനിമ്മാണത്തിന്റെ കാലത്തു് കൃഷിയിൽ സാമൂഹ്യോല്പാദനം സംഘടിപ്പിക്കുന്നതിനു സാദ്ധ്യമായ മാർഗ്ഗങ്ങളിൽ ഒന്നുമാത്രമാണു് സ്റ്റേററുഫാമുകൾ. ഇതു സാർവ്വത്രികമായ ഒരു മാർഗ്ഗമല്ല, എന്നാൽ കൃഷിയുടെ പുനർനിമ്മാണത്തിന്റെ ഘടകങ്ങളിൽ ഒന്നുമാത്രമാകുന്നു.

ബഹുഭൂരിപക്ഷമുള്ള ചെറുകൃഷിക്കാരുടെ, വൻതോതിലുള്ള സാമൂഹ്യകൃഷിസമ്പ്രദായത്തിലേക്കുള്ള മാററത്തിന്റെ പ്രധാനമാർഗ്ഗം ഉല്പാദക സഹകരണസംഘങ്ങളിൽ അവർ സ്വമേധയാ സംഘടിക്കുന്നതാകുന്നു.

കൃഷിയെ രൂപപരിവർത്തനം ചെയ്യുന്നതിനുള്ള ഏററവും പ്രധാനമായ മാർഗ്ഗത്തിന്റെ അടിസ്ഥാന ഉപാധികളും, തത്വങ്ങളും, രൂപങ്ങളും നമുക്കു പരിശോധിക്കാം.

# III. സഹകരണ കൃഷിസമ്പ്രദായം വികസിപ്പിക്കുന്നതിന്റെ അനുഭവം

## 1. എന്തുകൊണ്ടു് സഹകരണ കൃഷിസമ്പ്രദായം അത്യാവശ്യം?

സോഷ്യലിസ്റ്റു കൃഷിയുടെ സംഘടനയ്ക്കുള്ള സഹകരണ രൂപത്തിന്റെ ആവശ്യം തീരുമാനിക്കുന്നതു് സാമൂഹ്യവികാസത്തിന്റെ രണ്ടു സുപ്രധാന ഉപാധികളാണു്. ഒരു വശത്തു്, ഇതു് ഉത്ഭവിക്കുന്നതു്. വൻതോതിലുള്ള കാർഷികോല്പാദനത്തിനു് ചെറിയതോതിലുള്ളതിനേക്കാളുള്ള മെച്ചത്തിൽനിന്നുമാണു്. മറുവശത്തു്, സംഘങ്ങളിൽക്കൂടി വൻതോതിലുള്ള കാർഷികോല്പാദനം നടത്തുന്നതു്, ചെറുകൃഷിത്തോട്ടങ്ങളെ ഇല്ലാതാക്കു

 2150

ന്നതിന്ന പകരം ചെറുഉടമകളുടെ വർഗ്ഗമെന്ന കൃഷിക്കാരുടെ പ്രത്യേകസ്ഥാനംവഴി അവയാൽ നിയന്ത്രിക്കപ്പെടുകയാണ ചെയ്യുന്നതു്.

ഈ രണ്ടു കാര്യങ്ങളെപ്പററിയും നമുക്ക പ്രതിപാദിക്കാം.

വ്യവസായത്തിലും കൃഷിയിലും വൻതോതിലുള്ള വ്യവസായോല്പാദനത്തിനും കാർഷികോല്പാദനത്തിനും ചെറിയ തോതിലുള്ളതിനേക്കാളുള്ള മെച്ചം മുതലാളിത്വത്തിൽ കീഴിൽ തെളിയിച്ചിട്ടുണ്ടു്. എന്നാൽ സോഷ്യലിസത്തിൻ കീഴിൽ അതു് കൂടുതൽ വ്യക്തമായി.

തൊഴിലാളികളുടെ സഹകരണത്തിൽനിന്നുമാകുന്ന ഈ മെച്ചം ഉണ്ടാകുന്നതു്—പൊതുകടമകൾ നിറവേററുന്നതിന്ന ജനങ്ങൾ മുഴുവൻ യോജിച്ചു് കൂട്ടായി പ്രവർത്തിക്കുന്നതിൽ നിന്നും. തൊഴിലാളികളുടെ സഹകരണം കൂടുതൽ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നു. ജനങ്ങൾ ഒററയായി പ്രവർത്തിച്ചാൽ ഈ ഫലം ഉണ്ടാവുകയില്ല. കൂട്ടായ പ്രവർത്തനത്തിൽ തൊഴിലായുധങ്ങളേയും ഉൽപാദനോപകരണങ്ങളേയും കൂടുതൽ ഉൽപാദനക്ഷമതയോടു കൂടി ഉപയോഗിക്കുന്നു. കരുത്തും കഴിവും അനുകരിക്കുന്നതിന്ന പ്രേരിപ്പിക്കുകയും ജനങ്ങളെ അവരുടെ കായികവും മാനസികവുമായ കഴിവുകൾ കൂടുതൽ പൂർണ്ണമായി പ്രകടിപ്പിക്കുന്നതിനും അദ്ധ്വാനായുധങ്ങൾ കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയും നന്നാക്കുകയും ചെയ്യുന്നതിനും ഉത്തേജനം നൽകുകയും ചെയ്യുന്നു.

വൻകിട മുതലാളിത്തോല്പാദനം, തൊഴിലാളികളുടേയും ഉൽപാദനോപകരണങ്ങളുടേയും വളരെ ലളിതമായ സഹകരണത്തിൽനിന്നാണു് ഉയർന്നുവന്നതു്. ഇതു വളരെ ഉയർന്നതരത്തിലുള്ള യാന്ത്രികോൽപാദനത്തിൽ കലാശിച്ചു.—ഈ സഹകരണത്തിന്റെ സിദ്ധാന്തത്തിൽ.

വ്യവസായത്തിലും കൃഷിയിലും വൻകിട ഉൽപാദന ത്തിന്ന് ചെറുകിടയുൽപാദനത്തിൻെറ മേലുള്ള ശ്രേഷ്ടത, അതിൻെറ കൂടുതൽ സമ്പൂൎണ്ണവും ഫലപ്രദവുമായ, ഉൽപാദനോപ കരണങ്ങളുടെ ഉപയോഗവും അദ്ധ്വാനത്തിൻെറ ഉയൎന്ന ഉൽപാ ദനക്ഷമതയുമാകുന്നു. മുതലാളിത്വത്തിൽ കീഴിൽ, ഇതു് വൻ കിടയുൽപാദനത്തിൻെറ ചെറുകിടയെ തള്ളിമാററിക്കൊണ്ടുള്ള ഉൽപാദനകേന്ദ്രീകരണത്തിലേക്കു നയിക്കുന്നു. ഈ നിയമം വ്യവസായത്തിലും കൃഷിയിലും ബാധകമാണ്.

മുതലാളിത്വത്തിൽ കീഴിൽ, വിലപിടിച്ച യന്ത്രങ്ങൾ വാങ്ങുന്നതിന്ന് ചെറിയ സ്ഥാപനങ്ങൾക്കു കഴിയുകയില്ല. കൃഷി സ്ഥാപനങ്ങൾ ഉൾപ്പെടെ.

യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള ചിലവ്, അവയുടെ സാങ്കേതിക സംരക്ഷണവും അററകാററം തീൎക്കലും. പെട്രോളും എണ്ണയും എല്ലാംകൂടി, പലപ്പോഴും അവയുടെ ഉപയോഗത്തിൽനിന്നും ലഭിക്കുന്നതിൽ കൂടുതലാകുന്നുവെന്നു മാത്രമല്ല ചെറിയ കൃഷിക്കാ രൻ തൻെറ സ്വന്തം അദ്ധ്വാനംകൊണ്ടുണ്ടാക്കുന്ന ചെറിയ ആദാ യവും നഷ്ടപ്പെടുന്നു. ഉയൎന്ന ഉൽപാദകശേഷിയുള്ള, ടാക്ടർ, കമ്പൈനുകൾ മുതലായ കാർഷികയന്ത്രങ്ങളെ അതിൻെറ പര മാവധി കഴിവനുസരിച്ച്, ചെറിയ ഫാമുകളിൽ ഉപയോഗി ക്കാൻ കഴിയുകയില്ല. അവിടെ അവ സാധാരണയായി നഷ്ടക രവും ചിലപ്പോൾ ഒരു ദുർവ്വഹമായ ഭാരവും ആയിത്തീരുന്നു.

മുതലാളിത്വരീതിയിലുള്ള കൃഷിയുടെ പ്രയോഗം കാണി ക്കുന്നതു്, 500 ഹെക്ടറെങ്കിലും കൃഷിചെയ്യുന്ന തോട്ടങ്ങളിൽ മാത്രമേ എതാണ്ടു ലാഭകരമായവിധം ഒരു ഇടത്തരം ടാക്ടർ ഉപയോഗിക്കുവാൻ കഴിയുകയുള്ളുവെന്നാണു്. ഇങ്ങിനെയുള്ള പ്പോഴും ടാക്ടറിൻെറ മുഴുവൻകഴിവും പ്രയോഗിക്കാൻ കഴിയുക യില്ല. കാരണം, ഈ വലുപ്പത്തിലുള്ള ഒരു ഫാമിന്ന് അതിൻെറ പൂൎണ്ണമായ ഉപയോഗത്തിന്ന് ഉറപ്പു നൽകുന്നതായ, ഭൂമി ഉഴുന്ന

തിനും അതുപോലെതന്നെ കൊയ്യുന്നതിനും മററു് കാർഷികപ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള എല്ലാ യന്ത്രസാമഗ്രികളുമടങ്ങുന്ന ഒരു മുഴുവൻ യന്ത്രസജ്ജീകരണം വാങ്ങാൻ കഴിയുകയില്ല. ഒരു കംബൈനിന്റെ ലാഭകരമായ ഉപയോഗത്തിനു് കുറഞ്ഞപക്ഷം 200ഹെക്ടർ ഭൂമിയിൽ ധാന്യം കൃഷിചെയ്യണം. ആധുനിക മുതലാളിത്വ കൃഷിയുടെ അനുഭവം കാണിക്കുന്നതു്, കുറഞ്ഞപക്ഷം 200മുതൽ 250ഹെക്ടർ ഉള്ളനസ്ഥലത്തിനു മാത്രമെ ആധുനികമായ പൂർണ്ണകാർഷികയന്ത്രസജ്ജീകരണങ്ങൾ പററുകയുള്ളുവെന്നാണു്.

യു. എസ്. എസ്. ആറിലേയും മററു സോഷ്യലിസ്റ്റു രാജ്യങ്ങളിലേയും വൻകിട സോഷ്യലിസ്റ്റു കാർഷികോൽപാദനത്തിന്റെ അനുഭവം കാണിക്കുന്നതു്, ഏററവും ആധുനികമായ സാങ്കേതിക സാമഗ്രികൾ ഉപയോഗിച്ചുള്ള (വ്യോമപ്രവർത്തനങ്ങൾ ഉൾപ്പെടെ) അതിന്റെ യുക്തിപൂർവ്വമായ സംഘടനയ്ക്കു് വളരെ വലിയ ഫാമുകൾ ആവശ്യമാണെന്നാണു്. സോവിയററു യൂനിയനിലെ സാധാരണ ഫാമിന്റെ വലുപ്പം 28,000 ഹെക്ടർ ആണു്. 40,000 ഹെക്ടറും അതിൽ കൂടുതലുമുള്ള ഫാമുകളും അവിടെയുണ്ടു്. മുതലാളിത്വത്തിൽ കീഴിൽ ഭൂരിപക്ഷം ചെറിയ ഫാമുകളുടേയും ഉത്ഭവത്തിന്റെ കാരണം കുടുംബത്തിലെ ചെറുതും വലുതുമായ എല്ലാ അംഗങ്ങളും എല്ലാടിയെ പണിയെടുത്തു് ദാരിദ്ര്യസംപൂർണ്ണമായി ഒരു ജീവിതം നയിച്ചു എന്നുള്ളതാണു്. കൃഷിപ്പിഴയുണ്ടാകുമ്പോൾ വ്യാപകമായ രീതിയിൽ പട്ടിണിയും ഉണ്ടാകുമായിരുന്നു.

ഭയങ്കരമായ ദാരിദ്ര്യത്തിൽനിന്നും രക്ഷപ്പെടുന്നതിനുവേണ്ടി, ചെറിയ കൃഷിക്കാരിൽ ചിലർ, ടാക്ടറുകളു, മററു യന്ത്രങ്ങളും, രാസവളങ്ങളും രാസവസ്തുക്കളും വാങ്ങും. അതിന്റെ ഫലമായി അവർ പലപ്പോഴും കടത്തിൽ മുഴുകുകയും ക്രമേണ പാപ്പരാകുകയും ചെയ്യുന്നു. അവരുടെ ഫാമുകൾ ലേലത്തിൽ വില്ക്കപ്പെ

ടുന്നു. അവർ, അങ്ങിനെ, അവരുടെ കുടുംബത്തോടൊപ്പം തൊഴിലില്ലാത്തവരുടേയും കിടപ്പാടമില്ലാത്തവരുടേയും ജനങ്ങളുടേയും അണികളിൽ ചേരുന്നു.

ചെറുകിട കാർഷികോൽപാദനത്തിന്റെ സ്ഥാനത്തു് വൻകിട കാർഷികോൽപാദനം ഉണ്ടായതു് മുതലാളിത്വത്തിന്റെ വളർച്ചയുടെ കാലത്താണു്. ആ പ്രക്രിയ ഇന്നും എല്ലാ മുതലാളിത്വ രാജ്യങ്ങളിലും തുടരുകയും, അസമമായ രീതിയിലാണെങ്കിൽപോലും അതിവേഗം ശക്തിപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു.

അങ്ങിനെ, ഫ്രാൻസിൽ 1892–നും 1920–നും ഇടയിൽ കൃഷിക്കാരുടെ ഭൂമിയുടെ എണ്ണത്തിൽ 500,000 കുറവുണ്ടായി. അതിന്റെ അർത്ഥം ഓരോ കൊല്ലവും 13,000 മുതൽ 14,000 വരെ കൃഷിക്കാർ പാപ്പരായി എന്നാകുന്നു. 1929–നും 1956–നും ഇടയ്ക്കു് 800,000 കൃഷിതോപ്പുകൾ പ്രവൃത്തിരഹിതമായി, അല്ലെങ്കിൽ, ഓരോ കൊല്ലവും 30,000 കർഷക കുടുംബങ്ങൾ. രണ്ടാം ലോകമഹായുദ്ധത്തെ തുടർന്നുള്ള കൊല്ലങ്ങളിൽ പ്രവൃത്തിരഹിതമായ കൃഷിതോപ്പുകളുടെ എണ്ണം 80,000 ആയി. ചെറിയ കൃഷിതോപ്പുകളുടെ തള്ളിനീക്കത്തെ ഗവമ്മേൻറുനിയമം കൂടുതൽ ത്വരിതപ്പെടുത്തിയെന്നുള്ളതും ഓർത്തിരിക്കേണ്ടതാണു്. 1960ൽ ഫ്രഞ്ചുഗവമ്മേൻറു് ഒരു ഫാമിന്റെ ഏററവും കുറഞ്ഞ വലുപ്പം 19 ഹെക്ടറാക്കി നിശ്ചയിച്ചുകൊണ്ടു് "കൃഷിയുടെ നവീകരണം" എന്നൊരു നിയമം പാസ്സാക്കി.

"ഏററവും കുറഞ്ഞ" വലുപ്പത്തിനു കീഴിലുള്ള എല്ലാ വസ്തുക്കളും നഷ്ടകരമായി "അപ്രത്യക്ഷപ്പെടുക." എന്നതായിരുന്നു ആ നിയമം. അങ്ങിനെ, 800,000 ഫ്രെഞ്ചുകൃഷിതോപ്പുകൾകൂടി പ്രവർത്തനരഹിതമായിത്തീന്നു.

ജമ്മനിയിലെ ഫെഡറൽ റിപ്പബ്ലിക്കു് ഗവമ്മേൻറു് ചെറിയ കൃഷിതോപ്പുകളെ ബലംപ്രയോഗിച്ചു നിർമ്മാർജ്ജനം

ചെയ്യുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കി. 1953-ൽപാസ്സാക്കിയ, കൃഷിയുടെ ഘടന മാററുന്നതിനുള്ള നിയമത്തിൽ ഗ്രീൻപ്ലാൻ എന്ന പേരിൽ ഇതും ഉൾപ്പെടുത്തിയിട്ടുണ്ടു്. നാൽപതു് ഹെക്ടറിൽ കുറവുള്ള ചെറുകിട കൃഷിതോപ്പുകളെ നിർമ്മാജ്ജനം ചെയ്യുന്നതിനുള്ള പരിപാടിയാണതു്. ഔദ്യോഗിക കണക്കനുസരിച്ചു് വെസ്റ്റ്ജമ്മൻ ഫാമുകളിൽ 90ശതമാനവും 40ഹെക്ടറിൽ കുറവുള്ളതാണു്. അതുകൊണ്ടു്, കുപ്രസിദ്ധമായ ഈ ഗ്രീൻ പ്ലാനിൽ അതെല്ലാം അപ്രത്യക്ഷമാകും.

ഇററാലിയൻ ഗവമ്മെൻറു സ്വീകരിച്ച ഇതുപോലെയുള്ള തീരുമാനപ്രകാരം ·0ലക്ഷം ചെറുകൃഷിതോപ്പുകൾ ഇല്ലാതാകും.

മിക്കവാറും എല്ലാ മുതലാളിത്വരാജ്യങ്ങളിലും, ഗവമ്മെൻറുനിയമങ്ങൾമൂലം ചെറിയ കർഷകഫാമുകൾ നിമ്മാജ്ജനം ചെയ്യപ്പെടുകയാണു്. ഇന്നു് ഈപ്രക്രിയ യഥാക്രമമായ ഒരു ലോകവ്യാപകസ്വഭാവം അംഗീകരിച്ചിട്ടുണ്ടു്. 1961 ഏപ്രിൽ മാസത്തിൽ ഇന്റർനാഷനൽപ്രസ്സു് ഇൻസ്റ്റിററ്യൂട്ടിൽ. ഇ. ഇ. സി. കമ്മററിയുടെ (യൂറോപ്യൻ ഇക്കോണമിക്കു് കമ്മ്യൂണിററി) വൈസു് പ്രസിഡൻറു്. എസ്സു്. എൽ. മാൻഷോൾട്ടു്. ഇ. ഇ. സി. യുടെ ഔദ്യോഗികനയം ചെറുകൃഷിക്കാരെ ഇല്ലാതാക്കുകയാണെന്നും, ഇററലിയിലെ നാൽപത്തിഅഞ്ചുലക്ഷവും ഫ്രാൻസിലെ 20ലക്ഷവും ഉൾപ്പെടെ ഇ. ഇ. സി. രാജ്യങ്ങളിലെ 80ലക്ഷം കൃഷിക്കാരും കർഷകതൊഴിലാളികളും കൃഷി ഉപേക്ഷിക്കേണ്ടി വരുമെന്നും പ്രഖ്യാപിച്ചു.

അങ്ങിനെ, മുതലാളിത്വത്തിൽ കീഴിൽ, ചെറുകിടകൃഷിയ്ക്കു പകരം വൻകിട യന്ത്രീകൃതോല്പാദനം നടത്തുകയെന്നുവെച്ചാൽ അതിന്റെഫലം ചെറുകൃഷിത്തോട്ടങ്ങളുടെ നിർമ്മാജ്ജനവും നാശവും മാത്രമല്ല അവയെ വൻകിട മുതലാളിത്വ കാർഷികസ്ഥാപനങ്ങൾ പിടിച്ചെടുക്കുകയെന്നക്രമിയാണു്.

ചെറുകിട ഫാമിങ്ങിനു പകരം വൻകിട കാർഷികോൽപാദനം സ്ഥാപിക്കുന്നതിനു നേരെ എതിരായുള്ള ഒരു ഉദാഹരണമുണ്ട്. അതു് സോവിയററു യൂണിയനും മററു സോഷ്യലിസ്റ്റു രാജ്യങ്ങളും കാണിച്ചുതന്നിട്ടുള്ള ഉദാഹരണമാണു് — ചെറിയ കൃഷിക്കാരെ വലിയ സഹകരണഫാമുകളിൽ ചേർത്തുകൊണ്ടു് രൂപികരിക്കുന്ന വൻകിട സോഷ്യലിസ്റ്റു കാർഷികോൽപാദനം.

മുകളിൽ ചൂണ്ടിക്കാണിച്ചതുപോലെ, വൻകിട സോഷ്യലിസ്റ്റു് കാർഷികോൽപാദനം നടപ്പിൽ വരുത്തുന്നതു് സ്റ്റേററുകാർഷികസ്ഥാപനങ്ങൾ — സ്റ്റേററുഫാമുകളും നാഷനൽ എസ്റ്റേററുകളും — നിർമ്മിച്ചുകൊണ്ടാണു്.

നമുക്കു് എന്തുകൊണ്ടു് ഈ വിധത്തിൽ വൻകിട സോഷ്യലിസ്റ്റു് കാർഷികോൽപാദനം നിർവ്വഹിച്ചുകൂടാ?

ഇവിടെയാണു്, മുൻപ്രസ്താവിച്ച രണ്ടാമത്തെ ഉപാധി — ചെറിയ ഉടമകൾ എന്നുള്ള കർഷകവർഗ്ഗത്തിന്റെ പ്രത്യേകസ്ഥാനം — സാമൂഹ്യവികാസത്തിന്റെ രംഗത്തു പ്രത്യക്ഷപ്പെടുന്നതു്.

കൃഷിക്കാരുടെയുടമസ്ഥതയിലുള്ള എല്ലാ ഭൂമിയിലും സ്റ്റേററുഫാമിന്റെ മാതൃകയിലുള്ള സോഷ്യലിസ്റ്റു് സംരംഭങ്ങൾ സംഘടിപ്പിക്കുന്നതിനു്, വൻകിട ഭൂവുടമകളേയും ബൂർഷ്വാസിയേയും പോലെതന്നെ കൃഷിക്കാരെ ഒരു വർഗ്ഗമെന്നനിലയിൽ മാററിനിർത്തേണ്ടതുണ്ടു്. തൊഴിലാളിവർഗ്ഗത്തിനു്, അതിന്റെ സഖ്യകക്ഷിയായ അദ്ധ്വാനിക്കുന്ന കൃഷിക്കാരോടു നിശ്ചയമായും ഇങ്ങിനെ ചെയ്യാൻ സാധിക്കുകയില്ല.

ചെറിയ കൃഷിക്കാരും തൊഴിലാളിവർഗ്ഗവും വിപ്ലവസമരങ്ങളിൽ സഖ്യകക്ഷികളായിരുന്നു. അവർ രണ്ടുകൂട്ടരും അദ്ധ്വാനിയ്ക്കുന്നവരും, ഭൂവുടമകളുടേയും ബൂർഷ്വാസികളുടേയും ചൂഷണം അവസാനിപ്പിയ്ക്കുന്നതിൽ തല്പരരും ആയതുകൊണ്ടും, ചെറുകൃഷിക്കാരനു് അവന്റെ സ്വന്തം തുണ്ടു ഭൂമിയിൽ ആധുനികയന്ത്ര

ങ്ങൾ ഉപയോഗിയ്ക്കുന്നതിന്ന കഴിയാത്തതുകൊണ്ടും അതുകൂടാതെ അവന്റെ ഭൂമിയിൽനിന്നുള്ള ആദായം ഉയർത്തുന്നതിന്നും പട്ടിണിയിൽ നിന്നും രക്ഷപ്പെടുന്നതിന്നും സാധിയ്ക്കാത്തതുകൊണ്ടും, ക്രമേണ സോഷ്യലിസ്റ്റ് വികാസത്തിന്റെ മാർഗ്ഗത്തിലേയ്ക്കു് വരുന്നു. എന്നാൽ ഒരു ചെറിയ ഉടമയെന്ന നിലയിൽ കൃഷിക്കാരൻ അവന്റെ സ്വകാര്യസ്വത്തിൽ മുറുകെ പിടിക്കുന്നു. അതുകൊണ്ടാണു് സോഷ്യലിസ്റ്റ് വിപ്ലവത്തെ തുടർന്നു ഉടൻ തന്നെ കൃഷിയുടെ സോഷ്യലിസ്റ്റ് രൂപപരിവർത്തനത്തിന്റെ ആവശ്യം ബോദ്ധ്യമാകാതെയിരുന്നതു്. അതിന്റെ ഗുണങ്ങൾ സ്വന്തം അനുഭവത്തിൽകൂടി ബോദ്ധ്യമാകുന്നതിന്നു് കൃഷിക്കാരന്നു് കുറെ സമയം ആവശ്യമാണു്.

കൃഷിക്കാരുമായുള്ള വിപ്ലവസഖ്യം ശക്തിപ്പെടുത്തുന്നതിനു്, അദ്ധ്വാനിയ്ക്കുന്ന കർഷകർക്കു് തൊഴിലാളിവർഗ്ഗം വിട്ടുവീഴ്ചകൾ ചെയ്യുകയും ഭൂവുടമകളിൽനിന്നും പിടിച്ചെടുത്ത ഭൂമി വിതരണം ചെയ്യണമെന്നുള്ള അവരുടെ ആവശ്യത്തെ പിന്താങ്ങുകയും ചെയ്യുന്നു.

ഇതാണു്, യു. എസ്സ്. എസ്സ്. ആറിലും മററു സോഷ്യലിസ്റ്റ്‌രാജ്യങ്ങളിലും സംഭവിച്ചതു്.

അതുകൊണ്ടാണു് മുമ്പുണ്ടായിരുന്ന എല്ലാ ഭൂമിയും—വലുതുപോലും—സ്റ്റേററു സോഷ്യലിസ്റ്റ് സ്ഥാപനങ്ങളായി മാററാതിരുന്നതു്. ഈ എസ്റ്റേററുകളിൽ ചിലതിലെ ഭൂമിയും കന്നുകാലികളും പാവപ്പെട്ടവരും ഇടത്തരക്കാരുമായ കൃഷിക്കാർക്കു കൊടുത്തതു്.

അതുകൊണ്ടാണു്, സോവിയററു യൂനിയനും മററു സോഷ്യലിസ്റ്റ് രാജ്യങ്ങളും, വൻകിട സ്റ്റേററു സ്ഥാപനങ്ങളോടൊപ്പം തന്നെ ചെറിയ കർഷകഭൂമിയെ ഉല്പാദകരുടെ സഹകരണസംഘങ്ങളിൽ ക്രമേണയും സ്വമനസ്സാലെയും ലയിപ്പിച്ചുകൊണ്ടു് വൻ

കിട സോഷ്യലിസ്റ്റ് കാർഷികോൽപാദനം സംഘടിപ്പിയ്ക്കുന്ന തിന്നു തീരുമാനിച്ചതു്.

## 2. ലെനിന്റെ സഹകരണപദ്ധതി

ഉൽപാദകരുടെ സഹകരണസംഘങ്ങൾ സ്ഥാപിയ്ക്കുന്നതിൽ സോവിയറ്റ് യൂനിയനിലെ കമ്യൂണിസ്റ്റ് പാർട്ടിയേയും മററു മാർക്സിസ്റ്റ് ലെനിനിസ്റ്റ് പാർട്ടികളേയും നയിച്ചതു്, നാട്ടിൻ പുറങ്ങളുടെ സോഷ്യലിസ്റ്റ് രൂപപരിവർത്തനത്തെപ്പററിയുള്ള ലെനിന്റെ ഉപദേശങ്ങളാണു്. ഈ ഉപദേശത്തിന്റെ അടിസ്ഥാനം ലെനിന്റെ സഹകരണപദ്ധതിയാകുന്നു.

ചെറുകിട സ്വകാര്യ കൃഷിസമ്പ്രദായത്തിൽനിന്നും, വൻകിട സഹകരണസോഷ്യലിസ്റ്റ് കൃഷിയിലേക്കു സ്വമനസ്സാലെയുള്ള കൃഷിക്കാരുടെ മാററത്തിന്റെ പാത നിശ്ചയിക്കുന്ന താത്വിക പ്രമാണങ്ങളും രാഷ്ട്രീയവും സാമ്പത്തികവുമായ നടപടികളും അടങ്ങുന്ന ഒരു ശാസ്ത്രീയസമ്പ്രദായമാണു് ലെനിന്റെ സഹകരണപദ്ധതി. തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിന്റെ ഏററവും ഉയർന്ന തത്വമായ, തൊഴിലാളിവർഗ്ഗത്തിന്റെയും കൃഷിക്കാരുടെയും സഖ്യത്തിന്റെ ആററിക്കുറുക്കിയ പ്രകടനമാണു് ലെനിന്റെ സഹകരണപദ്ധതിയും അതിന്റെ പ്രായോഗിക പ്രയോഗവും.

ലെനിന്റെ സഹകരണപദ്ധതിയുടെ മുഖ്യപ്രമാണങ്ങൾ താഴെ പറയുംവിധം ഉപസംഹരിക്കാം:

—കൃഷിക്കാർ സംഘടനയിൽ സ്വമേധയാ ചേരുന്നതും സാമൂഹ്യോല്പാദനത്തിന്നുവേണ്ടിയുള്ള സംഘടനയുടെ രൂപം നിശ്ചയിക്കുന്നതും;

—വ്യക്തികളുടെ സ്വകാര്യസ്വത്തായ ഭൂമിയിൽനിന്നും വൻതോതിലുള്ള കൂട്ടസോഷ്യലിസ്റ്റ് സ്ഥാപനങ്ങളിലേക്കുള്ള ക്രമേണയായ മാററത്തിന്നുവേണ്ടി എല്ലാ മാതൃകയിലുമുള്ള കോ

ഓപ്പററേറിവുകളെ വിപ്ലവമായവിധം ഉപയോഗപ്പെടുത്തിക്കൊണ്ടു് കോഓപ്പററേറീവിന്റെ ലളിതമായ രൂപത്തിൽനിന്നും കൂടുതൽ സങ്കീർണ്ണമായ രൂപത്തിലേക്ക ക്രമേണയും തുടർച്ചയായുമുള്ള ഒരു മാററം;

—കൂട്ടായ ഉല്പാദനത്തിന്റെ രൂപങ്ങളും കൂട്ടുകൃഷിക്കർഷകരെ സംഘടിപ്പിക്കുകയും, അവരുടെ ജോലിക്കുള്ള കൂലി കൊടുക്കുകയുംചെയ്യുന്നതിന്നുള്ള രൂപം നിശ്ചയിക്കുകയുംചെയ്യുന്നതിന്ന കൃഷിക്കാരുടെ വ്യക്തിപരവും കൂട്ടായതുമായ താല്പര്യങ്ങളെ സംയോജിപ്പിക്കുക;

—കൂട്ടായി ലഭിക്കുന്ന ആദായത്തെ, മുഖ്യമായി, ചെയ്തതീർത്ത ജോലിയുടെ ഗുണവും വലുപ്പവുമനുസരിച്ചു, സോഷ്യലിസ്റ്റ് ലെവലിന്റെ പ്രക്രിയയിലും സാമൂഹ്യോല്പാദനോപകരണത്തിന്റെ വികാസത്തിലും കോഓപ്പറേററീവിലെ അംഗങ്ങളുടെ സ്വകാര്യ താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ടു വിതരണംനടത്തുക;

—സാമൂഹ്യോൽപാദനത്തെ വികസിപ്പിക്കുകയും ഉറപ്പിക്കുകയും അദ്ധ്വാനത്തിന്റെ ഉൽപാദനക്ഷമത ഉയർത്തുകയുംചെയ്യുന്നതിന്നു്, ശാസ്ത്രീയവും സാങ്കേതികവുമായ നേട്ടങ്ങളെ പരമാവധി ഉപയോഗപ്പെടുത്തുക.

കൃഷിയുടെ സോഷ്യലിസ്റ്റ് പുനർനിർമ്മാണത്തിന്റെ ലോകമാകെയുള്ള കൂട്ടായ അനുഭവം, ലെനിന്റെ സഹകരണപദ്ധതിയുടെ അലംഘനീയത തെളിയിച്ചിരിക്കുന്നു.

സ്വേഛാനുസാരം എന്നുള്ള തത്വത്തിന്റെ ലംഘനവും കളക്റ്റിവൈസേഷനു് കൂടുതൽ ധൃതികാണിക്കുന്നതും ദോഷഫലങ്ങൾ ഉളവാക്കുന്നതായിരുന്നു.

കൃഷിക്കാരുടെ സഹകരണത്തിന്റെ തത്വങ്ങളെ നിർവ്വചിക്കുന്നതിന്നു പുറമെ, ലെനിന്റെ സഹകരണപദ്ധതി, കൃഷിക്കാർ സഹകരണത്തിന്റെ അടിസ്ഥാനത്തിൽ സോഷ്യലിസത്തിലേക്ക

നീങ്ങുന്നതിനുള്ള സാദ്ധ്യതകളുള്ള പ്രത്യേക സാഹചര്യങ്ങളിലാണു ണ്ടാകുന്നതെന്നും എടുത്തുകാണിക്കുന്നുണ്ടു്.

സഹകരണപദ്ധതി നടപ്പാക്കുന്നതിനുള്ള ഒന്നാമത്തെ അനിഷേദ്ധ്യമായ ഉപാധി, മർമ്മസ്ഥാനങ്ങൾ രാജ്യത്തിൻെറ ഉൽപാദകശക്തികളുടെ കയ്യിൽ കേന്ദ്രീകരിച്ചുകൊണ്ടു്, രാജ്യത്തു് ജനകീയ ഗവൺമെൻറു് സ്ഥാപിക്കുകയെന്നുള്ളതാണു്. ചൂഷകന്മാരുടെ മേധാവിത്വത്തിൻകീഴിൽ ഏതു സഹകരണപ്രസ്ഥാനവും വെറും മുതലാളിത്വസംരംഭം മാത്രമായിരിക്കും. ജനകീയാധികാരത്തിൻകീഴിൽ മാത്രമെ സഹകരണത്തിനു സോഷ്യലിസ്റ്റു് സ്വഭാവം ലഭിക്കുകയുള്ളു.

രണ്ടാമത്തെ ഉപാധി, സഹകരണ കൃഷിസമ്പ്രദായം ഉത്ഭവിക്കുകയും വികസിക്കുകയും ചെയ്യുന്നതു്, തൊഴിലാളികളുടേയും കൃഷിക്കാരുടെയും ഗവൺമെൻറിന്റെ സാമ്പത്തികവും ഭൗതികവുമായ പിൻതുണയോടുകൂടിയാകുന്നു.

മൂന്നാമത്തെ ഉപാധി, കൃഷിയുടെ കളക്ടീവു് സമ്പ്രദായത്തിലേക്കുള്ള വിജയകരവും ഉറപ്പുള്ളതുമായ ഒരു മാററത്തിനു്, വ്യക്തികളായ കൃഷിക്കാരുടെ ഫാമുകളുമായി താരതമ്യപ്പെടുത്തുമ്പോൾ, കൂട്ടദ്ധ്വാനത്തിൻെറ ഉൽപാദകക്ഷമതയുടെ വളച്ചയ്ക്കു ഗണ്യമായ പ്രാധാന്യം നൽകുന്നതിനാവശ്യമായ ഉപാധികൾ സൃഷ്ടിക്കുന്നതിനു സഹായിക്കുന്ന ഏററവും കുറഞ്ഞ ചില ഭൗതികവും സാങ്കേതികവുമായ മാററങ്ങൾ ഉണ്ടായിരിക്കണം.

ചെറുകൃഷിക്കാരുടെ മനശാസ്ത്രവും ശീലങ്ങളും മുഴുവനായി മാററുന്നതിനു് പല തലമുറകൾ ആവശ്യമാണെന്നും, ഉറപ്പുള്ള ഒരു ഭൌതികാടിസ്ഥാനത്തിനു മാത്രമെ, കൃഷിയിൽ ട്രാക്ടറുകളും മററു യന്ത്രങ്ങളും വിപുലമായതോതിൽ ഉപയോഗിക്കുകയും വൻതോതിലുള്ള ഇലക്ട്രിഫിക്കേഷൻ നടപ്പാക്കുകയും ചെയ്യുന്നതുകൊണ്ടു മാത്രമെ, ചെറിയ കൃഷിക്കാരെ സംബന്ധിച്ചുള്ള ഈ പ്രശ്നം പരിഹരിക്കപ്പെടുകയുള്ളു എന്നും ലെനിൻ പഠിപ്പിക്കുന്നു.

എന്നാൽ, ഉൽപാദനത്തിനുള്ള ലഘുവായ ആയുധങ്ങൾ ഒത്തിണക്കി ഏകോപിപ്പിച്ചു കൂട്ടായി ഉപയോഗിക്കുന്നതുപോലും അദ്ധ്വാനത്തിന്റെ ഉൽപാദനക്ഷമതയെ ഉയർത്തുന്നതിനു ഗണ്യമായി സഹായിക്കുന്നു എന്നുള്ള മാർക്സിസ്റ്റുതത്വം, നാം ഒരിക്കലും വിസ്മരിച്ചുകൂടാ.

സഹകരണപദ്ധതിയുടെ തത്വങ്ങളുടെ വെളിച്ചത്തിൽ, വിവിധ രൂപത്തിലുള്ള കോഓപ്പറേറ്റീവുകളിൽകൂടി സോവിയറ്റ് യൂണിയനിലെ കമ്മ്യൂണിസ്റ്റ്പാർട്ടി, കൃഷിക്കാരെ സോഷ്യലിസത്തിലേക്കു കൊണ്ടുവന്നു. അതു നമുക്കു അടിയിൽ പരിശോധിക്കാം.

## 3. കാർഷികസഹകരണസ്ഥാപനങ്ങളുടെ രൂപങ്ങൾ

കോഓപ്പറേറ്റീവുകൾ കൃഷിയിൽ എന്നേ വിപുലമായിത്തീർന്നിട്ടുണ്ട്. പ്രവർത്തനത്തിന്റെ പ്രത്യേകതയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന രൂപത്തിൽ: 1) ക്രയസംഘം, 2) വ്യാപാരസംഘം, 3) ക്രെഡിററ്സംഘം, 4) ഉല്പാദകസംഘം.

ഒരു ക്രയ കോഓപ്പറേറ്റീവ്, ഒരു കർഷകൻ അവന്റെ സ്വന്തം കൃഷിത്തോട്ടത്തിൽ തുടർന്നുകൃഷിചെയ്യുകയും, വീട്ടാവശ്യത്തിനുള്ള സാധനങ്ങളും ആയുധങ്ങളുംവാങ്ങുകയും അവയെഅംഗങ്ങൾക്കു വില്ക്കുകയും, അങ്ങിനെ സ്വകാര്യക്കച്ചവടക്കാരേയും കൊള്ളലാഭക്കാരെയും ഒഴിവാക്കുകയും ചെയ്യുന്ന ഒരു സംഘമാകുന്നു.

ക്രയസഹകരണസംഘങ്ങൾ അവയുടെ പ്രവർത്തനം, ആഹാരസാധനങ്ങൾ, തുണികൾ, വീട്ടുസാമാനങ്ങൾ മുതലായ ഉപഭോക്തൃസാധനങ്ങളുടെ വില്പനയിൽ ഒതുക്കിനിർത്തിയേക്കാം. യന്ത്രങ്ങളും കൃഷിയായുധങ്ങളും അല്ലെങ്കിൽ, പ്രത്യേക കന്നുകാലികൾ, നല്ലയിനം പശുക്കൾ മുതലായവ സപ്ലൈ ചെയ്യുന്നതിനുവേണ്ടിയും അവയെ

സംഘടിപ്പിക്കാം. ഈ സാധനങ്ങളുടെയെല്ലാം വില്പന പ്രത്യേകമായോ അല്ലെങ്കിൽ, എല്ലാവിധ സാധനങ്ങളും സപ്ലൈ ചെയ്യുന്ന —ഉപഭോക്തൃസാധനങ്ങളും ഉൽപ്പാദനത്തിന്നുള്ള ആയുധങ്ങളും— ഒരേ ഒരു സഹകരണസംഘത്തിൽക്കൂടിയോ സംഘടിപ്പിക്കാവുന്നതാണ്.

വ്യാപാരസംഘങ്ങൾ, കൃഷിക്കാർ അവരുടെ സ്വന്തം അദ്ധ്വാനംകൊണ്ട്, അവരുടെ സ്വന്തം പാടങ്ങളിലും തോപ്പുകളിലും ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ പൊതുവിൽപ്പന സംഘടിപ്പിക്കുന്നു: അരി, നിലക്കടല, ചോളം, പരുത്തി, പഴങ്ങൾ, കന്നുകാലിയുൽപ്പന്നങ്ങൾ മുതലായവ. ഇങ്ങിനെയുള്ള സംഘടനകൾ കൃഷിക്കാരെ ഊഹക്കച്ചവടക്കാരിൽനിന്നു രക്ഷിക്കുന്നു.

ഒരു സംഘം കർഷകർക്ക് അരി, നിലക്കടല, കന്നുകാലി ഉൽപ്പന്നം ഇങ്ങിനെയുള്ള ഒരേ ഒരു ഉൽപ്പന്നം വിൽപ്പന നടത്തുന്നതിന്നുവേണ്ടി ഒരു വ്യാപാരസംഘം രൂപീകരിക്കാം; കർഷകർക്ക് വില്ക്കാനുള്ള എല്ലാ ഉൽപ്പന്നങ്ങളും വില്ക്കുന്നതിന്നുവേണ്ടിയുള്ള കോഓപ്പറേററീവുകളും സംഘടിപ്പിക്കാവുന്നതാണ്.

കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾ വില്ക്കുന്നതോടൊപ്പം അവർക്ക് ആവശ്യമുള്ള സാധനങ്ങൾ സപ്ലൈ ചെയ്യുന്നതും കോഓപ്പറേററീവുകൾക്ക് സംയോജിപ്പിക്കാവുന്നതാണ്. ഇങ്ങിനെയുള്ള സങ്കര സൊസൈററികളെ പർച്ചേസിങ്ങ്-മാർക്കററിങ്ങ് കോഓപ്പറേററീവുകൾ എന്നു വിളിക്കാം.

ക്രെഡിററ് കോഓപ്പറേററീവുകൾ ഒരു പരസ്പരാടിസ്ഥാനത്തിൽ കർഷകർക്ക് കടംകൊടുക്കുകയും അവരെ ഹുണ്ടികക്കാരിൽനിന്നും രക്ഷിക്കുകയും ചെയ്യുന്നു. ഇങ്ങിനെയുള്ള സംഘങ്ങൾക്കും വിവിധപ്രവൃത്തികൾ സംയോജിപ്പിക്കാവുന്നതാണ്. ഒരു റൂറൽബാങ്കിന്റെ പ്രവൃത്തി നിർവ്വഹിച്ചുകൊണ്ട് അവ ജനങ്ങളിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുകയും കടങ്ങൾ കൊടുക്കുകയുംചെയ്യുന്നു. എന്നാൽ അവക്ക് അവയുടെ അംഗങ്ങളുടെ കാർഷികോൽപ്പന്ന

ങ്ങൾ വാങ്ങുകയും വില്ക്കുകയും ചെയ്യുന്നതോടൊപ്പം കൃഷിക്കാൎക്ക് സാധനങ്ങൾ സപ്ലൈ ചെയ്യുകയും ചെയ്യാം. ഇങ്ങിനെ ക്രഡിററിനോട്ട് വാങ്ങുകയും വില്ക്കുകയും ചെയ്യുന്നതിനെ സംയോജിപ്പിച്ചുകൊണ്ടുള്ള വലിയ സങ്കരസംഘങ്ങൾ റഷ്യ, ചെക്കോസ്ലോവാക്കിയ ബൾഗേറിയ മുതലായ രാജ്യങ്ങളിൽ ഏതാണ്ട് വ്യാപകമായി തന്നെ ഉണ്ടായിരുന്നു.

കൃഷിക്കാരുടെ സംഘങ്ങളിൽ ഉയൎന്ന രൂപത്തിലുള്ള ഉല്പാദകരുടെ കോ ഓപ്പറേററീവുകൾ, പൊതുസംരംഭങ്ങളുടെ കൂട്ടായ നടത്തിപ്പിന്നുവേണ്ടിയാണ് സംഘടിപ്പിക്കുന്നതു്. പ്രൊഡ്യൂസേഴ്സ് കോ ഓപ്പറേററീവുകൾ കൃഷിക്കാരെ ചൂഷണത്തിൽനിന്നും രക്ഷിക്കുന്നു.

രൂപങ്ങൾക്കുള്ള എല്ലാ വൈവിധ്യങ്ങളോടുംകൂടിത്തന്നെ സഹകരണസംഘങ്ങൾ കൃഷിക്കാരുടെ സ്വമേധയായുള്ള സംഘങ്ങളാകുന്നു. സംഘത്തിൽ ചേരുമ്പോൾ കൃഷിക്കാരൻ ആദ്യഓഹരി പണമായോ ആയുധങ്ങളായോ അല്ലെങ്കിൽ ഉൽപ്പന്നമായി നൽകുന്നു. എല്ലാംകൂടി കൂട്ടുമ്പോൾ ഷെയറുകൾ, സ്ഥിരം ഉൽപ്പാദനധനവും പരിക്രമണധനവും ചേൎന്നിടത്തോളം ആകുന്നു. ആദായത്തിന്റെ ഒരുഭാഗം ഈ ധനത്തോട്ട് കൂട്ടിച്ചേൎത്ത് അവയെ വൎദ്ധിപ്പിക്കുകയും ചെയ്യുന്നു. അങ്ങിനെ സംഘങ്ങളുടെ വികാസത്തിന്നും ബലത്തിന്നും ഉറപ്പുനൽകുന്നു, സംഘത്തിലെ അംഗങ്ങളുടെ ആദായവും വ്യക്തിപരമായ പുരോഗതിയും പൊതുവായ സ്ഥാപനത്തിന്റെ വികാസത്തെ ആശ്രയിച്ചാണിരിക്കുന്നതു്.

## 4. മുതലാളിത്വത്തിന്റെ കീഴിൽ കോഓപ്പറേററീവുകളും ജനകീയാധികാരത്തിൻകീഴിൽ സോഷ്യലിസവും നിൎമ്മിക്കുന്നതിന്റെ പ്രാധാന്യം

കാർഷികസഹകരണം കർഷകരുടെ ഒരു സംഘമായി ഉയൎന്നു് മുതലാളിത്വത്തിൻകീഴിലാണ്.

ഒരു ഉടമസ്ഥൻ എന്ന നിലയിൽ കർഷകൻ അവൻെറ ഫാം വലുതാക്കാൻ ശ്രമിച്ചു— കൂടുതൽ ഭൂമിയും കന്നുകാലിയും സമ്പാദിക്കുന്നതിനും ജീവിതം മെച്ചപ്പെടുത്തുന്നതിനും.

എന്നാൽ കുറച്ചു കൃഷിക്കാൎക്കു മാത്രമെ അവരുടെ ഫാം വലുതാക്കാൻ കഴിഞ്ഞൊള്ളു. ഇതു മുഖ്യമായും മററുള്ളവരുടെ അദ്ധ്വാനം ഉപയോഗിച്ചാണു്. മററുകൃഷിക്കാരെ—സ്വന്തം അയൽവാസികളെ—ചൂഷണം ചെയ്താണിതു സാധിച്ചതു്. ഈ സാഹചര്യത്തിൽ കാർഷികഫാമുകൾ ചൂഷണത്തിനുള്ള ഒരു ആയുധമായിത്തീൎന്നു, ഒരു കുലാക്കസംരംഭം.

കർഷകരുടെ ഭൂരിപക്ഷത്തെ സംബന്ധിച്ചേടത്തോളം അവർ എപ്പോഴും നാശത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണു്.

കൃഷിക്കാരൻ എപ്പോഴും പ്രകൃതിനാശങ്ങളുടെ ദയയ്ക്കു വിധേയനാണു്. ഒററക്കു് അവൻ അതിൻെറ മുൻപിൽ നിസ്സഹായനുമാണു്.

ചെറിയ കൃഷിക്കാരൻ ചൂഷകന്മാരുടെ കൈകൊണ്ടുള്ള നാശത്തിനും വിധേയനാണു്; കുലാക്കുകൾ, ഭൂവുടമകൾ, തോട്ടക്കാർ, മുതലാളിമാർ, ചെറുതും വലുതുമായ പലവിധത്തിലുള്ള കച്ചവടക്കാർ, ചൂതാട്ടക്കാർ, ഉണ്ടികക്കാർ. അദ്ധ്വാനിക്കുന്ന കൃഷിക്കാരൻെറ വിയൎപ്പിൽനിന്നും സമ്പാദിക്കാൻ ആഗ്രഹിക്കുന്നവർ വളരെ അധികമാണു്.

ചൂഷകന്മാരെ എതിൎക്കുന്നതിനു് കർഷകനു് ഒററയ്ക്കു സാദ്ധ്യവുമല്ല. ജീവിതംതന്നെ അവനെ സംഘത്തിലേക്കും സഹകരണത്തിലേക്കും നയിക്കുന്നു.

അതുകൊണ്ടാണു്, മുതലാളിത്വത്തിൻകീഴിൻ പ്രത്യക്ഷപ്പെട്ട കർഷകരുടെ സംരംഭങ്ങൾക്കു് ഒരു ബഹുജന സഹകരണ പ്രസ്ഥാനത്തിൻെറ സ്വഭാവം ഉണ്ടായതു്.

എന്നാൽ മുതലാളിത്വത്തിൻകീഴിൽ വളൎന്നുവരുന്ന കോഓപ്പറേററീവുകൾ മുഖ്യമായും ക്രെഡിററും ക്രയ-വിക്രയവ്യാപാരവും

ഒസാരെസേററികളാകുന്നു. ഉല്പാദകന്മാരുടെ കോഓപ്പറേററീവുകളാണെങ്കിൽ, മിക്കവാറും അവ വെറും പ്രാഥമികരൂപം കൈക്കൊള്ളുകയും ശരിയായ വളർച്ചയിൽ എത്താതിരിക്കുകയും ചെയ്യുന്നു.

ഇതിൻെറ കാരണം, ക്രെഡിററും ക്രയവുമായ കോഓപ്പറേററീവുകളുടെ സംഘടന കൂടുതൽ വലിയതവും കർഷകബഹുജനങ്ങൾക്ക് കൂടുതൽ പ്രാപ്യമായുള്ളതുമാകുന്നു എന്നുള്ളതാണു്. മുതലാളിത്വത്തിൻകീഴിൽ, മത്സരവും, ലാഭത്തിനുവേണ്ടിയും മുതലിറക്കിൽനിന്നുള്ള വരുമാനത്തിനുവേണ്ടിയുമുള്ള സമരവും അംഗീകരിക്കപ്പെട്ടിട്ടുള്ള മുതലാളിത്വത്തിൻെറ സാമ്പത്തിക നിയമങ്ങളാണു്, കർഷക സഹകരണസംഘങ്ങളെ നിയന്ത്രിക്കുന്നതു്.

അങ്ങിനെയുള്ള കർഷക കോ ഓപ്പറേററീവുകളെ മുതലാളിത്ത കുത്തകകൾ അവരുടെ സ്വന്തം ലാഭത്തിനുവേണ്ടി ഉപയോഗിക്കുന്നു. ബാങ്കുകൾ, കർഷകസഹകരണസംഘടനകളെ അവരുടെ സാമ്പത്തിക കടത്തെ ആശ്രയിപ്പിച്ചു നിറുത്തുകയും അനുവദിച്ച കടത്തിന്നു ഉയൎന്നതോതിലുള്ള പലിശ കൊടുക്കുന്നതിന്നു അവരെ നിർബ്ബന്ധിക്കുകയും ചെയ്യുന്നു. കർഷകരുടെ ഉൽപന്നങ്ങൾ കുത്തക കച്ചവടക്കാൎക്കു വിലകുറച്ചു കൊടുക്കുന്നതിന്നു സഹകരണസംഘങ്ങൾ നിർബ്ബന്ധിതരായിത്തീരുന്നു. അതേസമയം തന്നെ, കൃഷിക്കാൎക്കാവശ്യമുള്ള വ്യാവസായികോൽപന്നങ്ങൾക്കു കുത്തകക്കാർ ഉയൎന്ന വില ചുമത്തുകയും ചെയ്യുന്നു. അങ്ങിനെ മുതലാളിത്തത്തിൻകീഴിൽ, കർഷക കോഓപ്പറേററീവുകൾ പലപ്പോഴും വലിയ സാമ്പത്തിക, വ്യാവസായിക, വാണിജ്യ കുത്തകകളുടെ ഏജൻറന്മാരുടെ ജോലിചെയ്യുകയാണു് ചെയ്യുന്നതു്.

മുതലാളിത്വത്തിൻകീഴിലുള്ള സഹകരണസംഘങ്ങൾക്കു ചൂഷകന്മാൎക്കെതിരായി ഒരെതിർപ്പു സംഘടിപ്പിക്കുന്നതിന്നു കർഷകരെ സഹായിക്കാൻ കഴിയുകയില്ലെങ്കിലും അവരെ

എപ്പോഴും മുറിച്ചുനോക്കുന്ന ദാരിദ്ര്യത്തിൽനിന്നും വിശപ്പിൽ നിന്നും അവരെ സംരക്ഷിക്കാൻപോലും കഴിയുകയില്ല.

അധികാരം ഭൂവുടമകളുടെയും മുതലാളിമാരുടെയും കൊള്ളനി വാഴക്കാരുടെയും കയ്യിലായിരിക്കുമ്പോൾ ഗവമ്മെണ്ട് കോഓപ്പ റേററീവുകൾക്കു യാതൊരു സഹായവും ചെയ്യുന്നില്ല. അങ്ങനെ അതു ചെയ്യുന്നതു് അവയെ നിലനില്ക്കാൻ അനുവദിക്കുകയും കർഷകർക്കു അവരുടെ സ്ഥിതി ഭൂവുടമകളുടെയും മുതലാളിമാരു ടെയും ഭരണത്തിൻകീഴിലും മെച്ചപ്പെടുത്താൻ സാധിക്കുമെന്നുള്ള ബോധം സൃഷ്ടിക്കുന്നതിന്നു സഹായിക്കുന്ന ഒരു സംഘടനാരൂപ മായി ഉപയോഗപ്പെടുത്തുകയുമാണു് ചെയ്യുന്നതു്.

അധികാരം യഥാർത്ഥത്തിൽ ജനങ്ങളുടെ കയ്യിലാകുമ്പോൾ കോഓപ്പറേറീവുകൾക്കു വളരെ വ്യത്യസ്തമായ ഒരു സ്വഭാവം ഉണ്ടാകുന്നു. ഒരു ജനകീയവിപ്ലവവും കൊളാണിയൽ ആശ്രിത ത്വത്തിൽനിന്നുമുള്ള രാജ്യത്തിൻെറ വിമോചനവുമൊത്തു്, എ പ്പോഴും, സഹകരണപ്രസ്ഥാനത്തിൻെറ ജന്മവും വളർച്ചയും ഉണ്ടാ കുന്നു.

ജനങ്ങളെ യഥാർത്ഥത്തിൽ പ്രതിനിധീകരിക്കുന്ന ഒരു ഗവ മ്മെണ്ടു സഹകരണത്തെ എല്ലാവിധത്തിലും പ്രോത്സാഹിപ്പിക്കു കയും കുത്തകകൾക്കും, ഹുണ്ടികക്കാർക്കും കൊള്ളലാഭക്കാർക്കും എതി രായുള്ള കർഷകരുടെ സംഘടിതസമരത്തെ സഹായിക്കുകയും ചെ യ്യുന്നു. സഹകരണം ബഹുഭൂരിപക്ഷം കർഷകരെ ഉൾക്കൊള്ളുന്നതും മുഴുവൻ കർഷകരെയും ഉൾക്കൊള്ളുന്നതിന്നു ഉദ്ദേശിക്കപ്പെട്ടിട്ടുള്ള തുമായ ഒരു യഥാർത്ഥ ബഹുജനപ്രസ്ഥാനമായിത്തീരുന്നു.

അദ്ധ്വാനിക്കുന്ന കർഷകരുടെ താൽപര്യത്തിന്നുവേണ്ടി ആ ത്മാർത്ഥമായി നിലകൊള്ളുന്ന ഉശിരന്മാരായ സംഘടകന്മാരെ, കോഓപ്പറേററീവുബോർഡുകളിലേക്കു തിരഞ്ഞെടുക്കുകയും നേതൃ സ്ഥാനത്തേക്കു കയറിക്കൂടുന്ന മുതലാളികളുടെയും കുത്തകകളുടെയും ഏജൻറന്മാരെ പുറന്തള്ളുകയും ചെയ്യുന്നു.

## 5. യു. എസ്സ്. എസ്സ്. ആറിലെ കോഓപ്പറേറ്റീവുകളുടെ അഭ്യസനം

### എ) ക്രയ-വ്യാപാര ക്രെഡിറ്റ കോഓപ്പറേറ്റീവുകൾ

യു. എസ്സ്. എസ്സ്. ആറിൽ സഹകരണപ്രസ്ഥാനം നാട്ടിൻപുറങ്ങളിൽ ആരംഭിച്ചതു് വിപ്ലവം വിജയിച്ചതിന്നു തൊട്ടശേഷമാണു്. ആദ്യവർഷങ്ങളിൽ, രാജ്യത്തിലെ ഭൂരിപക്ഷം പ്രവിശ്യകളിലും കോ-ഓപ്പറേറ്റീവുകൾ വികസിച്ചതു്, ഉപഭോക്താവും, ക്രയ-വ്യാപാരവും, ക്രെഡിറ്റും മററു വൃത്തികളും സംയോജിപ്പിച്ചുകൊണ്ടുള്ള വിശ്വവിശാലസംഘങ്ങളായിട്ടായിരുന്നു.

ഒരു പുതിയ സോഷ്യലിസ്റ്റു് സമ്പത്ഘടനയ്ക്കുവേണ്ടിയുള്ള സമരത്തിൽ, നഗരവാസികൾക്കായി കാർഷികോൽപ്പന്നങ്ങളും വ്യവസായങ്ങൾക്കു് അസംസ്കൃതസാധനങ്ങളും സ്റ്റേററിന്നു ആവശ്യമായിരുന്നു. കൃഷിക്കാർക്കു് സംസ്കൃതസാധനങ്ങളും ആവശ്യമായിരുന്നു. ഗ്രാമീണ സഹകരണസംഘങ്ങളാണു് ഗ്രാമീണ ജനവിഭാഗങ്ങൾക്കു് ആവശ്യമായ ഉപഭോഗസാധനങ്ങളും, പട്ടണവാസികൾക്കു് ആഹാരസാധനങ്ങളും വ്യവസായങ്ങൾക്കു് അസംസ്കൃതസാധനങ്ങളും സമ്പാദിച്ചു ചെയ്തിരുന്നതു്.

കാർഷിക ക്രെഡിററ കോഓപ്പറേറ്റീവുകൾ—ക്രെഡിററ സംഘങ്ങളും യൂനിയനുകളും—വളരെയേറെ പ്രത്യക്ഷപ്പെട്ടു.

ഈ സഹകരണസംഘങ്ങളുടെ അടിസ്ഥാനപരമായ ലക്ഷ്യം കന്നുകാലികളെ വാങ്ങുന്നതിന്നും കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും പണം കടംകൊടുത്തു കൃഷിക്കാരെ സഹായിക്കുകയും, യന്ത്രങ്ങളും കൃഷിആയുധങ്ങളും, ഭവനനിർമ്മാണത്തിന്നുള്ള സാധനങ്ങൾ, വിത്തു്, നല്ല ഇനം മൃഗങ്ങൾ മുതലായവ കടമായി കൊടുക്കുകയും ചെയ്യുന്നതായിരുന്നു.

കാണെപക്ഷം 50 കൃഷിക്കാരുടെ സ്വേച്ഛാനുസാരമുള്ള സംഘങ്ങളായിട്ടാണ് ക്രെഡിററ് സഹകരണസംഘങ്ങൾ സംഘടിപ്പിക്കപ്പെട്ടതു്. ചട്ടങ്ങളിൽ നിബന്ധനചെയ്തിരുന്ന താരതമ്യേനയുള്ള ഈ വലിയ അംഗസംഖ്യ രണ്ടുകാരണങ്ങൾകൊണ്ടു് ആവശ്യമായിരുന്നു: ഒന്നാമതായി, കൂട്ടിവെച്ചിട്ടുള്ള ഓഹരികൾ പരസ്പരമുള്ള ആസ്തിസാദ്ധ്യതയ്ക്കു് മതിയായതാണെന്നുള്ളതിനു് ഉറപ്പുവരുത്തുകയും, രണ്ടാമതായി,—ഇതാണു് മുഖ്യമായിട്ടുള്ളതു്—സഹകരണസംഘത്തിന്റെ മറയിൽ ചൂതാട്ടക്കാരും ഹുണ്ടികക്കാരും കൃഷിക്കാരെ ചൂഷണം ചെയ്യുന്നതിനുള്ള സാദ്ധ്യത ഇല്ലാതാക്കുകയും ചെയ്യുക.

ഒരു ക്രെഡിററുസംഘത്തിൽ ചേരുമ്പോൾ, സംഘം വിടുമ്പോൾ തിരിച്ചുകിട്ടാത്തതായ ഒരു പ്രവേശനഫീസും, പ്രവർത്തകവർഷത്തിന്റെ അവസാനത്തിൽ സംഘത്തിൽനിന്നും പിൻമാറുന്നതിനു് ആഗ്രഹിക്കുന്നപക്ഷം അംഗങ്ങളുടെ പൊതുയോഗത്തിൽ അംഗീകരിക്കുന്ന വാർഷിക സ്റ്റേറ്റുമെൻറിനുശേഷം മടക്കികിട്ടുന്ന ഒരു ആദ്യഓഹരിയും, ഓരോ അംഗവും കൊടുക്കും.

പ്രവേശനഫീസും ഓഹരികളുമാണു് ക്രെഡിററ് പ്രവർത്തനങ്ങളുടെ ഫണ്ടിന്റെ പ്രാഥമികാടിസ്ഥാനം. ആവശ്യമായ കൂടുതൽ ധനം സ്റ്റേററു് കടമായി കൊടുക്കുകയും ചെയ്യുന്നു. ഓരോ ക്രെഡിററുസംഘവും സ്റ്റേററുബാങ്കിന്റെ ഒരു ശാഖയുമായി ബന്ധപ്പെടുത്തിയിരിക്കും.

ക്രെഡിററുസംഘങ്ങളുടെ പ്രവർത്തനങ്ങൾ വികസിച്ചതോടെ കടം, നിക്ഷേപം, കടത്തിന്മേലുള്ള പലിശ, ആദായത്തിന്റെ ഭാഗം മുതലായവകൊണ്ടു് അതിന്റെ മൂലധനം തുടർച്ചയായി പോഷിപ്പിക്കപ്പെട്ടു.

സംഘത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള എല്ലാ അടിസ്ഥാനപ്രശ്നങ്ങളും അംഗങ്ങളുടെ പൊതുയോഗത്തിൽവെച്ചു തീരുമാനിക്കപ്പെട്ടിരുന്നു. അങ്ങിനെയുള്ള ജനാധിപത്യപര

മായ മാനേജുമെണ്ടിൻെറ ഫലമായി ഓരോ കർഷകനും സാമൂഹ്യപ്രവൎത്തനങ്ങളിലും കൂട്ടായ ധനം എങ്ങിനെ ഉപയോഗിക്കണമെന്നു തീരുമാനിക്കുന്നതിലും മററും ആകർഷിക്കപ്പെട്ടു.

ഭരണപരമായ പ്രാദേശികഘടകങ്ങളിലും—പോളോസ്റ്റ്കൾ (ചെറിയ ഗ്രാമീണജില്ലകൾ) ജില്ലകളിലും, പ്രവിശ്യകളിലും യൂണിയനുകൾ ഉണ്ടാക്കുന്നതിനു്, ക്രെഡിററുസംഘങ്ങൾ യോജിച്ചു. വ്യക്തികളായ കൃഷിക്കാരുടെ ധനശേഷി ഒരു സംഘത്തിൽ കൂട്ടിവെക്കുന്നതു്, കാർഷികോൽപാദനം വൎദ്ധിപ്പിക്കുന്നതിനാവശ്യമായ, ചെറുകൃഷിക്കാരുടെ കഴിവിനപ്പുറമായ സുപ്രധാന സാമ്പത്തിക നടപടികൾ സ്വീകരിക്കുന്നതിനു് അവരെ സഹായിച്ചു. അങ്ങിനെയാണു് സമ്മിശ്ര ക്രെഡിററു് കാർഷിക സംഘങ്ങൾ ഉണ്ടായതു്.

നൂവർപ്രവിശ്യയിൽ. വെസിയെഗോൺസ്കു് ജില്ലയിലെ സാൻഡോവോവോളോസ്റ്റു് എന്നുപറയുന്ന സാലൂഷേക്രെഡിററു് കാർഷികസംഘം ഒരു നല്ല ഉദാഹരണമാണു്. 1922_ൽസ്ഥാപിതമായ ഈ സഹകരണസംഘത്തിൽ 30ഗ്രാമങ്ങളിൽ നിന്നുമായി 600 അംഗങ്ങൾ ഉണ്ടായിരുന്നു. ക്രെഡിററു പ്രവൎത്തനങ്ങൾ, കടം കൊടുക്കൽ, നിക്ഷേപങ്ങൾ സ്വീകരിക്കൽ;ഇവയ്ക്കുപുറമെ സംഘം വിപുലമായ തോതിൽ ക്രയവിക്രയവും ഉൽപാദനവുംനടത്തിയിരുന്നു. സലൂഷെസംഘം കർഷകരിൽനിന്നും, കോൺട്രാക്ടു് അടിസ്ഥാനത്തിൽ, അതിൻെറ 6ചീസ്സു്ഫാക്ടറികളിലും നാലു് ക്രീമറീസുകളിലും പ്രോസസ്സു് ചെയ്യുന്നതിനു്, ചണനാരും പാലും വാങ്ങിയിരുന്നു. അതിനും പുറമെ അണ്ടു്, മുട്ട, തുകൽ, കൂണു്, മരത്തൊലി മുതലായവയും വാങ്ങിയിരുന്നു.

വീട്ടുസാമാനങ്ങളും ചെറിയ കൃഷിയായുധങ്ങളും വില്ക്കുന്നതിനു് സംഘത്തിനു് രണ്ടു കടകൾ ഉണ്ടായിരുന്നു. ഡ്രില്സു്, സോർട്ടേഴ്സ് മുതലായ കൂടുതൽ സങ്കീൎണ്ണങ്ങളായ യന്ത്രങ്ങൾക്കുള്ള ഓർഡറുകൾ അതു് കർഷകരിൽനിന്നു സ്വീകരിക്കുകയും അവ

രുടെ വിത്തുകൾ തിരയുന്നതിനും വൃത്തിയാക്കുന്നതിനും സഞ്ചരിക്കുന്ന ഒരു സോർട്ടിങ്ങ്ഘടകം രൂപീകരിക്കുകയും ചെയ്തു.

1927–ൽ സംഘത്തിനു് അതിന്റെ ആദ്യത്തെ ട്രാക്ടറും ഒരു ഫിനിഷർത്രാസറും (മെതിക്കുന്നതിനുള്ള യന്ത്രം) വാങ്ങുന്നതിനു സാധിക്കുകയും അവർ കർഷകരുടെ നിലങ്ങൾ ഉഴുകയും ധാന്യവിളവുകൾ മെതിക്കുകയും ചെയ്തു.

അത്തരം സമ്മിശ്ര ക്രെഡിററു് കർഷക സഹകരണസംഘങ്ങൾ ഇരുപതു് കാലത്തു് സോവിയററു് റഷ്യയിൽ വിപുലമായി പ്രചരിച്ചിരുന്നു.

ആഭ്യന്തരയുദ്ധത്തിനുശേഷം, സോവിയററു യൂണിയന്റെ സമ്പദ്ഘടന വികസിക്കുകയും ശക്തിപ്രാപിക്കുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ, പ്രത്യേക വൈദഗ്ധ്യമുള്ള ഉല്പാദകസംഘങ്ങളും വില്പന സഹകരണസംഘങ്ങളും ക്രെഡിററുസംഘങ്ങളും വൻതോതിൽ രൂപീകരിക്കപ്പെട്ടു.

ആദ്യമായി രൂപീകരിക്കപ്പെട്ടവ, ചണനാരും ചണഅരിയും വില്ക്കുന്നതിൽ വൈദഗ്ധ്യം നേടിയതും അതേ സമയംതന്നെ ചണകൃഷിക്കാർക്കു് കൃഷിയായുധങ്ങളും യന്ത്രങ്ങളും സപ്ലൈചെയ്യുന്നതുമായ സഹകരണസംഘങ്ങളായിരുന്നു. വാങ്ങുകയും വില്ക്കുകയും ചെയ്യുന്ന പ്രവൃത്തിക്കുപുറമേ ഈ സഹകരണസംഘങ്ങൾ, ഉൽപാദനങ്ങളിലും, ചണ ഒരുക്കുന്നതും എണ്ണയുൽപാദിപ്പിക്കുന്നതുമായ ഫാക്ടറികൾ നിർമ്മിക്കുന്നതിലും, കൃഷിക്കാരെ അവരുടെ ഉല്പന്നങ്ങളുടെ പ്രാഥമികവും പിന്നീടുള്ളതുമായ പ്രോസസ്സിങ്ങിൽ സഹായിക്കുന്നതിലും പങ്കുകൊള്ളുന്നു. 1925–ൽ ചണം കൃഷിക്കാരുടെ സഹകരണപ്രസ്ഥാനത്തിൽ, ദേശീയാടിസ്ഥാനത്തിലുള്ള ഒരു ചണകേന്ദ്രവുമായി ബന്ധപ്പെട്ട 50 ഡിസ്ട്രിക്ടും പ്രൊവിൻഷ്യൽ യൂണിയനിലുമായി 696,000 കൃഷിസ്ഥലങ്ങളും 7,962 സഹകരണസംഘങ്ങളും ഉണ്ടായിരുന്നു.

മദ്ധ്യഏഷ്യയിലും ട്രാൻസ്കൊക്കേഷ്യൻ മേഖലകളിലും പരുത്തികൃഷിക്കാരുടെ സഹകരണസംഘങ്ങളുടെ ഗണ്യമായവിധം വേഗതയിലുള്ള ഒരു വളർച്ചയുണ്ടായിരുന്നു. സാറിസ്റ്റ് റഷ്യയിൽ പരുത്തികൃഷിക്കാർ—ഉസ്ബക്കുകാർ, ടർക്മെൻ, ടാജിക്കുകാർ, അസർബെയ്ജാനിയക്കാർ—പ്രാദേശിക ഫ്യൂഡൽ പ്രഭുക്കളുടേയും വളരെയേറെ ഇടത്തട്ടുകാരുടേയും ഊഹക്കച്ചവടക്കാരായ പരുത്തി വാങ്ങുന്നവരുടേയും അടിമത്വത്തിൽ ആയിരുന്നു. റഷ്യൻസാറിസത്തിന്റെ കോളനികളായിരുന്ന ഈ പ്രദേശങ്ങളിൽ ഒരൊററ സഹകരണസംഘംപോലും ഉണ്ടായിരുന്നില്ല. സോവിയററ് അധികാരത്തിൽ വന്നതിനുശേഷം മാത്രമാണ് സഹകരണ പ്രസ്ഥാനം ആരംഭിച്ചതു്: 1927–28 കാലത്തു്, 713,000 പരുത്തികൃഷിക്കാരെ സംഘടിപ്പിച്ചുകൊണ്ടുള്ള 707 സഹകരണസംഘങ്ങൾ ഉണ്ടായിരുന്നു—അവയുടെ മൊത്തം സംഖ്യയുടെ ഏതാണ്ട് 92 ശതമാനം.

ഉൽപാദകരുടേയും വിൽപനക്കാരുടേയും കാർഷിക സഹകരണസംഘങ്ങൾ, പുകയില, പഴങ്ങൾ, സസ്യംവളർത്തൽ മുതലായ മററു ശാഖകളിലും വളർന്നുവന്നു. കാലിവളർത്തലിൽ, ക്ഷീരോൽപാദന സഹകരണസംഘങ്ങൾ അതിവേഗം വികസിച്ചു: 1925-ൽ അവയിൽ പത്തുലക്ഷം കൃഷിതോട്ടങ്ങളും മൊത്തമുള്ള ക്ഷീരോൽപാദനത്തിൽ 90 ശതമാനത്തിൽ കൂടുതലും ഉൾപ്പെട്ടിരുന്നു.

ഈ സഹകരണസംഘങ്ങൾ മിക്കവാറും "കമ്മീഷൻ" അടിസ്ഥാനത്തിലാണ് നടത്തപ്പെട്ടിരുന്നതു്. അവർ കമ്മീഷൻ അടിസ്ഥാനത്തിൽ കൊടുക്കുന്ന ഉൽപന്നങ്ങൾക്കു് കൃഷിക്കാർക്കു്, സ്വകാര്യ കച്ചവടക്കാർ കൊടുക്കുന്നതിൽ ഉയർന്ന വില കിട്ടുമെന്നു മാത്രമല്ല, ആണ്ടവസാനത്തിൽ, സഹകരണസംഘവുമായി അവർക്കുണ്ടായിരുന്ന ഇടപാടിന്റെ അനുപാതത്തിൽ സംഘത്തിന്റെ വരവിൽനിന്നും ഒരു ഓഹരിക്കൂടി ലഭിക്കും.

ഈ സമ്പ്രദായം ഒരു വലിയ തോതിൽ നടപ്പിലാക്കിയിരുന്നു. 1922_ലും 1923_ലും സാമ്പത്തികവർഷങ്ങളിൽ, സഹകരണസംഘങ്ങൾ 78ശതമാനത്തിൽ കൂടുതൽ ചണനൂല് കമ്മീഷൻ അടിസ്ഥാനത്തിൽ വാങ്ങിയപ്പോൾ 21ശതമാനം മാത്രമെ സാധാരണ രീതിയിൽ വാങ്ങിയിരുന്നുള്ളു.

സഹകരണസംഘങ്ങളുടെ ക്രയവൃത്തികൾക്ക് ഇതേതത്വങ്ങളാണ് സ്വീകരിക്കപ്പെട്ടിരുന്നതു്. അവയുടെ അംഗങ്ങൾ വിത്തുകൾക്കും ആയുധങ്ങൾക്കും, യന്ത്രങ്ങൾക്കും നൽകുന്ന ഓർഡറുകൾക്ക്, സ്വകാര്യ ഇടത്തട്ടുകാർ എടുക്കുന്ന ലാഭത്തിൽ വളരെ കറഞ്ഞ ഒരു ലാഭംകൊണ്ട് അവ തൃപ്തിപ്പെട്ടു. പരിക്രമണസംഗത്തുള്ള സേവനത്തിനു പുറമെ—വിൽപനയും വാങ്ങലും— ഈ മാതൃകയിലുള്ള സഹകരണസംഘങ്ങൾ, കൃഷിക്കാർ വില്ക്കുന്ന കാർഷികോൽപന്നങ്ങൾ പ്രോസസ്സ് ചെയ്യുന്നതിനുള്ള ഫാക്ടറികൾ സ്ഥാപിച്ച് വളരെയേറെ മററു പ്രവൃത്തികൾകൂടി ചെയ്തിരുന്നു.

ക്രയ_വിക്രയസഹകരണസംഘങ്ങൾ, ചെറുകൃഷിക്കാരേയും ഇടത്തരം കൃഷിക്കാരേയും, കലാകകളുടേയും പലവിധത്തിലുള്ള സ്വകാര്യ കച്ചവടക്കാരുടെയും ഇടത്തട്ടുകാരുടേയും പിടിയിൽനിന്നും രക്ഷിച്ചു. സഹകരണസംഘങ്ങൾക്ക് പട്ടണങ്ങളും നാട്ടിൻപുറങ്ങളും തമ്മിലുള്ള കച്ചവടബന്ധങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒരു സ്ഥാനം ലഭിച്ചു. അങ്ങിനെ, 1925_ൽ എല്ലാ കൃഷിയായുധങ്ങളുടേയും യന്ത്രങ്ങളുടേയും മററു ഉല്പാദനോപകരണങ്ങളുടേയും 70 മുതൽ 80 ശതമാനംവരെ പട്ടണങ്ങളിൽ എത്തിയതു് ക്രയ_വിക്രയ സഹകരണസംഘങ്ങൾ വഴിയാണ്. അതേസമയംതന്നെ സഹകരണസംഘങ്ങൾ കൃഷിക്കാരിൽനിന്നും ഏകദേശം മധ്യാക്കിഴങ്ങിന്റെ 80 ശതമാനവും, പരുത്തിയുടെ 76.5 ശതമാനവും, പുകയിലയുടെ 76.8 ശതമാനവും, വെണ്ണയുടെ 92 ശതമാനവും ചണനൂലിന്റെ 25 ശതമാനവും വാങ്ങി. ഈ അസംസ്കൃതസാ

ധനങ്ങൾ, വ്യവസായത്തിൻെറയും കയററുമതി വ്യാപാരത്തി ൻെറയും ആവശ്യത്തിന്നായി സ്റ്റേററിൻെറ സ്വാധീനത്തിൽ വെയ്ക്കപ്പെടുകയും ചെയ്തു.

കൃഷിക്കാരുടെ ക്രെഡിററ് രംഗത്തുള്ള സംഘടനയുടെ പ്രാഥമിക രൂപങ്ങളുടെ വികാസമായ വില്പനയും വാങ്ങലും നിർബ്ബന്ധമായി ചില ഉല്പാദനപ്രക്രിയകളിലുള്ള സഹകരണപ്രസ്ഥാനത്തിൻെറ വളർച്ചയിലേയ്ക്കും നയിച്ചു.

ക്രയസഹകരണസംഘങ്ങളുടേയും വില്പന സഹകരണസംഘങ്ങളുടേയും വികാസം ഉൽപ്പന്നങ്ങളുടെ പ്രാഥമികവും പിന്നത്തേതുമായ പ്രോസ്സസിങ്, ചണന്ത്രൽ എടുക്കുന്നതിന്നുള്ള പൊതുവായ യന്ത്രങ്ങൾ, ക്രീമറികൾ, ചീസ്ഫാക്ടറികൾ, കാനറികൾ മുതലായവയുടെ സോഷ്യലീകരണത്തിലേക്കു നയിച്ചു. ഉപഭോക്തൃ സഹകരണസംഘങ്ങളിൽക്കൂടിയും വളരെയേറെ ഉൽപ്പാദനപ്രക്രിയകളുടെ സോഷ്യലീകരണം നടപ്പിലായി. സഹകരണത്തിൻെറ ഈ രൂപങ്ങൾ, സംസ്കൃതസാധനങ്ങളുടെ പരിക്രമണവും വിതരണവുംകൊണ്ടോ, ചെറിയ കച്ചവട ചൂഷകന്മാരെയും ഉന്തഹക്കച്ചവടക്കാരേയും പഴയസാധനങ്ങൾ ക്രയംചെയ്യുന്നവരേയും ഈ രംഗത്തു് ഇല്ലാതാക്കിയതുകൊണ്ടോ അവസാനിക്കുന്നില്ല.

അദ്ധ്വാനിയ്ക്കുന്ന ബഹുജനങ്ങളെ സഹകരണസംഘങ്ങളിൽ പങ്കെടുപ്പിക്കുന്നതു് ക്രെഡിററിൻെറയും, ക്രയവിക്രയത്തിൻെറയും രംഗത്തു് സാമൂഹ്യപ്രസ്ഥാനങ്ങളുടെ പ്രവത്തനങ്ങളിൽ ഗുണപ്രദമായ ശീലങ്ങൾ വളത്തുന്നതിന്നു സഹായിയ്ക്കുകയും മുൻപെകയേയും വളരെയധികം ഉൽപ്പാദനപ്രക്രിയകളെ സോഷ്യലീകരിയ്ക്കുന്നതിന്നുള്ള ആഗ്രഹത്തേയും ഉദ്ദീപിപ്പിക്കുകയും അങ്ങിനെയുള്ള സോഷ്യലീകരണത്തിൻെറ ഗുണം ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു.

ഏതെല്ലാം രാജ്യങ്ങൾ അവരുടെ കൃഷിയെ സോഷ്യലിസ്റ്റു സമ്പ്രദായത്തിൽ കെട്ടിപ്പടുക്കാൻ ആഗ്രഹിക്കുന്നുവോ അവിടെ

മെല്ലാം ഈ സഹകരണരൂപത്തിന്ന സ്റ്റോറിന്റെ പരിപൂൎണ്ണ പിൻതുണ ലഭിക്കുന്നതും വൻപിച്ച തോതിൽ നടപ്പിൽവരുത്തുന്നതും അതുകൊണ്ടാണു്.

സോഷ്യലിസ്റ്റ് ഉല്പാദനസമ്പ്രദായം സ്വീകരിച്ചിട്ടുള്ള എല്ലാ രാജ്യങ്ങളുടേയും അനുഭവം കാണിക്കുന്നതു്, കൃഷിക്കാരെ സോഷ്യലിസ്റ്റ് കൃഷിസമ്പ്രദായത്തിലേക്കു കൊണ്ടുവരുന്നതു് അവരെ കൂടുതൽ ഉയൎന്ന രൂപത്തിലുള്ള സഹകരണത്തിലേക്കു് — ഉല്പാദനത്തിലുള്ള സഹകരണം — ആകൎഷിച്ചുകൊണ്ടാകുന്നു എന്നാണു്. സോഷ്യലിസം കെട്ടിപ്പടുക്കുന്ന രാജ്യങ്ങളിലേയും സോഷ്യലിസ്റ്റ് രാജ്യങ്ങളിലേയും സഹകരണപ്രസ്ഥാനങ്ങൾ തമ്മിലുള്ള മൗലികമായ വ്യത്യാസം, സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ ഉല്പാദനത്തിലുള്ള സഹകരണം ഒരു ബഹുജനാടിസ്ഥാനത്തിൽ നടപ്പിൽ വരുത്തുന്നു എന്നുള്ളതാകുന്നു.

ബി.) ഉല്പാദകസഹകരണസംഘങ്ങളുടെ പ്രാഥമികരൂപങ്ങൾ.

സോവിയററ് അധികാരത്തിൽവന്ന ആദ്യകൊല്ലങ്ങളിൽ തന്നെ കാൎഷികോല്പാദനത്തിൽ ഏററവും പ്രാഥമികരൂപത്തിലുള്ള സഹകരണസംഘങ്ങൾ സോവിയററുയൂണിയനിൽ സാൎവ്വത്രികമായിരുന്നു. നേരത്തെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളതുപോലെ, അവയുടെ വിപുലീകരണം. ക്രെഡിററിലും കൃഷിക്കാരുടെ ഉല്പന്നങ്ങൾ ക്രയവിക്രയം ചെയ്യുന്നതിലുമുള്ള സഹകരണത്തിൽക്കൂടിയാണു് നടപ്പിലാക്കപ്പെട്ടതു്. ഉല്പാദനത്തിലെ ഏററവും പ്രാഥമികമായ സഹകരണസമ്പ്രദായത്തിന്റെ രൂപങ്ങളും അവയുടെ നിലനില്പും അവ നടപ്പിലാക്കപ്പെട്ടതിന്റെ തോതും ആശ്രയിച്ചിരിക്കുന്നതു്, ഒരു പുരയിടത്തിന്റെ കഴിവിനപ്പുറമോ അല്ലെങ്കിൽ വ്യക്തികളായ വളരെയേറെ കൃഷിക്കാരുടെയോ. ചിലപ്പോൾ പല ഗ്രാമങ്ങളുടെതന്നെയോ, താല്പൎയ്യങ്ങളുമായി ബന്ധപ്പെട്ടതോ ആയ. സ്ഥാപനത്തിന്റെ സ്വഭാവം, ഉല്പാദനവികസന

ത്തിന്റെ നിഖവാരം, കൂട്ടപ്രവർത്തനങ്ങൾ നടപ്പിൽവരുത്തുന്നതിൽ ഓരോ കൃഷിക്കാരനുമുള്ള പൊതുതാല്പര്യം. ഇവയിന്മേലാകുന്നു.

ഈ മാതൃകയിലുള്ള സഹകരണസംഘങ്ങളുടെ ഉദാഹരണങ്ങൾ, ചതുപ്പുകൾ നികത്തുന്നതിന്നും, വളരെയധികം നനവുള്ള പ്രദേശങ്ങളിൽ ഓടകൾ നിർമ്മിക്കുന്നതിന്നും വരണ്ട പ്രദേശങ്ങളിൽ ജലസേചനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്നുമായുള്ള ഭൂപരിഷ്കരണസംഘങ്ങളോ ജലസേചന സഹകരണസംഘങ്ങളോ ആകുന്നു.

ഭൂപരിഷ്കരണസംഘങ്ങളുടെ സംഘടനയ്ക്കു് കുറഞ്ഞപക്ഷം അഞ്ചുപേർ ഉണ്ടായിരിക്കണം. വ്യക്തികൾക്കു മാത്രമല്ല, സഹകരണസംഘടനകൾക്കും, സംഘങ്ങൾക്കും, കൂട്ടകൃഷികളങ്ങൾക്കും, സ്റ്റേറ്റുഫാമുകൾക്കും ഭൂപരിഷ്കരണസംഘങ്ങളിൽ ചേരുന്നതിനുള്ള അവകാശമുണ്ടായിരുന്നു.

ഭൂപരിഷ്കരണ നടപടികൾക്കു് സാങ്കേതിക സജ്ജീകരണങ്ങൾ ആവശ്യമായതുകൊണ്ടു്, ഭൂപരിഷ്കരണസംഘങ്ങളുടെ സമീപത്തായി യന്ത്രസംഘങ്ങൾ സ്ഥാപിക്കപ്പെട്ടു. പലപ്പോഴും ഈ ഭൂപരിഷ്കരണസംഘങ്ങൾ, കൂട്ടായി ഭൂമി കൃഷിചെയ്യുന്നതിനുള്ള സംഘങ്ങളായോ അല്ലെങ്കിൽ കാർഷിക കമ്പനികളായോ രൂപാന്തരപ്പെട്ടു.

യു. എസ്. എസ്. ആറിലും മററു സോഷ്യലിസ്റ്റുരാജ്യങ്ങളിലും ഏററവുമധികമായി ഉണ്ടായിരുന്നതു്, കാർഷികയന്ത്രങ്ങളെ സംയുക്തമായി ഉപയോഗിക്കുന്നതിനുള്ള യന്ത്രസംഘങ്ങളായിരുന്നു.

കൃഷിക്കാരുടെ ഈ സഹകരണസംഘടനകളുടെ പ്രവർത്തനങ്ങൾ വളരെ വ്യത്യസ്തങ്ങളായിരുന്നു.

ചില യന്ത്രസംഘങ്ങൾ ആരംഭത്തിൽ ചെറിയ ഫാമുകളുടെ കഴിവിന്നു അതീതമായതും അവക്കു് ഒരിക്കലും അതിന്റെ മുഴുവൻ കഴിവും പ്രയോജനപ്പെടുത്താൻ കഴിയാത്തതുമായ യന്ത്രങ്ങ

ളുടെ പൂരകങ്ങൾ വാങ്ങുകയാണു് ചെയ്യുന്നു്. ക്രൂററൻമില്ലുകൾ, തരംതിരിവുയന്ത്രങ്ങൾ, കതിരയെ കെട്ടിയോ യന്ത്രങ്ങൾ കൊണ്ടോ ഓടിക്കുന്ന മെതിക്കൽയന്ത്രം, കതിര വഷിക്കുന്ന ഡ്രില്ലുകൾ, കൊയ്ത്തുയന്ത്രങ്ങളും കററക്കൂട്ടുന്ന യന്ത്രങ്ങളുമാണു് സംഘങ്ങൾ ആരംഭത്തിൽ വാങ്ങുന്നതു്. ടാക്ടറുകളുടെയും ഫിനിഷർ ത്രാഷർകളുടെയും ആവിർഭാവത്തോടും ധനസംഭരണത്തോടുംകൂടിയും സംഘം ഒരു ടാക്ടർ അതിൻെറ പൂരകമായ പിൻതുടരൽ യന്ത്രസാമഗ്രികളോടുകൂടി വാങ്ങും.

വ്യക്തികളായ കൃഷിക്കാരുടെ ആവശ്യങ്ങൾ നിറവേററുന്നതിനുവേണ്ടി യന്ത്രസംഘങ്ങൾ യന്ത്ര-വാടക സ്റ്റേഷനുകൾ സ്ഥാപിച്ചു.

സോവിയററുസ്റ്റേററു്, യന്ത്രസംഘങ്ങളെ സംഘടിപ്പിക്കുന്നതിൽ എല്ലാ വിധത്തിലും സഹായിച്ചു, അങ്ങിനെ, പ്രാദേശിക കർഷകസ്ഥാപനങ്ങളിൽനിന്നുള്ള വിദഗ്ദ്ധന്മാർ, ഓരോന്നിലും ഏററവും നല്ല യന്ത്രങ്ങൾ തെരഞ്ഞെടുക്കുന്നതിനും അവയെ എങ്ങിനെ ഉപയോഗിക്കണമെന്നും ഉപദേശിക്കുകയും സങ്കീർണ്ണങ്ങളായ യന്ത്രങ്ങൾ നന്നാക്കുന്നതിന്നു അവരെ സഹായിക്കുകയും ചെയ്യും,

യന്ത്രങ്ങൾ വാങ്ങുന്നതിനാവശ്യമായ ധനം ഉണ്ടാക്കുന്നതിനുവേണ്ടി സംഘത്തിൽ ചേരുന്ന ഓരോ അംഗവും പ്രവേശനഫീസും ആദ്യഓഹരിയായി ഒരു സംഖ്യയും കൊടുക്കണമെന്നു് ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുണ്ടു്. സംഘം വാങ്ങാൻ ഉദ്ദേശിക്കുന്ന യന്ത്രങ്ങളുടെ 10 മുതൽ 20 വരെ ശതമാനം വില ഉണ്ടാക്കുന്നതിനു കഴിയത്തക്ക വിധമാണു് ഈ പണം കെട്ടൽ സംഘടിപ്പിച്ചിട്ടുള്ളതു്. യന്ത്രസംഘങ്ങളിൽ ചേരുന്നതിനുള്ള പ്രചോദനം നല്കുന്നതിനുവേണ്ടി, അംഗങ്ങൾക്കു് കുറഞ്ഞ നിരക്കിൽ യന്ത്രങ്ങൾ ഉപയോഗിക്കാമെന്നു് ചട്ടങ്ങളിൽ നിബന്ധന ചെയ്തിട്ടുണ്ടു്. അംഗങ്ങൾക്കും അംഗങ്ങളല്ലാത്തവർക്കും സേവന

മനുഷ്യർക്കുന്നതിനുവേണ്ടി യന്ത്രസംഘങ്ങൾ യന്ത്ര-വാടക സ്റ്റേഷ്യനുകൾ സ്ഥാപിച്ചിട്ടുണ്ട്.

മുൻപ് ഉപയോഗപ്പെടുത്താതിരുന്ന നികത്തിയെടുത്തു കൃഷി ചെയ്യപ്പെട്ട ഭൂമി, വ്യക്തികളായ കൃഷിക്കാർക്ക് വിതരണം ചെയ്യാതെ ഭൂപരിഷ്കരണസംഘടനയുടേയും യന്ത്രസംഘടനയുടേയും യന്ത്രങ്ങൾകൊണ്ടു കൂട്ടായി ഉഴുകയെന്നുള്ളതു് സാധാരണ സംഭവിച്ചിരുന്നു. ഇതു ക്രമേണ മദ്ധ്യയേഷ്യയിലും, ബൈലോറഷ്യയിലും സർവ്വസാധാരണമായിരുന്ന ഭൂമിയുടെ കൂട്ടുകൃഷിക്കുവേണ്ടിയുള്ള സംഘങ്ങളായി ഉയന്നു.

ഒക്ടോബർ വിപ്ലവത്തിന്നു മുൻപ് സാമാന്യമായി ഉയന്ന തോതിൽ മുതലാളിത്വബന്ധങ്ങൾ ഉണ്ടായിരുന്നതും കർഷക ഫാമുകൾ കമ്പോളങ്ങളുമായി അടുത്തു ബന്ധപ്പെട്ടിരുന്നതുമായ പ്രദേശങ്ങളിൽ കാർഷികോല്പന്നങ്ങളുടെ പ്രാഥമികമായ പ്രോസസിങ്ങിനുവേണ്ടിയുള്ള (കാലിവളത്തൽ, ചണം പ്രോസസിങ്ങ്, സ്റ്റാർച്ചും കരിപ്പെട്ടിയും ഉല്പാദിപ്പിക്കുന്ന സംഘങ്ങൾ) പ്രാഥമിക സംഘങ്ങൾ ഉയർന്നുവന്നു.

ഇങ്ങിനെയുള്ള സംഘങ്ങൾ ചിലപ്പോൾ സ്വതന്ത്രമായി സംഘടിപ്പിക്കപ്പെട്ടിരുന്നുവെങ്കിലും പലപ്പോഴും അവയെ നിലവിലുള്ള ക്രെഡിററുസഹകരണസംഘങ്ങളുടെയോ അല്ലെങ്കിൽ കച്ചവടസഹകരണസംഘങ്ങളുടെയോ അടിസ്ഥാനത്തിലാണു് സംഘടിപ്പിക്കപ്പെട്ടിരുന്നതു്. ഉദാഹരണത്തിന്നു, 1924-ൽ കലുഗാപ്രവിശ്യയിൽ സ്ഥാപിക്കപ്പെട്ട ടോക്കർക്രെഡിററ് സഹകരണസംഘം അതിന്റെ പ്രവത്തനം ആരംഭിച്ചതു് കൃഷിക്കാർക്ക് കടംകൊടുത്തുകൊണ്ടായിരുന്നു. കുറെ പണം സമ്പാദിച്ചതിന്നും സ്റ്റേററിൽ നിന്നും കടമെടുത്തതിനുശേഷം, ചണം കൃഷിചെയ്യുന്ന സ്ഥലത്തു ഒരു സംഘം, ചണത്തിന്റെ പ്രാഥമിക പ്രോസ്സസിങ്ങ് നടത്തുന്ന

തിനുള്ള ഒരു ഫാക്ടറി സ്ഥാപിക്കുകയും അതിന്റെ ഫലമായി അതു് ചണയുല്പാദനത്തെ സഹായിക്കുകയും ചെയ്തു. അതിന്റെ സാമൂഹ്യധനത്തിന്റെ കൂടുതലായ വർദ്ധനവിനോടുകൂടി ഈ ടാക്കർ ക്രെഡിററ് സഹകരണസംഘം ഒരു ചീസ്സ്ഫാക്ടറിയുടെ നിർമ്മാണം ആരംഭിച്ചു. കന്നുകാലിവളർത്തൽ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന്നു ഇതു അടുത്തുള്ള കൃഷിക്കാരെ പ്രേരിപ്പിച്ചു കട്ടിയാഹാരത്തിന്റെ വില്പന സംഘടിപ്പിച്ചും, ശരിയായ തീററ സമ്പ്രദായവും നല്ലയിനം മൃഗങ്ങളേയും പ്രദർശിപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങൾ സ്ഥാപിച്ചും ഈ വാസനയെ സംഘം പ്രോത്സാഹിപ്പിച്ചു.

കന്നുകാലിവളർത്തലിൽ ഏർപ്പെട്ടിരുന്ന കൃഷിക്കാരുടെയിടയിൽ വൻതോതിൽ കാലിവളർത്തൽ സംഘങ്ങൾ സ്ഥാപിക്കപ്പെട്ടു.

കന്നുകാലിവളർത്തലിലെ എല്ലാ ശാഖകളുമായും ബന്ധപ്പെട്ട സമ്മിശ്രസംഘങ്ങളും അതുപോലെതന്നെ, ആടുവളർത്തലിലും പന്നിവളർത്തലിലും നിലം കൃഷിയിലും മററും പ്രത്യേക വൈദഗ്ദ്ധ്യമുള്ള സംഘങ്ങളും, കന്നുകാലിവളർത്തലിന്നുള്ള ബഹുശാഖാകേന്ദ്രങ്ങളിൽ സ്ഥാപിക്കപ്പെട്ടു. വിദഗ്ദ്ധസംഘങ്ങളുടെ പ്രവൃത്തികൾ, കന്നുകാലികളെ തരംതിരിക്കുന്നതിലും തടിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പുരോഗമിപ്പിക്കുകയും കന്നുകാലികളെ തടിപ്പിക്കുന്നതിനാവശ്യമായ പൊതുമേച്ചിൽ സ്ഥലങ്ങൾ സംഘടിപ്പിക്കുന്നതിലുമായി പരിമിതപ്പെടുത്തിയിരുന്നു. കാർഷികോല്പന്നങ്ങൾ സംഭരിക്കുക, കന്നുകാലികളിൽനിന്നുള്ള ഉല്പന്നങ്ങൾ പ്രോസസ്സ് ചെയ്യുകയും വില്ക്കുകയും ചെയ്യുക, ആവശ്യമുള്ള യന്ത്രസാമഗ്രികളും തീററസാധനങ്ങളും നല്ലയിനം കന്നുകാലികളെയും അംഗങ്ങൾക്കു സപ്ലൈചെയ്യുക മുതലായവ ഉൾപ്പെടെയുള്ള കൂടുതൽ വിപുലമായ രംഗത്തോടുകൂടിയ കാലിവളർത്തുകാരുടെ സഹകരണസംഘങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള പ്രാഥമികഘട്ടമായി ഈ സംഘങ്ങൾ നിലനിന്നിരുന്നു.

AYAM PUBLIC LIB
KOT AYAM

പശുപാലനവിഷയകമായ കാലിവളർത്തൽപ്രദേശങ്ങളിൽ, ഈ സംഘങ്ങൾ കാലിവളർത്തൽകാർക്ക ഉപഭോക്തൃസാധനങ്ങൾ സപ്ലൈചെയ്യുന്ന ഉപഭോക്തൃസഹകരണസംഘങ്ങളുടെ വൃത്തികൾ കൂടി ഏറെറടുത്തു.

ഉയർന്നതോതിലുള്ള വിളവുകൾ നൽകുന്ന വിത്തുകൾ ഉല്പാദിപ്പിക്കുകയും അവയെ പ്രാദേശിക കർഷകർക്ക സപ്ലൈ ചെയ്യുകയും ചെയ്യുന്ന വിത്തുവളർത്തൽ സംഘങ്ങളും സുപ്രധാനമായ ഒരു പങ്കുവഹിച്ചിരുന്നു.

കർഷകരുടെ ഉല്പാദനത്തിന്റെ സഹായകശാഖകളുമായിട്ടാണ് ഉല്പാദകസംഘങ്ങളുടെ പ്രാഥമിക മാതൃകകൾ ബന്ധപ്പെട്ടിരുന്നതു്. വ്യക്തികളുടേതായ കൃഷിഭൂമികളുടെ നടത്തിപ്പിന്റെ പുരോഗതിയെ അവ സഹായിക്കുകയും, വ്യക്തിഗതമായ കൃഷിസമ്പ്രദായത്തിൽ കൈകടത്താതെയും അതു മാററാതെയും അതിന്റെ മൊത്തം ഉല്പാദനത്തിനോടുള്ള തോതു വർദ്ധിപ്പിക്കുന്നതിന്നു അതു സഹായിച്ചു. ജനകീയാധികാരത്തിൻകീഴിൽ അങ്ങിനെയുള്ള സഹകരണസംഘങ്ങൾ കൃഷിക്കാരുടെ സ്ഥിതി നന്നാക്കുന്നതിന്നു സഹായിച്ചെങ്കിലും വ്യക്തികളുടെ ചെറിയ കൃഷിസമ്പ്രദായത്തിന്റെ പരിമിതമായ സാദ്ധ്യതകൾക്കു പരിഹാരം കാണുന്നതിന്നു് അവയ്ക്കു കഴിഞ്ഞില്ല. ഉല്പാദനോപകരണങ്ങളുടെ സാമൂഹ്യമായ ഉപയോഗത്തിന്റെ ഗുണങ്ങൾ കൃഷിക്കാർക്കു് മനസ്സിലാക്കിക്കൊടുത്തുകൊണ്ടു്, പ്രാഥമിക സഹകരണസംഘങ്ങൾ സോഷ്യലിസത്തിലേക്കുള്ള ഉയർന്ന പടിയുടെ അനിവാര്യമായ മാററത്തിന്നു വഴിതെളിയിച്ചു.

ഫാം മാനേജുമെന്റ് സമ്പ്രദായത്തിന്റെ യഥാർത്ഥത്തിലുള്ള മാററങ്ങൾ ഉണ്ടാക്കിയ ആദ്യത്തെ ഉല്പാദകസഹകരണസംഘങ്ങൾ, കൂട്ടായി കൃഷിചെയ്യുന്നതിന്നുള്ള സംഘങ്ങൾ ആയിരുന്നു. ഉല്പാദകരുടെ സഹകരണസംഘങ്ങളുടെ ഈ പ്രാഥമിക

രൂപം പാവപ്പെട്ടവരും ഇടത്തരക്കാരുമായ കൃഷിക്കാരുടെയിട യിൽ പ്രചരിച്ചതു്, വളരെ ഉയർന്ന തോതിലുള്ള വിളവുല്പാദനം ഉണ്ടായിരുന്ന മേഖലകളിലായിരുന്നു.

ഇങ്ങിനെയുള്ള സംഘങ്ങളിൽ മുഖ്യമായി സോഷ്യലീകരി ക്കപ്പെട്ടതു് അദ്ധ്വാനമായിരുന്നു; വാഹനമൃഗങ്ങൾ, കൃഷിയായു ധങ്ങൾ, യന്ത്രങ്ങൾ, പണിയായുധങ്ങൾ ഇവയെല്ലാം ഭൂമി ഉഴുന്ന തിനും, വിതയ്ക്കുന്നതിന്നും കൊയ്യുന്നതിന്നും മെതിയ്ക്കുന്നതിന്നും മററും കൂട്ടായി ഉപയോഗപ്പെടുത്തിയിയിരുന്നു. അത്തരം കർഷക സംഘങ്ങളുടെ ആദ്യത്തെ ഘട്ടത്തിൽ, ഭൂമി കൃഷിക്കാരുടെ സ്വകാര്യസ്വത്തായിരുന്നു, പൊതുസ്വത്തായിരുന്നില്ല. പൊതു റിസർവ്വുകളിലെ ഭൂമി ചിലപ്പോൾ ഇതിനുവേണ്ടി ഉപയോഗ പ്പെടുത്തി. പിന്നീടുള്ള ഒരു ഘട്ടത്തിൽ ഓരോ തുണ്ടുഭൂമികളും ചേർത്തു് ഒരൊററ കമ്മ്യൂണൽ ഭൂമിയാക്കി. എന്നാൽ വ്യക്തിക ളുടെ കൃഷിഭൂമിയുടെ സ്വതന്ത്രമായ നിധനില്ലും കന്നുകാലിക ളുടെയും ആയുധങ്ങളുടെയും മേലുള്ള സ്വത്തവകാശവും നില നിറുത്തി. വിളവുകൾ ഭാഗിച്ചതു്, ഓരോഅംഗവും ചെയ്ത ജോലി യുടെ അളവിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല, അയാളുടെ ഭൂമിയുടെ വലിപ്പത്തിന്റെയും ഗുണത്തിന്റെയും അടിസ്ഥാന ത്തിൽ കൂടിയും ആയിരുന്നു.

കർഷകത്തൊഴിലാളികൾക്കും പാവപ്പെട്ട കൃഷിക്കാർക്കും സംഘങ്ങളിൽ ചേരുന്നതു് പ്രയാസമില്ലാതാക്കുന്നതിനുവേണ്ടി മാതൃകാചട്ടങ്ങളിൽ പ്രവേശനഫീസ് വ്യത്യസ്തങ്ങളാക്കി. ഉദാഹ രണത്തിന്നു്, ഒരു കർഷകത്തൊഴിലാളിക്കു് ഒരു റുബിളും, ഒരു ചെറുകൃഷിക്കാരന്നു് മൂന്നു റൂബിളും ഒരു ഇടത്തരം കൃഷിക്കാ രന്നു് അഞ്ചു റൂബിളും ആയിരിക്കും പ്രവേശനഫീസ്. സംഘ ത്തിൽ ചേരുന്നതിനുള്ള ആദ്യഓഹരി നിശ്ചയിക്കുന്നതു് അംഗങ്ങ ളുടെ ഒരു പൊതുയോഗത്തിൽ വെച്ചായിരിക്കും. ഇവിടെയും

ഓരോ അംഗവും ഏതു സാമൂഹ്യവിഭാഗത്തിൽപ്പെട്ടതാണെന്ന ുള്ളതു് പരിഗണിക്കപ്പെട്ടിരുന്നു. ഒരു കർഷകത്തൊഴിലാളിയുടെ ഓഹരി ഒരുപാവപ്പെട്ട കൃഷിക്കാരന്റേതിന്റെ പകുതിയും ഒരു പാവപ്പെട്ട കൃഷിക്കാരൻേറതും് ഇടത്തരം കൃഷിക്കാരൻേറതിൻേറ പകുതിയും ആയിരുന്നു. അതിന്നു പുറമെ കർഷകത്തൊഴിലാളികളും പാവപ്പെട്ട കൃഷിക്കാരനും കടം കിട്ടുന്നതിന്നു് അവകാശമുണ്ടായിരുന്നതിന്നും പുറമെ അവരുടെ ഓഹരികൾ ഗഡുക്കളായി കൊടുക്കുകയും ചെയ്യാമായിരുന്നു.

ഭൂമി കൂട്ടായി കൃഷിചെയ്യുന്നതിന്നുള്ള സംഘങ്ങളുടെ രൂപീകരണം സാമൂഹ്യമായ സ്വത്തവകാശത്തിൻേറ അടിസ്ഥാനം സൃഷ്ടിച്ചു. മൊത്തം ഓഹരിയുടെ ഏററവും കറഞ്ഞതു് 10 ശതമാനം വീതിക്കാൻ പാടില്ലാത്ത മൂലധനത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഒരംഗം സംഘത്തിൽനിന്നും പിൻമാറുകയാണെങ്കിലും അതു പിരിച്ചുവിടുകയാണെങ്കിലും യാതൊരു റീഫണ്ടും അതിൽ നിന്നും അനുവദിച്ചിരുന്നില്ല.

ഗോത്രാധിപത്യപരമായ ബന്ധങ്ങളും ഫ്യൂഡൽ ബന്ധങ്ങളും ശക്തിയായി നിലനിന്നിരുന്നതും, സഞ്ചാരനിവാസികളോ അല്ലെങ്കിൽ അർദ്ധസഞ്ചാരനിവാസികളോ അധിവസിച്ചിരുന്നതുമായ രാജ്യത്തിൻേറ കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിൽ കൃഷിയും മുഖ്യമായി കാലിവളർത്തലും വ്യാപകമായിരുന്നു.

മദ്ധ്യഏഷ്യയിലെയും ട്രാൻസ്കൊക്കേഷ്യയിലെയും സാമൂഹ്യബന്ധങ്ങളുടെയും കൃഷിയുടേയും പ്രത്യേകസ്വഭാവം ഭൂമിയുടെ കൂട്ടായ കൃഷിക്കുള്ള സംഘടനകൾക്കു് ഒരു ഗോത്രാടിസ്ഥാനം നൽകിയിരുന്നു. വിദൂര ഉത്തരപ്രദേശങ്ങളിൽ പ്രാകൃതമായ ഉല്പാദകസംഘങ്ങൾ, കടമ്പ (കലമാൻ) കൾക്കുള്ള സാമൂഹ്യ മേച്ചിൽ സ്ഥലങ്ങളും മീൻപിടുത്തവും അല്ലെങ്കിൽ വേട്ടയാടലും, സാധാരണമായിരുന്നു.

അസ്ഥിരമായ നോമാഡിക്കം കാലിവളർത്തലിന്റെ ദേശീയ മണ്ഡലങ്ങളിലും മേഖലകളിലുമുള്ള അത്തരം സംഘങ്ങൾക്കു സ്റ്റേറ്റു നൽകിയിരുന്ന സഹായം, കൂട്ടുകൃഷിയുടെ ഒരു രൂപത്തിനും ഉല്പാദനോപകരണങ്ങളുടെ പൊതുഉടമ സമ്പ്രദായത്തിനും അടിസ്ഥാനമിടുന്നതിന്നു സഹായകമായിത്തീൻ.

തൊട്ടുകിടക്കുന്ന ദേശീയജില്ലകളിലെ നാട്ടിൻപുറത്തുള്ള അദ്ധ്വാനിക്കുന്നവരുടെയിടയിൽ പ്രാഥമിക ഉല്പാദക സഹകരണ സംഘങ്ങൾ വൻതോതിൽ പ്രചരിപ്പിച്ചതു്. പില്ക്കാലങ്ങളിൽ കൂടുതൽ വികസിച്ച രൂപത്തിലുള്ള ഉല്പാദക സഹകരണ സംഘങ്ങളുടെ രൂപീകരണത്തിനു സഹായകമായിത്തീൻ.

ഭൂമി കൂട്ടായി കൃഷി ചെയ്യുന്നതിനുള്ള സംഘങ്ങൾ സോവിയറ്റു യൂണിയന്റെ മററു മേഖലകളിലും സ്ഥാപിക്കപ്പെട്ടു. നാട്ടിൻപുറങ്ങളിൽ 1928_ൽ അവയുടെ എണ്ണം 11,885 ആയിരുന്നു. അതു മൊത്തം ഉല്പാദക സഹകരണസംഘങ്ങളുടെ 53 ശതമാനമായിരുന്നു (കാർഷിക ആർട്ടൽ 40 ശതമാനവും കാർഷിക കമ്മ്യൂണുകൾ 7 ശതമാനവും).

ചില ചരിത്രപരമായ സാഹചര്യങ്ങളിലുള്ള രാജ്യങ്ങൾക്കും ജനങ്ങൾക്കും മുതലാളിത്തേതരമായ വികാസത്തിനു സാദ്ധ്യതയുണ്ടെന്നുള്ള ലെനിന്റെ തത്വങ്ങൾ ശരിയാണെന്നു്, യു. എസ്സ്. എസ്സ്. ആറിലെ മുൻപു് പിന്നോക്കനിലയിൽ കിടന്ന പ്രദേശങ്ങളിലെ സോഷ്യലിസ്റ്റു നിർമ്മാണം പൂർണ്ണമായും തെളിയിച്ചു.

കൂട്ടായി ഭൂമി കൃഷിചെയ്യുന്നതിനുള്ള സംഘങ്ങളെപ്പോലെയുള്ള ഒരു മാതിരി ഉല്പാദകസഹകരണസംഘങ്ങൾ, സോഷ്യലിസ്റ്റുല്പാദനരീതി സ്വീകരിച്ച മററു രാജ്യങ്ങളിൽ വിപുലമായി പ്രചരിച്ചിരുന്നു.

അങ്ങിനെ, കൃഷിയുടെ സോഷ്യലിസ്റ്റ് രൂപപരിവർത്തനത്തിന്റെ ആരംഭത്തിൽ, ജി. ഡി. ആറിൽ ഈ മാതൃകയിലുള്ള സംഘങ്ങൾ—സ്ഥിരം തൊഴിലാളി സംഘങ്ങൾ—രാജ്യത്തു് സംഘടിപ്പിക്കപ്പെട്ടിരുന്ന എല്ലാ കൂട്ടുകൃഷികളങ്ങളുടെയും 80 ശതമാനത്തിൽ കൂടുതലായിരുന്നു (1952-ൽ).

റുമേനിയായിൽ. 1958-ന്റെ അവസാനത്തിൽ ഭൂമി കൂട്ടായി കൃഷി ചെയ്യുന്നതിനുള്ള സംഘങ്ങൾ വളരെയധികം ഉണ്ടായിരുന്നു. മൊത്തം സഹകരണ ഫാമുകളുടെ 80 ശതമാനമായിരുന്നു. ചെക്കോസ്ലോവാക്കിയയിൽ 1950ൽ, മൊത്തം ഉല്പാദകസഹകരണസംഘങ്ങളുടെ ഏകദേശം 50 ശതമാനം അതേ മാതൃകയിലുള്ള സംഘങ്ങളായിരുന്നു. ഹംഗറിയിൽ ഇങ്ങനെയുള്ള സംഘങ്ങൾ ഉല്പാദകരുടെ സഹകരണഗ്രൂപ്പുകളുടെ രൂപത്തിലാണു് സ്ഥാപിക്കപ്പെട്ടതു്. ഇതു്, 1951-ൽ കൃഷിക്കാരുടെ മൊത്തം ഉൽപാദകസംഘങ്ങളുടെ 40 ശതമാനത്തിൽ കൂടുതലായിരുന്നു.

ചൈനീസ് ജനകീയ റിപ്പബ്ലിക്കിൽ, ഉൽപാദക സഹകരണസംഘത്തിന്റെ പ്രാഥമികരൂപം പരസ്പരസഹായ ടീമുകളുടേതായിരുന്നു. 1954-ൽ ഇതിൽ 58 ശതമാനം കർഷക ഭൂമിയുൾപ്പെട്ടിരുന്നുവെന്നു മാത്രമല്ല, ഉൽപാദക സഹകരണ സംഘങ്ങളുടെ ഏകമാതൃകയും അവയായിരുന്നു. വിയറ്റ്നാമിലെ ജനാധിപത്യറിപ്പബ്ലിക്കിൽ ഈ മാതൃകയിലുള്ള ഉൽപാദകരുടെ സംഘങ്ങൾ—പരസ്പര സഹായടീമുകൾ—വിമോചനസമരകാലത്താണു് സംഘടിപ്പിക്കപ്പെട്ടതു്. കാർഷിക പരിഷ്കാരങ്ങൾ നടപ്പിലാക്കപ്പെട്ടപ്പോൾ അവ വളരെ വിപുലമായി പ്രചരിക്കപ്പെട്ടുമിരുന്നു. 1956-ആയപ്പോഴേക്കും, കൃഷിത്തോട്ടങ്ങളുടെ 60 ശതമാനം സംഘങ്ങൾ യോജിപ്പിക്കപ്പെട്ടുകഴിഞ്ഞിരുന്നു.

ഭൂമി കൂട്ടായി കൃഷിചെയ്യുന്നതിനുള്ള സംഘടനകളുടെയും സഹകരണ ഉൽപാദക ടീമുകളുടെയും അതുപോലെയുള്ള മററു്

ഉൽപാദക സംഘങ്ങളുടെയും രൂപത്തിലുള്ള ഉൽപാദനത്തിന്റെ പ്രാഥമിക രൂപത്തിലുള്ള സഹകരണം കൃഷിയുടെ സോഷ്യലിസ്റ്റ് രൂപ പരിവർത്തനത്തിന്റെ പ്രാരംഭഘട്ടത്തിൽ എല്ലാ രാജ്യങ്ങളും വൻപിച്ച തോതിൽ നടപ്പുണ്ടായിരുന്നു എന്നാണ് ഈ സാഗകൾ കാണിക്കുന്നത്.

## ഡി) കാർഷിക ആർട്ടൽ—ഉല്പാദനത്തിലെ ഏററവും ഉയർന്ന രൂപത്തിലുള്ള സഹകരണം

ക്രെഡിററ് സഹകരണസംഘങ്ങളിലും ക്രയവിക്രയസംഘങ്ങളിലും കൃഷിക്കാർ പങ്കെടുത്തതും ഉൽപാദകരുടെ പ്രാഥമിക രൂപത്തിലുള്ള സഹകരണസംഘങ്ങൾ പ്രചരിച്ചതും, സാമൂഹ്യ കൃഷിസമ്പ്രദായത്തിലേക്കുള്ള മാററത്തിന് കൃഷിക്കാരെ തയ്യാറാക്കി. ഈ മാററം ഉടൻ ഉണ്ടായില്ല. ഇപ്പോൾ ആവശ്യമുള്ളത്ര ഭൂമിയും സ്വന്തം വലിയ ഭൂമികളിൽ കൃഷി ചെയ്യുന്നതിനാവശ്യമായ സാമഗ്രികളുമുള്ളവരും ഭൂഉടമകളുടെ പിടിയിൽനിന്നും സ്വതന്ത്രരായിരുന്നവരുമായ കൃഷിക്കാർക്ക്, ചെറുകൃഷിതോട്ടങ്ങൾക്ക ദാരിദ്ര്യത്തിൽനിന്നും കുലാക്കുകളുടെ ചൂഷണത്തിൽനിന്നും രക്ഷപ്പെടാൻ സാധിക്കുകയില്ലെന്ന് മനസ്സിലാക്കാൻ ദീർഘകാലം വേണ്ടിവന്നു.

കൃഷിക്കാർ കൂട്ടുകൃഷിയെപ്പററി സഹകരണത്തിന്റെ പ്രാഥമികരൂപങ്ങളിൽക്കൂടി പഠിക്കണമെന്നുള്ളതും, വൻതോതിലുള്ള സോഷ്യലിസ്റ്റ് കാർഷികോൽപാദനത്തിന്റെ ഗുണത്തെപ്പററി ഏററവും നല്ല സ്റ്റേററു കാർഷിക സഹകരണ സംരംഭങ്ങളിൽനിന്നും അവർ മനസ്സിലാക്കണമെന്നുള്ളതും ഒഴിച്ചുകൂടാൻ വയ്യാത്തതായിരുന്നു.

പുതിയ കൂട്ടുകൃഷിക്കളങ്ങളെ സഹായിക്കുന്നതിനാവശ്യമായ സാധനസാമഗ്രികളും ധനവും സമ്പാദിക്കുന്നതിന് സോഷ്യലിസ്റ്റ് സ്റ്റേററിനും കുറെ സമയം ആവശ്യമായിരുന്നു.

യു. എസ്സ്. എസ്സ്. ആറിൽ ഈ പ്രക്രിയയ്ക്കു് 10 മുതൽ 12 വരെ കൊല്ലങ്ങൾ ആവശ്യമായിരുന്നു. കൂട്ടകൃഷിയിലേക്ക ബഹുജനാടിസ്ഥാനത്തിലുള്ള കൃഷിക്കാരുടെ മാററത്തിന്നാവശ്യമായ ഉപാധികൾ 1927–നും 1929-നും ഇടയ്ക്കു മാത്രമാണ് സൃഷ്ടിക്കപ്പെട്ടതു്. അപ്പോഴേക്കും, സോവിയററു സ്റ്റേററ് ശക്തിപ്പെട്ടുകഴിഞ്ഞിരുന്നു. മില്ലുകളുടേയും വ്യവസായശാലകളുടേയും നിർമ്മാണം ധ്രുതഗതിയിൽ നടന്നുകൊണ്ടിരുന്നു. വൻപിച്ച ടാക്ടറുകളും കാർഷികയന്ത്രങ്ങളും സ്ഥാപിക്കപ്പെട്ടുകഴിഞ്ഞിരുന്നു. വ്യവസായീകരണം കൃഷിയുടെ രൂപപരിവർത്തനം അത്യന്താപേക്ഷിതമാക്കിത്തീർത്തു. സോഷ്യലിസ്റ്റു സമ്പത്ഘടനയ്ക്കു് രണ്ടു പരസ്പരവിരുദ്ധമായ അടിസ്ഥാനങ്ങളിൽ നിലനില്ക്കാൻ സാദ്ധ്യമായിരുന്നില്ല: ഒരു വശത്തു്, വൻതോതിൽ യന്ത്രവൽക്കരിക്കപ്പെട്ട സോഷ്യലിസ്റ്റു വ്യവസായവും മറുവശത്തു്, ചെറിയ തോതിലുള്ള ചരക്കുകൃഷിയും.

സഹകരണത്തിന്റെ വിവിധരൂപങ്ങളിൽകൂടി കൃഷിക്കാർ സ്വമേധയാ കൂട്ടകൃഷിക്കളങ്ങളിൽ ചേരാൻ തയ്യാറാക്കപ്പെട്ടിരുന്നു.

എന്നാൽ അതിന്റെ പാത പ്രയാസങ്ങൾ നിറഞ്ഞതായിരുന്നു. സോഷ്യലിസത്തിന്റെ ശത്രുക്കൾ കൂട്ടകൃഷിക്കളങ്ങൾ സ്ഥാപിക്കുന്നതിനെതിരായി ക്രൂരമായ ചെറുത്തുനിൽപുകൾ നടത്തുകയായിരുന്നു: അവർ സഹകരണത്തിനെതിരായി പ്രചരണം നടത്തി, നശീകരണപ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. കന്നുകാലികളെ കൊന്നൊടുക്കി, യന്ത്രങ്ങൾക്കു കേടുവരുത്തുകയും സഹകരണപ്രസ്ഥാനത്തിലെ ഏററവും സജീവസംഘടകന്മാരെ കൊലപ്പെടുത്തുകയും ചെയ്യുന്നതുവരെ അവർ ചെന്നെത്തി. എന്നാൽ ശത്രുക്കളുടെ ഈ ക്രൂരമായ ചെറുത്തുനിൽപിനെ പരാജയപ്പെടുത്തുന്നതിനും കുലാക്കുകളെ ഒരു വർഗ്ഗമെന്ന നിലയിൽ നിർമ്മാർജ്ജനം ചെയ്യുന്നതിനും സാധിച്ചു. സഹകരണസംഘങ്ങളുടെ സ്ഥാപനം ചില തെററുകൾക്കു് അതീതമായിരുന്നില്ല. ലെനിന്റെ സഹകരണ

പദ്ധതിയുടെ വികൃതീകരണം പല ഭാഗങ്ങളിലും ഉണ്ടായി. സഹകരണസംഘങ്ങളിൽ സ്വമേധയാ പ്രവേശിക്കുകയെന്നുള്ളതും അവയുടെ രൂപത്തെ സംബന്ധിച്ചുമുള്ള തത്വങ്ങൾ ചിലപ്പോൾ ലംഘിക്കപ്പെട്ടിരുന്നു.

നാട്ടിൻപുറങ്ങളിൽ സഹകരണസംഘങ്ങൾ സ്ഥാപിക്കുന്നതിൽ യു. എസ്സ്. എസ്സ്. ആറിലെ തൊഴിലാളിവർഗ്ഗം ഒരു പ്രധാനപങ്കു വഹിച്ചു. നാട്ടിൻപുറങ്ങളിലുള്ള അദ്ധ്വാനിക്കുന്ന ജനങ്ങളെ സഹായിക്കുന്നതിനുവേണ്ടി, വലിയ വ്യവസായകേന്ദ്രങ്ങൾ തൊഴിലാളികളുടെയും എൻജിനീയർമാരുടെയും സാങ്കേതികവിദഗ്ദ്ധന്മാരുടെയും വലിയ സംഘങ്ങളെ അയച്ചുകൊടുത്തു. അവർ കൂട്ടുകൃഷിക്കളങ്ങളിലെ കാര്യങ്ങൾ ശരിപ്പെടുത്തുന്നതിന്നു സഹായിക്കുകയും യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന്നു കൃഷിക്കാരെ പഠിപ്പിക്കുകയുംചെയ്തു. വർഗ്ഗശത്രുക്കളെ തുറന്നുകാണിക്കുന്നതിനും അവരെ നിർമ്മാജ്ജനംചെയ്യുന്നതിനും അവർ സഹായം നൽകി. വളരെയേറെ തൊഴിലാളികൾ സഹകരണസംഘങ്ങളുടെ ചെയർമാന്മാരായും പാർട്ടിസംഘടകന്മാരായും യന്ത്രനടത്തിപ്പുകാരായും നാട്ടിൻപുറങ്ങളിൽ താമസിച്ചു.

കൃഷിക്കാരുടെ സോഷ്യലിസ്റ്റ് സഹകരണം എന്ന ലെനിന്റെ ആശയം വിജയിച്ചു. 1934_നോടുകൂടി സോവിയററ്യൂണിയനിൽ കൃഷിയുടെ സഹകരണം പൂത്തിയാക്കപ്പെട്ടു. അതു നടപ്പാക്കപ്പെട്ടതു് കാർഷിക ആർട്ടലുകൾ (കോൾക്കോസസ്സ്) സംഘടിപ്പിച്ചുകൊണ്ടാണ്. കാർഷിക ആർട്ടലുകൾ ഉല്പാദനത്തിലെ സഹകരണത്തിൻെറ ഏററവും യോജിച്ചതും വിപുലമായതുമായി അനുഭവപ്പെട്ടു.

കാർഷിക ആർട്ടലിൽ എല്ലാ ഭൂമിയും—വീട് ഇരിക്കുന്ന സ്ഥലം ഒഴിച്ചു്—വാഹനമൃഗങ്ങളും കന്നുകാലികളുടെ ഒരു ഭാഗവും, യന്ത്രങ്ങളും കാർഷികായുധങ്ങളും(കൃന്താലി, തൂമ്പാ,അരി

വാൾ, വെട്ടുകത്തി മുതലായ ചെറിയവ ഒഴിച്ച്) സോഷ്യലീകരിക്കപ്പെട്ടു. ഈ ലളിതമായ ആയുധങ്ങൾ കൃഷിക്കാരുടെ സ്വകാര്യസ്വത്തായിരുന്നു. ഫാമിന്റെ കെട്ടിടങ്ങൾ സോഷ്യലീകരിക്കപ്പെട്ടുവെങ്കിലും താമസത്തിന്നുള്ള വീടുകളും അതിന്റെ അനുബന്ധങ്ങളായി കൃഷിക്കാരന്റെ സ്വന്തം കന്നുകാലികൾക്കും കോഴികൾക്കുമുള്ളതും സാധനങ്ങൾ സൂക്ഷിക്കുന്നതിന്നുള്ള സ്റ്റോറുകളും അയാളുടെ സ്വകാര്യസ്വത്തായി തുടർന്നു. സഹകരണസംഘത്തിലെ ഓരോ അംഗത്തിനും സ്വന്തം ഉപയോഗത്തിനായി ഏകദേശം അര ഹെക്ടർ ഭൂമി കൈവശംവെയ്ക്കാനുള്ള അവകാശമുണ്ടായിരുന്നു.

സാമൂഹ്യസംരംഭങ്ങൾ വേണ്ടവിധം വികസിച്ചിട്ടില്ലായിരുന്ന കൂട്ടുകൃഷിസമ്പ്രദായത്തിന്റെ ആദ്യകാലങ്ങളിൽ, കൂട്ടുകൃഷിക്കാരന്റെ സ്വകാര്യഭൂമി, അയാളുടെ കുടുംബാംഗങ്ങളുടെപ്രയത്നം പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിന്ന് വളരെ സഹായകരമായിരുന്നു. അവരുടെ സ്വകാര്യഭൂമിയിൽനിന്നും മൃഗങ്ങളിൽനിന്നും കൂട്ടുകൃഷിക്കാർക്ക് സ്വന്തമായി ഉപയോഗിക്കാവുന്നതും അവരുടെ കുറവുകൾ പരിഹരിക്കുന്നതിനുമുള്ള ഉല്പന്നങ്ങൾ ലഭിക്കുമായിരുന്നു.

സോവിയററു കൂട്ടുകൃഷിക്കളങ്ങളിലെയും മററു സോഷ്യലിസ്റ്റുരാജ്യങ്ങളിലെ ഉല്പാദകസഹകരണസംഘങ്ങളുടേയും അനുഭവം പഠിപ്പിക്കുന്നതു്, സ്വകാര്യ സഹായകഭൂമികൾ ധൃതഗതിയിൽ അവസാനിപ്പിക്കരുതു് എന്നാണ്.....സാമൂഹ്യസംരംഭങ്ങളുടെ വികാസത്തിനുശേഷവും കൂട്ടുകൃഷിക്കാരുടെ സ്വമേധയായുള്ള സമ്മതത്തോടുകൂടിയും മാത്രമേ അതു സാദ്ധ്യമാകുകയുള്ളുവെന്നും.

സോവിയററ് അധികാരത്തിൽവന്ന ആദ്യകാലങ്ങളിൽ കാർഷികകമ്മ്യൂണുകൾ ഏതാണ്ട് സാർവ്വത്രികമായിരുന്നു. ഇതിൽ ഉല്പാദനോപകരണങ്ങൾ മാത്രമല്ല, താമസസ്ഥലങ്ങളും നിത്യോപയോഗസാധനങ്ങളും സോഷ്യലീകരിക്കപ്പെട്ടിരുന്നു. കമ്മ്യൂ

ണിലെ അംഗങ്ങൾക്കു യാതൊരു സ്വകാര്യ സഹായകസ്വത്തുക്കളും ഉണ്ടായിരുന്നില്ല; അവർ ഒരു പൊതുഭോജനശാലയിൽനിന്നു ആഹാരം കഴിക്കുകയും കമ്മ്യൂണിന്റെ വകയായ കെട്ടിടങ്ങളിൽ (ഓരോ കുടുംബവും പ്രത്യേകമായി) താമസിക്കുകയുംചെയ്തു. ഈ രൂപത്തിലുള്ള സാമൂഹ്യ സംഘടന അകാലികവും ക്ഷണികവും ആണെന്നു് അനുഭവപ്പെട്ടു

ബഹുജനാടിസ്ഥാനത്തിൽ കൂട്ടുകൃഷിസമ്പ്രദായം ഒരു സ്ഥിതിയിൽ എത്തിയപ്പോൾ കമ്മ്യൂണുകളെ കാർഷിക ആർട്ടലുകളായി പുനഃസംഘടിപ്പിച്ചു. സാധനങ്ങളും പ്രവൃത്തിയും സമമായ അടിസ്ഥാനത്തിൽ വീതിക്കപ്പെട്ട ചൈനീസ് ജനകീയ റിപ്പബ്ലിക്കിലെ കമ്മ്യൂണുകളും വിജയിച്ചില്ല. അവിടെ സൌജന്യമായ ആഹാരവും പൊതുസേവന സൌകര്യങ്ങളും കമ്മ്യൂണുകളുടെ ആരംഭകാലത്തുതന്നെ അവസാനിപ്പിക്കപ്പെട്ടു. ഈ സമ്പ്രദായത്തിലുള്ള സാമൂഹ്യസംരംഭങ്ങൾ മററു സോഷ്യലിസ്റ്റു രാജ്യങ്ങളിൽ സ്ഥാപിക്കപ്പെട്ടില്ല.

യു.എസ്.എസ്.ആറിൽ കൂട്ടുകൃഷിയുടെ അടിസ്ഥാനരൂപം കാർഷിക ആർട്ടലുകളാണ്. ദേശീയസ്വഭാവത്തിന്റെ പ്രത്യേകതയും കൃഷിക്കാരുടെ താല്പര്യവും കണക്കിലെടുത്തുകൊണ്ടു് അതു മററു സോഷ്യലിസ്റ്റു രാജ്യങ്ങൾക്കു് ഉല്പാദക സഹകരണസംഘങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഒരു മാതൃകയായി പരിഗണിക്കാം. ഈ രൂപം കൃഷിക്കാരുടെ സാമൂഹ്യവും സ്വകാര്യവുമായ താല്പര്യങ്ങളെ ഏററവും നന്നായി സംയോജിപ്പിക്കുന്നു.

കർഷക സഹകരണത്തിന്റെ കാലഘട്ടത്തിൽ മററു സോഷ്യലിസ്റ്റു രാജ്യങ്ങളിൽ അദ്ധ്വാനപ്രക്രിയയുടെ സോഷ്യലൈസേഷന്റെ നിലവാരത്തിലും ഉല്പാദനോപകരണങ്ങൾ കൂട്ടായി ചേർക്കുന്നതിലും, ഭൂമി കൂട്ടായി കൃഷിചെയ്യുന്നതിനുള്ള സംഘങ്ങളുടെയും കാർഷികാർട്ടലുകളുടെയും മദ്ധ്യത്തിലുള്ള ഉല്പാദക സഹകരണ സംഘങ്ങൾ ഉയർന്നുവന്നു.

ചില രാജ്യങ്ങളിൽ, അത്തരം സഹകരണസംഘങ്ങൾ വിളവുകൃഷിയിൽ മാത്രമെ പ്രവർത്തിക്കുന്നുള്ളുവെങ്കിൽ മററു രാജ്യങ്ങളിൽ ഉല്പാദിപ്പിക്കുന്ന കന്നുകാലികളും സോഷ്യലീകരിക്കപ്പെട്ടിട്ടുണ്ടു്. (ചില രാജ്യങ്ങളിൽ കൃഷിയായുധങ്ങളും കന്നുകാലികളും സഹകരണസംഘാംഗങ്ങളിൽനിന്നും മോചിപ്പിക്കപ്പെടുന്നു)

ജോലിയുടെ അളവിൻേറയും ഗുണത്തിൻേറയും അടിസ്ഥാനത്തിൽ ആദായം ആർട്ടലിലെ അംഗങ്ങൾക്കു വീതിച്ചുകൊടുക്കുന്നു. അങ്ങിനെയുള്ള വിതരണം അദ്ധ്വാനിക്കുന്ന കൃഷിക്കാരുടെ താല്പര്യത്തിന്നു പരിപൂർണ്ണമായി യോജിച്ചതാകുന്നു.

ചില സഹകരണസംഘങ്ങളിൽ, ആദായത്തിൻെറ ഒരു ഭാഗം, ആയുധങ്ങളുടെയും ഭൂമിയുടെയും പ്രാഥമിക ഓഹരിയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യപ്പെടുന്നു. ഈ രീതിയിലുള്ള വിതരണം യു. എസ്. എസ്. ആറിലെ ചില കാർഷിക ആർട്ടലുകളിൽ കൂട്ടകൃഷിയുടെ ആരംഭകാലത്തും, ബൾഗേറിയായിലും നടപ്പുണ്ടായിരുന്നു. ഈ കാലത്തു് ഇതു് ഹംഗറിയിലും, ജി. ഡി. ആറിലും പോളണ്ടിലും പ്രയോഗത്തിലുണ്ടു്.

ഭൂമി സ്വകാര്യസ്വത്തായി തുടരുന്നിടത്തുള്ള കൂട്ടകൃഷിക്കുള്ള സഹകരണസംഘങ്ങളിൽ, പ്രാരംഭത്തിൽ ഭൂമി സംഭാവന നൽകുന്നതിൻെറ അടിസ്ഥാനത്തിലുള്ള ആദായവിതരണം, കൂടുതൽ വലുപ്പമുള്ളതും ഏററവും നല്ലതുമായ ഭൂമിയുള്ള കൃഷിക്കാരെ സഹകരണസംഘത്തിൽ ചേരുന്നതിന്നു പ്രേരകമായി. എന്നാൽ ഇവിടെയും, അദ്ധ്വാനത്തിൻെറ അളവിലും ഗുണത്തിലും അടിസ്ഥാനപ്പെടുത്തി വിതരണം ചെയ്യപ്പെടുന്ന ആദായത്തിൻെറ ഭാഗം, സഹകരണസംഘത്തിന്നു നൽകിയ ഭൂമിയുടെ അളവിൻെറയും ഗുണത്തിൻെറയും അടിസ്ഥാനത്തിലുള്ള ആദായവിഹിതത്തേക്കാൾ കൂടുതലായിരുന്നു. ആരംഭത്തിൽ, ചില സഹകരണസംഘങ്ങളിൽ സംഭാവനചെയ്ത ഭൂമിയുടെ അളവിൻെറ അടിസ്ഥാനത്തിലുള്ള

സംഖ്യ, അംഗങ്ങൾക്ക വിതരണം ചെയ്യുന്നതിന നീക്കിവെച്ചിട്ടുള്ള സംഖ്യയുടെ 40 ശതമാനംവരെ എത്തിയിരുന്നു.

എങ്കിലും, സ്റ്റേററിൽനിന്നും ലഭിച്ച ഭൗതികവും സാമ്പത്തികവുമായ സഹായംകൊണ്ടും അവയുടെ ഉല്പാദകാടിസ്ഥാനം വികസിപ്പിക്കുന്നതിനുവേണ്ടി ആദായത്തിന്റെ ഒരു ഭാഗം മാററിവെച്ചും ഈ തരത്തിലുള്ള സഹകരണസംഘങ്ങൾ സാമ്പത്തികമായി കൂടുതൽ ശക്തിപ്രാപിച്ചു. അംഗങ്ങളുടെ പൊതുയോഗങ്ങളിലെ തീരുമാനങ്ങളിൽകൂടി, ഭൂമിയുടെ അളവിന്റെ അടിസ്ഥാനത്തിലുള്ള ആദായവിഹിതവിതരണം കുറച്ചുകുറച്ചു്, അവസാനം ഓരോ അംഗവും സംഭാവനചെയ്ത പ്രവൃത്തിയുടെ വലുപ്പത്തിന്റേയും ഗുണത്തിന്റേയും അടിസ്ഥാനത്തിൽ മാത്രം ആദായവിഹിതം വിതരണം ചെയ്യുന്നതിൽ എത്തിച്ചേന്നു.

യു. എസ്സ്. എസ്സ്. ആറിലെ കൂട്ടുകൃഷിക്കളത്തിന്റേയും മററു സോഷ്യലിസ്റ്റുരാജ്യങ്ങളിലെ ഉല്പാദകസഹകരണങ്ങളുടേയും അനുഭവം കാണിക്കുന്നതു്, കൂട്ടുസംരംഭങ്ങളുടെ വിജയകരമായ നടത്തിപ്പിന്നു് ഓരോ ഉല്പാദകസഹകരണസംഘത്തിനും സാമൂഹ്യധനം ഉണ്ടായിരിക്കണമെന്നാണു്.

സഹകരണഫാമുകൾ സ്ഥാപിക്കപ്പെടുന്ന ആരംഭഘട്ടത്തിൽ, അവയുടെ സാമൂഹ്യധനം വിവിധ മാർഗ്ഗങ്ങളിൽകൂടിയാണു ഉണ്ടാക്കുന്നതു്. ആ സമയത്തു്, പ്രധാനമാർഗ്ഗങ്ങൾ, കൃഷിക്കാർ സഹകരണസംഘങ്ങളിൽ ചേരുമ്പോൾ കൊടുക്കുന്ന ഓഹരികൾ (പണമായും ആയുധങ്ങളായും) ആയിരുന്നു. ഓരോ ഓഹരിയുടേയും സംഖ്യ നിശ്ചയിക്കുന്നതു്, ചേരാൻ പോകുന്ന അംഗത്തിന്റെ സ്വത്തിന്റെ അടിസ്ഥാനത്തിൽ അംഗങ്ങളുടെ പൊതുയോഗത്തിൽവെച്ചാണു്. സോവിയററു യൂണിയനിൽ കൂട്ടുകൃഷിക്കളങ്ങൾ സ്ഥാപിക്കപ്പെടുന്ന കാലത്തു് ഓരോ പ്രവേശകനും വരിയിടുകപ്പെടുകയും അതിന്റെ ഒരു ഭാഗം (25 മുതൽ 50 ശതമാനം

 2150

വരെ) പൊതുയോഗത്തിന്റെ തീരുമാനമനുസരിച്ച്, വിതരണം ചെയ്യപ്പെടാത്ത ധനം എന്നു പറയുന്നതിൽ ഉൾപ്പെടുത്തപ്പെടുകയും ചെയ്തിരുന്നു.

കൃഷിക്കാരൻ കൂട്ടുകൃഷിക്കളം വിട്ടുപോയാലും തിരിച്ചുകൊടുക്കപ്പെടാത്ത ആദ്യ ഓഹരിയുടെ ഭാഗമായിരുന്നു ഇത്. എന്നാൽ അയാൾ സാമൂഹ്യസംരംഭത്തിനു സംഭാവന ചെയ്തതിന്റെ ബാക്കിഭാഗം അയാൾ പിരിഞ്ഞുപോകുമ്പോൾ തിരിച്ചുകൊടുക്കപ്പെടുന്നു. വിതരണം ചെയ്യപ്പെടാത്ത ധനത്തിന്റെ നിർമ്മാണം കൂട്ടുകൃഷിക്കളങ്ങളുടെ അടിസ്ഥാനത്തെ അതിന്റെ ആരംഭകാലത്ത് ശക്തിപ്പെടുത്തി.

മററു സോഷ്യലിസ്റ്റ്‌രാജ്യങ്ങളിൽ, സഹകരണസംഘങ്ങളുടെമേൽ വിതരണം ചെയ്യപ്പെടാത്ത ധനം സ്ഥാപിച്ചതു് യു. എസ്. എസ്. ആറിൽ സ്വീകരിച്ചിരുന്ന അതേ തത്വങ്ങളുടെ അടിസ്ഥാനത്തിൽതന്നെയായിരുന്നു. സഹകരണസംഘങ്ങളുടെ അനുഭവം കാണിക്കുന്നതു് വിതരണം ചെയ്യപ്പെടാത്ത ധനം ഒഴിച്ചുകൂടാൻ പാടില്ലാത്തതാണെന്നാണ്.

സഹകരണസംഘത്തിൽ ചേരുമ്പോൾ നൽകുന്ന സംഭാവനയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യപ്പെടാത്ത ധനം സൃഷ്ടിക്കുകയെന്നു പറയുന്നതിന്റെ അർത്ഥം, കൂട്ടുകൃഷിക്കളത്തിന്റെ വിജയകരമായ നടത്തിപ്പിനാവശ്യമായ ഭൗതികാടിസ്ഥാനം —പണത്തിന്റെയും വാഹനമൃഗങ്ങളുടെയും ഉല്പാദകകന്നുകാലികളുടെയും കെട്ടിടങ്ങളുടെയും പണിയായുധങ്ങളുടെയും രൂപത്തിൽ— സൃഷ്ടിക്കുകയെന്നാകുന്നു.

എല്ലാ സാമ്പത്തികപ്രവർത്തനങ്ങളും കൂട്ടായി നടത്തുന്ന ഉല്പാദക സഹകരണസംഘങ്ങളുടെ സൃഷ്ടി, സ്ഥാപനത്തിനുള്ളിൽ ബഹുജനാടിസ്ഥാനത്തിലുള്ള പ്രത്യേകാഭ്യസനത്തിന്റെയും സഹകരണത്തിന്റെയും തൊഴിൽവിഭജനത്തിന്റെയും അടിസ്ഥാനത്തിൽ തൊഴിലാളിസംഘടനയിൽ മൗലികമായ മാററം

—ഇതെല്ലാം ചെറിയ കൃഷിതോപ്പുകളുടെ കഴിവിനപ്പുറമുള്ളതാണ്—ഉണ്ടാക്കുന്നു.

സാമൂഹ്യ ഉടമാവകാശത്തിന്റെ അടിസ്ഥാനത്തിൽ ഉല്പാദനം നടത്തുമ്പോൾ കൃഷിക്കാർക്ക് വൻതോതിലുള്ള ഉൽപാദനത്തിന്റെ എല്ലാ ഗുണങ്ങളും ലഭിക്കുന്നു. അദ്ധ്വാനത്തെ സാമൂഹ്യാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന സങ്കീർണ്ണമായപ്രശ്നം—സംഘടിതരായ കൃഷിക്കാരുടെ ഒരു പുതിയ പ്രശ്നം—ക്രമേണയായി ആദ്യത്തെ ഉൽപാദക സഹകരണസംഘങ്ങളുടെ അനുഭവങ്ങൾ ഉപയോഗപ്പെടുത്തിയും കൂട്ടകൃഷിയിൽനിന്നും ഏററവും കൂടുതൽ ഗുണം സിദ്ധിക്കുന്നതിനുവേണ്ടി ഏതു രൂപത്തിലുള്ള തൊഴിലാളി സംഘടനയാണ് ആവശ്യമെന്നുള്ള കൂട്ടകൃഷിക്കാരുടെ പരിശോധനയിൽനിന്നും, പരിഹരിക്കപ്പെട്ടുകൊണ്ടിരുന്നു.

ആരംഭത്തിൽ യാതൊരു രൂപത്തിലുള്ള തൊഴിലാളിസംഘടനയും കൂട്ടകൃഷികളിലുണ്ടായിരുന്നില്ല. ഒരേ കൂട്ടകൃഷിക്കാരൻതന്നെ ഒരുദിവസം വാഹനമൃഗങ്ങളെ തീററുകയും അടുത്ത ദിവസം പാടത്തു ജോലിചെയ്യുകയും മൂന്നാംദിവസം ഉൽപാദകമൃഗങ്ങളെ നോക്കുകയും ചെയ്യുകയെന്നുള്ളതു് പലപ്പോഴും ഉണ്ടാകാറുണ്ടായിരുന്നു—അയാൾ എല്ലാ ജോലിയും 'ഊഴംവെച്ചു' ചെയ്യുമായിരുന്നു. ആദായം ഒരു 'സമത്വാടിസ്ഥാനത്തിൽ' വീതിക്കപ്പെട്ടിരുന്നു—"എല്ലാവർക്കും സന്തോഷമായിരിക്കത്തക്കവണ്ണം എല്ലാവർക്കും സമമായ ഓഹരി." യഥാർത്ഥത്തിൽ ഈ വിതരണസമ്പ്രദായം വലിയ അസംതൃപ്തിക്കു കാരണമായിരുന്നു.

സമമായ വിഭജനത്തിന്റെ ഫലമായി, സത്യസന്ധമായും മനസ്സാക്ഷിയനുസരിച്ചും പ്രവർത്തിക്കുന്ന തൊഴിലാളികളുടെ വരുമാനവും മടിയന്മാരും ഉത്തരവാദബോധമില്ലാത്തവരുമായ, ഫാമിനു യാതൊരു ഗുണവും ചെയ്യാത്ത തൊഴിലാളികളുടെ വരുമാനവും ഒരുപോലെയായിരുന്നു.

ഉല്പാദക സഹകരണസംഘങ്ങളിലെ അംഗങ്ങളെ, ഫാമിന്റെ മുഖ്യ ഡിപ്പാർട്ടുമെന്റുകളിലേക്കുപോലും, നീണ്ടകാലത്തേക്കു് നിയോഗിക്കപ്പെട്ടിരുന്നില്ല. ഭൂമിയും മററു ഉല്പാദനോപകരണങ്ങളും നിശ്ചിത തൊഴിലാളിഗ്രൂപ്പുകൾക്കായി മാററിവെയ്ക്കപ്പെട്ടിരുന്നില്ല. കൂട്ടുകൃഷിക്കാർക്കു്, അവരുടെ ജോലിസമയത്തു് അവർ ഉപയോഗിച്ചിരുന്ന സാമൂഹ്യസ്വത്തിന്റെ സ്ഥിതിയെപ്പററി, യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരുന്നില്ല. ഇതെല്ലാം കാരണം സാമൂഹ്യസംരംഭങ്ങളുടെ വളർച്ച് തടസ്സപ്പെട്ടുക മാത്രമല്ല, കൂട്ടായ അദ്ധ്വാനത്തിന്റെ മുഴുവൻ പ്രയോജനവും ഉപയോഗപ്പെടുത്തുന്നതിനും കഴിഞ്ഞില്ല. കൂട്ടുകൃഷിക്കളങ്ങളിലെ ഓരോ അംഗങ്ങളെയും ഏല്പിച്ചിട്ടുള്ള ജോലിയിലുള്ള വ്യക്തിപരമായ ഉത്തരവാദിത്വം ശക്തിപ്പെടുത്തുന്നതിനും, തൊഴിലാളി അച്ചടക്കത്തിനും, സാമൂഹ്യസമ്പത്തു് ശ്രദ്ധയോടുകൂടി കൈകാര്യം ചെയ്യുന്നതിനുവേണ്ടിയും, പുരോഗമനവാദികളും പിന്നണിയിലുള്ളവരുമായ കൂട്ടുകൃഷിക്കാർ തമ്മിലുള്ള സമരവും, കൂട്ടുകൃഷിക്കളങ്ങളിലെ തൊഴിലാളികളുടെ സാമൂഹ്യ സംഘടനയോടൊപ്പം, നടക്കുന്നുണ്ടായിരുന്നു.

കൂട്ടുകൃഷിയുടെ ആരംഭകാലത്തു്, കൂട്ടുകൃഷിക്കളങ്ങളുടെ നടത്തിപ്പുമായി പൊരുത്തപ്പെടുന്ന തരത്തിലുള്ള തൊഴിലാളി സംഘടനയുടെ ഒരു പുതിയ രൂപം കണ്ടുപിടിക്കുകയെന്നുള്ളതു് വളരെ പ്രയാസമേറിയതും സങ്കീർണ്ണവും ആയിരുന്നു. വളരെ ഉന്നതരീതിയിലുള്ള കൂട്ടുകൃഷിക്കളങ്ങളുടെ പ്രവർത്തനത്തിൽ നിന്നും, തൊഴിലാളികളെ വിവിധ ശാഖകളിലായി വിതരണം ചെയ്യുക മാത്രമല്ല അതു് ദീർഘകാലത്തേക്കും സ്ഥിരമായ അടിസ്ഥാനത്തിലും — ആട്ടൽ അംഗങ്ങൾക്കു വിദഗ്ദ്ധപരിശീലനം നൽകുന്നതിനു് — ആയിരിക്കണമെന്നു് വ്യക്തമായി.

ഒരു സ്ഥാപനത്തിലെ ഒരു പ്രത്യേകശാഖ അതിലെ ഒരു ഭാഗം തൊഴിലാളികളെ ഏല്പിക്കുന്നതും, അവരെ ഏല്പിച്ചിരിക്കുന്ന ജോലിയിൽ അവർക്ക് ഉത്തരവാദിത്വബോധം വർദ്ധിപ്പിക്കുകയും, ഒരു പ്രത്യേകശാഖയിൽ വൈദഗ്ദ്ധ്യം സമ്പാദിക്കണമെന്ന് കൂട്ടുകൃഷിക്കാരുടെയിടയിൽതന്നെ ആഗ്രഹം ജനിപ്പിക്കുകയും, അങ്ങിനെ, തൊഴിലാളി അച്ചടക്കത്തെ ശക്തിപ്പെടുത്തുകയും അദ്ധ്വാനശക്തിയുടെ ഉല്പാദകക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യും.

കൂട്ടുകൃഷിക്കളങ്ങളെ ബഹുജനാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന കാലത്ത്, കൂട്ടുകൃഷിഫാം അംഗങ്ങളുടെ ഒരു ഭാഗത്തിന് നിലംകൃഷിയും മററൊന്നിന് കാലിവളർത്തലും നിശ്ചയിക്കുന്ന സമ്പ്രദായം വിപുലമായി പ്രചരിച്ചിരുന്നു. ഫാം അംഗങ്ങളുടെ അടിസ്ഥാനശാഖകളിലുള്ള ഈ പ്രത്യേകാഭ്യസനം തൊഴിലാളിസംഘടനകളുടെ ഒരു പുതിയ സാമൂഹ്യരൂപത്തിനു വേണ്ടിയുള്ള അന്വേഷണത്തിൻെറ മുൻപോട്ടുള്ള ഒരു വലിയ കാൽവെപ്പായിരുന്നു.

എന്നാൽ, തൊഴിലാളികളുടെ സാമൂഹ്യസംഘടനയ്ക്കുള്ള മുഴുവൻ ഫലവും ലഭിക്കുന്നതിന് അത്തരം പ്രത്യേകാഭ്യസനം അപര്യാപ്തമാണെന്ന് അനുഭവം കാണിച്ചുതന്നു. കാരണം, വ്യക്തിപരമായ ഉത്തരവാദിത്വമില്ലായ്മയും സ്ഥിരതയില്ലാത്ത അദ്ധ്വാനവും വ്യത്യസ്തശാഖകളിൽ സ്ഥിരമായി നിലനിന്നു.

ഒരേ കൂട്ടുകൃഷിക്കാരൻ ഒരു ദിവസം ഒരു നിലത്തിൽ ഒരു ജോലിചെയ്യുകയും അടുത്ത ദിവസം വേറൊരു നിലത്തിൽ വേറൊരു ജോലിചെയ്യുകയും ചെയ്യും. ഈ കൃഷിക്കാരൻതന്നെ ഒരുദിവസം ചില ആയുധങ്ങൾ ഉപയോഗിച്ചാൽ അടുത്ത ദിവസം വ്യത്യസ്തമായിരിക്കും ഉപയോഗിക്കുക.

വ്യക്തിപരമായ ഉത്തരവാദിത്വരാഹിത്യം, മടിയന്മാരും ശ്രദ്ധയില്ലാത്തവരും മനസ്സാക്ഷിയില്ലാത്തവരുമായ തൊഴിലാളി

കളുടെ ഒരു വിളനിലം സൃഷ്ടിച്ചു. ഇതു് തൊഴിലാളികളുടെ ഒരു സാമൂഹ്യസംഘടനയ്ക്കു് അശേഷം യോജിച്ചതായിരുന്നില്ല. പുരോഗമിച്ച കൂട്ടകൃഷിക്കളങ്ങൾ, വിവിധ ശാഖകളിൽ പ്രവത്തിച്ചിരുന്ന അംഗങ്ങളെ ടീം എന്നു പറയുന്ന ഗ്രൂപ്പുകളായി സംഘടിപ്പിക്കാൻ തുടങ്ങി.

ആരംഭത്തിൽ അത്തരം ടീമുകളെ ചില ജോലികൾ ചെയ്യുന്നതിന്നു മാത്രമാണു്, (ഉദാഹരണത്തിന്നു, വിതക്കൽ) സംഘടിപ്പിച്ചതു്. അതിന്നുശേഷം അവയെ പിരിച്ചുവിട്ടിരുന്നു. വേറെ തൊഴിലാളികളെ ഉൾക്കൊള്ളിച്ചുകൊണ്ടു്, അടുത്ത ജോലിചെയ്യുന്നതിന്നു് കൃഷിയിറക്കിയതിന്നുശേഷമോ അല്ലെങ്കിൽ കൊയ്ത്തിന്നുശേഷമോ കാലിത്തീററ ഒരുക്കുക—പുതിയ ടീമുകൾ സംഘടിപ്പിക്കും.

കൂടുതൽ സ്ഥിരമായ ടീമുകൾക്കു് ഉറപ്പുനൽകുന്നതിന്നുവേണ്ടി അവ വാസസ്ഥലത്തിൻെറ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ടു. ഒരു ടീമിൽ ഒരു തെരുവിലുള്ളതോ അല്ലെങ്കിൽ ഒരു ഗ്രാമത്തിലുള്ളതോ കൂട്ടകൃഷിക്കാർ ഉൾപ്പെട്ടിരുന്നു; എന്നാൽ ഈ ഏർപ്പാടു് നിശ്ചയമായും ഉല്പാദനത്തിൻെറ ആവശ്യങ്ങൾക്കു് എപ്പോഴും മതിയായിരുന്നില്ല.

ഒരു കാലാവസ്ഥയ്ക്കോ അല്ലെങ്കിൽ ഒരു പ്രത്യേക ജോലിയ്ക്കോവേണ്ടി ടീമുകളെ സംഘടിപ്പിക്കുന്ന ഫാമുകളിലല്ല, എന്നാൽ നീണ്ടകാലത്തേക്കുള്ളതാണു് ഏററവും നല്ല ഫലം നൽകുന്നതെന്നാണു് അനുഭവത്തിൽനിന്നും കാണാൻ കഴിഞ്ഞതു്. ഉല്പാദനാവശ്യങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ളതും കുറെ വർഷങ്ങൾ നീണ്ടുനില്ക്കുന്ന ദീർഘകാലത്തേക്കു് നിശ്ചിത ഭൂവിഭാഗങ്ങളും ഉല്പാദനോപകരണങ്ങളും നൽകപ്പെട്ടിട്ടുള്ളതുമായ ടീമുകൾക്കാണു് ഏററവും കൂടുതൽ കാര്യക്ഷമതയോടുകൂടി പ്രവത്തിക്കാൻ കഴിഞ്ഞിട്ടുള്ളതു്.

അങ്ങിനെ കൂട്ടകൃഷിയുടെ ആവശ്യങ്ങൾക്കും സാദ്ധ്യതകൾക്കു യോജിച്ചവിധമുള്ള ഒരു സംഘടനാരൂപമാണ് കൂട്ടകൃഷിക്കളങ്ങളിലെ സാമൂഹ്യാദ്ധ്വാനത്തിന്, അനുഭവം നിർദ്ദേശിച്ചത്. സ്ഥിരം ഉല്പാദകടീമുകളെ കൂട്ടകൃഷിക്കളങ്ങളിലെ തൊഴിലാളികളെ സംഘടിപ്പിക്കുന്നതിനുള്ള അടിസ്ഥാനസംഘടനാ രൂപമായി അംഗീകരിക്കുമ്പോൾ സ്വീകരിക്കേണ്ട അടിസ്ഥാനതത്വങ്ങൾ നിശ്ചയിക്കപ്പെട്ടു.

യു. എസ്. എസ്. ആറിലെ അനുഭവം കാണിച്ചതനുസരിച്ചു പോലെ, കൂട്ടകൃഷിയുടെ പരിതസ്ഥിതിക്ക് ഏററവും യോജിച്ച തൊഴിലാളിസംഘടനാരൂപം ടീമുകളാണെന്നു തെളിഞ്ഞു.

അതുകൊണ്ടാണ് ഈ രംഗത്ത് സോവിയററ് കൂട്ടകൃഷിക്കളങ്ങളുടെ അനുഭവങ്ങൾ മററു സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ വിപുലമായ തോതിൽ ഉപയോഗപ്പെടുത്തുന്നത്.

സ്ഥിരം ഉല്പാദകടീമുകളാണ് ഇപ്പോൾ സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ എല്ലാ ഉല്പാദക സഹകരണസംഘങ്ങളിലെയും അടിസ്ഥാനസംഘടനാരൂപം.

ആ രംഗത്ത് യു. എസ്. എസ്. ആറിനുണ്ടായ അനുഭവസമ്പത്ത്, മററു സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ ഉല്പാദകരുടെ സഹകരണസംഘങ്ങൾക്ക്, തൊഴിലാളിസംഘടനയ്ക്ക് ഏററവും യുക്തിപൂർവ്വമായ രൂപത്തിനുവേണ്ടിയുള്ള നീണ്ടതും പ്രയാസമേറിയതുമായ അന്വേഷണം ഒഴിവാക്കുന്നതിന്നു സഹായിച്ചു.

മറെറല്ലാ സോഷ്യലിസ്റ്റ് സംരംഭങ്ങളിലുമെന്നപോലെ "ഓരോരുത്തരിൽനിന്നും അവന്റെ കഴിവനുസരിച്ചും ഓരോരുത്തർക്കും അവന്റെ ജോലിയനുസരിച്ചും" എന്നുള്ള സോഷ്യലിസ്റ്റ് തത്വത്തിന്റെ അടിസ്ഥാനത്തിൽ, ചെയ്ത ജോലിയനുസരിച്ചുള്ള പ്രതിഫലം എന്ന സാമ്പത്തികനിയമം കൂട്ടകൃഷിക്കളത്തിനും ബാധകമാക്കിയിരുന്നു.

 40756

സോവിയററ കൂട്ടകൃഷിക്കളങ്ങളിലും മററു രാജ്യങ്ങളിലെ ഉൽപാദക സഹകരണസംഘങ്ങളിലും, അവയുടെ വികാസത്തിന്റെ ആരംഭഘട്ടങ്ങളിൽ ജോലിക്കുള്ള പ്രതിഫലം തൊഴിൽദിവസയൂണിററുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് കൊടുത്തിരുന്നതു്.

അദ്ധ്വാനച്ചിലവും, ആദായത്തിന്റെ വിതരണത്തിൽ ഉല്പാദകരുടെ സഹകരണസംഘത്തിലെ ഓരോ അംഗത്തിനുമുള്ള ഓഹരിയും, അളക്കുന്നതിന്നാണ് തൊഴിൽദിവസയൂണിററ് ഉപയോഗപ്പെടുത്തുന്നതു്.

സാമൂഹ്യകൃഷിയുടെ പാത സ്വീകരിച്ച കൃഷിക്കാരുടെ അനുഭവത്തിൽകൂടി അളവിന്റെ ഈ മാനം (യൂണിററ്) വിപുലീകരിക്കപ്പെട്ടു.

ഓരോ പ്രവൃത്തിയും ചെയ്തുതീക്കുന്നതിനു് എന്തുമാത്രം ജോലി ആവശ്യമാണെന്നും, ഏതു ജോലിയാണ് ഏററവും പ്രയാസമുള്ളതും കൂടുതൽ വൈദഗ്ദ്ധ്യവും യോഗ്യതയും ആവശ്യമുള്ളതെന്നും ഏതാണ് ഏററവും പ്രയാസം കുറഞ്ഞതും യോഗ്യത കുറവുള്ള തൊഴിലാളിക്കു ചെയ്യാൻസാധിക്കുന്നതെന്നും ഒരേ വ്യവസ്ഥകളിൻകീഴിൽ ജോലിചെയ്തിരുന്ന ഉല്പാദകരുടെ സഹകരണസംഘങ്ങളിലെ അംഗങ്ങൾക്കു് വളരെ നന്നായി അറിയാമായിരുന്നു. അവരുടെ സ്വന്തം അനുഭവത്തിൽനിന്നും ആവശ്യമായ ജോലിയുടെ വലുപ്പത്തെയും അതിന്റെ പ്രയാസത്തെയും അടിസ്ഥാനമാക്കി അവർ ഓരോ പ്രവൃത്തിയേയും വിലയിരുത്തുന്നതിനുള്ള തോതു നിശ്ചയിക്കുകയും ഒരേ മാതൃകയിലുള്ള ഓരോ ജോലിക്കുമുള്ള ജോലിദിവസമാനങ്ങളും അവർ കണക്കാക്കി ഈ തോതുകൾ കൂട്ടകൃഷിക്കാരുടെ പൊതുയോഗത്തിന്റെ ചച്ചയ്ക്കും തീരുമാനത്തിനും വിധേയമായിരുന്നു.

സഹകരണസംഘത്തിലെ ഓരോ അംഗത്തിന്റേയും തൊഴിൽദിവസയൂണിററ്, അയാൾ സാമൂഹ്യോല്പാദനത്തിൽ പങ്കെടുത്ത

40756



തിന്റെ കൃത്യതയേയും, ചെയ്തുതീർത്ത ജോലിയുടെ മാതൃകയേയും ആശ്രയിച്ചിരുന്നതുകൊണ്ടു്, അദ്ധ്വാനത്തിനുള്ള പ്രതിഫലത്തെ, ജോലിദിവസയൂനിററിന്റെ എണ്ണത്തെ നേരിട്ടു് അടിസ്ഥാനപ്പെടുത്തിയുള്ളതാക്കി നിശ്ചയിച്ചു.

അതിന്റെ ഫലമായി, കൂടുതൽ ജോലിചെയ്യുകയും കൂടുതൽ വൈദഗ്ദ്ധ്യം ആവശ്യമുള്ള പ്രവൎത്തനം നടത്തുകയും ചെയ്യുന്ന ഏററവും പ്രയത്നശാലികളും വിദഗ്ദ്ധരും യോഗ്യത സമ്പാദിച്ചിട്ടുള്ളവരുമായ തൊഴിലാളികൾക്കു് അതനുസരിച്ചുള്ള ഉയൎന്ന പ്രതിഫലം ലഭിച്ചു. അദ്ധ്വാനത്തിന്റെ ഉല്പാദനക്ഷമതയെ കൂടുതൽ ഉയൎത്തിക്കൊണ്ടു്, കൂടുതൽ നല്ല പ്രവൃത്തിക്കു പ്രേരണ നൽകുന്ന തത്വം അങ്ങിനെ പാലിക്കപ്പെട്ടു. ഉല്പാദകരുടെ സഹകരണസംഘങ്ങളിലെ അംഗങ്ങൾക്കു് ഏററവും സ്വീകാര്യവും മനസ്സിലാക്കാവുന്നതും ഈ രൂപത്തിലുള്ള പ്രതിഫലമായിരുന്നു.

മുകളിൽ വിവരിച്ച പ്രതിഫലത്തിന്റെ രൂപം വേതനസമ്പ്രദായവുമായി യോജിച്ചതായിരുന്നു. പ്രധാന കൃഷിവിളയുടെ കൊയ്ത്തിനുശേഷം, വരുമാനം മുൻകൂറായി (പ്രധാനമായി ഉല്പന്നരൂപത്തിൽ) വിതരണംചെയ്യപ്പെടുകയും സാമ്പത്തികവർഷത്തിന്റെ അവസാനത്തിൽ കണക്കു തീൎക്കുകയും ചെയ്യും (പണമായോ ഉല്പന്നമായോ). തൊഴിലാളികളുടെയിടയിൽ അച്ചടക്കം ശക്തിപ്പെടുത്തുന്നതിനുവേണ്ടി, ഉപേക്ഷയുടെ ഫലമായി സാമൂഹ്യസംരംഭത്തിനു നഷ്ടമോ ദോഷമോ ഉണ്ടാകുന്നപക്ഷം, ജോലിദിവസയൂണിററിന്റെ അടിസ്ഥാനത്തിൽ കൂട്ടുകൃഷിക്കളത്തിന്റെ പൊതുയോഗത്തിനു് ഫൈൻ ചുമത്താവുന്നതാണു്.

സഹകരണപ്രസ്ഥാനം ഉറപ്പിച്ചുകൊണ്ടിരിക്കുകയും, പ്രത്യേക വിളകൾ കൃഷിചെയ്തും ഉല്പാദകമൃഗങ്ങളുടെ വളൎത്തൽ കൂടുതൽ നന്നാക്കിയും വിവിധ ഉല്പാദകയൂണിററുകളുടെ (ടീമുകളും ഡിപ്പാർട്ടുമെന്റുകളും) പ്രത്യേകാഭ്യസനം പുരോഗമിക്കുമ്പോൾ,

സഹകരണസംഘാംഗങ്ങളുടെ പ്രത്യേകാഭ്യാസവും അവരുടെ വൈവദശ്ധ്യവും പുരോഗമിക്കുന്നു. സഹകരണസംഘങ്ങൾക്കു് ധ്രുത ഗതിയിൽ നല്കിക്കൊണ്ടിരിക്കുന്ന ആധുനികയന്ത്രങ്ങൾ അതിന്റെ അംഗങ്ങളുടെ യോഗ്യതകൾ കൂടുതൽ വൎദ്ധിപ്പിക്കുന്നതിനു സഹായിക്കുന്നു.

ഈ സാഹചര്യത്തിൽ, തൊഴിലാളികൾക്കു് ജോലിദിവസ യൂണിററിൻെറ അടിസ്ഥാനത്തിൽ പ്രതിഫലം കൊടുക്കുന്നതു്, ഉല്പാദകരുടെ സഹകരണസംഘങ്ങളിലെ അംഗങ്ങളെ അവരുടെ സാമൂഹ്യസംരംഭത്തെ വികസിപ്പിക്കുന്നതിനു പ്രോത്സാഹിപ്പിക്കുന്ന ഏററവും ഫലപ്രദമായ മാൎഗ്ഗമല്ല. അതുകൊണ്ടാണു് കൂടുതൽ പുരോഗമിച്ചിട്ടുള്ള ഫാമുകൾ, ജോലിദിവസയൂണിററിൻെറ അടിസ്ഥാനത്തിലുള്ള പ്രതിഫലത്തിൽനിന്നും ഉല്പാദനത്തിൻെറ വലുപ്പത്തിൻെറ അടിസ്ഥാനത്തിലുള്ളതിലേക്കു മാറിക്കൊണ്ടിരിക്കുന്നതു്.

ഈ രൂപത്തിലുള്ള പ്രതിഫലത്തിലേക്കു മാറുന്നതിനുള്ള ആവശ്യം ആദ്യമായി ഉത്ഭവിക്കുന്നതു്, ലഭിക്കുന്ന ഫലം മുഖ്യമായും ഉല്പാദകരുടെ യോഗ്യതകളുമായി അടുത്തു ബന്ധപ്പെട്ടിരിക്കുന്ന സഹകരണഫാമുകളിലെ ഉല്പാദകയൂണിററുകളിലും ഈ ബന്ധം പ്രത്യേകമായി പ്രകടമായിട്ടുള്ളേടത്തും—പച്ചക്കറിതോട്ടങ്ങളിലും, പഴവൎഗ്ഗകൃഷിയിലും, ജലസേചനം നടത്തിയുള്ള കൃഷിയിലും കാലിവളൎത്തലിലും— ആകുന്നു. ഈ ശാഖകളിൽ ഉല്പന്നത്തിൻെറ വലുപ്പവും ഗുണവും ജോലിയുടെ ഗുണത്തെ നേരിട്ടു് ആശ്രയിച്ചിരിക്കുന്നു.

ഈ വേതനസമ്പ്രദായത്തിൻകീഴിൽ, ഉല്പാദനലക്ഷ്യത്തിൽ കവിയുന്ന ടീമിന്നും ഡിപ്പാർട്ടുമെൻറിനും അതനുസരിച്ചു് കൂടുതൽ ജോലിദിവസയൂണിററു് അനുവദിക്കപ്പെടും. ഉദാഹരണത്തിനു്, ലക്ഷ്യത്തിൽ കവിഞ്ഞുള്ള ഓരോ ശതമാനം ഉല്പാദനത്തിനും ഈ വിളവിനെ മതിപ്പാക്കി ജോലിദിവസയൂണിററിൻെറ ഒരു ശതമാനം നൽകും.

ഒരു ടീമിനുള്ളിലാണെങ്കിൽ, ഓരോ ആാളവും ആ ഉല്പന്നം ലഭിക്കുന്നതിനു ചെയ്തിട്ടുള്ള സംഭാവനയുടെ അടിസ്ഥാനത്തിൽ, കൂടുതൽ അനുവദിക്കപ്പെട്ട ജോലിദിവസയൂണിററ് വിഭജിക്കപ്പെടും. കൂടുതൽ നല്ല ഫലമുണ്ടാക്കുന്ന ടീമിനും ഡിപ്പാർട്ടുമെൻറിനും, ഫാമിനു മൊത്തമുണ്ടാകുന്നതിൽ കൂടുതൽ ഉയർന്ന സമ്പാദ്യം ഉണ്ടാക്കുന്നതിന് ഈ ഏർപ്പാട് സഹായിക്കുന്നു.

കൂടുതൽ പുരോഗമനപരമായ ഈ വേതനസമ്പ്രദായം, കൂടുതൽ പുരോഗമനപരമായ ഒരു സ്ഥിരം ശമ്പളഏർപ്പാടിനു മൂലമാണ്. കൊയ്ത്തിനുശേഷം ഒരു സംഖ്യ മൊത്തമായി ലഭിക്കുന്നതിനു പകരം തൊഴിലാളികൾക്ക് കൂടുതൽ സ്ഥിരമായ ആഴ്ചശമ്പളം ലഭിക്കുന്നു. വർഷാവസാനം കണക്കു തീർത്തു് മുഴവൻ കൊടുക്കുന്ന മുൻകൂർ മാസശമ്പളഏർപ്പാടും വളരെയേറെ പ്രചാരത്തിലുണ്ട്.

ജോലിയും കൂലിയും തമ്മിലുള്ള വിടവു നികത്തുന്നതിനു സഹായിക്കുന്നതുകൊണ്ട്, സ്ഥിരമായി മുൻകൂർ കൊടുക്കുന്ന ഏർപ്പാട്, പ്രവർത്തിക്കുന്നതിന് ഉത്തേജനം നൽകുന്നു. സഹകരണസംഘങ്ങളിലെ അംഗങ്ങളുടെ വരുമാനം ഒരു കൊല്ലം മുഴവനുമായി വിഭജിക്കപ്പെട്ടിരിക്കുകയും ലഭിക്കുന്ന സംഖ്യ കൂടുതൽ തിട്ടമുള്ളതാക്കുകയും ചെയ്യുന്നു.

ജോലിദിവസയൂണിററുകളെ പരിഗണിക്കാതെ ജോലിക്കുള്ള പ്രതിഫലം പണമായി കൊടുക്കുന്നതിലേക്കുള്ള ക്രമേണയുള്ള മാററം, സോഷ്യലിസ്റ്റ്‌രാജ്യങ്ങളിലെ സഹകരണഫാമുകൾക്ക് കൂടുതൽ ഉത്തേജനം നൽകി.

സഹകരണഫാമുകളിലെ വില്പനക്കുള്ള സാധനങ്ങളുടെ ഉല്പാദനത്തിലുള്ള വർദ്ധനവും പണമായുള്ള കൂടുതൽ വരവും മുഖമാണ് ഈ മാററമുണ്ടായത്. അവരുടെ ആദായം വിതരണം ചെയ്യുന്നതിനും പ്രതിഫലത്തിൻെറ വളർച്ചകാണിക്കുന്ന ഒരു

ഭാഗം സാധനത്തിനു പകരം പണമായി കൊടുക്കുന്നതിനും അവരെ ഇതിനു സഹായിച്ചു.

തക്കസമയത്തു പണം കണിശമായി ലഭിക്കാത്തതുകൊണ്ടു കൊല്ലത്തിൽ ഉണ്ടായേക്കാവുന്ന സാമ്പത്തികബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും, ഭാവിയിലുണ്ടാകുന്ന ഉല്പന്നങ്ങളുടെ ജാമ്യത്തിന്മേൽ, സഹകരണഫാമുകൾക്കു സ്റ്റേററു ക്രയസംഘടനകളിൽ നിന്നും കടം ലഭിക്കുന്നതിനുള്ള അവകാശമുണ്ടായിരുന്നു. ഉല്പാദക സഹകരണസംഘങ്ങളുടെ പണമായിട്ടുള്ള വരവിൽ ഉണ്ടായ വർദ്ധനവു് അവരുടെ സമ്പത്ഘടനയെ കൂടുതൽ ഉറപ്പിക്കുന്നതിനും അദ്ധ്വാനത്തിന്റെ പ്രതിഫലം നൽകുന്നതിന്റെ രൂപങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും സഹായിച്ചു.

ഉല്പാദകരുടെ സഹകരണസംഘങ്ങൾ കൂടുതൽ ശക്തമായി തീരുന്നതോടുകൂടി, അവരുടെ ഉല്പന്നങ്ങളിൽനിന്നും ലഭിക്കുന്ന അററാദായത്തിനനുസരിച്ചു് തൊഴിലാളികളുടെ വേതനം കൊടുക്കുന്ന സമ്പ്രദായം അവ സ്വീകരിക്കുന്നു.

ഈ സമ്പ്രദായത്തിൻ കീഴിൽ, പ്രതിഫലം, ഉല്പന്നത്തിന്റെ വലുപ്പത്തെ മാത്രമല്ല ആശ്രയിച്ചിരിക്കുന്നതു്, അതിനാവശ്യമായ മുടക്കുമുതലിനേയും ആശ്രയിച്ചിരിക്കുന്നു. ഏററവും കൂടുതൽ ഉല്പന്നം ലഭിക്കുന്നതിൽ മാത്രമല്ല, ഉല്പാദനച്ചിലവു കുറക്കുന്നതിലും, സഹകരണസംഘത്തിന്റെ സാധനങ്ങളും സാങ്കേതിക സാമഗ്രഹികളും എത്രയും യുക്തിപൂർവ്വമായി ഉപയോഗപ്പെടുത്തുന്നതിലും ഉല്പാദകരുടെ സഹകരണസംഘങ്ങളിലെ അംഗങ്ങൾക്കോരോരുത്തൎക്കും താല്പൎയ്യം ജനിക്കുന്നു. ഈ വേതനസമ്പ്രദായം സഹകരണാംഗങ്ങൾക്കു് അദ്ധ്വാനത്തിന്റെ ഉല്പാദനക്ഷമത ഉയൎത്തുന്നതിനുള്ള പ്രചോദനം നേരിട്ടുനൽകുന്നു.

തൊഴിലാളികളുടെ വേതനസമ്പ്രദായത്തിന്റെ പുരോഗതിയും പണമായി കൊടുക്കുന്ന ഭാഗത്തിന്റെ വർദ്ധനവും, സാധന

മായി കൊടുക്കുന്ന ഏർപ്പാട് നിർത്തലാക്കുന്നതിനും, അതിനു പകരം, അവരുടെ വരുമാനത്തെ ജോലിദിവസയൂണിററിന്റെ അടിസ്ഥാനത്തിലല്ലാതെ ചെയ്തുതീർത്ത ജോലിയുടെ തോതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച്, പണമായി കൊടുക്കുന്നതിനും കൂട്ടുകൃഷിക്കളങ്ങളെ സഹായിച്ചു.

പണമായി വേതനം കൊടുക്കുന്നതിലേക്കുള്ള മാററം വളരെ ധൃതഗതിയിൽ പാടില്ലെന്നാണ് അനുഭവം തെളിയിക്കുന്നത്. ചെയ്തുതീർത്ത ജോലിക്കുള്ള കൂലി കണിശമായി കൊടുക്കുന്നതിനുള്ള ഉപാധികൾ ആദ്യമായി സൃഷ്ടിച്ചിരിക്കണം.

തൊഴിലാളികൾക്ക് പണമായി വേതനം നൽകുന്നതിലേക്കുള്ള മാററത്തിന് ആവശ്യമായിട്ടുള്ളത്, വളരെ തീവ്രമായ ഉല്പാദനത്തോടൊപ്പംതന്നെ, ഉള്ള അദ്ധ്വാനശക്തിയുടെയും ഭൗതിക സാമഗ്രികളുടെയും പൂർണ്ണമായ ഉപയോഗത്തിനും കൊല്ലം മുഴുവനുമുള്ള കണിശമായ വരുമാനത്തിനും ഉറപ്പു നൽകത്തക്കവിധമുള്ള അതിന്റെ ശാഖകളുടെ സംയോജനവും ആകുന്നു. അതിനും പുറമെ, സുശക്തമായ പ്ലാനിങ്ങും റിക്കാട്ടുകൾ സൂക്ഷിക്കുന്ന സമ്പ്രദായവും. സഹകരണസംഘങ്ങളുടെ സാമ്പത്തികപ്രവർത്തനത്തിന് ഉറപ്പു നൽകണം.

ആധുനികയന്ത്രങ്ങൾ, വളങ്ങൾ, കളയുടെയും കീടങ്ങളുടെയും നിയന്ത്രണം, ഇതെല്ലാം കാർഷികോല്പാദനത്തെ കൂടുതൽ സഹായിക്കും. അത് സഹകരണസംഘങ്ങളുടെ സാമ്പത്തികപ്രവർത്തനങ്ങൾക്ക് കൂടുതൽ ഉറപ്പു നൽകുകയും ചെയ്യും.

ഈ പരിതസ്ഥിതിയിൽ സഹകരണഫാമുകൾ, സോവിയറ്റ് യൂണിയനിലും, ജി. ഡി. ആറിലും, ഹംഗറിയിലും, ചെക്കോസ്ലാവാക്കിയയിലുമുള്ള കൂടുതൽ പുരോഗമിച്ചിട്ടുള്ള കൂട്ടുകൃഷിക്കളങ്ങളിൽ വിപുലമായതോതിൽ നടപ്പുള്ള തൊഴിലാളികളുടെ ഉറപ്പുള്ള വേതനത്തിലേക്കു തിരിയുന്നു.

ഹംഗേറിയയിൽ സഹകരണഫാമുകളിൽ തൊഴിലാളികളുടെ ഉറപ്പുള്ള വേതനം നൽകുന്നതിനുള്ള നിധി സൃഷ്ടിക്കുന്നതിനു്, ബഡ്ജററിൽനിന്നും പണം കൊടുത്തുകൊണ്ടു് സ്റ്റേററു് സഹായം നൽകുന്നു.

തൊഴിലാളികൾക്കു് ഉറപ്പുള്ള വേതനം നടപ്പാക്കുകയെന്നു പറഞ്ഞാൽ, ഉല്പാദകരുടെ സഹകരണസംഘങ്ങളുടെ വേതനസമ്പ്രദായം ക്രമേണ സ്റ്റേററുസംരംഭങ്ങളോടടുത്തുവരുന്നു എന്നാണു്.

വ്യത്യസ്തമായ പരിതസ്ഥിതികളിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളുടെ സാമ്പത്തികഘടനയിലുള്ള നിലവാരത്തിന്റെ വ്യത്യാസങ്ങൾ കൂടുതൽ നല്ല രൂപങ്ങളിലേക്കുള്ള മാററം എളുപ്പം കൊണ്ടു് ഉടൻ ഉണ്ടാകുന്നതല്ലെന്നും ക്രമേണയുള്ളതാണെന്നും വ്യക്തമാക്കുന്നു. വ്യത്യസ്ത സഹകരണസംഘങ്ങൾ വ്യത്യസ്തമായ രൂപത്തിലുള്ള വേതനവും വ്യത്യസ്ത രീതിയിലുള്ള പ്രചോദന മാർഗ്ഗങ്ങളുമാണു് ഉപയോഗപ്പെടുത്തുന്നതു്. എന്നാൽ, എത്ര നല്ലതുതന്നെയായാലും തൊഴിലാളിവേതനത്തിന്റെ യാതൊരു രൂപവും, ഓരോ സഹകരണസംഘത്തിന്റെയും മാനേജുമെന്റിനുള്ള എല്ലാ പ്രത്യേക സ്വഭാവങ്ങളെയും ഉൾക്കൊള്ളുന്നതായിരിക്കുകയില്ല.

സഹകരണസംഘങ്ങളിലെ വിവിധ മാതൃകയിലുള്ള അടിസ്ഥാനപരമായ തൊഴിലാളിവേതനസമ്പ്രദായങ്ങൾക്കു പുറമെ എല്ലാ സോഷ്യലിസ്റ്റു് രാജ്യങ്ങളിലും തൊഴിലാളിക്കു കൂടുതൽ വേതനം നൽകുന്ന വളരെയേറെ സമ്പ്രദായങ്ങൾ വിപുലമായ തോതിൽ ഉപയോഗപ്പെടുത്തുന്നുണ്ടു്. പ്രചോദനത്തെപ്പററിയുള്ള ലെനിന്റെ തത്വങ്ങൾ നടപ്പാക്കുന്നതിനുള്ള പ്രധാനമാർഗ്ഗങ്ങളായി ഇവ ഉപയോഗപ്പെടുന്നു: അവ, ഈ തത്വത്തിന്റെ പ്രയോഗത്തിനുള്ള രംഗം വിപുലീകരിക്കുകയും അപൃഷ്ടമായി സ്വീകരിക്കപ്പെട്ട സൂചിപത്രങ്ങൾ ഉൾപ്പെടുത്തുകയോ അല്ലെ

ങ്കിൽ വേതനത്തിൻെറ അടിസ്ഥാനരൂപങ്ങളെ പൂർണ്ണമായി വിസ്മ രിക്കുകയോ ചെയ്യുന്നു.

ഈ സൂചിപത്രങ്ങൾ, മുഖ്യമായും ചില പ്രധാന ജോലിക ളുടെ ഗുണത്തേയും സമയത്തിന്നുള്ളിൽ ചെയ്തുതീക്കുന്നതിനേയും ലഭിച്ച ഉല്പന്നങ്ങളുടെ ഗുണവും ഉല്പാദനലക്ഷ്യത്തിൽ കവിഞ്ഞുള്ള നേട്ടവും സംബന്ധിച്ചുള്ളതാകുന്നു.

തൊഴിലാളികൾക്ക് കൂടുതൽ വേതനം നൽകുന്ന സമ്പ്രദായ ങ്ങൾ, പ്രത്യേകിച്ച്, മെച്ചപ്പെട്ട ഗുണത്തിനും ചില ജോലികൾ സമയത്തിന്നു ചെയ്തുതീക്കുന്നതിനുമുള്ള താല്ക്കാലിക ബോണസ് സമ്മാനത്തിൻെറ രൂപത്തിലുള്ളതു്, സോഷ്യലിസ്റ്റ്രാജ്യങ്ങളി ലുള്ള സഹകരണഫാക്ടറികളിൽ വിപുലമായ രീതിയിൽ പ്രചാ രത്തിലുണ്ടു്. ആസ്തിയുടെ രണ്ടു മുതൽ നാലു വരെ ശതമാനം വരുന്ന ഒരു സ്പെഷ്യൽഫണ്ട്, സഹകരണസംഘങ്ങളുടെ അംഗ ങ്ങൾക്കു് ബോണസ്സായി കൊടുക്കുന്നതിനു മാററിവെച്ചിട്ടുള്ള താണു്.

താല്ക്കാലിക ബോണസ്സ്സമ്മാനത്തിൻെറ ഉദ്ദേശം, നന്ന യ്ക്കൽ, തൈകൾ പറിച്ചുനടുക, ചീത്തയാകുന്ന പഴങ്ങളും സസ്യ ങ്ങളും തിരഞ്ഞുപെറുക്കുക മുതലായ ഏററവും പ്രധാനപ്പെട്ട ജോലിയിലുള്ള സമയം കാത്തുന്നതിനു് തൊഴിലാളികളെ പ്രോത്സാഹിപ്പിക്കുകയെന്നുള്ളതാണു്. തൊഴിലാളികളുടെ വേത നത്തെ താല്ക്കാലികബോണസ്സ്സമ്മാനംകൊണ്ടു് പോഷിപ്പിക്കു ന്നതുകൊണ്ടു് കാലാവസ്ഥകൊണ്ടും മററും ഉണ്ടാകുന്ന സ്ഥിതി കളെ വേഗം നേരിടുന്നതിനു സാധിക്കുന്നതോടൊപ്പം, പ്രത്യേക പ്രാധാന്യമുള്ളതും അത്യാവശ്യവുമായ ജോലികൾ ചെയ്തുതീക്കു ന്നതിനു് സഹകരണസംഘങ്ങളിലെ അംഗങ്ങൾക്കു പ്രചോദനം നൽകുകയും ചെയ്യുന്നു.

പ്രവർത്തനസമ്പ്രദായങ്ങൾ നന്നാക്കുന്നവക്കും, അദ്ധ്വാനവും ധനവും ലാഭിക്കുന്നതിനു് പ്രായോഗികനിർദ്ദേശങ്ങൾ നൽകുന്നവക്കും സമ്മാനമായി കൊടുക്കുന്നതിനു് കൂടുതൽ സംഖ്യകളും ഉപയോഗിക്കാറുണ്ടു്. ഈ പുരോഗതികളിൽനിന്നുമുണ്ടാകുന്ന ലാഭത്തിന്റെ 30 മുതൽ 40 വരെ ശതമാനം ഇങ്ങിനെയുള്ള കൂടുതൽ മെച്ചപ്പെടലിനായി സഹകരണഫാമുകൾ മാററിവെയ്ക്കുന്നു.

ഇങ്ങിനെയുള്ള കൂടുതൽ പ്രതിഫലം, സംഘടനാരംഗത്തും സാങ്കേതികശാസ്ത്രത്തിലുമുള്ള എല്ലാ നേട്ടങ്ങളും പ്രയോഗിക്കുന്നതിനും ഫാമിന്റെ ഭൗതികവും സാങ്കേതികവുമായ സമ്പത്തുക്കളെ യുക്തിപൂർവ്വമായി ഉപയോഗപ്പെടുത്തുന്നതിനും സഹകരണസംഘങ്ങളുടെ അംഗങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

ഉല്പാദകരുടെ സഹകരണസംഘങ്ങളിൽ സാമൂഹ്യസംരക്ഷണം ഏർപ്പെടുത്തിയതാണു് സാമൂഹ്യസംരംഭത്തിന്റെ ഒരു സുപ്രധാനമായ നേട്ടം. മറെറാരു രാജ്യത്തുതന്നെയും, ഏററവും കൂടുതൽ സമൃദ്ധിയുള്ള മുതലാളിത്തരാജ്യത്തിൽപോലും, സോഷ്യലിസ്റ്റ്രാജ്യങ്ങളിലുള്ളത നേട്ടങ്ങൾ, സാമൂഹ്യസംരക്ഷണം കൊണ്ടു് കൃഷിക്കാർക്കു ലഭിക്കുന്നില്ല. സോഷ്യലിസ്റ്റ്സമുദായം കെട്ടിപ്പടുക്കുന്ന സാഹചര്യത്തിൽ, വൃദ്ധന്മാരേയും രോഗികളേയും താല്ക്കാലികമായി വികലീകരിക്കപ്പെട്ടവരേയും സഹായിക്കുന്നതിനുള്ള നിധി, ആദ്യത്തെ ഉല്പാദകരുടെ സഹകരണസംഘങ്ങൾ സ്ഥാപിക്കുന്നതോടെ നിർമ്മിക്കപ്പെട്ടിരുന്നു.

സോഷ്യലിസ്റ്റ്രാജ്യങ്ങളുടെ സമ്പൽഘടന ശക്തിപ്പെടുന്നതോടെ സ്റ്റേററുതന്നെ, സഹകരണഫാമുകൾക്കുവേണ്ടി സാമൂഹ്യനിധിയുണ്ടാക്കുന്നതിൽ പങ്കുകൊള്ളാൻ തുടങ്ങുന്നു. സഹകരണകൃഷിയിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ കൃഷിക്കാരേയും സാമൂഹ്യസംരക്ഷണപദ്ധതിയിലും പെൻഷ്യൻപദ്ധതിയിലും ഉൾക്കൊള്ളിക്കുന്നതിനു് ഇതു് സാദ്ധ്യമാക്കിത്തീർക്കുന്നു.

ഉല്പാദകരുടെ സഹകരണസംഘങ്ങളിലെ അംഗങ്ങൾക്കു് സാമൂഹ്യസംരക്ഷണപദ്ധതിയും പെൻഷ്യൻപദ്ധതിയും ഏർപ്പെടുത്തീട്ടുള്ള എല്ലാ സോഷ്യലിസ്റ്റ്രാജ്യങ്ങളിലും, അലവൻസുകളുടെ വലുപ്പം, ഫാമുകളിൽ തൊഴിലാളികൾക്കുള്ള വേതനത്തിൻെറ നിലവാരത്തേയും സാമൂഹ്യോല്പാദനത്തിൽ സഹകരണസംഘത്തിലെ ഓരോ അംഗവും പങ്കെടുക്കുന്നതിനേയും ആശ്രയിച്ചാണിരിക്കുന്നതു്.

സാമൂഹ്യസംരംഭം എത്രയും ശക്തമാണോ, ഉല്പാദകരുടെ സഹകരണസംഘത്തിലെ അംഗത്തിൻെറ ശരാശരി വരുമാനം എത്രയും ഉയർന്നതാണോ അത്രയും വലുതായിരിക്കും അവൻെറയോ അവളുടെയോ പെൻഷ്യൻ അലവൻസു്.

സാമൂഹ്യസമ്പത്ഘടനയെ ശക്തിപ്പെടുത്തുന്നതിനും സാമൂഹ്യോല്പാദനത്തിൽ ഏററവും കൂടുതൽ സജീവവും ക്രിയാത്മകവുമായ പങ്കുവഹിക്കുന്നതിനും ഇതു് കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നു.

ഒരു കൂട്ടുസംരംഭത്തിൽ അതിൻെറ അംഗങ്ങളുടെ വ്യക്തിപരമായ താല്പര്യങ്ങൾ കൂട്ടുല്പാദനത്തിൻെറ സാമൂഹ്യതാല്പര്യവുമായി ഒന്നുചേരുന്നു. സഹകരണസംഘങ്ങളുടെ സംഘടനാരൂപം, കൃഷിക്കാരുടെ ഭൗതികതാല്പര്യങ്ങളുമായി യോജിക്കുന്നതും ഉല്പാദനവും അദ്ധ്വാനശക്തിയും സംഘടിപ്പിക്കുന്നതിലും വരുമാനം വിതരണം ചെയ്യുന്നതിലും അവക്കു് അതു വ്യക്തമായി മനസ്സിലാകത്തക്കതും ആയിരിക്കണം.

കൂട്ടുപ്രവത്തനത്തിൽനിന്നും ലഭിക്കുന്ന ആദായം സഹകരണസംഘത്തിലെ ഓരോ അംഗവും ചെയ്യുന്ന ജോലിയുടെ വലുപ്പവും ഗുണവും അനുസരിച്ചാകുന്നതു് സാമൂഹ്യോല്പാദനം വദ്ധിപ്പിക്കുന്നതിനു പ്രചോദനം നൽകുകയെന്നുള്ള തത്വം പ്രായോഗികമായി അംഗീകരിക്കുകയെന്നാകുന്നു.

അവയുടെ നിയന്ത്രണത്തിലുള്ള ഉല്പാദനോപകരണങ്ങളുടെ വലുപ്പത്തിലും, അവ പ്രവൎത്തിക്കുന്ന പ്രകൃതിദത്തവും സാമ്പത്തികവുമായ പരിതസ്ഥിതിയിലും അവയുടെ സംഘടനയുടെ നിലവാരത്തിലും, അതുകൊണ്ടു് ലഭിക്കാവുന്ന നിധിയുടെ സംഖ്യയിലും സഹകരണഫാമുകൾ തമ്മിൽ വ്യത്യാസമുണ്ടായിരിക്കും. അതിനും പുറമെ, സാമ്പത്തിക വർഷത്തിൻെറ പ്രത്യേക പരിതസ്ഥിതിയേയും മററു പല കാൎയ്യങ്ങളേയും ആശ്രയിച്ചു് ലഭിക്കാവുന്ന നിധിയുടെ വലുപ്പം ഒരേ സഹകരണ സംഘത്തിൽതന്നെ വ്യത്യസ്തമായിരിക്കാം.

അതുകൊണ്ടാണു്, ഉല്പാദകരുടെ സഹകരണസംഘങ്ങൾക്കു് അവയുടെ ആരംഭഘട്ടത്തിൽ, സ്റ്റേററു സ്ഥാപനങ്ങളിലേതുപോലെ ഒരേ രൂപത്തിലുള്ള തൊഴിലാളിവേതനം ഏൎപ്പെടുത്താൻ സാധിക്കാത്തതു്.

സഹകരണസംഘങ്ങളിലെ സാമൂഹ്യസമ്പത്തു്ഘടനയെ ഉല്പാദകർതന്നെ വികസിപ്പിക്കുന്നതിന്നാവശ്യമായ പ്രേരണാശക്തി നൽകുന്ന തത്വം പ്രയോഗത്തിൽവരുത്തുന്ന നടപടി കാണിക്കുന്നതു്, എല്ലാ സോഷ്യലിസ്റ്റു് രാജ്യങ്ങളിലും ഈ തത്വം സോഷ്യലിസം കെട്ടിപ്പടുക്കുന്നതിന്നുള്ള വസ്തുനിഷ്ഠമായ ഉപാധികളിൽ ഒന്നാണെന്നാണു്. ഈ തത്വത്തെ ധിക്കരിക്കുന്നതു് കൃഷിയുടെ സോഷ്യലിസ്റ്റു് പുനൎനിൎമ്മാണത്തെ തടസ്സപ്പെടുത്തുന്നതും കാർഷികോല്പാദനത്തിൻെറ പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നതുമാകുന്നു.

സഹകരണഫാമുകളുടെ രൂപം തിരഞ്ഞെടുക്കുന്നതും, ഒരു സംഘടനാരൂപത്തിൽനിന്നും മറെറാന്നിലേക്കു മാറുന്നതും—താഴ്ന്ന രൂപത്തിൽനിന്നും കൂടുതൽ ഉയൎന്നതിലേക്കു്—ഭരണപരമായ ഉത്തരവിൽകൂടിയല്ല നടപ്പാക്കേണ്ടതു്. സഹകരണസംഘങ്ങളുടെ അംഗങ്ങളുടെ താല്പൎയ്യത്തെ മുൻനിറുത്തിയും അവരുടെ

സ്വമേധയായുള്ള സമ്മതത്തോടും സജീവമായ സഹകരണത്തോടും ആയിരിക്കണമെന്നു് സോഷ്യലിസ്റ്റ്‌രാജ്യങ്ങളിലെ സഹകരണ പ്രസ്ഥാനം തെളിയിച്ചിട്ടുണ്ടു്.

ആവശ്യമായ ഭൗതികപരിതസ്ഥിതികളുടെ ഉറപ്പില്ലാതെ ധൃതഗതിയിൽ ഒരു പുതിയ സംഘടനാരൂപത്തിലേക്കു മാറുന്നതു് കൃഷിക്കാരുടെ സഹകരണപ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനു പകരം അതിനെ ദുർബലപ്പെടുത്തും.

സഹകരണഫാമുകളുടെ വിജയകരമായ വികാസത്തിനു് ഏററവും പ്രധാനമായ തത്വം ജനാധിപത്യരൂപത്തിലുള്ള മാനേജ്‌മെൻറാണു്,

യു. എസ്. എസ്. ആറിലെപോലെതന്നെ മററു സോഷ്യലിസ്റ്റ്‌രാജ്യങ്ങളിലും, എല്ലാ സഹകരണസംഘടനകളുടേയും ഉല്പാദകരുടെ സഹകരണസംഘങ്ങളുടെ ഏററവും താഴ്ന്നതു മുതൽ ഏററവും ഉയർന്നതുവരെയുള്ള രൂപങ്ങളുടെയും ബോർഡു്, സഹകരണസംഘങ്ങളിലെ അംഗങ്ങളോടു് ഉത്തരവാദിത്വമുള്ള തെരഞ്ഞെടുക്കപ്പെടുന്ന ഒരു ഘടകമാകുന്നു.

സഹകരണസംഘത്തിൻെറ ഏററവും ഉയർന്ന ഭരണപരമായ ഘടകം അതിൻെറ പൊതുയോഗമാണു്. എല്ലാ പ്രധാനപ്പെട്ട കാര്യങ്ങളും തീരുമാനിക്കുന്നതു് അതാണു്: തൊഴിലാളികളുടെ സംഘടന, ഫാമിൻെറ ഉൽപന്നങ്ങളുടെ വിൽപന, അതിൻെറ ആദായത്തിൻെറ വിതരണവും ഫാമുകളുടെ സാമ്പത്തികമാതൃകയും ഉൽപാദന നടപടിയും.

സഹകരണസംഘത്തിൻെറ (കൂട്ടുകൃഷിക്കളം) ബോർഡിനെ പൊതുയോഗം തെരഞ്ഞെടുക്കുകയും ബോർഡു് കൊല്ലത്തിലൊരിക്കൽ പൊതുയോഗത്തിൽ കണക്കു ബോധിപ്പിക്കുകയും ചെയ്യുന്നു. സഹകരണസംഘങ്ങളുടെ (കൂട്ടുകൃഷിക്കളം) പ്രവർത്തനത്തിൽ അതു് പൊതുയോഗത്തിൻെറ എക്സിക്യൂട്ടീവാണു്.

സഹകരണപ്രസ്ഥാനത്തോട് കൂറുള്ള ഏററവും സജീവമായി പ്രവത്തിക്കുന്ന കൂട്ടകൃഷിക്കാരിൽനിന്നുമാണ് ബോർഡിലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതു്. ബോർഡിന് പുറമെ, പൊതുയോഗം ഒരു ഓഡിററു് കമ്മീഷനെ അല്ലെങ്കിൽ ഇൻസ്പെക്ഷൻ കൌൺസിലിനെയും തെരഞ്ഞെടുക്കുന്നു. അതിൻെറ ജോലി ബോർഡിൻെറ പ്രവത്തനങ്ങൾ പരിശോധിക്കുകയും സഹകരണസംഘത്തിൻെറ ഭൌതികസ്ഥിതിയും ബോർഡംഗങ്ങളുടെ റിപ്പോട്ടും കാലാകാലങ്ങളിൽ പരിശോധിക്കുകയുമാണു്.

സഹകരണസംഘങ്ങളിൽ വേണ്ടത്ര യോഗ്യതയുള്ള അംഗങ്ങൾ ഇല്ലെങ്കിൽ, പൊതുയോഗത്തിനു്, ഫാം മാനേജുചെയ്യുന്നതിനോ, ബോർഡിലെ അംഗങ്ങളായോ ചെയർമാനായിത്തന്നെയോ സംഘത്തിൽപ്പെടാത്ത വിദഗ്ധന്മാരെ പുറത്തുനിന്നു ക്ഷണിക്കുന്നതിന് തീരുമാനമെടുക്കാം.

എല്ലാ രൂപത്തിലുമുള്ള കാർഷിക സഹകരണസംഘങ്ങളുടെ നിർമ്മാണത്തിന്നും സുശക്തമായ വളർച്ചക്കുമുള്ള മുഖ്യമായ ഒരു ഉപാധി, ജനകീയഗവമ്മെൻറ് അതിനു നൽകുന്ന ധനപരവും ഭൌതികവുമായ സഹായമാകുന്നു. അതില്ലാതെ സാമൂഹ്യസംഘടനയുടെ ഒരു പുതിയ രൂപമെന്ന നിലയിൽ ഒരു സഹകരണസംഘത്തെ ഉറപ്പുള്ള അടിസ്ഥാനത്തിൽ സ്ഥാപിക്കാൻ കഴിയുകയില്ല.

## 6. ഉല്പാദകരുടെ സഹകരണസംഘങ്ങൾ സ്ഥാപിക്കുന്നതിൽ ഗവമ്മെൻറിനുള്ള പങ്കു്

ഉല്പാദകരുടെ സഹകരണസംഘങ്ങൾ വിജയകരമായി സ്ഥാപിക്കുന്നതിൽ ഏററവും പ്രധാനമായ ഒരു പങ്കു് ഗവമ്മെൻറ് നൽകുന്ന സഹായം വഹിക്കുന്നുവെന്നു് എല്ലാ സോഷ്യലിസ്റ്റു് രാജ്യങ്ങളിലെയും അനുഭവം നമ്മെ പഠിപ്പിക്കുന്നു. ഇതു് പല രൂപത്തിലാണു് ഉണ്ടാകുന്നതു്.

ധനകാര്യരംഗത്തു്, സ്റ്റേറ്റ് ഉല്പാദകരുടെ സഹകരണസംഘങ്ങളെ സഹായിക്കുന്നതു് ദേശീയ ബഡ്ജററിൽനിന്നുമുള്ള സൗജന്യ ദ്രവ്യദാനംകൊണ്ടാണു്. ഈ സഹായം സംഘടനയുടെ ആരംഭഘട്ടത്തിൽ പ്രത്യേകിച്ചും ഒഴിച്ചുകൂടാൻ പാടില്ലാത്തതാണു് — സഹകരണസംഘം സ്ഥാപിച്ചയുടനെ, അതിന്റെ ആദ്യഓഹരികൾ കൊണ്ടുണ്ടാക്കപ്പെടുന്ന അതിന്റെ ധനസ്ഥിതി അപര്യാപ്തമായിരിക്കുമ്പോൾ, സ്ഥിരം നിധിയും ഉല്പന്ന നിധിയും നിർമ്മിക്കുക. സ്റ്റേറ്റ് സഹായത്തിന്റെ രണ്ടാമത്തെ രൂപം, ബാങ്കിൽകൂടി സഹകരണസംഘങ്ങൾക്കു് കടം കൊടുക്കുന്നതാണു്.

മററുള്ള സോഷ്യലിസ്റ്റ് രാജ്യത്തിലെയുംപോലെ സോവിയററു യൂണിയനിൽ ബാങ്കുകൾ ദേശവൽക്കരിച്ചിരിക്കുകയാണു്. അതുകൊണ്ടു് അവ സ്റ്റേറ്റിന്റെ ക്രഡിററു സംഘടനകളായി പ്രവർത്തിക്കുന്നു. സഹകരണസംഘങ്ങൾക്കു കടംകൊടുക്കുന്നതിൽ സ്റ്റേറ്റുബാങ്കുകളുടെ ലക്ഷ്യം മുതലാളിത്തരാജ്യങ്ങളിലെല്ലാപോലെ ഉയർന്ന പലിശ വാങ്ങി ലാഭമുണ്ടാക്കുന്നതിനല്ല; എന്നാൽ സഹകരണസംഘങ്ങളുടെ സമ്പത്ഘടനയെ ശക്തിപ്പെടുത്തുന്നതിനു് അവയെ സഹായിക്കുന്നതിനാണു്.

സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ, വളരെ താഴ്ന്ന നിരക്കിലുള്ള പലിശയ്ക്കും ചിലപ്പോൾ യാതൊരു പലിശയും ഇല്ലാതെയും ബാങ്കുകൾ സഹകരണസംഘങ്ങൾക്കു്, അവയെ എത്രയും വേഗം സ്വതന്ത്രമാക്കുന്നതിനും അവയുടെ സമ്പത്ഘടനയെ ശക്തിപ്പെടുത്തുന്നതിനുംവേണ്ടി കടംകൊടുക്കുന്നു.

സോവിയററു യൂണിയനിലെയും മററു സോഷ്യലിസ്റ്റ് രാജ്യങ്ങളിലെയും കർഷക സഹകരണങ്ങളുടെ പ്രവർത്തനം കാണിച്ചുതരുന്നതു്, സ്റ്റേറ്റു നൽകുന്ന സാമ്പത്തികസഹായം, ഉല്പാദനം ഉറപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുംവേണ്ടി ആയിരിക്കണം എന്നാണു്.

സ്റ്റേററുവക സ്വത്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുകയും അല്ലു് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും യന്ത്രങ്ങളും പണിയായുധങ്ങളും നല്ല ഇനം മൃഗങ്ങളെയും നല്ല വിത്തുകളും വളവും മററും വാങ്ങുന്നതിനുംവേണ്ടി ഉപയോഗപ്പെടുത്തുന്നതിനു് സഹായിക്കുകയും ചെയ്യുകയാണു് ധനകാര്യസ്ഥാപനങ്ങളുടേയും ബാങ്കുകളുടെയും കടമ.

സ്റ്റേററിന്റെ സ്വത്തുക്കൾ തിന്നു നശിപ്പിക്കാതിരിക്കുന്നതിനും, സഹകരണസംഘങ്ങളിലെ അംഗങ്ങൾ സ്റ്റേററിനെ ആശ്രയിക്കുന്നവരാകാതിരിക്കുന്നതിനും നേരെമറിച്ചു്, അവരുടെ ഫാമുകളെ ശക്തിപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനും എപ്പോഴും ശ്രമിക്കുകയും അങ്ങിനെ ക്രമേണ സ്റ്റേററിന്റെ സഹായത്തെ ആശ്രയിക്കാതിരിക്കുകയുംചെയ്യുന്നവരാക്കിത്തീർക്കുന്നതും അവയുടെ ചുമതലയാണു്.

ധനപരമായ സഹായത്തിനു പുറമെ സോഷ്യലിസ്റ്റ്സ്റ്റേററു് സഹകരണസംഘങ്ങൾക്കു് ഭൗതികസഹായങ്ങളും നൽകുന്നു. ചില കെട്ടിടങ്ങൾക്കും സ്റ്റേററിന്റെ വകയായ ചില ചെറിയ സ്ഥാപനങ്ങൾക്കും പുറമെ മുൻപിലത്തെ ഭൂഉടമകളിൽനിന്നും പിടിച്ചെടുക്കപ്പെട്ട യന്ത്രങ്ങളും പണിയായുധങ്ങളും വാഹനമൃഗങ്ങളും ഉല്പാദകമൃഗങ്ങളും അവയ്ക്കു നൽകപ്പെടുന്നു. ഇതെല്ലാം വില കൂടാതെയോ അല്ലെങ്കിൽ കുറഞ്ഞ വിലയ്ക്കോ ആണു് നൽകപ്പെടുന്നതു്. അങ്ങനെ ആദ്യകാലങ്ങളിൽ സോവിയററുസ്റ്റേററു് ക്രയ-വിൽപ്പന സംഘങ്ങൾക്കും ക്രെഡിററു സഹകരണസംഘങ്ങൾക്കും ഗണ്യമായ ഭൗതികസഹായം നൽകുന്നുണ്ടായിരുന്നു. സ്റ്റേററിൽനിന്നും പ്രാദേശിക ഗവമ്മെന്റു് ഘടകങ്ങളിൽനിന്നും അവയ്ക്കു ഗുദാമുകളും ഭരണപരവും ഉൽപ്പാദനപരവുമായ ആവശ്യത്തിനുള്ള സ്ഥലങ്ങളും ഉപയോഗിക്കുന്നതിനുള്ള അവകാശങ്ങൾ ലഭിച്ചിരുന്നു. ക്രയവിക്രയ സഹകരണസംഘങ്ങളിൽനിന്നും

തീവണ്ടിവഴിയും മററു മാർഗ്ഗങ്ങളിൽക്കൂടിയും കയററി അയയ്ക്കുന്നതിനു് നിയന്ത്രണമൊന്നും കൂടാതെ സാധനങ്ങൾ സ്വീകരിക്കപ്പെട്ടിരുന്നു.

ഫാം കെട്ടിടങ്ങളും, കാർഷികോല്പന്നങ്ങൾ പ്രോസസ്സ് ചെയ്യുന്നതിനുള്ള വ്യവസായമാതൃകയിലുള്ള ചില സ്ഥാപനങ്ങളും: മില്ലുകളും, ധാന്യം പൊടിക്കുന്ന മില്ലുകളും, എണ്ണമില്ലുകളും മററും, സ്റ്റേററു് ക്രെഡിററുസഹകരണസംഘങ്ങളുടെ ഉപയോഗത്തിനായി വിട്ടുകൊടുത്തു.

ക്രെഡിററു് സഹകരണസംഘങ്ങൾക്കു് സ്റ്റേററു നൽകിയ ഫലപ്രദമായ സഹായംമൂലം അവയ്ക്കു് കർഷകബഹുജനങ്ങളുടെയിടയിൽ പ്രത്യേകിച്ചു് പാവപ്പെട്ടവരും ഇടത്തരക്കാരുമായ കൃഷിക്കാരുടെയിടയിൽ ഒരു വിധം വേഗത്തിൽതന്നെ പ്രചരണം ലഭിച്ചു.

ഭൂപരിഷ്കരണസംഘങ്ങൾക്കു് സ്റ്റേററു് വളരെയധികം ധനപരവും ഭൌതികവുമായ സഹായം നൽകി—അവയുടെ മൊത്തം നിക്ഷേപത്തിന്റെ 75 ശതമാനം വരുന്ന കടം 5 മുതൽ 15 വർഷം കൊണ്ടു് മടക്കിക്കൊടുക്കത്തക്കവിധം.

പരിഷ്കരണനടപടികൾകൊണ്ടു് കൃഷിചെയ്യപ്പെട്ട സ്ഥലങ്ങൾക്കു് മൂന്നു കൊല്ലത്തെ നികുതി ഇളവുചെയ്തുകൊടുത്തു; അതിനുശേഷം ഈ ഭൂമിയുടെ നികുതി 10 ശതമാനം കുറച്ചുകൊടുത്തു. തരിശുഭൂമികൾ കൃഷിയോഗ്യമാക്കുന്നതിനു് പ്രത്യേക ആനുകൂല്യങ്ങൾ നൽകപ്പെട്ടിരുന്നു.

സോവിയററു് അധികാരത്തിൽ വന്നതിന്റെ ആദ്യവർഷങ്ങളിൽതന്നെ, ഭൂമി കൂട്ടായി കൃഷിചെയ്യുന്നതിനുള്ള സംഘങ്ങൾ സംഘടിപ്പിക്കുന്നതിനെ സ്റ്റേററു് എല്ലാ വിധത്തിലും പ്രോത്സാഹിപ്പിച്ചിരുന്നു. അങ്ങിനെ, 1921 ആഗസ്റ്റ് 16-ാംതീയതി

ഒപ്പുവെച്ച ഒരു ഗവൺമെൻറുഡിക്രി, ഗവൺമെന്റിന്റെ എല്ലാ ഘടകങ്ങളേയും കൃഷിക്കാർക്ക് സഹകരണകാര്യങ്ങളിൽ സഹായം നൽകുന്നതിന് അധികാരപ്പെടുത്തിയിരുന്നു. കൂട്ടായി ഭൂമി കൃഷിചെയ്യുന്നതിനുള്ള സംഘങ്ങൾക്ക് കാർഷികനികുതിയിൽ 25 ശതമാനം ഇളവുചെയ്തുകൊടുക്കുകയും തടിയുടെ വിലയിൽ 75 ശതമാനം കുറച്ചു കൊടുക്കുകയും ചെയ്തു. സോവിയററു ഗവൺമെന്റിന്റെ ഈ നടപടികൾ കൂട്ടായി കൃഷിചെയ്യുന്നതിനുള്ള സംഘങ്ങൾ സംഘടിപ്പിക്കുന്നതിനു സഹായകമായിരുന്നു.

കർഷകസഹകരണത്തിന്റെ ആരംഭഘട്ടത്തിൽതന്നെ സ്റ്റേററ് ഉല്പാദകരുടെ സഹകരണസംഘങ്ങൾക്ക് എല്ലാവിധത്തിലുമുള്ള സഹായങ്ങൾ നൽകുന്നുണ്ടായിരുന്നു. അവരുടെ സാമൂഹ്യധനം തെളിയിച്ചുകഴിഞ്ഞാൽ സഹകരണസംഘങ്ങൾക്ക് സ്റ്റേററ് മുതൽ സൗജന്യമായി ലഭിക്കും.

അവ സംഘടിപ്പിക്കപ്പെടുന്ന ആദ്യകൊല്ലങ്ങളിൽ കൂട്ടുകൃഷിക്കളങ്ങൾക്ക് അവയുടെ കൃഷിയായുധങ്ങളുടെ 25 ശതമാനം സ്റ്റേററിൽനിന്നും വില കൂടാതെ ലഭിക്കും.

സഹകരണസംഘങ്ങൾ രൂപീകരിക്കുന്നതിനും അവയുടെ സാമൂഹ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും മററു സോഷ്യലിസ്റ്റ്‌രാജ്യങ്ങളിലെ ഗവൺമെൻറുകളും വമ്പിച്ച സഹായങ്ങൾ ചെയ്തിട്ടുണ്ട്.

ഉദാഹരണത്തിന്, ബൾഗേറിയായിൽ 1950-ൽ, സാമൂഹ്യസമ്പത്ഘടനയുടെ മൊത്തം നിക്ഷേപത്തിന്റെ 66 ശതമാനം സ്റ്റേററ്ബഡ്ജററിൽനിന്നും സൗജന്യമായി നൽകുന്നതായിരുന്നു.

അങ്ങിനെ, ആരംഭഘട്ടത്തിൽ ഉല്പാദകരുടെ സഹകരണസംഘങ്ങളുടെ ധനം, അവയിൽ ചേരുന്ന കൃഷിക്കാരുടെ സമ്പത്തു

കൾ കൂട്ടിച്ചേർത്തതിനോടൊപ്പം സ്റ്റേററിൻെറ സമ്പത്തും കൂട്ടിച്ചേർത്തുണ്ടാക്കിയതായിരുന്നു. ഇതു് കൂട്ടകൃഷിക്കളങ്ങളിലെ കാര്യങ്ങൾ പ്രയാസം കൂടാതെ നടത്തുന്നതിനു് വളരെ സഹായകരമായിരുന്നു.

സഹകരണസംഘങ്ങൾക്കു് ആവശ്യമായ ഭൂമി, ദേശീയ റിസർവ്വ് ഭൂമിയിൽനിന്നും ലഭിക്കുന്നു.

സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ ഉല്പാദകരുടെ സഹകരണസംഘങ്ങൾക്കു് സ്റ്റേററിൽനിന്നും നല്ലയിനം വിത്തുകളായും മൃഗങ്ങളായും ഗണ്യമായ സഹായം ലഭിക്കുന്നു. ഇതിൽ ഒരു പ്രധാന പങ്കു് സ്റ്റേററുഫാമുകളാണ വഹിക്കുന്നതു്.

സ്റ്റേററിൻെറ സഹായത്തോടുകൂടി സഹകരണസംഘങ്ങൾ ഉയർന്ന തോതിലുള്ള വിളവുനല്കുന്ന വിത്തുകൾ വളരെ വിസ്തൃതമായ ഭൂവിഭാഗങ്ങളിൽ വിതക്കുകയും അതു് ബഹുജനോപയോഗത്തിനു് നൽകുകയും ചെയ്യുന്നു.

കൃഷിയുടെ സോഷ്യലിസ്റ്റ് രൂപ പരിവർത്തനം എല്ലായിടത്തും അതിൻെറ സാങ്കേതിക പുനഃസംവിധാനത്തോടൊപ്പമാണ നടന്നിട്ടുള്ളതു്. കൈകൊണ്ടു് പ്രവർത്തിക്കുന്ന ഏററവും ചെറിയ കൃഷിയായുധങ്ങൾക്കു പകരം സങ്കീർണ്ണങ്ങളായ യന്ത്രങ്ങൾ സ്ഥാപിക്കപ്പെട്ടു. അങ്ങിനെ കർഷകരുടെ ജോലി ലഘൂകരിക്കുകയും ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനു് അതു സഹായകമായിത്തീർന്നു.

കൂട്ടകൃഷിക്കളങ്ങളുടെ ആദ്യകൊല്ലങ്ങളിൽ, ട്രാക്ടറുകളും കംബൈനുകളും, മോട്ടോർവാഹനങ്ങളും മററു് വിലപിടിച്ച സങ്കീർണ്ണമായ യന്ത്രങ്ങളും വാങ്ങുകയും സൂക്ഷിക്കുകയും ചെയ്യുന്നതു് ഉല്പാദകസഹകരണങ്ങളുടെ കഴിവിൽ കവിഞ്ഞതായിരുന്നു.

മാത്രമല്ല, കൂട്ടകൃഷിക്കളങ്ങൾക്കു് യന്ത്രങ്ങളെ സാങ്കേതികമായി സൂക്ഷിക്കുന്നതിനും ശരിയായി ഉപയോഗപ്പെടുത്തുന്നതിനും ആവശ്യമായ വിദഗ്ദ്ധന്മാർ—ഡ്രൈവറന്മാർ, സാങ്കേതിക വിദഗ്ദ്ധന്മാർ, എൻജിനീയറന്മാർ — ഉണ്ടായിരുന്നില്ല. അതു കൊണ്ടാണു് സോഷ്യലിസ്റ്റു് സ്റ്റേറ്റുകൾ ഉല്പാദകരുടെ സഹകരണ സംഘങ്ങൾക്കുവേണ്ടി യന്ത്രങ്ങളും ട്രാക്ടർസ്റ്റേഷനുകളും സ്ഥാപിച്ചു കൊണ്ടുള്ള കേന്ദ്രീകൃതമായ എം, ടി. എസ്സുകൾ നിർമ്മിച്ചിട്ടുള്ളതു്.

എം. ടി. എസ്സു്. എന്നുപറയുന്നതു്. കൃഷിയിൽ യന്ത്രങ്ങൾ കേന്ദ്രീകൃതമായി ഉപയോഗിക്കുന്നതിനുവേണ്ടി സോഷ്യലിസ്റ്റു് സ്റ്റേറ്റു് നിർമ്മിക്കുന്ന ഒരു സ്ഥാപനമാണു്. ആദ്യകാലങ്ങളിൽ, ട്രാക്ടറുകളും കംബയിനുകളും പോലെയുള്ള സങ്കീർണ്ണങ്ങളായ കാർഷികയന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നതിനു കൂട്ടകൃഷിക്കളങ്ങൾ അത്ര ചെറുതായിരുന്നതുകൊണ്ടു് അതിനു കഴിഞ്ഞിരുന്നില്ല. മാത്രമല്ല അവയെ ശരിയായി സൂക്ഷിക്കുന്നതിനുപോലും അവയ്ക്കു കഴിവില്ലായിരുന്നു.

എം. ടി. എസ്സുകൾ സ്ഥാപിക്കപ്പെട്ടതോടെ, സങ്കീർണ്ണവും ഏററവും നൂതനവുമായ യന്ത്രങ്ങൾ വാങ്ങുന്നതിനു് സ്റ്റേറ്റു് വമ്പിച്ച തുകകൾ മുടക്കുകയും, അതിൻെറ സ്വന്തം ചിലവിൽ അവയെ വെച്ചു സൂക്ഷിക്കുകയും കൂട്ടകൃഷിസ്ഥലങ്ങളുടെ ഉഴവു് സംഘടിപ്പിക്കുകയും ചെയ്തു. കൂലി സാധനമായിട്ടാണു് നൽകപ്പെട്ടിരുന്നതു് — എം, ടി. എസ്സു്ൻെറ സഹായത്തോടുകൂടി ഒരു കൂട്ടകൃഷിക്കളത്തിൽനിന്നും ലഭിക്കുന്ന ഉല്പന്നം. യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ളതു് കണക്കുതീർത്തു കൊടുക്കുന്നതിനു് ഇതു് കൂട്ടകൃഷിക്കളങ്ങളെ സഹായിച്ചു. കൂട്ടകൃഷിക്കളങ്ങളുടെ ഭൂമി ഉഴുന്നതിനു് സങ്കീർണ്ണങ്ങളായ യന്ത്രങ്ങൾ ഉപയോഗിക്കുക മാത്രമല്ല എം. ടി. എസ്സുകൾ ചെയ്യുന്നതു്, യന്ത്രവൽകൃഷിയുടെ സാങ്കേതിക

വശങ്ങളിൽ വൈദഗ്ദ്ധ്യം സമ്പാദിക്കുന്നതിനു് അവരെ സഹായിച്ചുകൊണ്ടു് അവരുടെ ഉൽപാദനം സംഘടിപ്പിച്ചു. എം. ടി. എസ്സുകളുടെ ഉദ്യോഗസ്ഥന്മാരിൽ മെഷീൻ ഓപ്പറേറ്റർമാർ മാത്രമല്ല, കൃഷിവിദഗ്ദ്ധന്മാരും ഉണ്ടായിരുന്നു — കാർഷികോൽപാദനത്തിന്റെ സംഘടകന്മാർ.

യു. എസ്. എസ്സ്. ആറിലെ കൃഷിയുടെ സോഷ്യലിസ്റ്റു് രൂപപരിവർത്തനത്തിൽ എം. ടി. എസ്സുകൾ ഒരു സുപ്രധാന പങ്കു വഹിച്ചു. 1928-ൽ അവ സ്ഥാപിക്കപ്പെടുകയും 1958 വരെ പ്രവർത്തിക്കുകയും ചെയ്തു. അവയുടെ മൊത്തം സംഖ്യയും യന്ത്രങ്ങളുടെ എണ്ണവും അനുസ്യൂതമായി വർദ്ധിച്ചുകൊണ്ടിരുന്നു. 1928-ൽ ആറു് ആയിരുന്ന എം. ടി. എസ്സിന്റെ എണ്ണം 1932-ൽ 2,446 ആയി വർദ്ധിച്ചു. 1956-ൽ 8,737 ആയും. ആരംഭംമുതൽ തന്നെ എം. ടി. എസ്സുകളും കൂട്ടുകൃഷിക്കളങ്ങളും തമ്മിലുള്ള ബന്ധം ഉടമ്പടിയുടെ അടിസ്ഥാനത്തിലായിരുന്നു. എം. ടി. എസ്സുകൾ സ്റ്റേറ്റുസ്ഥാപനങ്ങളായും കൂട്ടുകൃഷിക്കളങ്ങൾ സഹകരണസംഘങ്ങളായുമുള്ള ഉടമ്പടിപരമായ ബന്ധത്തിന്റെ ആവശ്യം സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലമാണു് ഉണ്ടായതു്.

രണ്ടും സോഷ്യലിസ്റ്റു് സ്ഥാപനങ്ങളായിരുന്നതുകൊണ്ടു്, കൂട്ടുകൃഷിക്കളവും എം. ടി. എസ്സും. അവയുടെ പ്രവർത്തനങ്ങൾ ഒരു പദ്ധതിയുടെ അടിസ്ഥാനത്തിലാണു് നടത്തിയിരുന്നതു്. അതുകൊണ്ടു് അവയുടെ പരസ്പരബന്ധത്തിൽ, എം. ടി. എസ്സ്. ചെയ്യേണ്ട ജോലി എന്താണെന്നും ആ ജോലികൾക്കുവേണ്ടി കൂട്ടുകൃഷിക്കളങ്ങൾ വഹിക്കേണ്ട ചിലവുകൾ എന്താണെന്നും രണ്ടു സ്ഥാപനങ്ങളും വ്യക്തമായി നിശ്ചയിക്കേണ്ടിയിരുന്നു.

എം. ടി. എസ്സും. കൂട്ടുകൃഷിക്കളവുമായി ഉണ്ടായിരുന്ന ഉടമ്പടിയുടെ അടിസ്ഥാനത്തിലുള്ള ഈ ബന്ധത്തിനു് മറ്റൊരു കാരണമുള്ളതു്, കൂട്ടുകൃഷിക്കളും കൃഷിക്കാരുടെ സ്വച്ഛാനുസാര

TAYAM PUBLIC LIBR
KOTTAYAM

മായ ഒരു സംഘമായതുകൊണ്ടും അതിൻെറ സ്വത്തുക്കളും ധനവും കൈമാററംചെയ്യുന്നതിനുള്ള അധികാരം അതിന്റെ അംഗങ്ങളുടെ പൊതുയോഗത്തിന്നുമാത്രമെയുള്ളു എന്നുള്ളതാണു്. അതുകൊണ്ടാണു്, ഒരു സ്റ്റേററുസ്ഥാപനമെന്ന നിലയിൽ കൂട്ടകൃഷിക്കളങ്ങളുമായി അതിൻെറ ബന്ധം. രണ്ടു പാർട്ടികളുടെയും അവകാശങ്ങളും കടമകളും വ്യക്തമാക്കുന്ന ഉടമ്പടിയുടെ അടിസ്ഥാനത്തിൽ സ്ഥാപിക്കേണ്ടിയിരുന്നതു്.

ട്രാക്റ്ററുകളുടെയും, കംബൈനുകളുടെയും മററു യന്ത്രങ്ങളുടെയും ഉപയോഗം കൂട്ടകൃഷിക്കാരെ പഠിപ്പിക്കുന്ന ചുമതല എം. ടി. എസ്സിൻെറതായിരുന്നു. ബഹുജനാടിസ്ഥാനത്തിലുള്ള കൂട്ടകൃഷി സമ്പ്രദായത്തിലേക്കുള്ള മാററം എം. ടി. എസ്സുകളുടെ പങ്കു് ഉയർത്തേണ്ടതായ ഒരു സ്ഥിതി ഉളവാക്കി. അതുകൊണ്ടാണു് 1933 ഫെബ്രുവരി 5-ാംതീയതി ഗവമ്മേണ്ടു് അംഗീകരിച്ച ഒരു മാതൃകാ ഉടമ്പടിയിൽ, ഉല്പാദനപ്ലാൻ ചെയ്തും, ഓരോ ഫാമിലെയും പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടു് ഉല്പാദനതോതു് നിശ്ചയിച്ചും അവയുടെ തൊഴിലാളികളെ സംഘടിപ്പിച്ചു—ടീമുകൾ രൂപീകരിച്ചും, ഭൂമിയും ആയുധങ്ങളും മററു് ഉൽപാദനോപകരണങ്ങളും വീതിച്ചുകൊടുത്തു്—കൂട്ടകൃഷിക്കളങ്ങളുടെ സംഘടനയെ ശക്തിപ്പെടുത്തുന്നതിന്നാവശ്യമായ എല്ലാ സഹായങ്ങളും നൽകാമെന്നു് എം. ടി എസ്സുകൾ പ്രതിജ്ഞ ചെയ്തു. ഒരു എം. ടി. എസ്സും ഒരു കൂട്ടകൃഷിക്കളവും തമ്മിലുള്ള മാതൃകായുടമ്പടി കൂടുതൽ പ്രായോഗികവും സമൂർത്തവും ആയിരിക്കുന്നതിന്നുവേണ്ടി ഓരോ പ്രത്യേക ജോലിയും അതു ചെയ്തുതീർക്കാനുള്ള സമയവും ക്ലിപ്തപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രത്യേക ഉടമ്പടിയും അവ തമ്മിൽ ഉണ്ടാക്കേണ്ടിയിരുന്നു.

കൂട്ടകൃഷിക്കളങ്ങളിലെ സാമൂഹ്യോൽപാദനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതിൻെറ ആവശ്യം, ഉടമ്പടിബന്ധങ്ങളിൽ

മാററമുണ്ടാക്കേണ്ടതിൻെറ ആവശ്യം സൃഷ്ടിച്ചു. അതുകൊണ്ടു്, 1939 ജനവരി 13-ാം തീയതി ഒരു പുതിയ മാതൃകാ ഉടമ്പടി സ്വീകരിക്കപ്പെട്ടു. മുൻപുണ്ടായിരുന്ന ഉടമ്പടികൾക്ക വിപരീതമായി വിവിധ ജോലികൾക്കു് സമയം ക്ലിപ്തപ്പെടുത്തി. ഈ പുതിയ വകപ്പു് പ്രത്യേക പ്രാധാന്യമുള്ളതായിരുന്നു; കാരണം കൂട്ടകൃഷിക്കളങ്ങളിലെ വിളവുകളുടെ ഭാവി പലപ്പോഴും മുഖ്യ ജോലികൾ പൂർത്തിയാക്കുന്നതിനെ ആശ്രയിച്ചിരുന്നു. ഈ പുതിയ മാതൃകാ ഉടമ്പടിയിൽ, മെഷീനും ട്രാക്ടർ സ്റ്റേഷ്യനുകളും ജോലികളുടെ ഗുണവും, അവ സമയത്തിന്നു ചെയ്തുതീർക്കുന്നതിനെയും നിയന്ത്രിക്കുന്നതിൽ വമ്പിച്ച പ്രാധാന്യം നൽകിയിരുന്നു. എം. ടി. എസ്സ്. നടത്തുന്ന ജോലികൾ കൂട്ടകൃഷിക്കളങ്ങൾക്ക തൃപ്തികരമാണെന്നുള്ള ഒരു പ്രസ്താവന കറഞ്ഞപക്ഷം അഞ്ചുദിവസത്തിലൊരിക്കൽ ചെയ്തിരിക്കണമെന്നു് അതിൽ വ്യവസ്ഥചെയ്തിരുന്നു. മോശമായി ചെയ്യപ്പെട്ട ജോലികൾ സ്വീകരിക്കുകയില്ലെന്നുമാത്രമല്ല, ഉണ്ടായിട്ടുള്ള എന്തെങ്കിലും നഷ്ടത്തിന്നു നൽകുന്ന നഷ്ടപരിഹാരം അതിൻെറ വലുപ്പത്തിൽ 50ശതമാനം കൂടുതലായിരിക്കും.

ഈ ഖണ്ഡികകൾ ഉൾപ്പെടുത്തിയതുകൊണ്ടു്, ചെയ്തുതീർത്ത ജോലിയുടെയും കൂട്ടകൃഷിക്കളങ്ങളിലെ ഉല്പാദനക്ഷമതയുടെ വർദ്ധനവിൻെറയും സംബന്ധിച്ചുള്ള എം. ടി. എസ്സിൻെറ ഉത്തരവാദിത്വം വർദ്ധിച്ചു.

ആഭ്യന്തരയുദ്ധാനന്തരവർഷങ്ങളിൽ ശത്രുക്കൾ കയ്യടക്കിയ സ്ഥലങ്ങളിലെ വളരെയേറെ കൂട്ടകൃഷിക്കളങ്ങൾ നശിപ്പിക്കപ്പെടുകയും, യന്ത്രങ്ങൾ വളരെ കുറവായിരിക്കുകയും കാർഷികോൽപ്പാദനം എത്രയും വേഗം പുനരുദ്ധരിക്കപ്പെടുകയും ചെയ്യേണ്ടിയിരുന്ന അവസരത്തിൽ എം. ടി. എസ്സുകളും കൂട്ടകൃഷിക്കളങ്ങളുമായുള്ള ഉടമ്പടികൾ പിന്നെയും ഭേദഗതി ചെയ്യേണ്ടിവന്നു. 1948 ജനവരി 27-ാംതീയതി അംഗീകരിക്കപ്പെട്ട മാതൃകാ ഉടമ്പടിയിൽ

എം. ടി. എസ്സുകൾ ചെയ്തുതീക്കേണ്ട ജോലികൾക്കു സമയ പരിധി മാത്രമല്ല. ഉഴുന്നതിൻെറ ആഴം, ഇടയ്ക്കുള്ള പാംക്തിക ളുടെ എണ്ണം മുതലായ ഗുണത്തിൻെറ നിലവാരവും നിബന്ധന ചെയ്യപ്പെട്ടിരുന്നു.

എം. ടി. എസ്സുകൾ സ്വീകരിക്കുന്ന ജോലികളെപ്പററിയുള്ള പ്രസ്താവനകൾ, ജോലിയുടെ വലിപ്പവും ഗുണവും മാത്രമല്ല അതു ചെയ്തുതീക്കുന്നതിൻെറ തീയതികളും സൂചിപ്പിച്ചിരുന്നു.

ഈ ജോലികൾ, കൂട്ടകൃഷിക്കളത്തിൻെറ നിവംകൊയ്ത്തു ടീമിൻേറയും, ഓരോ ഷിഫ്ററിൻേറയും അവസാനത്തിൽ ടാക്ടർഡ്രൈവറന്മാരുടേയും കംബയിൻ ഓപ്പറേററന്മാരുടേയും അല്ലെങ്കിൽ മെക്കാനിക്കുകളുടേയും മുൻപിൽ അംഗീകാരത്തിനു വേണ്ടി സമപ്പിക്കപ്പെട്ടിരുന്നു.

പുതിയ മാതൃകാളുടമ്പടിയുടെ ഭേദഗതികൾ, യന്ത്രങ്ങളുടെ പരമാവധി ഉപയോഗവും, ഏററവും കുറച്ചു സമയംകൊണ്ടു ജോലി ചെയ്തുതീക്കലും, അവയുടെ ഗുണത്തിലുള്ള അഭിവൃദ്ധിയും സാദ്ധ്യമാക്കിത്തീത്തു. ചെയ്തുതീത്ത ജോലിയുടെ വലുപ്പത്തി ൻേറയും ഗുണത്തിൻേറയും മേലുള്ള കൂടുതൽ ഫലപ്രദമായ നിയ ന്ത്രണങ്ങളിൽക്കൂടി ഇതു കൂടുതൽ അഭിവൃദ്ധിപ്പെട്ടു.

ആധുനിക യന്ത്രസാമഗ്രികൾകൊണ്ടും കൂട്ടകൃഷിക്കളങ്ങളുടെ സാമൂഹ്യസമ്പത്ഘടനയുടെ ദൃഢീകരണത്തിൽക്കൂടിയും കൃഷിയുടെ സജ്ജീകരണങ്ങൾ ത്വരിപ്പിക്കപ്പെട്ടപ്പോൾ, ഫാമുകളുടെ സാങ്കേ തികപ്രവത്തനങ്ങളിൽ കൂടുതൽ പുരോഗതി ആവശ്യമായി ത്തീന്നു. സാമ്പത്തികമായി സുശക്തമായ കൂട്ടകൃഷിക്കളങ്ങളും മുൻ പന്തിയിലുള്ള എം. ടി. എസ്സുകളും യന്ത്രങ്ങളെ പരമാവധി ഉപ യോഗപ്പെടുത്തുന്നതിൽ ശ്രദ്ധ പതിപ്പിച്ചു. ഈ ഉദ്ദേശസാദ്ധ്യ

തയ്യുവേണ്ടി, എം. ടി. എസ്സുകളും കൂട്ടുകൃഷിക്കളങ്ങളും തമ്മിലുള്ള ഉടമ്പടികൾക്കു് പുതിയ ഖണ്ഡികകൾ കൂട്ടിച്ചേർത്തു: അതിനു് അനുവദിക്കപ്പെട്ടിട്ടുള്ള എം. ടി. എസ്സു്. ടീം ഉദ്യോഗസ്ഥന്മാരായ ട്രാക്ടർഡ്രൈവർമാരേയും സാങ്കേതികസംവിധാനങ്ങളും, ഏതുവിധത്തിലുള്ള ജോലി ചെയ്യുന്നതിനുവേണ്ടിയും യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനവകാശപ്പെട്ട കൂട്ടുകൃഷിക്കളത്തിന്റെ അധികാരപരിധിക്കുള്ളിൽ കൊണ്ടുവരുന്നതിനു്, ഉടമ്പടിയിൽ മൊത്തം ജോലിയുടെ വലുപ്പം മാത്രമേ കാണിച്ചിരുന്നുള്ളു.

എം. ടി. എസ്സു്. സ്ഥാപനങ്ങളെ കൂട്ടുകൃഷിക്കളങ്ങളുടെ കീഴിൽ ആക്കിയതുകൊണ്ടു് അവയെ കൂടുതൽ യുക്തിപൂർവ്വമായും കാര്യക്ഷമമായും മാത്രമല്ല, മുൻപു് ഉപയോഗപ്പെടുത്താതിരുന്ന ശാഖകളിലും ഉപയോഗപ്പെടുത്തുന്നതിനു സാധിച്ചു.

യന്ത്രങ്ങളെ കൂട്ടുകൃഷിക്കളങ്ങളിലേക്കു മാററിയതിന്റെ അനുഭവം, അവയെ കേന്ദ്രീകരിക്കുന്നതിന്റെ ഗണ്യമായ ഗുണം വ്യക്തമാക്കി.

കൂട്ടുകൃഷിക്കളസമ്പ്രദായം സ്ഥാപിക്കുന്നതിലും ശക്തിപ്പെടുത്തുന്നതിലും കൃഷിയെ സാങ്കേതികമായി സംവിധാനംചെയ്യുന്നതിലും, കൃഷിക്കാരുടെയും തൊഴിലാളികളുടെയും ഐക്യം ശക്തിപ്പെടുത്തുന്നതിലും യു.എസ്സ്. എസ്സ്. ആറിലെ യന്ത്രവും ട്രാക്ടറും സ്റ്റേഷനുകൾ ചരിത്രപരമായ ഒരു പങ്കു വഹിച്ചു. പുതിയ പരിതസ്ഥിതിയിൽ, ഈ രൂപത്തിലുള്ള സാങ്കേതികസേവനം കൂട്ടുകൃഷിക്കളങ്ങളുടെ കൂടുതൽ ഉല്പാദനവർദ്ധനവിനുള്ള ആവശ്യങ്ങൾ നിറവേററാൻ പര്യാപ്തമായിരുന്നില്ല; അതുകൊണ്ടാണു്, 1958 ഫെബ്രുവരിയിൽ എം. ടി. എസ്സുകളെ പുനഃസംഘടിപ്പിച്ചു് റിപ്പയറും മെയിന്റനൻസും നടത്തുന്നതിനുള്ള സ്റ്റേഷനുകളായി മാററുന്നതിനും അവയുടെ യന്ത്രസാമഗ്രികളെ കൂട്ടുകൃഷിക്കളങ്ങൾക്കു വില്ക്കുന്നതിനും തീരുമാനിക്കപ്പെട്ടതു്.

ഇന്നു് സോവിയററ യൂണിയനിൽ യാതൊരു എം. ടി. എസ്സും ശേഷിച്ചിട്ടില്ല. കൂട്ടകൃഷിക്കളങ്ങൾക്കു് അവയുടെ സ്വന്തം ട്രാക്ടറുകളും കംബയിനുകളും കാർഷികയന്ത്രങ്ങളുമുണ്ടു്. ഓരോ ഫാമിനും ശരാശരി 15 ട്രാക്ടറുകളും അഞ്ചു് ധാന്യകംബയിനുകളുമുണ്ടു്. ഒരു ട്രാക്ടറോ ഒരു കംബയിനോ ഇല്ലാത്ത ഒരെണ്ണം പോലുമില്ല.

ഉൽപ്പാദകരുടെ സഹകരണസംഘങ്ങളെ സഹായിക്കുന്ന ഒരു പ്രധാനമാർഗ്ഗമായി എം. ടി. എസ്സുകൾ സംഘടിപ്പിക്കുന്ന സോവിയററ യൂണിയന്റെ അനുഭവം മററു സോഷ്യലിസ്റ്റ്രാജ്യങ്ങൾ വിപുലമായ രീതിയിൽ പ്രയോഗത്തിൽ വരുത്തുന്നുണ്ടു്.

സങ്കീർണ്ണമായ കാർഷികയന്ത്രങ്ങളുടെ കേന്ദ്രീകൃതമായ ഉപയോഗത്തിനുള്ള സ്റ്റേററു സ്ഥാപനങ്ങളെന്ന നിലയിൽ, മെഷിനും ട്രാക്ടർസ്റ്റേഷനുകളും മററു സോഷ്യലിസ്റ്റ്രാജ്യങ്ങളിൽ, ഒരു പ്രധാന സ്ഥാനം വഹിക്കുകയും ഇന്നും വഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. വ്യക്തികളായ കൃഷിക്കാർക്കു സേവനങ്ങൾ നൽകിക്കൊണ്ടു് അവർക്കു ക്രമേണയായി, ഉൽപ്പാദനത്തിന്റെ സാമൂഹ്യോപകരണങ്ങളും കൂട്ടപ്രവർത്തനത്തിന്റെ സംഘടനയും പരിചയപ്പെടുത്തിക്കൊടുക്കുന്നു. ഉൽപ്പാദകരുടെ സഹകരണസംഘങ്ങൾ സ്ഥാപിക്കപ്പെടുമ്പോൾ എം. ടി. എസ്സുകൾ അവയെ കൂടുതൽ സുശക്തമായ അടിസ്ഥാനത്തിൽ നിറുത്തുന്നതിനു സഹായിക്കുന്നു.

സോഷ്യലിസ്റ്റ്സ്റ്റേററു്, സഹകരണസംരംഭങ്ങൾക്കു നൽകുന്ന ധനപരവും, ഭൗതികവും സാങ്കേതികവുമായ എല്ലാ സഹായങ്ങളും, സോഷ്യലിസ്റ്റ്രൂപത്തിലുള്ള കൃഷിയുടെ സംഘടനയേയും സമ്പദ്ഘടനയേയും സഹായിക്കുന്നതിനുദ്ദേശിക്കപ്പെട്ടിട്ടുള്ളതാണു്. അവ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്, ചില മടിയന്മാരായ അംഗങ്ങളുടെ ഇത്തിക്കണ്ണിമനോഭാവത്തെയോ അല്ലെങ്കിൽ ഗവ

ങ്ങൻറിൽനിന്നും ലാഭമുണ്ടാക്കാമെന്നുള്ള ആഗ്രഹത്തെയോ പ്രോത്സാഹിപ്പിക്കുന്നതിനല്ല. എന്നാൽ സാമൂഹ്യോൽപ്പാദനം വികസിപ്പിക്കുന്നതിനും കൃഷിക്കാർക്ക് പ്രചോദനം നൽകുന്നതിനും തൊഴിലാളിപ്രവത്തനത്തിനു് ഉത്തേജനം നൽകി ശക്തിപ്പെടുത്തുന്നതിനുമാകുന്നു.

കൂട്ടകൃഷിസമ്പ്രദായത്തിൻ കീഴിൽ ഭൂമി ഉഴുന്നതിനു് യന്ത്രങ്ങളെ വിപുലമായും ഏററവും യുക്തിപൂർവ്വമായും ഉപയോഗപ്പെടുത്തുന്നതിനു സാധിക്കുന്നു. ഇതു് വ്യക്തികളുടെതായ ചെറിയ കൃഷിത്തോട്ടങ്ങളിൽ മിക്ക വാറും അസാദ്ധ്യംതന്നെയാണു്.

യു. എസ്. എസ്. ആറിൽ ഇന്നത്തെ കാലത്തു് ഭൂമി ഉഴുന്നതും പയറുവർഗ്ഗങ്ങളും മററും മാന്തിയെടുക്കുന്നതും പരിപൂർണ്ണമായും യന്ത്രവല്ക്കരിക്കപ്പെട്ടിട്ടുണ്ടു്. ധാന്യങ്ങൾ കൊയ്യുന്നതു് ഏതാണ്ടു് കമ്പെയിനുകൾകൊണ്ടു മാത്രമാണു്, പരുത്തിപറിക്കുന്നതും, ഉരുളക്കിഴങ്ങും മധുരക്കിഴങ്ങും മററും കഴിച്ചു നടുന്നതും യന്ത്രങ്ങൾതന്നെയാണു്.

സോവിയററു യൂണിയനിലുള്ളതിലധികം ട്രാക്ടറുകളും കമ്പെയിനുകളും യു. എസ്സ്. എ. യിൽ ഉണ്ടു്. എന്നാൽ യു. എസ്. എസ്സ്. ആറിൽ ട്രാക്ടറുകളും കമ്പെയിനുകളും എല്ലാ ഫാമുകൾക്കും ഉപയോഗിക്കാൻ സാധിക്കുന്നുണ്ടെങ്കിൽ യു. എസ്. എ.യിൽ പകുതിയിലധികം കൃഷിക്കാർക്കു് അവയില്ലെന്നു മാത്രമല്ല ഉപയോഗിക്കുന്നുമില്ല. കമ്പെയിനുകളെപ്പററിയാണെങ്കിൽ മൊത്തമുള്ള ഫാമുകളുടെ 20 ശതമാനത്തിൽ കൂടുതൽ അവ ഉപയോഗിക്കപ്പെടുന്നില്ല.

മനുഷ്യസമുദായത്തിന്റെ മുഴുവൻ ചരിത്രപരമായ വികാസം കാണിക്കുന്നതു്, കൃഷിയിലും വൻതോതിലുള്ള ഉൽപ്പാദനത്തിലേക്കുള്ള മാററം അനിവാര്യമാണെന്നാണു്.

മുതലാളിത്വത്തിൻകീഴിൽ അങ്ങിനെയുള്ള ഒരു മാററമുണ്ടാകുന്നതു്—കോടിക്കണക്കിനുള്ള കർഷകഹാമുകളുടെ പൊളിച്ചിലിലും തകർച്ചയിലുംക്കൂടിയാണു്. കൃഷിക്കാർക്ക മററു യാതൊരു വഴിയുമില്ലെന്നു് ബൂർഷ്വാ പ്രത്യയശാസ്ത്രജ്ഞന്മാർ വളരെക്കാലം വാദിച്ചിരുന്നു.

എന്നാൽ പല രാജ്യങ്ങളിലെയും സോഷ്യലിസ്റ്റു നിർമ്മാണത്തിന്റെ അനുഭവം കാണിക്കുന്നതു്, കൃഷിക്കാർക്കു് വൻതോതിലുള്ള ഉൽപാദനത്തിലേക്ക നീങ്ങുന്നതിനു് മറെറാരു മാർഗ്ഗമുണ്ടെന്നാണു്. അതു്, ഉൽപാദകരുടെ സഹകരണസംഘങ്ങൾ സ്വമേധയാ സംഘടിപ്പിക്കുന്ന വഴിയാണു്. കൃഷിക്കാർക്കു് എല്ലാവിധ ചൂഷണങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനുള്ള യഥാർത്ഥവഴി, ഒരു ഉയർന്ന സംസ്കാരത്തിലേക്കും സാമ്പത്തിക വിഷമതകളിൽനിന്നും മോചനം ലഭിക്കുന്നതിലേക്കും നയിക്കുന്ന വഴി.

ചിന്നിച്ചിതറിക്കിടക്കുന്ന വ്യക്തികളുടേതായ കൃഷിതോട്ടങ്ങളിൽനിന്നും വൻതോതിലുള്ള കൂട്ടുകൃഷിക്കളങ്ങളിലേക്കുള്ള മാററം, ഓരോന്നിന്റെയും സാമ്പത്തികവും ചരിത്രപരവുമായ പ്രത്യേകതയെ അനുസരിച്ചു് ഓരോ രാജ്യത്തിലും വ്യത്യസ്തമായിരിക്കും.

അതുകൊണ്ടാണു് മററുരാജ്യങ്ങളുടെ അനുഭവം യാന്ത്രികമായി സ്വീകരിക്കാൻ പാടില്ലാത്തതു്. മററു രാജ്യങ്ങളിലെ ഏററവും വിജയകരമായ അനുഭവങ്ങൾപോലും യാന്ത്രികമായി സ്വീകരിക്കുന്നപക്ഷം അതു് കൃഷിയുടെ രൂപപരിവർത്തനത്തിന്റെ പ്രക്രിയയെ നിശ്ചയമായും തടസ്സപ്പെടുത്തും.

എന്നാൽ ഇതിന്റെ അർത്ഥം, സോഷ്യലിസ്റ്റു പരിവർത്തനത്തിന്റെ പാത സ്വീകരിച്ചിട്ടുള്ള കോടിക്കണക്കിനു കർഷക

തൊഴിലാളികളുടെ ദശവർഷങ്ങളിൽക്കൂടിയുണ്ടായിട്ടുള്ള അനുഭവങ്ങൾ മുഴുവനായി തള്ളിക്കളയണമെന്നല്ല.

രാജ്യങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാമായിരുന്നാലും ചെറിയ വ്യക്തിപരമായതിൽനിന്നും വൻതോതിലുള്ള കൂട്ടുകൃഷിക്കളത്തിലേക്കുള്ള മാററത്തിന്റെ പ്രത്യേകരൂപങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാമായിരുന്നാലും, അടിസ്ഥാനപരമായ തത്വങ്ങളും, പലരാജ്യങ്ങളിലും പരീക്ഷിച്ചുനോക്കീട്ടുള്ള മാർഗ്ഗങ്ങളും രീതികളും മററു രാജ്യങ്ങൾക്കും ക്രിയാത്മകമായവിധം ഉപയോഗപ്പെടുത്താമെന്നാണ് അനുഭവം കാണിച്ചു തരുന്നതു്.

ചെറുകിടകൃഷിയിൽനിന്നും വൻതോതിലുള്ള സാമൂഹ്യകൃഷിയിലേക്കു മാറുന്ന രാജ്യങ്ങളുടെ എണ്ണം എത്രയും വലുതാണോ, അത്രയും കൂടുതൽ സമഗ്രവും ബഹുവ്യാപകവും ആയിരിക്കും, ഏററവും പ്രയാസമുള്ള ഈ പ്രശ്നത്തിനു പരിഹാരം കാണുന്നതിലുള്ള അനുഭവമെന്നു മാത്രമല്ല, കൃഷിയുടെ സോഷ്യലിസ്റ്റ് രൂപപരിവർത്തനത്തിന്റെ പാതയിലേക്കു നീങ്ങീട്ടുള്ള രാജ്യങ്ങളിൽ പ്രശ്നം പരിഹരിക്കുന്നതിനു് കൂടുതൽ എളുപ്പവുമായിരിക്കും.